അധികാരം ജനങ്ങളിലേക്ക്

# എരിമയൂർ ഗ്രാമപഞ്ചായത്ത്
# ജനകീയാസൂത്രണം
# വികസന റിപ്പോർട്ട്




എരിമയൂർ ഗ്രാമപഞ്ചായത്ത്
Pin-678546

## പാലക്കാട് ജില്ല

## ആലത്തൂർ താലൂക്ക്



# വികസന റിപ്പോർട്ടിനു പിന്നിൽ

സി. എസ്. സുലൈമാൻ (പ്രസിഡന്റ്)
കെ. എം. മാത്തൻ
എൻ. ശിവരാജൻ
എൻ. ബാലസുബ്രഹ്മണ്യൻ (ശാന്തൻ)
സി. വേലു
വേണുഗോപാൽ കുറുങ്ങോട്
കെ. ലീല
യു. സേതുമാധവൻ
എം. ജബ്ബാർ
എം. ചന്ദ്രൻ
സാജുമാസ്റ്റർ
കെ. സുകുമാരൻ

കൂടാതെ
മുഴുവൻ ഭരണസമിതിയംഗങ്ങളും
പ്രവർത്തന നിരതരായ പ്രാദേശിക
പ്രവർത്തകരും

# ഉള്ളടക്കം


1 ആമുഖം 1

2 പഞ്ചായത്ത്—പൊതുവിവരണം 5

3 സാമൂഹിക സാംസ്ക്കാരിക ചരിത്രത്തിലേക്ക് ഒരെത്തിനോട്ടം 7

4 ഭൂപ്രകൃതി വിഭവങ്ങൾ 13

5 സാമൂഹിക സാമ്പത്തിക മേഖലകൾ

- 1 കൃഷിയും ജലസേചനവും 19
- 2 മൃഗസംരക്ഷണവും മത്സ്യബന്ധനവും 31
- 3 വ്യവസായം 35
- 4 വിദ്യാഭ്യാസം 43
- 5 സംസ്ക്കാരം 59
- 6 കുടിവെള്ളവും പൊതുജനാരോഗ്യവും 73
- 7 ഗതാഗതം, ഊർജ്ജം 95
- 8 സഹകരണം 114
- 9 വിഭവസമാഹരണം 119
- 10 സാമൂഹ്യ ക്ഷേമവും, പാർപ്പിടവും 131
- 11 പട്ടികജാതി, പട്ടികവർഗ ക്ഷേമം 145
- 12 വനിത 155

6 ഉപസംഹാരം 161

# പഞ്ചായത്ത് മുൻ പ്രസിഡൻറുമാർ



ശ്രീ. വി. എസ്. ഗോപാലൻ
(1963 — 1979)



ശ്രീ. പി. കൃഷ്ണൻകുട്ടി
(1979 — 1984)



ശ്രീ. കെ. വി. ചന്ദ്രൻ
(1988 — 1995)

# നിലവിലുള്ള സാരഥികൾ



ശ്രീ. സി. എസ്. സുലൈമാൻ

(പ്രസിഡൻറ്)



ശ്രീ. കെ. വി. നാരായണൻ

(വൈസ് പ്രസിഡൻറ്)



ശ്രീ. കെ. എം. മാത്തൻ

(സ്റ്റാൻറിംഗ് കമ്മററി) ചെയർമാൻ



സി. വത്സല

(മെമ്പർ)



ശ്രീ. എം. ജബ്ബാർ

(മെമ്പർ)



കെ. മായൻ

(മെമ്പർ)



**കെ. ബി. പുഷ്പ**
(മെമ്പർ)



**ശ്രീ. വി. രാധാകൃഷ്ണൻ**
(മെമ്പർ)



**ശ്രീ. എ. ഉണ്ണികൃഷ്ണൻ**
(മെമ്പർ)



**എ. രാജകുമാരി**
(മെമ്പർ)



**കെ. വസന്തകുമാരി**
(മെമ്പർ)




OFFICE OF THE ERIMAYUR GRAMA PANCHAYAT

# ആമുഖം

കേരള സംസ്ഥാനത്തിന്റെയും ആസൂത്രണ പ്രക്രിയയുടെയും ഒരു പുതിയ അനുഭവമായി മാറിയിരിക്കുകയാണ് ജനകീയാസൂത്രണ പ്രസ്ഥാനം. കഴിഞ്ഞ 8 പഞ്ചവത്സരപദ്ധതിയിലൂടെ ആസൂത്രിതമായി സമ്പദ്ഘടനയെ വളർത്തുവാനാണ് നാം ശ്രമിച്ചത്. കുറെയേറെ നേട്ടങ്ങൾ കഴിഞ്ഞ പദ്ധതികളിലൂടെ കൈവരിക്കാൻ നമുക്ക് കഴിഞ്ഞുവെങ്കിലും മൊത്തം ജനങ്ങളിലെ ഭൂരിഭാഗത്തിനും അടിസ്ഥാനാവശ്യങ്ങൾ പോലും നിറവേററാൻ കഴിയാത്ത ഒരവസ്ഥയിലാണ് നമ്മളിന്നും. വിവിധ വകുപ്പുകളുടെ പരസ്പരബന്ധമില്ലാത്ത സ്കീമുകൾ, കേന്ദ്രീകൃതവും ഉദ്യോഗസ്ഥമേധാവിത്വപരവുമായ പദ്ധതികൾ, വിഭവപരിമിതി കണക്കിലെടുക്കാതെയുള്ള ആസൂത്രണം. പാഴ്ച്ചെലവ്, ധൂർത്ത് എന്നീ കാരണങ്ങളാൽ ഉദ്ദേശിച്ച ഒരു ലക്ഷ്യവും പൂർണ്ണമായും കൈവരിക്കുവാൻ കഴിഞ്ഞപഞ്ചവത്സര പദ്ധതികൾക്ക് കഴിഞ്ഞില്ല. ഈ പശ്ചാത്തലത്തിലാണ് ഒമ്പതാം പഞ്ചവത്സരപദ്ധതി ജനകീയ പദ്ധതിയാക്കി നടപ്പിലാക്കുവാൻ സർക്കാർ തീരുമാനിക്കുന്നത്. പദ്ധതി അടങ്കലിന്റെ 35–40 ശതമാനം തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെ ചെലവഴിക്കപ്പെട്ടാൻ പോവുകയാണ്. ഈ തുകക്കു വരുന്ന വികസനപരിപാടികൾ താഴെ തട്ടിൽനിന്നും ജനപങ്കാളിത്തത്തോടെ രൂപപ്പെ

ടുത്തി എടുക്കുക എന്നതാണ് ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ പ്രഥമലക്ഷ്യം. ഈ ലക്ഷ്യപ്രാപ്തിക്കായി കക്ഷി രാഷ്ട്രീയത്തിന്നതീതമായി ബഹുജന സംഘടനകളേയും ഉദ്യോഗസ്ഥരേയും വിദഗ്ദരേയും വിവിധ തട്ടുകളിലുള്ള ജനപ്രതിനിധികളുടെ നേതൃത്വത്തിൽ ഒരുമിച്ചണിനിരത്തുവാനാണ് പ്രസ്ഥാനത്തിലൂടെ ശ്രമിക്കുന്നത്. പ്രാദേശിക വികസന പ്രശ്നങ്ങളെ സർക്കാരിന്റെ ധനസഹായത്തോടെ പ്രാദേശിക മുൻകൈയോടെ പരിഹരിക്കുന്നതിനുള്ള ഒരു പ്രവർത്തന പരിപാടിയാണ് ഇതിലൂടെ നടപ്പിലാകുന്നത്. ജനങ്ങളുടെ മുൻകൈയ്യിൽ വികസന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യപ്പെടുന്നതോടെ പദ്ധതി പ്രവർത്തനങ്ങളോടെ അവർക്കിടയിൽ വ്യാപകമായി നിലനിൽക്കുന്ന നിസ്സംഗത മാറുകയും വികസന പ്രവർത്തനങ്ങളിലെ ജനപങ്കാളിത്തം വർധിക്കുകയും ചെയ്യും. സർക്കാരിൽനിന്നും എന്തുകിട്ടുമെന്ന് മാത്രമല്ല നാടിന്റെ വികസനത്തിന് ഒത്തൊരുമിച്ച് എന്തുചെയ്യാമെന്നുകൂടി ചിന്തിക്കുന്ന ഒരു പുതിയ ശൈലിക്ക് രൂപം നൽകി ഒരു പുത്തൻ വികസന സംസ്ക്കാരം വളർത്തിയെടുക്കുക എന്നതാണ് ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ അന്തിമ ലക്ഷ്യം.

അഞ്ച് ഘട്ടങ്ങളായിട്ടാണ് പ്രസ്ഥാനത്തിന്റെ പ്രവർത്തന പരിപാടികൾ നടത്തുന്നത്.

1 വികസന പ്രശ്നങ്ങൾ തിട്ടപ്പെടുത്തുവാൻ വേണ്ടിയുള്ള ഗ്രാമസഭകൾ.

2 ഗ്രാമസഭാ റിപ്പോർട്ടുകളും സ്ഥിതി വിവരക്കണക്കുകളും ചേർത്ത് തയ്യാറാക്കുന്ന പഞ്ചായത്ത് വികസന റിപ്പോർട്ട്. പ്രശ്നങ്ങൾക്ക് പരിഹാരങ്ങൾ നിർദ്ദേശിക്കുന്നതിനുവേണ്ടി ചേരുന്ന സെമിനാറുകൾ.

3 സെമിനാറിൽ ഉരുത്തിരിയുന്ന പരിഹാര മാർഗ്ഗങ്ങളേയും നിർദ്ദേശങ്ങളേയും സ്കീം പ്രപ്പോസലുകളാക്കി മാററി എഴുതി തയ്യാറാക്കുന്നതിനുവേണ്ടിയുള്ള കർമ്മ സമിതികളുടെ പ്രവർത്തനം.

4 ഈ സ്കീമുകളിൽനിന്നും വിഭവ സാദ്ധ്യതകളിൽ ഒതുങ്ങിനിന്നുകൊണ്ട് കൃത്യമായ മുൻഗണനകളുടെ അടിസ്ഥാനത്തിൽ ഭരണസമിതികൾ തങ്ങളുടെ പഞ്ചവത്സര പദ്ധതികൾക്ക് രൂപം നൽകും.

5 ഈ പദ്ധതികളെ ബ്ലോക്കടിസ്ഥാനത്തിലും ജില്ലാടിസ്ഥാനത്തിലും സംസ്ഥാനാടിസ്ഥാനത്തിലും സംയോജിപ്പിക്കുന്നു.

## പഞ്ചായത്തിൽ നടന്ന പ്രവർത്തനങ്ങൾ

നമ്മുടെ പഞ്ചായത്തിലെ ജനകീയാസൂത്രണ പരിപാടികൾക്ക് തുടക്കം കുറിക്കുന്നത് 1996 സെപ്തംബർ 12, 13, 14 തിയ്യതികളിൽ ആലത്തൂരിൽ നടന്ന ജില്ലാതല പരിശീലകർക്കുള്ള ക്യാമ്പോടുകൂടിയാണ്. നമ്മുടെ പഞ്ചായത്തിൽനിന്നും 15 പേർ പങ്കെടുത്ത പ്രസ്തുത ക്യാമ്പിൽവെച്ച് പഞ്ചായത്തുതല പ്രവർത്തന പരിപാടികളുടെ ചുക്കാൻ പിടിക്കാനുള്ള കൺവീനറായി പ്രൊഫ: ശിവരാജനെ തിരഞ്ഞെടുത്തു. 3വനിതകളും ക്യാമ്പിൽ പങ്കെടുത്തിരുന്നു. ജനകീയാസൂത്രണ പരിപാടികളുടെ വിജയകരമായ

നടത്തിപ്പിനെ കുറിച്ചാലോചിക്കുന്നതിനുവേണ്ടി വിവിധ രാഷ്ട്രീയ പ്രവർത്തകരുടേയും സന്നദ്ധ സംഘടനകളുടേയും പൊതുപ്രവർത്തകരുടേയും ഒരു യോഗം 17-9-'96 ന് പഞ്ചായത്ത് ഓഫീസിൽ ചേരുകയുണ്ടായി. 12 വകുപ്പുദ്യോഗസ്ഥരും 36 മററു പ്രവർത്തകരുമടക്കം മൊത്തം 48 പേർ യോഗത്തിൽ സംബന്ധിച്ചിരുന്നു. 19-9-96ന് നടത്തിയ പഞ്ചായത്തുതല പരിശീലനത്തിൽ 4 വനിതകളടക്കം 108 പേർ പങ്കെടുത്തിരുന്നു. ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ പ്രസക്തി, പ്രവർത്തന പരിപാടികൾ എന്നിവയെപ്പററി പഞ്ചായത്തുതല പ്രവർത്തകരിൽ വ്യക്തമായ ധാരണയുണ്ടാക്കുവാൻ പരിശീലനത്തിനു കഴിഞ്ഞു. സെപ്റ്റംബർ 21 മുതൽ ഒക്ടേബർ 6 വരെയുള്ള തിയ്യതികളിലായി 11 വാർഡുകളിലും വിശേഷാൽ ഗ്രാമസഭകൾ ചേരുകയുണ്ടായി. വാർഡു മെമ്പർമാരുടെ നേതൃത്വത്തിലുള്ള സ്ക്വാഡ് പ്രവർത്തനം, നോട്ടീസ്, ചുമർ പരസ്യം, ചെണ്ടകൊട്ടി അറിയിക്കൽ എന്നിവയാണ് ഗ്രാമസഭാ സംഘടനത്തിനുവേണ്ടി നടത്തിയ പ്രചരണ പ്രവർത്തനങ്ങൾ. 11 വാർഡുകളിലായി നടന്ന ഗ്രാമസഭകളിൽ 133 സ്ത്രീകളടക്കം മൊത്തം 898 പേരാണ് പങ്കെടുത്തത്. ജനപങ്കാളിത്തക്കുറവ് ഉണ്ടായിരുന്നുവെങ്കിലും ഗ്രൂപ്പു ചർച്ചകൾ സജീവമായിരുന്നു. കുഴൽമന്ദം എം. എൽ. എ. ശ്രീ. എം. നാരായണൻ ഒരു ഗ്രാമസഭയിൽ സംബന്ധിച്ചിരുന്നു. ജില്ലാ പഞ്ചായത്ത് മെമ്പർ ശ്രീ. ശാന്തകുമാരി രണ്ട് ഗ്രാമസഭകളുടെ ഉദ്ഘാടനം നിർവ്വഹിച്ചിരുന്നു. ബ്ലോക്ക് പഞ്ചായത്ത് അംഗം ശ്രീ. കെ. വി. വേലൻകട്ടി ഗ്രാമസഭകളുടെ സംഘാടനത്തിലും നടത്തിപ്പിലും സജീവ പങ്കുവഹിച്ചിട്ടുണ്ട്. മിക്കവാറും ഗ്രാമസഭകളുടെ ഉദ്ഘാടകൻ അദ്ദേഹമായിരുന്നു. ഒക്ടോബർ 9-ാം തിയ്യതി ചേർന്ന പഞ്ചായത്തുതല പ്രവർത്തകരുടെ യോഗത്തിൽ 55 പേർ പങ്കെടുത്തു. ദ്വതീയ വിവരക്കണക്കു ശേഖരണത്തിനായി 4 പേർ വീതമുള്ള 9 ഗ്രൂപ്പുകൾ തിരഞ്ഞെടുക്കുകയും ഒക്ടേബർ 26-ാം തിയ്യതിയോടെ പ്രസ്തുത പ്രവർത്തനം ഏകദേശം പൂത്തിയാവുകയും ചെയ്തു. വിവിധ സർക്കാർ ഉദ്യോഗസ്ഥരുടെ പൂർണ്ണ സഹകരണം ഈ പ്രവർത്തനത്തിൽ എടുത്തു പറയേണ്ടതാണ്.

ഒക്ടോബർ 22, 23, 24 തിയ്യതികളിൽ നടന്ന രണ്ടാംഘട്ട ജില്ലാ പരിശീലനത്തിൽ വകുപ്പുദ്യോഗസ്ഥൻമാരുൾപ്പെടെ 15 പേർ പങ്കെടുത്തിരുന്നു. തുടർന്ന് 2-11-96ന് നടന്ന പഞ്ചായത്തുതല ശില്പശാലയിൽ 4സ്ത്രീകളടക്കം 94 പേർ പങ്കെടുത്തു. വീഡിയോ ക്ലാസ്, മററു ക്ലാസുകൾ എന്നിവയിലൂടെ പഞ്ചായത്തു വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിനെപ്പററി ഒരു ധാരണയുണ്ടാക്കുവാൻ കഴിഞ്ഞു. കേരളപ്പിറവി ദിനമായ നവംബർ 1ന് ജനകീയാസൂത്രണ പരിപാടികളുടെ ഭാഗമായി പുനരർപ്പണ ദിനമായി ആചരിക്കുകയും അന്നേദിവസം ജനപങ്കാളിത്തത്തോടെയുള്ള രണ്ട് സന്നദ്ധ പ്രവർത്തനങ്ങൾക്ക് തുടക്കമിടുകയും ചെയ്തു. ഒക്ടോബർ 5, 6 തിയ്യതികളിൽ നാടിനെ അറിയുവാനായി നടത്തിയ പഠനപര്യടനം ഉദ്ദേശിച്ച ഫലം ചെയ്തില്ല. 16-10-96ന് പഞ്ചായത്തിലൂടെ കടന്നുപോയ ജനാധികാര കലാജാഥക്ക് മലക്കുളം, കുനിശ്ശേരി, കുതിരപ്പാറ, കുട്ടാല, എരിമയൂർ, പുള്ളോട് എന്നീ സ്ഥലങ്ങളിൽ സ്വീകരണം നൽകിയിരുന്നു. പ്രതികൂല കാലാവസ്ഥ കാരണം ജാഥാകേന്ദ്രങ്ങളിൽ പ്രതീക്ഷിച്ചപോലെ ജനങ്ങളെ ആകർഷിക്കുവാൻ കഴിഞ്ഞില്ല.

ഗ്രാമസഭാ റിപ്പോർട്ട് ക്രോഡീകരിക്കുവാനും വകുപ്പ് സ്കീമുകളുടെ അവലോകനം നടത്തുന്നതിനുമായി പഞ്ചായത്തുതല പ്രവർത്തകരുടേയും വിവിധ വകുപ്പുദ്യോഗസ്ഥൻമാരുടേയും യോഗം 7-11-96ന് ചേരുകയുണ്ടായി. 56 പേർ പങ്കെടുത്ത പ്രസ്തുത യോഗത്തിൽ 6 ഗ്രൂപ്പുകളുണ്ടാക്കുകയും വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിന്റെ പ്രാരംഭ

പ്രവർത്തനങ്ങൾ തുടങ്ങുകയും ചെയ്തു. 12 വിഷയങ്ങളിൽ ചെറുകിട റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനുവേണ്ടി 12 ഗ്രൂപ്പുകളെ ചുമതലപ്പെടുത്തി. ജില്ലാ പരിശീലകരും പഞ്ചായത്തുതല പ്രവർത്തകരും ഉദ്യോഗസ്ഥ ഭരണ സമിതികളുമടങ്ങുന്ന ഇരുപതോളം പേരുടെ കൂട്ടായ പ്രയത്നത്തിന്റെ ഫലമാണ് ഈ വികസന റിപ്പോർട്ട്.

ഗ്രാമ സഭകളിലെ ജനപങ്കാളിത്തക്കുറവ്, ദ്വിതീയ സ്ഥിതി വിവരകണക്കുകളുടെ അപൂർണ്ണത, സർവ്വോപരി ആസൂത്രണ പ്രസ്ഥാന പരിപാടികളുടെ അതിവേഗം തുടങ്ങിയ കാരണങ്ങളാൽ കുറ്റമറ്റരീതിയിൽ ഈ റിപ്പോർട്ട് തയ്യാറാക്കുവാൻ ഞങ്ങൾക്ക് കഴിഞ്ഞിട്ടില്ല. അതുകൊണ്ടുതന്നെ റിപ്പോർട്ടിന് എല്ലാ തരത്തിലുമുള്ള സമഗ്രത അവകാശപ്പെടുന്നുമില്ല. എങ്കിലും വിവിധ വികസന മേഖലകളെ ഇത്രയും ചുരുങ്ങിയ സമയത്തിനുള്ളിൽ ഏറെക്കുറെ ശാസ്ത്രീയമായി അപഗ്രഥിച്ച് ഒരു റിപ്പോർട്ട് തയ്യാറാക്കുവാൻ കഴിഞ്ഞതിൽ ഞങ്ങൾക്ക് ചാരിതാർത്ഥ്യമുണ്ട്. ക്രിയാത്മകവും സൃഷ്ടിപരവും ഗൗരവപൂർണ്ണവുമായ വിലയിരുത്തലുകളും നിർദ്ദേശങ്ങളും കൊണ്ട് പഞ്ചായത്ത് വികസന സെമിനാറിൽ ഈ റിപ്പോർട്ട് സമഗ്രമാകും എന്ന പ്രത്യാശയിൽ ഇത് നിങ്ങൾക്കായി സമർപ്പിക്കുന്നു.

ഭരണസമിതിക്കുവേണ്ടി,

**സി. എസ്. സുലൈമാൻ,**
ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട്.

## പഞ്ചായത്ത് പൊതുവിവരണം. 2

| | | |
|---|---|---|
| പഞ്ചായത്തിൻെറ പേര് | — | എരിമയൂർ ഗ്രാമ പഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജുകൾ | — | എരിമയൂർ I· എരിമയൂർ II. |
| ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ | — | തൃപ്പാളൂർ, എരിമയൂർ |
| ബ്ലോക്ക് പഞ്ചായത്ത് | — | ആലത്തൂർ |
| താലൂക്ക് | — | ആലത്തൂർ |
| അസംബ്ലി നിയോജക മണ്ഡലം | — | കുഴൽമന്ദം |
| ലോകസഭാ മണ്ഡലം | — | ഒററപ്പാലം |
| ജില്ല | — | പാലക്കാട് |
| വിസ്തീർണ്ണം | — | 33.67 ച. കി. മീ. |
| അതിരുകൾ | — | വടക്ക് – കുഴൽമന്ദം, തേങ്കുറുശ്ശി, കുത്തന്നൂർ പഞ്ചായത്തുകൾ<br>തെക്ക് – മേലാർകോട് പഞ്ചായത്ത്<br>പടിഞ്ഞാറ് – ആലത്തൂർ. കുത്തന്നൂർ പഞ്ചായത്തുകൾ<br>കിഴക്ക് – പല്ലശ്ശേന, തേങ്കുറുശ്ശി —പഞ്ചായത്തുകൾ |
| വാർഡുകൾ | — | 11 |
| ജനസംഖ്യ | — | 27841 (1991) |
| പ്രസിഡൻറിൻെറ പേര് | — | സി എസ് സുലൈമാൻ |
| വൈസ് പ്രസിഡൻറിൻെറ പേര് | — | കെ വി നാരായണൻ |
| സ്റ്റാൻഡിംഗ് കമ്മിററി ചെയർമാൻ | — | കെ എം മാത്തൻ |
| ഭരണസമിതി അംഗങ്ങൾ | — | കെ വസന്തകുമാരി· എം. ജബ്ബാർ<br>രാധാകൃഷ്ണൻ കെ. വി.<br>കെ. ബി. പുഷ്പ, എ. രാജകുമാരി,<br>കെ മായൻ, സി. വത്സല,<br>എ. ഉണ്ണികൃഷ്ണൻ |

## പഞ്ചായത്ത് രൂപീകരണം

മദ്രാസ്സ് സംസ്ഥാനത്തെ മലബാർ ജില്ലയിൽ പാലക്കാട് താലൂക്കിൽപ്പെട്ട എരിമയൂർ, കുനിശ്ശേരി, വടക്കേത്തറ എന്നീ പഞ്ചായത്തു ബോർഡുകൾ സംയോജിപ്പിച്ചാണ് 1961 ഡിസംബറിൽ എരിമയൂർ പഞ്ചായത്ത് രൂപം കൊള്ളുന്നത്. സർവ്വശ്രീ. വി. എസ്. ഗോപാലൻ, കെ. സി. കുഞ്ചു, എം. എസ്. ദുരൈഅയ്യർ എന്നിവരായിരുന്നു. യഥാക്രമം എരിമയൂർ, കുനിശ്ശേരി, വടക്കേത്തറ എന്നീ പഞ്ചായത്തു ബോർഡുകളിലെ അവസാന പ്രസിഡൻറുമാർ. പഞ്ചായത്തു പുനഃസംഘടനയ്ക്കു ശേഷം 1963–ൽ തിരഞ്ഞെടുപ്പു നടക്കുന്നതുവരെ ഭരണം സ്പെഷൽ ഓഫീസറുടെ കീഴിലായിരുന്നു. തുടന്ന് 13-12-1963ൽ ശ്രീ. വി. എസ്. ഗോപാലൻ പ്രസിഡൻററായുള്ള ആദ്യത്തെ 9 അംഗ ഭരണ സമിതി നിലവിൽവന്നു. ടി. രായൻകുട്ടി, പി. കൃഷ്ണർകുട്ടി എം. വി. സുബ്രഹ്മണ്യ അയ്യർ, കെ. പി. ഗോപാലകൃഷ്ണൻനായർ, വി. കെ. മായൻ കെ. സി. കുഞ്ചു, പി. എ. രാമകൃഷ്ണൻ (വൈസ് പ്രസിഡൻറ്) കെ. വി. സീതാരാമയ്യർ എന്നിവരായിരുന്നു പ്രഥമ ജരണ സമിതിയംഗങ്ങൾ.

നീണ്ട 16 വർഷങ്ങൾക്കുശേഷം 1979–ൽ നടന്ന തിരഞ്ഞെടുപ്പിനെ തുടർന്ന് ശ്രീ പി. കൃഷ്ണൻകുട്ടി മേനോൻ പ്രസിഡൻറായുള്ള 10 അംഗ ഭരണസമിതി നിലവിൽ വന്നു. സി. എം. അബ്ദുറഹ്മാൻ (വൈ. പ്രസിഡൻറ്), ടി. എം. രായൻകുട്ടി, വി. ജി. സ്വാമിനാഥൻ, കെ. എം. മാത്തൻ, സി വെള്ള, പി. വി. സുന്ദരഅയ്യർ, കെ. പി. കോമളവല്ലിയമ്മ, കെ. വി. ചന്ദ്രൻ, എ. ഉണ്ണികൃഷ്ണൻ എന്നിവരായിരുന്നു മററംഗങ്ങൾ. 1988–ൽ നിലവിൽ വന്ന ഭരണസമിതിയുടെ സാരഥികൾ ശ്രീ. കെ. വി. ചന്ദ്രൻ (പ്രസിഡൻറ്), ശ്രീ. വി. വി. രാമചന്ദ്രൻ [വൈസ് പ്രസിഡൻറ്], എന്നിവരായിരുന്നു, സി. എസ്. സുലൈമാൻ, എം. സുലൈമാൻ, എൻ. ഉണ്ണിരാജൻ കെ. രാജൻ, എൻ. ശിവരാജൻ, വി. കണ്ണാമണി, കെ. വേലായുധൻ, എ. സലീന, കെ. ഗോപാലൻ തുടങ്ങിയവരായിരുന്നു മററംഗങ്ങൾ.




# 3

## 3 സാമൂഹിക സാംസ്ക്കാരിക ചരിത്രത്തിലേയ്ക്ക് ഒരെത്തിനോട്ടം.

'ഒരുമയൂർ' 'ആമയൂർ' എന്നീ പേരുകൾ പരിണമിച്ചുണ്ടായ സ്ഥലനാമമാണ് 'എരിമയൂർ' എന്ന് പഴമക്കാർ പറയുന്നു. 20-ാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ പ്രത്യേകതകളൊന്നും അവകാശപ്പെടാനില്ലാതിരുന്ന എരിമയൂർ എന്ന കർഷക ഗ്രാമം മദ്രാസ് സംസ്ഥാനത്തെ മലബാർ ജില്ലയുടെ 1861-ൽ രൂപംകൊണ്ട പാലക്കാട് താലൂക്കിന്റെ ഭാഗമായിരുന്നു.

ദേശീയ പ്രസ്ഥാനത്തിന്റെ അലയൊലികൾ ചെറിയ തോതിൽ എരിമയൂരിലും ഉണ്ടായിട്ടുണ്ട്. സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട നിസ്സഹകരണ പ്രസ്ഥാനം. ക്വിറ്റ് ഇന്ത്യാ മുന്നേറ്റം തുടങ്ങിയവയിൽ കുനിശ്ശേരി, എരിമയൂർ എന്നിവിടങ്ങളിൽ നിന്നും കുറച്ചുപേർ പങ്കെടുത്തിട്ടുണ്ട്. സുഭാഷ് ചന്ദ്രബോസിന്റെ ഇന്ത്യൻ നാഷണൽ ആർമിയിൽ അംഗങ്ങളായി പോരാടി ചരിത്രതാളുകളിലേക്ക് നടന്നു കയറിയവരുടെ കൂട്ടത്തിൽ നമ്മുടെ ദേശത്തുനിന്നും കുറച്ചുപേരുണ്ട്. കുനിശ്ശേരിയിലെ ശ്രീ. കല്ലായിൽ നാരായണൻ നായർ, എരിമയൂരിലെ നാരായണൻകുട്ടി ചെട്ടിയാർ എന്നിവരും പുള്ളോട്ടിലെ ശ്രീ. വാസുമേനോനും പ്രത്യേകം എടുത്തുപറയേണ്ടവരാണ്.

## സാമൂഹ്യ വ്യവസ്ഥ.

അതിശക്തമായ ജാതി വ്യവസ്ഥ നിലനിന്നിരുന്ന സമൂഹത്തിൽ പരമ്പരാഗത സാമൂഹ്യ ഘടനയും സവർണ്ണജന്മി നാട്ടുവാഴി മേധാവിത്വവും നൂററാണ്ടുകളായി തുടർന്നു വരുകയായിരുന്നു. ജാതി വ്യവസ്ഥ ലംഘിക്കുന്നവരെ സമൂഹത്തിൽനിന്നും ബഹിഷ്ക്കരിക്കുന്ന ഭ്രഷ്ട് സമ്പ്രദായം എല്ലാ ജാതികളിലും ഏററക്കുറച്ചിലോടെ നിലനിന്നിരുന്നു.

ബ്രാഹ്മണർ, നായർ, ഈഴവ, ചെറുമക്കൾ, കവറ, പാണൻ, പറയർ തുടങ്ങിയ വിഭിന്ന സമുദായങ്ങൾ ഹിന്ദുമതത്തിലെ ചാതുർവർണ്യ സമ്പ്രദായത്തിൽതന്നെ നിലനിന്നിരുന്നു. പൂർണ്ണമായും കുലത്തൊഴിലുകളെ അടിസ്ഥാനമാക്കിയുള്ള തൊഴിൽ വിഭജനമാണ് ഉണ്ടായിരുന്നത്. ഉദാഹരണമായി ബ്രാഹ്മണർക്ക് ആഭരണങ്ങൾ പണിതിരുന്ന കൊങ്ങതട്ടാൻമാർ എന്ന സമുദായക്കാർ ബ്രാഹ്മണർക്കുവേണ്ടി മാത്രമേ ജോലി ചെയ്തിരുന്നുള്ളു. അലംഘനീയമായ ഈ വ്യവസ്ഥക്കെതിരെയുള്ള ഒററപ്പെട്ട ചെറുത്തു നിൽപുകൾ ശക്തമായി അടിച്ചമർത്തിയിരുന്നു.

ഉദ്ദേശം 700 വർഷങ്ങൾക്കുമുമ്പ് ചേന്ദമംഗലം, പുത്തൻചിറ, പഴവിൽ – ഏനാമ്മാവ്, പാലയൂർ എന്നീസ്ഥലങ്ങളിൽനിന്നും എണ്ണക്കച്ചവടവുമായി കുതിരാൻ മലയിറങ്ങി മേലാർകോട് കമ്പോളത്തിൽ താമസമുറപ്പിച്ചവരാണ്. പഞ്ചായത്തിലെ ക്രിസ്തുമത വിഭാഗക്കാർ എന്നാണ് ഐതിഹ്യം. ഇപ്പോഴത്തെ പാലക്കാട് രൂപതയും തൃശ്ശൂർ അതിരൂപതയും രൂപംകൊള്ളുന്നതിന് നൂററണ്ടുകൾക്കുമുമ്പു തന്നെ വാരാപുഴ അതിരൂപതയുടെ കീഴിലുള്ള ഏക ക്രിസ്തീയദേവാലയമാണ്. മേലാർകോട് സെൻററ് ആൻറണീസ് ഫറോനപള്ളി എന്നു് പറയപ്പെടുന്നു. പാരമ്പര്യമായി എണ്ണക്കച്ചവടവും മരക്കച്ചവടവും നടത്തിവരുന്നതിനാൽ ക്രിസ്ത്യൻവിഭാഗക്കാരുടെ കേന്ദ്രം കമ്പോളം എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. മുസ്ലീംസമുദായത്തിൻെറ വേരുകളും നൂററാണ്ടുകൾക്കപ്പുറത്തേക്കു് നീണ്ടുകിടക്കുന്നു.

കൊടികുത്തിവാണിരുന്ന ഫ്യൂഡൽ ജൻമിത്വത്തിൻെറ കാലഘട്ടത്തിൽ ഭൂസ്വത്തിൻെറ 90% വും ഹിന്ദുമതത്തിലെ സവർണ്ണരുടെ കയ്യിലായിരുന്നു മനുഷ്യരുടെ സാമൂഹ്യവകാശങ്ങളെ വിവിധ ജാതികളും ഉപജാതികളും വേർതിരിച്ചിരുന്നു. മേൽജാതി കീഴ്ജാതി വിഭജനത്തിനൊടൊപ്പം പെരുമാററച്ചട്ടങ്ങളുമുണ്ടായിരുന്നു. വിവാഹം, മരണാന്തരച്ചടങ്ങുകൾ എന്നിവയൊക്കെ ഈ ക്രമം ദീക്ഷിക്കപ്പെട്ടിരുന്നു. വിവിധ വിഭാഗക്കാരുടെ ആചാരങ്ങൾ, വേഷവിധാനങ്ങൾ, സംബോധന രീതികൾ എന്നിവ വ്യത്യസ്തമായിരുന്നു. നമ്പൂതിരി വീടുകളെ 'മന' എന്നോ 'ഇല്ലം' എന്നോ ആണ് പറയുക. തമിഴ് ബ്രാഹ്മണർ കൂട്ടമാതി വസിച്ചിരുന്ന അഗ്രഹാരങ്ങളിലെ വീടുകൾ 'മഠങ്ങളാണ്'' നായന്മാരും മററു സവർണ്ണരും താമസിച്ചിരുന്ന സ്ഥലം 'വീട്'' ആണ്. ഈഴവ പ്രമാണിമാരും മുസ്ലീംങ്ങളും ക്രിസ്ത്യാനികളും താമസിക്കുന്ന ഭവനത്തിനും അങ്ങിനെതന്നെയാണ് പറഞ്ഞിരുന്നത്. കുടിയാൻമാരായ ഈഴവരും ചെത്തുകാരും കർഷകത്തൊഴിലാളികളും താമസിക്കുന്ന സ്ഥലത്തിന് 'കുടി' എന്നേ

പറയ്യ. മണ്ണാൻ, കമ്മാളൻ, എന്നീ വിഭാഗക്കാരും, ചെറുമക്കരം, പുലയർ, പറയർ, കണക്കർ, നായാടികരം എന്നിവരും താമസിക്കുന്ന ഭവനങ്ങരം 'ചാളകളാണ്.' മിശ്രവിവാഹമോ, മിശ്രഭോജനമോ നിലവിലുണ്ടായിരുന്നില്ല. 1930-കളിൽ അയിത്തോച്ചാടന നിയമം നിലവിൽ വന്നിട്ടുപോലും ഹരിജനങ്ങരംക്ക് ഹോട്ടലുകളിൽ പ്രവേശനമുണ്ടായിരുന്നില്ല. 1952-53 കാലത്തുപോലും ബാർബർ ഷാപ്പുകളിൽ ഹരിജനങ്ങരംക്ക് മുടിവെട്ടിച്ച് കൊടുക്കാറുണ്ടായിരുന്നില്ല. അയിത്ത ജാതിക്കാർക്കിടയിൽ തന്നെ മേൽ ജാതി കീഴ്ജാതി വ്യത്യാസമുണ്ടായിരുന്നു. അവർ തമ്മിലും അയിത്തമാചരിക്കുന്നു.

1920-കളുടെ തുടക്കത്തിൽ ദേശീയ പ്രസ്ഥാനത്തിന്റെ ചെറിയ തോതിലുള്ള പ്രവർത്തനങ്ങളും ശ്രീനാരായണ ധർമ്മ പരിപാലന സംഘത്തിന്റെ വളർച്ചയും പിന്നോക്ക സമുദായങ്ങളിൽ പ്രത്യേകിച്ച് ഈഴവരിലും മേലെക്കിടയിലെ ഇടത്തട്ടുകാരിലും ജാതി മേധാവിത്വത്തിനും അയിത്തം തുടങ്ങിയ അനാചാരങ്ങരംക്കുമെതിരായ ചിന്താഗതി വളർന്നുവരുവാൻ ഇടയാക്കി. വിദ്യാസമ്പന്നരായ മേൽ ജാതിക്കാരും സാമൂഹിക അനാചാരങ്ങരംക്കെതിരായി മുന്നോട്ടിറങ്ങുവാൻ തരാറായി. സ്വാതന്ത്ര്യ സമ്പാദനം എന്ന മൂല്യ ലക്ഷ്യത്തോടൊപ്പം സാമൂഹിക പരിഷ്ക്കാരത്തിനും എല്ലാ വിഭാഗത്തിലും ഉരംപ്പെട്ട ജനങ്ങരം സംഘടിപ്പിച്ചു തുടങ്ങി. 1942-ൽ പാലക്കാട് രൂപീകരിക്കപ്പെട്ട എസ്. എൻ. ഡി. പി. യോഗത്തിന്റെ നേതൃത്വത്തിൽ ഇപ്പോഴത്തെ ആലത്തൂർ താലൂക്കിന്റെ വിവിധ ഭാഗങ്ങളിൽ ക്ഷേത്ര പ്രവേശനത്തിനു വേണ്ടിയുള്ള പ്രക്ഷോഭങ്ങരം നടന്നിരുന്നു. കുനിശ്ശേരിയിലും പരിസര പ്രദേശങ്ങളിലും ഇതിന്റെ പ്രതിഫലനങ്ങളുണ്ടായിരുന്നു. കർഷക ബഹുജന പ്രസ്ഥാനങ്ങളുടെയും വിവിധ ഭൂപരിഷ്ക്കരണ നിയമങ്ങളുടെയും സ്വാധീനത്തിലാണ് ജാതി വ്യവസ്ഥയുടെ ചങ്ങലക്കെട്ടുകരം അടയുന്നത്. വിദ്യാഭ്യാസ മേഖലയുടെ വളർച്ചയും അതിന്റേതായ പങ്കുവഹിച്ചു. 1940 കളിൽ പാലക്കാട് താലൂക്കിലും നമ്മുടെ പഞ്ചായത്തിലും സജീവമായിരുന്ന പുരോഗമന പ്രസ്ഥാനങ്ങരം അന്ന് നിലവിലിരുന്ന സാമൂഹ്യ വ്യവസ്ഥയിൽ മാററം വരുത്തുവാനായി സംഘടിത ശ്രമങ്ങരം നടത്തിയിരുന്നു. കൃഷിക്കാരും കർഷകത്തൊഴിലാളികളും ഒത്തൊരുമിച്ചുകൊണ്ടുള്ള കർഷക സംഘം കുനിശ്ശേരി, എരിമയൂർ രൂപീകൃതമായിരുന്നു. ബഹുജന സംഘടനകളുടെ പ്രവർത്തനം ശക്തിയാർജ്ജിച്ചതോടെ സാമൂഹ്യ ഘടനയിൽ പരിവർത്തനങ്ങരം കണ്ടുതുടങ്ങി.

1950 സ്കൂളിലെ നമ്മുടെ രാഷ്ട്രീയ സാമൂഹ്യ മണ്ഡലങ്ങളിൽ നിറഞ്ഞുനിന്ന വ്യക്തിളായിരുന്ന എരിമയൂരിലെ ശ്രീ. വി. ജി. സുകുമാരൻ, കുനിശ്ശേരിയിലെ ശ്രീ. കെ. സി. കുഞ്ചു എന്നിവരുടെ സേവനങ്ങരം പ്രത്യേകം എടുത്തുപറയേണ്ടതാണ്. എഴുത്തുപള്ളികളെന്നറിയപ്പെടുന്ന ഏകാദ്ധ്യാപക സ്ഥാപനങ്ങളായിരുന്ന പഴയകാലത്ത് നാട്ടിൽപുറങ്ങളിൽ നിലവിലിരുന്ന പ്രാഥമിക വിദ്യാഭ്യാസ കേന്ദ്രങ്ങരം മാദ്രാസ് സർക്കാറിന്റെ കീഴിൽ 1892-ൽ കൂട്ടാല സീതാരാമയ്യർ കുനിശ്ശേരിയിൽ സ്ഥാപിച്ച എയ്ഡഡ് എലിമെൻററി സ്കൂളാണ് പഞ്ചായത്തിലെ ആദ്യത്തെ വിദ്യാലയം. പിന്നീട് മലബാർ ഡിസ്ട്രിക്ക് ബോർഡിനുകീഴിൽ പെൺകുട്ടികരംക്കു മാത്രമായി സ്ഥാപിച്ച എലിമെൻററി സ്കൂളാണ് ഇപ്പോഴത്തെ കുനിശ്ശേരി ഗവ: എൽ. പി. സ്കൂരം ആദ്യം സ്ഥാപിതമായ എയ്ഡഡ് എലിമെൻററി സ്കൂരം 1929 എസ്. കെ. വി. എച്ച് ഇ. സ്കൂളും പിന്നീട്. എസ്. ആർ. യു. പി. സ്കൂളുമായി മാറി. 1928-ൽ എരിമയൂർ സെൻറ് തോമസ് മിഷൻ എൽ. പി. സ്കൂരം ആരംഭിച്ചു. ഹൈസ്കൂരം വിദ്യാഭ്യാസ

ത്തിന് 8 കി. മി അകലെയുള്ള ആലത്തൂരിലെ എൻ. ഇ. എച്ച് സ്കൂളിനെയാണ് മുൻ കാലങ്ങളിൽ ആശ്രയിച്ചിരുന്നത് ചുരുക്കം ചില ആൺകുട്ടികളിലൊതുങ്ങുന്നതായിരുന്നു ഹൈസ്കൂൾ വിദ്യാഭ്യാസം. 1954-ൽ സ്വകാര്യ മേഖലയിൽ ഒരു ഹൈസ്കൂൾ കുനിശ്ശേരിയിൽ പ്രവർത്തനമാരംഭിച്ചു. ഈ സ്കൂൾ 1970-ൽ നിർത്തലാക്കിയതിനെ തുടർന്ന് പഠന സൗകര്യത്തിനുവേണ്ടി പൊതുജനങ്ങളുടെ പരിശ്രമ ഫലമായി കണ്ണമ്പുള്ളിയിൽ അന്നുണ്ടായിരുന്ന സർക്കാർ എൽ. പി. സ്കൂളിനോടനുബന്ധിച്ച് ഷിഫ്റ്റ് സമ്പ്രദായത്തിൽ ഹൈസ്കൂൾ പ്രവർത്തനമാരംഭിച്ചു. കുനിശ്ശേരിയിലെ പൊതുജനങ്ങൾ സംഘടിച്ച് ഹൈസ്കൂളിനുവേണ്ടി സ്വന്തം സ്ഥലം മാടമ്പാറയിൽ കണ്ടെത്തുകയും അവിടെ 1981-ൽ കുനിശ്ശേരി ഗവ: ഹൈസ്കൂൾ പ്രവർത്തനം തുടങ്ങുകയും ചെയ്തു. സവർണ്ണഹിന്ദുക്കളിലും പിന്നോക്ക വിഭാഗങ്ങളിലെ സമ്പന്നരിലും ഒതുങ്ങിയിരുന്ന വിദ്യാഭ്യാസം എല്ലാ വിഭാഗക്കാരിലേക്കും വ്യാപിച്ചത് കേരളപ്പിറവിക്കുശേഷമാണ്. കുനിശ്ശേരിയിലെ വിദ്യാഭ്യാസസ്ഥാപനങ്ങളുടെ വളർച്ചയിൽ ശ്രീ. കെ. എ. സീതാരാമയ്യരുടെ പങ്ക് വളരെ വലുതാണ്. സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ് വിഭാഗങ്ങളിലായി ആകെ 12 വിദ്യാഭ്യാസ സ്ഥാപനങ്ങൾ പഞ്ചായത്തിൽ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്.

സവർണ്ണഹിന്ദുക്കളുടെ വീടുകൾ പഴയകാലത്ത് മിക്കവാറും ചില്ലോടിട്ടവയായിരുന്നു. ഓടുണ്ടാക്കാനുള്ള ഫാക്ടറികൾ തുടങ്ങിയതോടുകൂടി അവ മിക്കവാറും ഓട്ടുപുരകളായി മാറി. സമ്പന്നരായ പിന്നോക്കക്കാർ ഒഴികെയുള്ളവരുടെ വീടുകൾ മിക്കതും പനയോലയും വൈക്കോലും മേഞ്ഞതായിരുന്നു. ഇന്ന് പഞ്ചായത്തിൻെറ ഏതു ഭാഗത്തും കോൺക്രീററ് ഭവനങ്ങൾ കാണാം.

1955 വരെ പഞ്ചായത്തിൽ ടാറിട്ട റോഡുകളൊന്നുമുണ്ടായിരുന്നില്ല. പല്ലക്കുകളും കാളവണ്ടികളും അപൂർവ്വം കുതിരവണ്ടികളും പഴയ മോഡൽ കാറുകളുമായിരുന്നു യാത്രക്കുള്ള വാഹനങ്ങൾ. അമ്പതുകളിൽ ഒന്നോ രണ്ടോ ബസുകളും സർവ്വീസ് നടത്തിയിരുന്നു. ഇന്ന് 18.4 കി. മി. ടാറിട്ടറോഡും 13.605 കി. മി. മെററൽറോഡ് പഞ്ചായത്തിലുണ്ട്. എല്ലാ തരത്തിലുമുള്ള മോട്ടോർ വാഹനങ്ങളുടെ തിരക്ക് ഇന്ന് പഞ്ചായത്തിലെല്ലായിടത്തും അനുഭവപ്പെടുന്നുണ്ട്.

മുൻകാലങ്ങളിലെ ആരോഗ്യരക്ഷാ പ്രവർത്തനങ്ങൾ നാട്ടുവൈദ്യന്മാരിലും ചുരുക്കം ആയുർവേദ ചികിത്സകരിലും അപൂർവ്വം അലോപ്പതിയിലെ ലൈസൻസ്സ് മെഡിക്കൽ പ്രാക്ടീഷനേഴ്സിലുമാണ് കേന്ദ്രീകരിച്ചിരുന്നത്. രോഗം ഭേദമാക്കാൻവേണ്ടിയുള്ള ആഭിചാര കർമ്മങ്ങളും മന്ത്രതന്ത്രങ്ങളും, ഊതൽ, ജപിച്ചുകെട്ടൽ തുടങ്ങിയ വിശ്വാസ ചികിത്സാരീതികളും ജനങ്ങളിൽ ശക്തമായിസ്വാധീനം ചെലുത്തിയിരുന്നു. ആതുര ശുശ്രൂഷാ രംഗത്ത് നാം ഏറെ മുന്നോട്ട് പോയിട്ടുണ്ടെങ്കിലും, മന്ത്രവാദത്തിൻേറയും പ്രാകൃതിചികിത്സാരീതികളുടേയും പിടിയിൽനിന്നും നാം പൂർണ്ണമായി മോചിതരായിട്ടില്ല. കുനിശ്ശേരി, എരിമയൂർ എന്നിവിടങ്ങളിൽ മാതൃശിശു സംരക്ഷണ കേന്ദ്രങ്ങൾ വളരെ മുമ്പുതന്നെ പ്രവർത്തിച്ചിരുന്നു 1974-ൽ കുനിശ്ശേരിയിൽ സ്ഥാപിതമായ പ്രാഥമിക ആരോഗ്യകേന്ദ്രം, തൃപ്പാളൂരിലെ ഹോമിയോ ആശുപത്രി എന്നിവയാണ് ഇപ്പോൾ പഞ്ചായത്തിലുള്ള പ്രധാന ചികിത്സാകേന്ദ്രങ്ങൾ.

പാലക്കാടിനെ കേരളത്തിൻെറ നെല്ലറയാക്കുന്നതിൽ എരിമയൂരിലെ വിസ്തൃതമായ നെൽപ്പാടങ്ങളുടെ പങ്ക് ചെറുതല്ല. കൃഷിയിടത്തിൻെറ മൊത്ത വിസ്തൃതി

യിൽ 80 ശതമാനവും നെൽപ്പാടങ്ങളാണ് തന്നെയാണ്. ഒരു മാതൃകാ കർഷക ഗ്രാമത്തിൻെറ എല്ലാ സവിശേഷതകളും ഒത്തുചേർന്ന പഞ്ചായത്തിൻെറ മുഖച്ഛായയ്ക്ക് സ്വാതന്ത്ര്യ ലബ്ധിക്കുശേഷവും വലിയ വ്യത്യാസങ്ങളൊന്നും വന്നിട്ടില്ല. കരിയും നുകവുമായിരുന്ന മുൻകാലങ്ങളിലെ പ്രധാന കൃഷി ഉപകരണങ്ങൾ, പനചെത്തും, കള്ള്, ചക്കര വ്യവസായവും കൂടുതലുണ്ടായിരുന്നു.

1957 മുതൽ 1973 വരെയുള്ള കാലഘട്ടത്തിൽ വിവിധ ഭൂപരിഷ്ക്കരണ നിയമങ്ങൾ രൂപം കൊണ്ടു. സമാന്തരമായുണ്ടായ ബഹുജന പ്രസ്ഥാനങ്ങളുടെ വളർച്ചയും വിദ്യാഭ്യാസ മേഖലയുടെ അനുക്രമമായ വികാസവും നാടിൻെറ മുഖച്ഛായ തന്നെ മാററി. സാമൂഹിക ഘടനയിലും സമ്പത്തിൻെറ വിതരണത്തിലും മാററങ്ങളുണ്ടായി. വിവിധ തൊഴിൽ മേഖലകളിലും സാമൂഹിക ക്ഷേമമണ്ഡലങ്ങളിലും ദ്രുതഗതിയിലുള്ള പരിവർത്തനങ്ങളുണ്ടായി. വിവിധ കക്ഷിരാഷ്ട്രീയ സംഘടനകളുടെ വികാസം സമൂഹത്തിൻെറ എല്ലാ മേഖലകളിലും ചലനങ്ങളുണ്ടാക്കി. മൂന്നുതവണ പാലക്കാടിനെ പ്രതിനിധീകരിച്ച് ലോകസഭയിലെത്തിയ ശ്രീ. വി. എസ്. വിജയരാഘവൻ നമ്മുടെ പഞ്ചായത്ത് നിവാസിയാണ്.

വിദ്യാഭ്യാസ സാമൂഹ്യ ക്ഷേമ മേഖലകളിലുള്ള വൻ പുരോഗതിയും സമ്പത്തിൻെറ മിതമായ തോതിലുള്ള നീതിപൂർണ്ണ വിതരണവും നമ്മുടെ പഞ്ചായത്തിൻെറ പഴയ പല പ്രശ്നങ്ങളെയും ഇല്ലാതാക്കുന്നതിന് സഹായിച്ചിട്ടുണ്ട്. പ്രശ്നങ്ങളുടെ രൂപവും ഭാവവും മാറിയിരിക്കുന്നു. കുറെക്കൂടി സങ്കീർണ്ണമായ പ്രശ്നങ്ങളാണ് നമ്മുടെ മുമ്പിലുള്ളത്. ഈ പ്രശ്നങ്ങളെ ആഴത്തിൽ പഠിച്ച് വിശകലനം ചെയ്തുകൊണ്ട് മാത്രമേ പഞ്ചായത്തിൻെറ സമഗ്ര വികസന പരിപാടിക്ക് രൂപം നൽകാനാവൂ.

എരിമയൂർ ഇന്ന് നേരിടുന്ന പ്രശ്നങ്ങളെ നമുക്ക് ഇങ്ങിനെ സംക്ഷേപിക്കാം. ഒന്നാമത്തേത് കാർഷിക മേഖലയുടെ ശോചനീയാവസ്ഥയും അനാകർഷകമായ കർഷക വൃത്തിയുമാണ്. രണ്ടാമത്തേത് വർദ്ധിച്ചുവരുന്ന തൊഴാലില്ലായ്മയാണ്. തൊഴിലന്വേഷകരെ ഉൾക്കൊള്ളാൻ കർഷക മേഖലക്കോ മററു വികസന മേഖലയ്ക്കോ കഴിയുന്നില്ല. മൂന്നാമത്തേത് സേവന മേഖലകളുടെ ഗുണ നിലവാരത്തകർച്ചയാണ്. പഞ്ചായത്തിൻെറ പല ഭാഗങ്ങളും രൂക്ഷമായ കുടിവെള്ളക്ഷാമത്തിലാണ്. നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിലവാരം തകർത്തുകൊണ്ടിരിക്കുന്നു. ഛർദ്ദി അതിസാരം പോലുള്ള രോഗങ്ങൾ ആരോഗ്യ രക്ഷാപ്രവർത്തനങ്ങൾക്ക് കനത്ത വെല്ലുവിളിയുയർത്തുന്നു. നാലാമത്തേത് സാമ്പത്തിക സാമൂഹ്യ മണ്ഡലങ്ങളിൽ ഏററവും താഴെത്തട്ടിലുള്ളവർ അവഗണിക്കപ്പെടുന്നു. അഞ്ചാമതായി വികസന രംഗത്ത് സ്ത്രീകളുടെ അദൃശ്യതക്ക് കാര്യമായ മാററമുണ്ടായിട്ടില്ല. ആറാമതായി പഞ്ചായത്തിലെ സാംസ്കാരിക പ്രവർത്തനങ്ങൾ മന്ദീഭവിച്ചിരിക്കുകയാണ്.

കൂട്ടായ അദ്ധ്വാനത്തിലൂടെ മനുഷ്യ വിഭവ ശേഷിയുടെ സൃഷ്ടിപരമായ ഉപയോഗത്തിലൂടെ കൊയ്ത്തു പാട്ടിൻെറ ഈരടികളും അനുഷ്ഠാന കലകളും പൂർവ്വികരും പകർന്നുതന്ന സാംസ്കാരികോർജ്ജത്തിലൂടെ ഈ പ്രതിബന്ധങ്ങളെ മറികടക്കാനാവുമെന്ന് നമുക്ക് പ്രത്യാശിക്കാം.

# 4




# ഭൂപ്രകൃതി

33.67 ച. കി. മീ. വിസ്തീർണ്ണമുള്ള എരിമയൂർ ഗ്രാമപഞ്ചായത്തിലെ 80% സമതലങ്ങളും 10 ശതമാനം മലമ്പ്രദേശവും 10 ശതമാന കുന്നും കുഴിയുമാണ്. ഭാരതപ്പുഴയുടെ പോഷക നദിയായ ' ഗായത്രിപ്പുഴ' എരിമയൂർ ഗ്രാമപഞ്ചായത്തിൽ കൂടിയാണ് കടന്നുപോകുന്നത്. എരിമയൂർ തോട്, കരുടൻതോട്, കുറുക്കൻപറമ്പ് തോട് എന്നിവയാണ് പ്രധാനപ്പെട്ട തോടുകൾ. ആദ്യത്തെ രണ്ടെണ്ണം തൃപ്പാളൂരിൽ വച്ച് ഗായത്രിപ്പുഴയിൽ ചേരുന്നു. ഭൂപ്രകൃതി അനുസരിച്ച് പഞ്ചായത്തിനെ പ്രധാനമായും ഉയർന്ന സമതലം, ചെരിവുപ്രദേശം, സമതലപ്രദേശം എന്നിങ്ങനെ മൂന്നു മേഖലകളാക്കിത്തിരിക്കാം. ജില്ലയിലെ മററു പഞ്ചായത്തുകളെപ്പോലെ എരിമയൂർ പഞ്ചായത്തും പടിഞ്ഞാറുഭാഗത്തേക്ക് ചരിഞ്ഞാണ് കിടക്കുന്നത്. മൊത്തം വിസ്തൃതിയുടെ 0.5% പാറക്കെട്ടുകൾ കൂടുതലുള്ള കരിങ്കൽപ്രദേശമാണ്. മൊത്തം കൃഷിയിടത്തിന്റെ 80 ശതമാനം നെൽകൃഷിയാണ്. സമതലപ്രദേശത്ത് കൂടുതലും വിസ്തൃതമായ നെൽപ്പാടങ്ങളാണ്. കുന്നിൻപ്രദേശത്ത് ഏകദേശം 0.4% റബ്ബർകൃഷിയുണ്ട്. തെങ്ങ്, വാഴ മരച്ചീനി, പച്ചക്കറി, ഇഞ്ചി തുടങ്ങിയ വിളകളും കൃഷിചെയ്യുന്നുണ്ട്. പഞ്ചായത്തിന്റെ വടക്കുപടിഞ്ഞാറുഭാഗം മലമ്പ്രദേശമാണ്. നെൽകൃഷിക്ക് അനുയോജ്യമായ ചെമ്മണ്ണാണ് കൂടുതൽ ഭാഗത്തും കാണപ്പെടുന്നത്. ഇരുപ്പൂകൃഷിരീതിയാണ് നിലവിലുള്ളത്. രണ്ടാംവിളയ്ക്ക് പ്രധാനമായും മലമ്പുഴ, ചേരാമംഗലം, പോത്തുണ്ടി ജലസേചന പദ്ധതികളിലൂടെ ലഭിക്കുന്ന ജലമാണ് ഉപയോഗിക്കുന്നത്. തൃപ്പാളൂർ ചെർപ്പുളിച്ചി എന്നീ സ്ഥലങ്ങളിലെ ചെക്ക് ഡാമുകളിലും ജലം സംഭരിക്കുന്നുണ്ട്.

## മണ്ണ്

പഞ്ചായത്തിൽ പ്രധാനമായും ചെമ്മണ്ണ്, കളിമണ്ണ്, മണൽമണ്ണ് എന്നിവയാണുള്ളത്. പൊതുവെ നല്ല ഗുണനിലവാരമുള്ള മണ്ണാണെങ്കിലും മണ്ണിന്റെ ഗുണനിലവാരം പല ഭാഗങ്ങളിലും ശാസ്ത്രീയമായി പരിശോധിക്കപ്പെട്ടിട്ടില്ല.

## കാലാവസ്ഥ

ജില്ലയിലെ ഇതര ഭാഗങ്ങളിലെപ്പോലെത്തന്നെ എരിമയൂരിലും താരതമ്യേന വരണ്ട കാലാവസ്ഥയാണുള്ളത്. ജൂൺ, ജൂലായ്, ആഗസ്റ്റ് എന്നീ മാസങ്ങളിലെ കാലവർഷത്തിലൂടെയാണ് 70% മഴയും ലഭിക്കുന്നത്. ഇതിൽത്തന്നെ ഇടവപ്പാതിയിലാണ് കൂടുതൽ മഴ ലഭിക്കാറുള്ളത്. ഒക്ടോബർ, നവംബർ മാസങ്ങളിലെ തുലാവർഷത്തിലൂടെ ഏകദേശം 27% മഴയും മാർച്ച്, ഏപ്രിൽ മാസങ്ങളിൽ വേനൽമഴയിലൂടെ 3% മഴയുംലഭിക്കുന്നു.

കേരളത്തിലെ ചൂടുകൂടിയ ജില്ലയായ പാലക്കാടിന്റെ ശരാശരി അന്തരീക്ഷ താപനില ഇവിടെയും അനുഭവപ്പെടാറുണ്ട്. മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിലെ ശരാശരി കുറഞ്ഞ താപനില 27 ഡിഗ്രി സെൽഷ്യസും കൂടിയ താപനില 38 ഡിഗ്രി സെൽഷ്യസുമായിരിക്കും. വേനലിന്റെ മൂർദ്ധന്യത്തിൽ ഏററവും കൂടിയ ചൂട് 41 ഡിഗ്രി സെൽഷ്യസിലെത്താറുണ്ട്. നവംബർ, ഡിസംബർ മാസങ്ങളിലാണ് കുറേശ്ശെ തണുപ്പ് അനുഭവപ്പെടാറുള്ളത്. ഡിസംബർ മുതൽ വേനലിന്റെ അവസാനംവരെ നീണ്ടുനിൽക്കുന്ന 'പാലക്കാടൻകാററ്'' അതിന്റെ പൂർണ്ണരൂപത്തിൽ ഇവിടെയനുഭവപ്പെടാറുണ്ട്. പശ്ചിമഘട്ടത്തിലെ പാലക്കാടൻ (വാളയാർ) ചുരത്തിലൂടെ വീശിയടിക്കുന്ന കാററ് പരിസ്ഥിതിയിൽ ചലനങ്ങളുണ്ടാക്കാറുണ്ട്. പൊടിപറത്തി വീശുന്ന കാററിന്റെ ആഗമനത്തോടൊപ്പം ചില അസുഖങ്ങളും രംഗപ്രവേശം ചെയ്യാറുണ്ട്. പാരമ്പര്യേതര ഊർജ്ജോല്പാദനത്തിനുള്ള ഒരു സ്രോതസ്സുകൂടിയാണ് പാലക്കാടൻകാററ്.

## ജലലഭ്യത

കാലവർഷം, തുലാവർഷം, വേനൽമഴ എന്നീ മഴകളിലൂടെയാണ് കൂടുതൽ ജലം ലഭിക്കുന്നത്. ഇതിൽത്തന്നെ കാലവർഷത്തിലൂടെയാണ് ഏററവും കൂടുതൽ ജലം സംഭരിക്കപ്പെടുന്നത്. ഭാരതപ്പുഴയുടെ പോഷക നദിയായ ഗായത്രിപ്പുഴയുടെ 9 കി.മീ. നീളം പഞ്ചായത്തിലുണ്ടെങ്കിലും വേനൽക്കാലങ്ങളിൽ പുഴ മിക്കവാറും വരണ്ടാണ് കിടക്കാറുള്ളത്. 2 ചെക്ക് ഡാമുകൾ നിർമ്മിച്ചതോടെ പുഴയിലൂടെ ഒഴുകിപ്പോകുന്ന ജലം കുറെയേറെ സംഭരിച്ചു നിർത്തുവാൻ കഴിഞ്ഞിട്ടുണ്ട്. പ്രധാനതോടുകൾ എരിമയൂർ തോട്, കുരുടൻതോട്, കുറുക്കൻപറമ്പ്തോട് എന്നിവയാണ്. പഞ്ചായത്തിൽ ആകെ നൂറോളം കുളങ്ങളാണുള്ളത്. ഉപയോഗശൂന്യമായി കിടക്കുന്നവ ഉപയോഗപ്പെടുത്തുകയാണെങ്കിൽ നല്ല ജലസംഭരണികളാണ് ഈ പരമ്പരാഗത സ്രോതസ്സുകൾ. കൃഷിക്ക് പ്രധാനമായും ഈ സ്രോതസ്സുകളെയും മലമ്പുഴ, പോത്തുണ്ടി ഡാമുകളിലെ കനാലുകളിലൂടെ ഒഴുകിയെത്തുന്ന ജലവുമാണ് ആശ്രയം.

കുടിവെള്ളത്തിന്നായി ഭൂരിഭാഗം പേരും കിണറുകളെത്തന്നെയാണ് ആശ്രയിക്കുന്നത്. പഞ്ചായത്തിൽ മൊത്തം ഉദ്ദേശം 1304 കിണറുകളുണ്ട്. ഏകദേശം 175 കുഴൽ കിണറുകളും പഞ്ചായത്തിലുണ്ട്. മൂന്നു സ്കീമുകളാണ് ശുദ്ധജലപൊതു വിതരണത്തിനായി പഞ്ചായത്തിലുള്ളത്. ശുദ്ധജലത്തിന്റെ ഗുണനിലവാരം ശാസ്ത്രീയമായി പരിശോധിക്കപ്പെട്ടിട്ടില്ല.

## ഭൂവിനിയോഗം.

പഞ്ചായത്തിലെ മൊത്തം കൃഷിസ്ഥലത്തിന്റെ 80 ശതമാനം സ്ഥലത്തും നെൽകൃഷിയാണ് ചെയ്തു വരുന്നത് ചെരിവു പ്രദേശങ്ങളിലും ഉയർന്ന സമതല പ്രദേശങ്ങളിലും തെങ്ങ്, വാഴ, മരച്ചീനി, ഇഞ്ചി, മഞ്ഞൾ, പയർ തുടങ്ങിയ വിളകൾ കൃഷിചെയ്തു വരുന്നു. 0.5% തരിശു ഭൂമിയാണ്. നെൽകൃഷിചെയ്യുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം 3303 ഹെക്ടർ ആണ് 79.9 കി. മീ. നീളത്തിലുള്ള ഒരു റോഡ് ശൃംഖല [ടാറിട്ടത്, മെറ്റലിട്ടത്, മൺപാതകൾ] പഞ്ചായത്തിലുണ്ട്. ക്ഷേത്രങ്ങൾ, കാവുകൾ, എന്നിവയോടനുബന്ധിച്ച് മൈതാനങ്ങളുണ്ട്. ഈ സ്ഥലങ്ങളും വിദ്യാലയങ്ങളോട് ചേർന്നുള്ള മൈതാനങ്ങളുമാണ് പ്രധാന കളിസ്ഥലങ്ങൾ. മൊത്തം ഭൂവിസ്തൃതിയുടെ നല്ലൊരു ഭാഗം പുരയിടങ്ങളും അവയോടുചേർന്ന തൊടികളുമാണ്. പുരയിടകൃഷി വിളകളിൽ പ്രധാനം തെങ്ങ്, വാഴ, പച്ചക്കറി എന്നിവയാണ്.

പ്രധാന വിളകളുടെ ഉല്പാദന ക്ഷമത കുറഞ്ഞു വരുന്നതാതിട്ടാണ് കണ്ടുവരുന്നത്. പാരമ്പര്യമായി ചെയ്തു വന്നിരുന്ന ഹ്രസ്വകാല വിളകൾക്കുപകരം ദീർഘകാല വിളകളിലേക്കു മാറുന്നതായുള്ള പ്രവണതയും കണ്ടുവരുന്നുണ്ട്. ഭൂപരിഷ്ക്കരണത്തിന്റെ ഫലമായി കൃഷിഭൂമി തുണ്ടുകളായി വിഭജിക്കപ്പെട്ടതും. മൊത്തം ഉൽപ്പന്നത്തിൽ കുറവു വരുത്തുവാൻ ഇടയായിട്ടുണ്ട്. പുരയിടങ്ങളോട് ചേർന്നു കിടക്കുന്ന സ്ഥലങ്ങൾ വീട് നിർമ്മാണത്തിനായി ഉപയോഗിക്കുന്നത് അടുത്ത കാലത്ത് വളരെയധികം വർദ്ധിച്ചിട്ടുണ്ട്.

## ജൈവ സമ്പത്ത്

പഞ്ചായത്തിലെ സസ്യസമ്പത്തിന്റെ ഏകദേശ ചിത്രം ചുവടെ ചേർക്കുന്നു.

### സസ്യാവരണം എരിമയൂർ ഗ്രാമപഞ്ചായത്ത്.

| ചെറുചെടികൾ | ചെടികൾ | വൃക്ഷം |
|---|---|---|
| കാശുതുമ്പ | കറിമ്പ് | തെങ്ങ്, പാല, കൗങ്ങ്, ഇരുപ്പ |
| കള്ളൻ ചെടികൾ | കാപ്പി | റബ്ബർ, കഴനി, തേക്ക്, |
| അമര | നാരകം | ചെമ്പകം, വേങ്ങ, പേരയ്ക്ക, |
| മത്തൻ | പൈനാപ്പിൾ | വീട്ടി, പപ്പായ, മാവ്, പ്ലാവ്, |
| കമ്പളം | ചെമ്പരത്തി | വെൻതേക്ക്, കശുമാവ്, |
| വെള്ളരി | റോസ് | കാനകം, പൂള, മുരുക്ക്, വാക |
| പാവൽ | ചെത്തി | ഇരുൾ, പുല്ലമരുത് അകേഷിയ |
| പടവലം | വെണ്ട | മഞ്ഞപാവട്ട, പുളി, ഉങ്ങ്, ആൽ |

## പട്ടിക
## ഔഷധച്ചെടികൾ

| | | |
|---|---|---|
| തുളസി | ഇഞ്ചി | പനിക്കൂർക്ക |
| കീഴാർനെല്ലി | കസ്തൂരി മഞ്ഞൾ | കുന്നി |
| കുറുന്തോട്ടി | ആനചുണ്ട | തുമ്പപൂവ് |
| ബ്രഹ്മി | കയ്യുണ്ണി | ശംഖ്പുഷ്പം |
| തഴുതാമ | കൂവ (arrow root) | കാട്ടുള്ളി |
| കല്ലുരുക്കി | കൊടിത്തൂവ | കരടക്കൊടി |
| കരിനൊച്ചി | നന്നാരി | ഉമ്മം (വെള്ള) |
| കച്ചോലം | ചിററമൃത് | അശോകം |
| ആടലോടകം | വള്ളി ഉഴിഞ്ഞ | വേങ്ങ |
| ആര്യവേപ്പ് | ചെത്തി കൊടുവേലി | കുറുന്തോടി |
| കറിവേപ്പ് | നന്ത്യാർവട്ടം | വാതക്കൊല്ലി |
| മൈലാഞ്ചി | കൂവളം | |
| ചെത്തി | കറുകപ്പുല്ല് | |
| ചെമ്പരത്തി | നീലാമരി | |
| | രാമച്ചം | |

പശു, എരുമ, കാള, പോത്ത്, ആട്, നായ, പൂച്ച തുടങ്ങിയ വളർത്തു മൃഗങ്ങളാണ് പ്രധാനമായും ഉള്ളത് കുററിക്കാടുകളിൽ കുറുക്കൻ, വെരുക്, കീരി, മുയൽ പോക്കാൻ തുടങ്ങിയവയും കണ്ടുവരുന്നുണ്ട്. മിക്കയിനം വിഷപ്പാമ്പുകളും ഉടമ്പ്, ഓന്ത് തുടങ്ങിയ ഇരവർഗ്ഗത്തിൽപ്പെട്ട ജീവികളും പഞ്ചായത്തിൽ കണ്ടുവരുന്നു. സാധാരണ കാണപ്പെടുന്ന പക്ഷികളെ കൂടാതെ ഇരുളാൻ (പരുന്തുവർഗ്ഗത്തിൽപ്പെട്ടത്) കൃഷ്ണപ്പരുന്ത്, കുളക്കോഴി, കൊററി, ചെമ്പോത്ത്, കൂമൻ തുടങ്ങിയ ഇനങ്ങൾ കൂടുതലായി കണ്ടുവരുന്നുണ്ട്. വംശനാശം നേരിടുന്ന വേഴാമ്പൽ (കട്ടോടച്ചാത്തൻ) പഞ്ചായത്തിലെ പല ഭാഗങ്ങളിലുമുണ്ട് കുനിശ്ശേരിയിലെ കാക്കകളുടെ സങ്കേതം പ്രസിദ്ധമാണ്.

## മനുഷ്യവിഭവം

1991–ലെ ക്യാനേഷുമാരിക്കണക്കനുസരിച്ച് എരിമയൂർ പഞ്ചായത്തിൽ 27,841 ജനങ്ങളുണ്ട്. ഇവരിൽ 14,310 പേർ സ്ത്രീകളും 13.531 പേർ പുരുഷന്മാരുമാണ്. പുരുഷന്മാരെക്കാൾ 779 സ്ത്രീകൾ കൂടുതലാണ്. ജനങ്ങളിൽ ഭൂരിഭാഗവും ഹിന്ദുക്കളും, രണ്ടാം സ്ഥാനത്ത് മുസ്ലീംകളും, മൂന്നാം സ്ഥാനത്ത ക്രിസ്ത്യാനികളുമാണ്. 6 വയസ്സിൽ താഴെയുള്ള 3651 കുട്ടികളാണ് നമ്മുടെ പഞ്ചായത്തിൽഉള്ളത്. പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട 5887 പേരാണ്ഉള്ളത്. തൊഴിലില്ലാത്ത ചെറുപ്പക്കാരുടെ എണ്ണം ഓരോവർഷവും കൂടിക്കൂടിവരികയാണ്. കൃഷിക മേഖലക്ക് തൊഴിലില്ലാത്തവരെ ഉൾക്കൊള്ളാൻ കഴിയുന്നില്ല. കർഷകത്തൊഴിലാളികളും ചെറുകിട കർഷകരുമാണ് കൂടുതലുള്ളത്. ജനങ്ങളുടെ പൊതു വിദ്യാഭ്യാസ നിലവാരം സംസ്ഥാന നിലവാരത്തിലും വളരെ താഴെയാണ്. അഭ്യസ്തവിദ്യരായ ഏറെ ചെറുപ്പക്കാർ തൊഴിലില്ലാത്തവരായി ഉണ്ട്. കാർഷിക മേഖല

യിൽ നിന്നും മററു മേഖലകളിലേക്ക് ചേക്കേറുന്ന തൊഴിലാളികൾ കൂടിവരികയാണ്. കെട്ടിട നിർമ്മാണ തൊഴിലാളികൾ ആശാരിമാർ തുടങ്ങിയവരുടെ എണ്ണം പഞ്ചായത്തിൽ കൂടുതലാണ്. സർക്കാർ സർവ്വീസിൽ ജോലി ചെയ്യുന്നവരുടെ എണ്ണം താരതമ്യേന കുറവാണ് അതിൽ തന്നെ അദ്ധ്യാപന രംഗത്താണ് കൂടുതൽപേരും. ആരോഗ്യ രക്ഷാപ്രവർത്തനങ്ങളുടെ പോരായ്മകൾ ചൂണ്ടിക്കാണിക്കുന്നതാണ് വർദ്ധിച്ചു വരുന്ന സാംക്രമിക രോഗങ്ങൾ (ഛർദ്ദി അതിസാരം, ബ്രോങ്കോന്യൂമോണിയ)



5 1




OFFICE OF THE ERIMAYUR GRAMA PANCHAYAT

# സാമൂഹിക സാമ്പത്തിക മേഖലകൾ

## കൃഷിയും ജലസേചനവും

### ഭൂപ്രകൃതി

അവലംബം: റവന്യൂ രേഖകൾ, കൃഷിഭവൻ രേഖകൾ, പഠനപര്യടനം

ഭൂപ്രകൃതി അനുസരിച്ച് എരിമയൂർ പഞ്ചായത്തിനെ മുഖ്യമായും മൂന്ന് മേഖലകളായി തിരിക്കാം.

1. ഉയർന്ന സമതലം
2. ചെരിവ് പ്രദേശങ്ങൾ
3. സമതല പ്രദേശങ്ങൾ

ഇവയിൽ ഓരോന്നിൻെറയും വിസ്തീർണ്ണം ചുവടെ ചേർക്കുന്നു.

## പട്ടിക I

| നമ്പർ | തരം | വിസ്തീർണ്ണം (ഹെക്ടർ) |
|---|---|---|
| 1 | ഉയർന്ന സമതലം | 10 |
| 2 | ചെരിവ് പ്രദേശങ്ങൾ | 10 |
| 3 | സമതല പ്രദേശങ്ങൾ | 3373 |
| | ആകെ | 3393 |

ആകെ ഭൂമിയുടെ .4% (പോയിൻറ് നാല് ശതമാനം) സ്ഥലത്ത് റബ്ബറും, 10% സ്ഥലത്ത് തെങ്ങും, .5% സ്ഥലം തരിശ് (പാറ) ഭൂമിയും ബാക്കി സ്ഥലത്ത് നെല്ലും, വാഴയും, ഇഞ്ചിയും മററും കൃഷിചെയ്യുന്നു.

ആദ്യകാലങ്ങളിൽ ചെറുമണിയൻ, നവര, തവളക്കണ്ണൻ, സ്വർണ്ണാലി, വൃശ്ചിക പാണ്ടി, പൂച്ചാമ്പാൻ തുടങ്ങിയ വിത്തിനങ്ങൾ ജൈവവളങ്ങളുപയോഗിച്ച് കൃഷി ചെയ്തിരുന്നു. ആ കാലങ്ങളിൽ പറമ്പുകളിൽ 'മോഡൻ' നെല്ലുകൃഷിയും ഉണ്ടായിരുന്നു.

1970 കളോടെ അത്യുല്പാദനശേഷിയുള്ള പുതിയ വിത്തിനങ്ങൾ കണ്ടുപിടിക്കപ്പെട്ടപ്പോൾ കർഷകർ അത് ഉപയോഗിക്കാൻ തുടങ്ങി. രാസവളങ്ങളുടെ ഉപയോഗം തുടങ്ങിയതോടെ ജലസേചനത്തിന് പമ്പുസെററുകളെയും കൃഷിക്കാർ ആശ്രയിക്കാൻ തുടങ്ങി. ഈ കാലഘട്ടത്തിൽ വൻകിട ജലസേചന പദ്ധതികളായ മലമ്പുഴ, പോത്തുണ്ടി, ചേരാമംഗലം തുടങ്ങിയ ഡാമുകളിൽനിന്ന് ഈ പഞ്ചായത്തിൻെറ മിക്ക പ്രദേശങ്ങളിലും കൃഷി ആവശ്യത്തിനായി വെള്ളം എത്തിച്ചുതുടങ്ങി. അതിനുമുമ്പുതന്നെ മദ്രാസ് സർക്കാരിൻെറ നിയന്ത്രണത്തിലായിരുന്നപ്പോൾ ചേരാമംഗലം ഭാഗത്ത് വെള്ളം തടഞ്ഞുനിറുത്തി ആയിരകണക്കിന് ഏക്കർ ഭൂമി കൃഷിക്ക് ഉപയുക്തമാക്കിയിരുന്നു.

ഇടവിളയായി ഉഴുന്ന്, മുതിര, ചാമ, എള്ള്, എന്നിവയും വളത്തിനായി കൊഴിഞ്ഞിലും അക്കാലത്ത് കൃഷി ചെയ്തിരുന്നു.

കുളങ്ങളിലും തോടുകളിലും (നാടൻ ചിറകൾകെട്ടി) വെള്ളം സംഭരിച്ച് രണ്ടാം വിളയ്ക്കുവേണ്ടി ഉപയോഗിച്ചിരുന്നു.

കർഷകർ അവരുടെ വീട്ടാവശ്യത്തിനുള്ള പച്ചക്കറികൾ സ്വയം ഉല്പാദിപ്പിച്ചിരുന്നു. ഹ്രസ്വകാല വിളകളിൽനിന്ന് ആവശ്യത്തിനുള്ള വരുമാനം കിട്ടിയിരുന്നത് കൊണ്ട് ഈ പഞ്ചായത്തിൽ ആ കാലത്ത് തെങ്ങ് കൃഷിയോടുള്ള താല്പര്യം കുറവായിരുന്നു. അന്ന് നിലനിന്നിരുന്ന പാട്ട വ്യവസ്ഥയും ഇതിനൊരു കാരണമായിരുന്നു.

ഭൂപരിഷ്ക്കരണം നടപ്പിലായതോടെ സ്വന്തമായി ഭൂമി ലഭിച്ച കർഷകർ വീടു പണിയുന്നതിനും തെങ്ങുപോലുള്ള ദീർഘകാല വിളകൾ നടുന്നതിനും തെങ്ങുപോലുള്ള ദീർഘകാല വിളകൾ നടുന്നതിനും വേണ്ടി പാടങ്ങൾ നികത്താൻ തുടങ്ങിയതോടുകൂടി നേരത്തെ ഉണ്ടായിരുന്ന ഉല്പാദന ക്രമങ്ങളിൽ മാററം വരാൻ തുടങ്ങി. ഇത് നീരൊഴുക്ക

കരം തടയാനും കാരണമായി. ഭൂമി തുണ്ടുതുണ്ടായി വിഭജിക്കപ്പെട്ടതോടെ അതുവരെ കാർഷിക മേഖലയിൽ നിലനിന്നിരുന്ന സമ്പ്രദായങ്ങൾ പാടെ മാറുകയും, ഈ സാമൂഹ്യ മാററം ഒരു പുത്തൻ കർഷക സംസ്ക്കാരം വളർന്നുവരാൻ കാരണമാകുകയും ചെയ്തു, നെൽകൃഷിയിൽനിന്നുള്ള ആദായം കുറഞ്ഞതും ആധുനിക വിദ്യാഭ്യാസം സാർവ്വത്രിക മായതും കർഷകരുടെയും കർഷകത്തൊഴിലാളികളുടേയും പിൻ തലമുറക്കാരെ ഇതര തൊഴിൽ മേഖലകളിലേക്ക് ആകർഷിച്ചു. ഇതിന്റെ ഫലമായി കാർഷിക മേഖല യിലെ മുരടിപ്പിന്റെ വേഗത വർദ്ധിച്ചു. ഉപഭോഗ പ്രവണതയെ വർദ്ധിപ്പിക്കുന്നതിനു് വലി യൊരു പങ്ക് ഇതിനുണ്ട്.

കൃഷിഭൂമി അന്യാധീനപ്പെട്ടു പോയതിനു് കാർഷിക പരിഷ്ക്കാരമല്ല കാരണം റിയൽ എസ്റ്റേററുകാർ പണവുമായി ഇറങ്ങിയപ്പോൾ ഭൂമിയ്ക്കു് വില ഉയർന്നു. കണ്ടമാനം നിർമ്മാണ പ്രവർത്തനം നടന്നപ്പോൾ പാടത്തെ ജോലികൾക്കു് തൊഴിലാളികളെ കിട്ടാൻ ബുദ്ധിമുട്ടായി. കെട്ടിട നിർമ്മാണത്തിന് ഇഷ്ടിക നിർമ്മാണവും വ്യാപക മായി. ഇങ്ങനെ പല കാരണങ്ങളാലും നെൽവയലുകൾ ചുരുങ്ങിപ്പോയി. ഉല്പാദക ക്ഷമത കുറയുകയല്ല, കൂടുകയാണ് ചെയ്തതു്.

നമ്മെ ബാധിച്ചിട്ടുള്ള രോഗം മുഖ്യമായിട്ടും രണ്ടാണ്. ഒന്നു്, കായികാധ്വാന ത്തോടുള്ള വിമുഖത. പ്രത്യേകിച്ച് കൃഷിപ്പണിയോടുള്ള വിരക്തി. രണ്ട്, നമ്മുടെ സർ ക്കാർ വകുപ്പുകളെ ബാധിട്ടുള്ള ചട്ടപ്പടി ഭരണമെന്ന മാറാവ്യാധി.

ഈ പഞ്ചായത്തിൽ പ്രധാനമായും ചെമ്മണ്ണും, കളിമണ്ണും, മണൽ മണ്ണുമാണുള്ളത് പൊതുവെ നല്ല ഗുണനിലവാരമുള്ള മണ്ണാണ്. എന്നാൽ വർദ്ധിച്ചു വരുന്ന രാസവള പ്രയോഗംമൂലം മണ്ണിന്റെ അമ്ലസ്വഭാവം വർദ്ധിച്ചു വരുന്നതായിട്ടാണ് കാണപ്പെടുന്നത്.

നെല്ല്, തെങ്ങ്, റബ്ബർ, വാഴ ഇവയാണ് മുഖ്യ കൃഷികൾ. വിളക്രമം ഇപ്പോൾ പാലിക്കാറില്ല. 1989–ൽ മറ്റെമ്പറി പലരും കൃഷി ചെയ്തുവെങ്കിലും കർഷകരിൽ കൃഷി യെ സംബന്ധിച്ചുണ്ടായ ആശങ്കകൾ ഈ കൃഷി പരാജയമാകുന്നതിന് കാരണമായി. 15 ഹെക്ടർ തരിശുഭൂമി (പാറ) യുണ്ട്.

## നെൽകൃഷി വിള വിസ്തീർണ്ണം (കൃഷിഭവൻ രേഖ)

| നമ്പർ | വിള | വിസ്തീർണ്ണം | ഉല്പാദനം (ഹെക്ടറിൽ |
|---|---|---|---|
| 1 | നെല്ല് (ഒന്നാം വിള | 1600 | 4000Kg. |
| 2 | നെല്ല് (രണ്ടാം വിള) | 1140 | 3580Kg. |

ജ്യോതി, ജയ, കുഞ്ഞുകുഞ്ഞു്, എ. എസ്സ്. ടി., ത്രിവേണി, ആതിര, പവിഴം കാഞ്ചന, ആയിരത്തൊന്ന്, മട്ടത്രിവേണി, എം. ജി. ആർ. തുടങ്ങിയ വിത്തിനങ്ങ ളാണ് ഇപ്പോൾ കൃഷി ചെയ്യുന്നത്. നെൽകൃഷിക്ക് ശേഷം വയലുകൾ തരിശിടുക യാണ് പതിവ്. രണ്ടാം വിള കഴിഞ്ഞ് വെള്ളം കിട്ടാത്തതാണ് അതിന് മുഖ്യ കാരണം. മണ്ണ് പരിശോധിച്ച് അതിനനുസരിച്ച് വള പ്രയോഗം നടത്താറില്ല. നാവുളം കുളമ്പ്, പടയേററി, അരിയക്കോട്, കൊളക്കരങ്ങാട്, നെടുകപ്പാടം, മണിയൽ

പാടം, നരിപ്പൊററ, തേനാരിപ്പാടം, മുട്ടിച്ചിറ, മരുതക്കോട്ട്, പെരുങ്കുളത്തിൻെറ തെക്കേ ഭാഗം, കൊട്ടക്കര കുളത്തിൻെറ വടക്കുഭാഗം, ഊതറക്കോട്, മരുതക്കോട്, ചെമ്പൻ പുള്ളി ഭാഗം, പുള്ളോട് മൂളി, (കുറുക്കൻ പറമ്പ്) കാരാക്കോട്, പാണ്ടാകോട്, (ചിത റോഡ്,) കോട്ടാംപ്പൊററ, കൂളിയാട്, മലക്കുളം, വെമ്പ്രംകോട്, കല്ലംകാട്, കൂട്ടാല, പരുത്തിക്കാട്, അണിക്കരുത്തി, അമ്പലപ്പറമ്പ്, കണിയാർകോട്, പാടത്തുപുര, തെക്കേപാടം, ചാവുക്കാട്, ചാത്തലാംപ്പാടം, അങ്കമശാല, നരിപ്പൊററ തുടങ്ങിയ പ്രദേശങ്ങളിലും കൂടാതെ കനാലിൻെറ വാലററ പ്രദേശങ്ങളിൽ (tail end) ഒരു ഭാഗത്തും ആവശ്യത്തിനുള്ള വെള്ളം എത്താറില്ല.

കട്ടപ്പുഴ, തണ്ടുതുരപ്പൻ. ഓലചുരുട്ടി, കമിറംരോഗം, മുഞ്ഞ തുടങ്ങിയ രോഗങ്ങളാണ് നെല്ലിനെ ബാധിക്കാറുള്ളത്.

## ഇടവിളകൾ വിസ്തീർണ്ണം (കൃഷിഭവൻ രേഖ)

| നമ്പർ | വിള | വിസ്തീർണ്ണം | ഉല്പാദനക്ഷമത ഹെക്ടറിൽ |
|---|---|---|---|
| 1 | തെങ്ങ് | 350 ഹെക്ടർ | 34250 (one year) |
| 2 | വാഴ | 250 ഹെക്ടർ | 32.5ടൺ |
| 3 | മരച്ചീനി | 65 ഹെക്ടർ | 25 ടൺ |
| 4 | പയർ വർഗ്ഗങ്ങൾ | 180 ഹെക്ടർ | 660Kg. |
| 5 | എള്ള് | 10 ഹെക്ടർ | 250Kg. |

### തെങ്ങ്

സമീപ കാലത്താണ് തെങ്ങു കൃഷിയിൽ കർഷകർക്ക് താല്പര്യം കൂടിയത്. ഇപ്പോൾ ഏതാണ്ട് 350 Hectore സ്ഥലത്ത് തെങ്ങു കൃഷിയുണ്ട്. ശാസ്ത്രീയമായ രീതിയിലല്ല ഭൂരിപക്ഷം കർഷകരും തെങ്ങു നട്ടിരിക്കുന്നത്. അത്കൊണ്ട് കാററു വീഴ്ച രോഗവിമുക്തമായ ഒരു പ്രദേശമാണെങ്കിലും കർഷകർക്ക് വേണ്ടത്ര അറിവ് ഈ രംഗത്തില്ലാത്തതും ജലസേചന സൗകര്യം കുറവായതും ഉല്പാദനക്ഷമത കുറയാൻ കാരണമായി. കേര കൃഷി വികസനത്തിനുവേണ്ടി കൃഷിഭവൻ മുഖേന എടുത്തു പറയത്തക്ക ഒരു പ്രവർത്തനവും ഇതുവരെയും ഈ പഞ്ചായത്തിൽ ഉണ്ടായിട്ടില്ല. മണ്ടചീയൽ (Budrot), ചെന്നീരൊലിപ്പ് എന്നീ രോഗങ്ങൾ വളരെ ചെറിയ തോതിൽ കണ്ടുവരാറുണ്ട്. തെങ്ങിൽ കള്ള ചെത്തു വ്യവസായം, ഈ പഞ്ചായത്തിൽ സമീപ കാലത്ത് വളരെ കൂടിയിട്ടുണ്ട്. ജലസേചന സൗകര്യമുണ്ടെങ്കിൽ തെങ്ങു കൃഷി ചെയ്യാവുന്ന സ്ഥലങ്ങൾ ഒട്ടേറെ ഇനിയും ഈ പഞ്ചായത്തിലുണ്ട്.

### റബർ

ഭൂപരിഷ്ക്കരണം നടപ്പിലാക്കിയപ്പോൾ റബ്ബർ തോട്ടങ്ങളെ ഭൂപരിധിയിൽ നിന്ന് ഒഴിവാക്കിയ സമയത്താണ് ഈ പഞ്ചായത്തിൽ ആദ്യമായി റബ്ബർ കൃഷി തുടങ്ങിയത്. പിന്നീട് കുറെ കർഷകർ ഈ രംഗത്തേക്ക് കടന്നുവരികയും, ഇപ്പോൾ ഏക

ദേശം 30 ഹെക്ടർ സ്ഥലം റബ്ബർ തോട്ടമായി മാറുകയും ചെയ്തു. റബ്ബറിന്റെ ഉല്പാദന ക്ഷമത താരതമ്യേന കുറവാണ്. റബ്ബറിന് സാധാരണ കാണുന്ന ചീക്ക്, പട്ടമരവിപ്പ് എന്നീ രോഗങ്ങൾ കണ്ടു വരുന്നു.

## വാഴ

ഇടവിളയായിട്ടാണ് സാധാരണ വാഴ കൃഷിചെയ്യുന്നത്. പാളയൻകോടൻ, പൂവൻ, കർപ്പൂരവള്ളി എന്നീ നാടൻ ഇനങ്ങളും, നേന്ത്രവാഴയുമാണ് സാധാരണ കാണുന്നത് 250 ഹെക്ടറിൽ കൂടുതൽ സ്ഥലത്ത് ഇപ്പോൾ വാഴകൃഷിയുണ്ട്. കുമ്പടപ്പും, തണ്ടുതുരക്കുന്ന ഒരുതരം പുഴവിന്റെ ശല്യവും കണ്ടുവരാറുണ്ട്. ശാസ്ത്രീയ വാഴകൃഷി വികസിപ്പിച്ചെടുക്കാവുന്ന പ്രദേശമാണ്.

പയർ, എള്ള്, മരച്ചീനി തുടങ്ങിയ കാർഷിക വിളകൾ മുൻ കാലങ്ങളിൽ വ്യാപകമായി കൃഷി ചെയ്തിരുന്നുവെങ്കിലും, പല കാരണങ്ങൾകൊണ്ടും ഇന്ന് നാമമാത്രമായി മാത്രമെ കൃഷി ചെയ്യുന്നുള്ളു. പ്ലാവ്, കശുമാവ്, മാവ് മുതലായ ഫല വൃക്ഷങ്ങൾ പഞ്ചായത്തിന്റെ എല്ലാ ഭാഗത്തും കുറേശ്ശെയുണ്ട്. കവുങ്ങ് കൃഷിക്ക് യോജിച്ച മണ്ണ് പഞ്ചായത്തിൽ പല ഭാഗത്തുമുണ്ടെങ്കിലും വളരെ കുറച്ചു കർഷകർ മാത്രമെ കവുങ്ങു കൃഷി ചെയ്തിട്ടുള്ളു. കോൽപുളി മരങ്ങൾ പഞ്ചായത്തിന്റെ എല്ലാ ഭഗത്തും സുലഭമായിട്ടുണ്ട്. നല്ലവണ്ണം കായ പിടിക്കുന്ന നെല്ലിമരങ്ങളും ഈ പ്രദേശത്തിന്റെ പ്രത്യേകതയാണ്. 1960ന് മുമ്പ് പഞ്ചായത്തിന്റെ എല്ലാ പ്രദേശത്തും തേക്കും, വീട്ടിയും, മരുതും, വേങ്ങയും, ആവലും, വേപ്പും, കാനകവും, കഴനിയും മററും ഉണ്ടായിരുന്നു. ഭൂമി തുണ്ടു തുണ്ടായതോടെ കൈവശക്കാർ മരങ്ങൾ മുറിച്ചു വിററത് പരിസ്ഥിതിക പ്രശ്നങ്ങളും ഉണ്ടായിട്ടുണ്ട്. പ്രധാനമായും മണ്ണൊലിപ്പിന്റെ വേഗത കൂട്ടുകയും, മണ്ണിന്റെ വെള്ളം സംഭരിച്ചു നിർത്താനുള്ള കഴിവ് കുറക്കുകയും ചെയ്തു.

## വളം

സഹകരണ മേഖലയിലും സ്വകാര്യ മേഖലയിലും വളം വിതരണ കേന്ദ്രങ്ങൾ പഞ്ചായത്തിലുണ്ട്. കൃഷിക്ക് ഉപയോഗിക്കുന്നത് 90% രാസവളങ്ങളാണ്. ശാസ്ത്രീയമായ രീതിയിലല്ല വള പ്രയോഗം നടത്തുന്നത്. അമിത വള പ്രയോഗം മൂലം ചിലവ് വർദ്ധിക്കുന്നു. മണ്ണു പരിശോധന നടത്തിയിട്ടില്ല. ജൈവ വളങ്ങൾ വളരെ വിരളമായി മാത്രമാണ് ഉപയോഗിക്കുന്നത്. വളം ലഭ്യമല്ലാത്തതും അമിത വിലയുമാണ് അതിനു കാരണം. കൃഷി ഭവനിൽനിന്നു ലഭ്യമായ വളം വില്പനയുടെ വിശദവിവരം താഴെ ചേർക്കുന്നു.

## രാസവളം — വിപണനം (കൃഷിഭവൻ രേഖ)

| ക്രമനമ്പർ | സ്ഥാപനത്തിന്റെ പേര് | 1993–94 | 1994–95 | 1995–96 |
|---|---|---|---|---|
| | സഹകരണം | 183 MT | 171 MT | 136 MT |
| | സ്വകാര്യം | 183.57 MT | 171.22 MT | 136 MT |

## കീടനാശിനികൾ

നെല്ല്, പച്ചക്കറികൾ, വാഴ എന്നീ വിളകൾക്ക് മാരകമായ കീടനാശിനകൾ കൂടിയ അളവിൽ മുൻകരുതലുകളൊന്നുമെടുക്കാതെ പ്രയോഗിക്കുന്ന രീതി നില നിൽക്കുന്നു. ഫുറഡോൺ 3–G പോലുള്ള വളരെ മാരകമായ കീടനാശിനി, പച്ചക്കറികൾക്ക് കായ പിടിക്കുന്ന സമയത്ത്പോലും ഉപയോഗിക്കുന്നു. കൃഷിക്കാരുടെ അറിവില്ലായ്മ ഇതിനൊരു കാരണമാണ്.

## കാർഷികോപകരണങ്ങൾ

പാടശേഖര കമ്മററികൾക്കായി കൃഷിഭവൻ മുഖേന നല്കിയതും, സ്വകാര്യ വ്യക്തികൾ സ്വന്തമായി വാങ്ങിയതും കൂടി 20 ട്രാക്ടറും, 9 ട്രില്ലറും, 32 റോക്കർസ് സ്പ്രയറും, 346 നാപ്സ്സാക്ക് സ്പ്രെയറും കുറെ പോർട്ടബിൾ പമ്പ് സെററുകളുമുണ്ട്. ഒരു കാലത്ത് കൃഷിക്ക് പൂർണ്ണമായും ഉപയോഗിച്ചിരുന്ന നാടൻ കാർഷികോപകരണങ്ങൾ അപ്രത്യക്ഷമായികൊണ്ടിരിക്കുകയാണ്.

## പാടശേഖര സമിതികൾ

പഞ്ചായത്തിൽ 25 പാടശേഖര സമിതികളാണ് നിലവിലുള്ളത്. പലതും ഫലപ്രദമായ രീതിയിലല്ല പ്രവർത്തിക്കുന്നത്. പാടശേഖര സമിതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

## കീടനാശിനി — വിപണനം (കൃഷിഭവൻ രേഖ)

| ക്രമനമ്പർ | സ്ഥാപനത്തിന്റെ പേര് | 1993–94 | | 1994–95 | | 1995–96 | |
|---|---|---|---|---|---|---|---|
| | | ദ്രവം | ഖരം | ദ്രവം | ഖരം | ദ്രവം | ഖരം |
| | സഹകരണം | 40 L | 1200 kg | 100 L | 800 kg | 130 L | 700kg |
| | സ്വകാര്യം | 42.90 L | 3675 kg | 200 L | 1872 kg | 140 L | 1700kg |

## കൂലി നിരക്ക്

കാർഷിക മേഖലയിൽ തൊഴിലാളികളുടെ എണ്ണം കുറഞ്ഞുവരുന്നു. കർഷക കുടുംബങ്ങളിൽ ഏകദേശം 20% മാത്രമേ കൃഷിയെ മുഖ്യ ഉപജീവന മാർഗ്ഗമായി ആശ്രയിക്കുന്നുള്ളൂ. ഏകദേശം 5000 ഓളം പേരാണ് കർഷകതൊഴിലാളികളായുള്ളത്. അവരുടെ ശരാശരി കൂലിനിരക്ക് പുരുഷന് 60 രൂപയും സ്ത്രീക്ക് 35 രൂപയുമാണ്.

## കാർഷിക വായ്പ

ഒരു സഹകരണ സ്ഥാപനമടക്കം 4 ബാങ്കുകളാണ് പഞ്ചായത്തിന്റെ പരിധിയിൽ വരുന്നത്. കൃഷി ആവശ്യത്തിന് വായ്പ എടുത്ത് മററാവശ്യങ്ങൾക്ക് ചെലവഴിക്കുന്ന രീതി കൃഷിക്കാരുടെ ഇടയിലുണ്ട്. ഒരു ഹെക്ടറിന് ഒരു വർഷം ശരാശരി 3000, 4500 രൂപ വായ്പയായി നല്കാറുണ്ട്.

## ജലസേചനം.

പഞ്ചായത്തിൽ രണ്ടു ഘട്ടങ്ങളിലായി ശരാശരി 3000 മില്ലി മീററർ മഴ ലഭിക്കാറുണ്ട്. എന്നാൽ മുഖ്യമായും നേരത്തെ സൂചിപ്പിച്ച വൻകിട ജലസേചന പദ്ധതികളായ മലമ്പുഴ ഡാമിലേയും, പോത്തുണ്ടി, ചേരാമംഗലം ഡാമിലേയും വെള്ളത്തെ ആശ്രയിച്ചാണ് കൃഷി നടത്തുന്നത്. കൂടാതെ പഞ്ചായത്തിലൂടെ ഒഴുകുന്ന ഗായത്രി പുഴയും, ഏതാനും തോടുകളും, ഒട്ടേറെ കുളങ്ങളും പഞ്ചായത്തിന്റെ ജലസമ്പത്ത് വർദ്ധിപ്പിക്കുന്നു.

## തോടുകൾ

ഒടവുതോട്, എരിമയൂർ തോട് കണ്ടറരത്തു തോട്, കുരുടൻ തോട്, കണ്ണമ്പുള്ളി തോട്, ചെർപുളിച്ചി തോട് തുടങ്ങിയവയാണ് പഞ്ചായത്തിലെ പ്രധാനപ്പെട്ട തോടുകൾ. ഇതിനു പുറമെ ഗായത്രി പുഴയും പഞ്ചായത്തിലൂടെ കടന്ന് പോകുന്നുണ്ട്. ഒരു തോട്ടിലും സ്ഥിരമായി വെള്ളം ഉണ്ടാകാറില്ല. തെക്കെ തോട്ടിൽ പുതുവ പറമ്പ് മുട്ടിച്ചിറ ഭാഗത്തും, മേലെപുര ഭാഗത്തും, കുരുടൻ തോട്ടിൽ തണ്ണീർ പന്തലിലും, പനയൻ പാറയിലും ചീർപ്പുകളുണ്ട്. കൂടാതെ ഗായത്രി പുഴയിൽ തെക്കെ പ്പാടത്തും, ചെറുപുള്ളിച്ചി പാടത്ത്, അങ്കമ ശാലയിലും ചെക്ക് ഡാമുകളുമുണ്ട്. ചീർപ്പുകളിലും, ചെക്ക് ഡാമുകളിലും യഥാസമയം പലക ഇടാറുണ്ട്.

## കുളങ്ങൾ

വലുതും ചെറുതുമായ കുളങ്ങളുണ്ട്. കുളങ്ങൾ സംരക്ഷിക്കാനുള്ള സാമൂഹ്യ സംവിധാനം ഭൂപരിഷ്കരണ നിയമം നടപ്പിലായതോടെ ഇല്ലാതായി. കുടിയാന്മാരുടെ സഹായത്തോടുകൂടി ജന്മിമാരായിരുന്നു. ഇവ സംരക്ഷിച്ചു പോന്നിരുന്നത്. സമൂഹത്തിന്റെ പൊതു സ്വത്തായതോടെ സംരക്ഷിക്കാൻ ആളില്ലാതായി. കുളങ്ങളിൽ ഭൂരിഭാഗവും വേനൽ കാലത്ത് വററുന്നതുമാണ്.

## കൃഷിഭവൻ

1987 സെപ്തംബർ ഒന്നിനാണ് പഞ്ചായത്തിൽ കൃഷി ഭവൻ നിലവിൽ വന്നത്. തികച്ചും കർഷക മേഖലയായ പഞ്ചായത്തിൽ വളരെ പ്രതീക്ഷയോടുകൂടി ആരംഭിച്ച കൃഷിഭവന്റെ പ്രവർത്തനം തൃപ്തികരമല്ല എന്നാണ് കർഷകരുടെ അഭിപ്രായം. നെൽകൃഷി ചെയ്യുന്ന കർഷകർക്ക തന്നെ പരാതികൾ ഏറെ ഉണ്ടെന്നിരിക്കെ നെല്ലൊഴികെ മററു കാർഷിക വിളകൾക്ക് യാതൊരു പ്രയോജനവും കൃഷി ഭവൻ കൊണ്ടില്ലാത്ത ഒരു സ്ഥിതിയാണ് ഇന്ന് നിലനിൽക്കുന്നത്. ഈ നില മാറി എല്ലാ കാർഷിക വിളകളെയും ഒരുപോലെ കാണുകയും, സർക്കാർ നടപ്പാക്കുന്ന വിവിധ സ്കീമുകൾ കർഷകരെ അറിയിക്കാനുള്ള നടപടികളും അതു കർഷകനു നേടികൊടുക്കുന്നതിനുള്ള സഹകരണവും കൃഷിഭവന്റെ ഭാഗത്തു നിന്നുണ്ടാകുകയായുമാണ് വേണ്ടത്.

## പ്രശ്നങ്ങൾ

ഉല്പാദന ചെലവിൽ വന്ന വർദ്ധനവ്, തൊഴിലാളികളുടെ എണ്ണക്കുറവ്, ഉല്പന്നങ്ങൾക്ക് മതിയായ വില ലഭിക്കാത്തത്, കാലവർഷ വ്യതിതാനങ്ങൾ, കൃഷി ഉപജീവനമായി സ്വീകരിച്ചവരുടെ എണ്ണക്കുറവ്, തുടങ്ങിയവയൊക്കെ നെൽകൃഷി ഉല്പാദനം കുറയുന്നതിന് കാരണമായി.

പരിമിതമായ ജലസേചന സൗകര്യങ്ങൾ, നാളികേരത്തിന്റെ വിലക്കുറവ്, വർദ്ധിച്ചു വരുന്ന പാർപ്പിട പ്രശ്നങ്ങൾ, നല്ലയിനം തൈകൾ ലഭിക്കായ്ക തുടങ്ങിയവയൊക്കെ തെങ്ങു കൃഷിയെ ബാധിച്ച ഘടകങ്ങളാണ്.

അമിതമായ രാസവളപ്രയോഗവും, ശാസ്ത്രീയമായ രീതിയിൽ വളപ്രയോഗം നടത്താത്തതും, ഉല്പാദനക്ഷമത കുറക്കുന്നതിന് ഒരു കാരണമാണ്. ജൈവ വളത്തിന്റെ ലഭ്യതകുറവ്, മണ്ണിന്റെ ഘടനയെ തന്നെ ബാധിച്ചിട്ടുണ്ട്.

വൃക്ഷങ്ങൾ വെട്ടിനശിപ്പിച്ചതും, യഥാസമയം കിളക്കുകയും വരമ്പുകൾ ഇടുകയും ചെയ്യാത്തത് മണ്ണൊലിപ്പിന്റെ വേഗത കൂട്ടിയിട്ടുണ്ട്.

മണ്ണു പരിശോധന നടത്താത്തതുകൊണ്ട് അശാസ്ത്രീയമായാണ് വളപ്രയോഗം നടത്തുന്നത്.

ജലസേചന സൗകര്യം ലഭിക്കാത്തതും, ജൈവവളങ്ങളുടെ ലഭ്യതകുറവും, ഉൽപന്നങ്ങൾക്ക് വില കിട്ടാത്തതും വേനൽക്കാലത്ത് നെൽപ്പാടങ്ങളിൽ ഇടവിളയായി കൃഷി ചെയ്തിരുന്ന പച്ചക്കറി, എള്ള്, ചാമ ഇവയുടെ ഉല്പാദനകുറവിന് കാരണമായി.

കട്ടപ്പുഴ, തണ്ടുതുരപ്പൻ, ഓലചുരുട്ടി, കമിഴ്ൾരോഗം, മുഞ്ഞ തുടങ്ങിയ രോഗങ്ങൾ നെല്ലിനേയും, മണ്ടചീയൽ, ചെന്നീരൊലിപ്പ് എന്നിവ റബ്ബറിനേയും ബാധിക്കുന്നു. ഉല്പന്നങ്ങൾ വിപണനം നടത്താനുള്ള അസൗകര്യവും, ഉല്പന്നങ്ങൾ വിപണനത്തിനു കൊണ്ടുപോകാനുള്ള റോഡുകളുടെ അപര്യാപ്തതയും പ്രശ്നങ്ങൾ കൂടുതൽ രൂക്ഷമാക്കുന്നു.

പഞ്ചായത്തിൽ ഒരു മാർക്കററിംഗ് സൊസൈററി നിലവിലുണ്ടെങ്കിലും ഉല്പന്നങ്ങൾ വാങ്ങി സംഭരിക്കാനുള്ള സംവിധാനം ഇപ്പോഴുമില്ല.

മുകളിൽ സൂചിപ്പിച്ചതിനെല്ലാം ഉപരിയായി പഞ്ചായത്തിലെ കൃഷിഭവന്റെ പ്രവർത്തനവും പോരായ്മയായി നിലനിൽക്കുന്നു. പാടശേഖര കമ്മററികളുമായി ബന്ധപ്പെട്ട് ചുരുക്കം പ്രദേശങ്ങളിലൊഴികെ ഭൂരിഭാഗത്തും കൃഷിഭവന്റെ പ്രവർത്തനം എത്തുന്നില്ല.

ആവശ്യമായ സമയത്ത് അത്യുല്പാദനശേഷിയുള്ള വിത്തുകൾ ലഭിക്കാത്തതും, സർക്കാരിൽ നിന്നുള്ള ആനുകൂല്യങ്ങളെ പററിയുള്ള കൃഷിക്കാരന്റെ അജ്ഞതയും കൃഷിയുടെ പുരോഗതിക്ക് തടസ്സമായി നിൽക്കുന്നു.

## നിർദ്ദേശങ്ങൾ

ഈ പഞ്ചായത്തിലൂടെ ഒഴുകുന്ന ഏക പുഴയായ ഗായത്രിപ്പുഴയാണ് പ്രധാനപ്പെട്ട ജലസമ്പത്ത്. ശരാശരി മഴ ലഭിക്കുമ്പോഴും മഴക്കാലം കഴിഞ്ഞാൽ പുഴയുടെ ചില ഭാഗങ്ങളിൽ മാത്രമെ കുറെശ്ശേ വെള്ളം കാണാറുള്ളു. മഴക്കാലത്ത് പുഴയിലൂടെ ഒഴുകി നഷ്ടപ്പെട്ടു പോകുന്ന വെള്ളത്തെ ചെക്ക് ഡാമുകൾ കെട്ടാവുന്നിടത്തെല്ലാം ചെക്ക് ഡാമുകൾ കെട്ടി പരമാവധി വെള്ളം സംഭരിച്ചു നിറുത്തിയാൽ ഈ പഞ്ചായത്തിലെ കുടിവെള്ള പ്രശ്നം പരിഹരിക്കാനും, വേനൽകാലത്തെ ജലസേചന സൗകര്യം മെച്ചപ്പെടുത്താനും കഴിയും. വേനൽകാല പച്ചക്കറി കൃഷിയിലൂടെ പഞ്ചായത്തിന് വമ്പിച്ച സാമ്പത്തിക നേട്ടമുണ്ടാകും. പത്തും, പതിനഞ്ചും മീററർ നീളത്തിൽ രണ്ടു മീററർ ഉയരത്തിൽ ക്രോസ് ബാറുകൾ നിർമ്മിച്ചാൽ വളരെയധികം വെള്ളം സംഭരിച്ചു നിറുത്താവുന്ന പല സ്ഥലങ്ങളും ഗായത്രിപ്പുഴയിലുണ്ട്. ഉദാഹരണം—കുറുക്കൻപറമ്പ് കടവ് കാഞ്ഞ ചിലവിൽ കൂടുതൽ സ്ഥലങ്ങളിൽ ക്രോസ് ബാറുകൾ നിർമ്മിക്കുന്നതായിരിക്കും പുഴയോരത്തെ കിണറുകളിലും, കുളങ്ങളിലും വെള്ളം വററാതിരിക്കാൻ സഹായിക്കുക.

പഞ്ചായത്തിലെ തോടുകളിലും ക്രോസ് ബാറുകൾ നിർമ്മിച്ച് വെള്ളം പരമാവധി സംഭരിച്ച് നിറുത്തേണ്ടതാണ്. ഗ്രാമസഭകളിൽ കർഷക സുഹൃത്തുക്കളിൽ നിന്നുയർന്നു വന്ന നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

നെല്ലിയാമ്പാടം ചെക്ക് ഡാം, കയറം പാറയിലും ആനക്കല്ലിലും തടയണ, ചുള്ളിമടയിൽ തോടും പുഴയും കൂടി ചേരുന്ന സ്ഥലത്ത് തടയണ നിർമ്മിച്ച് പുഴയും അവിടെയുള്ള ലിഫ്ററ് ഇറിഗേഷന്റെ പ്രവർത്തനം വിപുലീകരിക്കണം., എരിമയൂർ തെക്കെ തോട്ടിൽ മേലെപ്പുര ഭാഗത്തുള്ള ചിർപ്പിലെ ഷട്ടറുകൾ അടിയന്തിരമായി റിപ്പെയർ ചെയ്യുക. മരുതകോട് മുട്ടിച്ചിറ ഭാഗത്ത് തടയണ കെട്ടണം., എരിമയൂർ വടക്കെ തോട്ടിൽ പെരിഞ്ഞ റോഡിൽ ഒരു ചീർപ്പ് നിർമ്മിക്കുക., പുള്ളോട് കുറുക്കൻ പറമ്പ് ഭാഗത്ത് ഒരു തളയണ നിർമ്മിക്കുക., ചിതറോട് ഭാഗത്ത് ഒരു തടയണ കെട്ടണം., ചേരാമംഗലം കനാലിൽ 15-ാം നമ്പർ സ്ലൂയിസിന്റെ കേടുവന്ന മുകൾ ഭാഗം റിപ്പെയർ ചെയ്യണം., കോട്ടാംപ്പൊററ, ദേവസ്വം കളമ്പ് റോഡിൽ പള്ളത്തുള്ളി എന്ന സ്ഥലത്ത് വെള്ളം തടഞ്ഞു നിറുത്തത്തക്ക തരത്തിൽ പാലം കെട്ടണം.,

കുരുടൻ തോട്ടിൽ ക്രോസ്ബാർ കെട്ടുക, കണ്ണമ്പുള്ളി തോട്ടിൽ ക്രോസ്ബാർ കെട്ടുക., ചെന്നങ്കോട് ചാത്തലാംപ്പാടം, ചാവക്കാട് ഭാഗത്ത് ചെക്ക് ഡാം കെട്ടി ലിഫ്റ്റ് ഇറിഗേഷൻ നടപ്പിൽ വരുത്തണം. വെള്ളം ശരിക്കെത്താത്ത ഭാഗത്ത് കനാലുകൾ ആഴം കൂട്ടി ഇരു സൈഡുകളും കെട്ടി എല്ലാ ഭാഗത്തും വെള്ളം എത്തിക്കണം. കനാലിന്റെ വാലററ ഭാഗത്ത് വെള്ളം എത്തിക്കാനുള്ള നടപടി ഉണ്ടാക്കണം., ചെമ്പൻപുള്ളി മുതൽ മുട്ടിച്ചിറ ചരിതപ്പാറവരെ പഴയ ജലസേചന കനാൽ പുന: സ്ഥാപിക്കണം., കുട്ടാല നേഴ്സറി സ്കൂളിന്റെ സമീപമുള്ള കനാൽ ചെമ്പ്രൻ കോടുവരെ നീട്ടണം, ചെമ്പൻപുള്ളി വഴി കല്ലംകാട് സബ് കനാലിന്റെ കാട പ്രവർത്തനം പൂർത്തിയാക്കണം., തെക്കെ പാടത്ത് ലിഫ്റ്റ് ഇറിഗേഷൻ നടപ്പിൽ വരുത്തണം, തെക്കെ പാടത്ത് നമ്പർ II കനാലിൽ മാടമ്പാറ ഭാഗത്ത് പാറ പൊട്ടിച്ച് താഴ്ത്തി തെക്കെ പാടത്ത് വെള്ളം എത്തിക്കണം, നേരുകുളവും, പുതക്കുളവും ആഴം കൂട്ടി സൈഡ് കെട്ടി ചാലുണ്ടാക്കി വെള്ളം വിടാനുള്ള സംവിധാനം ഉണ്ടാക്കണം. മാരാക്കാവിലെ കാഡ പ്രവൃത്തി പൂർത്തിയാക്കണം.

അന്തലാംകോട് പാടം, കരാക്കോട് പാലം, പുള്ളോട് മൂളി, പുള്ളോട് പാടം, പന്തലാംകോട് പാടം, ആനന്താംകോട് പാടം, മലക്കുളം, കുളിയാട്, കോട്ടാംപ്പാറ, ചുള്ളിമട, പ്പാച്ചിക്കൊറ പാടം, കിഴക്കെകുളമ്പ്", വടക്കും പാടം, നരിപ്പാറ, അങ്കമശാല, 9–ാം വാർഡിൽ പല ഭാഗത്തും കൂട്ടുകൃഷി നടപ്പാക്കാവുന്നതാണ്.

വിവിധ പ്രദേശങ്ങളിലെ മണ്ണിന്റെ സാമ്പിളുകളെടുത്ത് പരിശോധ നടത്തി ആവശ്യമായ വളപ്രയോഗങ്ങളെപ്പററി കർഷകർക്ക് ധാരണ നൽകണം.

ഉല്പാദന ശേഷിയുള്ള വിത്തിനങ്ങൾ കർഷകർക്ക് യഥാസമയം നിയന്ത്രിത വിലക്ക് ലഭിക്കുന്നതിനുള്ള സൗകര്യമുണ്ടാക്കണം.

ഗുണമേന്മയുള്ള വിത്തിനങ്ങൾ ശേഖരിച്ച് ജൈവ വളത്തിന് മുൻതൂക്കം നല്കി സഹകരണാടിസ്ഥാനത്തിൽ പച്ചക്കറി കൃഷി വാർഡുകളിൽ വ്യാപിപിക്കണം.

ഔഷധ സസ്യങ്ങൾ കണ്ടെത്തി അത് സംരക്ഷിക്കുന്നതിനും വ്യാപിപ്പിക്കുന്നതിനും ശ്രമിക്കണം.

കീടനാശി ഉപയോഗിക്കുന്നതിന് ബോധവൽക്കരണ ക്ലാസ്സുകൾ കർഷകർക്ക് നൽകണം.

ആവശ്യത്തിനുള്ള രാസവളങ്ങൾ കർഷകർക്ക് ആവശ്യമുള്ളപ്പോൾ കിട്ടത്തക്ക സംവിധാനമുണ്ടാക്കണം. പച്ചില വളത്തിന്റെ കുറവു നികത്തുന്നതിന് ശീമക്കൊന്ന, ഡെയിഞ്ച് എന്നിവ കൂടുതലായി വളർത്തണം. ജൈവ വള പ്രയോഗം പ്രോൽസാഹിപ്പിക്കുകയും അതിനുവേണ്ട സഹായങ്ങൾ നൽകുകയും വേണം.

കൃഷിയെ സംരക്ഷിക്കുന്നതിനും, കർഷകർക്ക് ആത്മവിശ്വാസം നല്കുന്നതിനും വിളകൾക്ക് ഗ്രൂപ്പ് ഇൻഷ്വൂറൻസ് നടപ്പാക്കണം.

പ്രധാന ഉല്പന്നങ്ങളായ നെല്ല്, തെങ്ങ് എന്നിവക്ക് പഞ്ചായത്ത് തലത്തിൽ തന്നെ സംഭരണ വിപണന കേന്ദ്രങ്ങൾ സഹകരണാടിസ്ഥാനത്തിൽ തുടങ്ങണം. പച്ചക്കറി കൃഷിക്കാർക്ക് പ്രോത്സാഹനം നൽകുകയും പച്ചക്കറികൾക്ക് പൊതു മാർക്കറ്റ്–ചന്ത സമ്പ്രദായം നടപ്പിലാക്കുകയും ചെയ്യണം.

ധാരാളം വിപണന സാദ്ധ്യതയുള്ള ഫ്ളോറി കൾച്ചർ, ഓർക്കിഡ്, ആന്തൂറിയം ഇവ നഴ്സറികളുടെ സഹായത്തോടെ കൂടുതൽ പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കണം. വെററില, കവുങ്ങ് തുടങ്ങിയ കൃഷികളും ചെയ്യാൻ പററിയ സ്ഥലങ്ങൾ ധാരാളമുണ്ട്. കർഷകരെ അംഗീകരിക്കുന്ന രീതിയിലുള്ള അവാർഡുകൾ പഞ്ചായത്ത് തലത്തിൽ ഏർപ്പെടുത്തണം.

ഇതിനെല്ലാം പുറമെ കൃഷിഭവൻെറ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തണം അഗ്രോ ക്ലിനിക്കുകൾ, കാർഷിക പരിശീലന കേന്ദ്രങ്ങൾ മുതലായവ സ്ഥാപിക്കണം.

## കൃഷിസ്ഥലം (ഹെക്ടറിൽ)

| ആകെ വിസ്തീർണ്ണം | വീടും ചുററുപാടും | കൃഷി ചെയ്യാത്ത സ്ഥലം | പാറ/ കുന്ന് | കുററിച്ചെടി/ മുള | 10വർഷമായി കൃഷി ചെയ്യാത്ത സ്ഥലങ്ങൾ | കഴിഞ്ഞ 2 വർഷമായി കൃഷി ചെയ്യാത്ത സ്ഥലങ്ങൾ |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 3366.97 | 98.81 | 266.52 | 125.85 | 38.93 | 209.72 | 152·09 |

5 2




OFFICE OF THE ERIMAYUR GRAMA PANCHAYAT

# മൃഗസംരക്ഷണവും മത്സ്യബന്ധനവും

## മൃഗസംരക്ഷണം

പശു, ആട് എന്നിവയാണ് പഞ്ചായത്തിലെ പ്രധാന വളർത്തു മൃഗങ്ങൾ, വളരെ കുറച്ച് ഉഴവു കാളകളും, പോത്തുകളും, എരുമകളും വളർത്തപ്പെടുന്നുണ്ട്. വളർത്തു പക്ഷികളിൽ പ്രധാനം കോഴിയാണ്. 1987-ലെ കന്നുകാലി സെൻസസ്സ് പ്രകാരം 1320 സങ്കരയിനം പശുക്കളും, 792 നാടൻ പശുക്കളും, 133 എരുമകളും, 1265 ആടുകളും പഞ്ചായത്തിലുണ്ട്. കൂടാതെ 30 സങ്കരയിനം കാളകളും, 102 നാടൻ കാളകളും, 109 പോത്തുകളും ആ സമയത്ത് ഉണ്ടായിരുന്നു.

### കന്നുകാലി സെൻസസ് 1987

| സങ്കരയിനം പശുക്കൾ | | | നാടൻ പശുക്കൾ | | | എരുമ | | | ആട് | പട്ടി |
|---|---|---|---|---|---|---|---|---|---|---|
| ആൺ | പെൺ കറവ യുള്ളത് | കറവ ഇല്ല | ആൺ | പെൺ കറവ യുള്ളത് | കറവ ഇല്ല | ആൺ | പെൺ കറവ ഉണ്ട് | കറവ ഇല്ല | | |
| 30 | 864 | 456 | 102 | 487 | 305 | 109 | 52 | 81 | 1265 | 2539 |

കാർഷിക രംഗത്ത് യന്ത്രവല്ക്കരണം വന്നത് വളർത്തു മൃഗങ്ങളുടെ എണ്ണം കുറയാൻ കാരണമായി. നിരന്തരമായി ഉണ്ടാകുന്ന കോഴി വസന്ത കോഴികളുടെ എണ്ണത്തിലും കുറവു വരുത്തി. വാഹനങ്ങളുടെ എണ്ണം വർദ്ധിച്ചതോടെ വണ്ടിക്കാളകളുടെ എണ്ണം കുറഞ്ഞുകൊണ്ടിരിക്കുന്നു. ക്ഷീര കർഷകർ പാൽ വില്ക്കുന്നത് പ്രധാനമായും സഹകരണ സംഘങ്ങൾ മുഖേനയാണെങ്കിലും ചില സ്ഥലങ്ങളിൽ സൊസൈററി വളരെ അകലെ ആയതുകൊണ്ട് വില്പനയ്ക്ക് വിഷമം അനുഭവപ്പെടുന്നതും, കാലിത്തീററയുടെ വില വർദ്ധനവ്, പാലിന്റെ വിലക്കുറവ്, പുല്ലിന്റെ ലഭ്യതക്കുറവ്, ചികിത്സാ സൗകര്യങ്ങളുടെ അപര്യാപ്തത തുടങ്ങിയവയും കാലി വളർത്തലിനെ നിരുത്സാഹപ്പെടുത്തുന്ന ഘടകങ്ങളാണ്.

പഞ്ചായത്തിൽ ഒരു മൃഗാസ്പത്രിയുള്ളത് എരിമയൂരിലും, ഒരു സബ് സെന്റർ ഉള്ളത് കുനിശ്ശേരിയിലും സ്ഥിതിചെയ്യുന്നു. പഞ്ചായത്തിന്റെ ചില ഭാഗങ്ങളിലുള്ള കർഷകർ കന്നുകാലികൾക്ക് അസുഖം വന്നാൽ ദൂരക്കൂടുതൽ കാരണം മൃഗാശുപത്രിയിലെത്തിക്കാൻ പ്രയാസപ്പെടുന്നുണ്ട്. സമയത്തിന് ചികിത്സ കിട്ടാതെ കാലികൾ ചാവുന്ന സാഹചര്യം ഇതുമൂലം ഉണ്ടാകുന്നു.

കാലികളിൽ പൊതുവെ കണ്ടുവരുന്ന രോഗങ്ങൾ കുളമ്പുരോഗം, അകിട്‌വീക്കം കൊരളടപ്പൻ എന്നിവയാണ്. കർഷകരുടെ അറിവില്ലായ്മ രോഗങ്ങൾ തുടക്കത്തിലെ ചികിത്സിച്ച് മാററാൻ തടസ്സമാകുന്നുണ്ട്.

ഈ പഞ്ചായത്തിൽ 75 ഗോബർഗ്യാസ്, ബയോഗ്യാസ് പ്ലാൻറുകളുണ്ട്. ഊർജ്ജ പ്രതിസന്ധി നേരിടുന്ന കേരളത്തിൽ ഗോബർഗ്യാസ് പ്ലാൻറുകൾ സ്ഥാപിക്കുന്നതിന് സബ്സിഡിയുണ്ടെങ്കിലും ഇവയൊന്നും ജനങ്ങളിൽ എത്തിയിട്ടില്ല.

മിക്കവാറും എല്ലാ വീടുകളിലും ചെറിയ തോതിൽ കോഴി വളർത്തലുണ്ട്. ഇറച്ചിക്കുവേണ്ടി കോഴികളെ വൻതോതിൽ ഇറക്കുമതി ചെയ്യുന്നു. ഇന്നത്തെ സാഹചര്യത്തിൽ ഇറച്ചിക്കോഴി കൃഷി ലാഭകരമല്ല. പഞ്ചായത്തിലുള്ള ഏക ഇറച്ചി കോഴി വളർത്തൽ കേന്ദ്രം 6–ാം വാർഡിൽ സ്ഥിതി ചെയ്യുന്നു.

കൗതുകത്തിന് വേണ്ടി ചുരുക്കം ചില വീടുകളിൽ മുയലിനെ വളർത്തുന്നു. ഇറച്ചി ആവശ്യത്തിന് മുയലിനെ വളർത്തുന്നില്ല. പ്രത്യുല്പാദന നിരക്ക് കൂടുതലായ മുയലിനെ വളർത്തുന്നത് പ്രോത്സാഹിപ്പിക്കേണ്ടതാണ്.

എരിമയൂർ മൃഗാസ്പത്രിയിൽ സൂക്ഷിച്ചിട്ടുള്ള രേഖകൾ പരിശോധിച്ചാൽ പശുക്കൾക്ക് പരാദ രോഗങ്ങളും (Parasitic diseases), ദഹന സംബന്ധമായവയും, പ്രത്യുൽപാദനവുമായി ബന്ധപ്പെട്ട രോഗങ്ങളുമാണ് പ്രധാനമായും വരുന്നതെന്ന് മനസ്സിലാക്കാൻ കഴിയും. പേപ്പട്ടി ശല്യം അനുഭവപ്പെടുന്നുണ്ട്.

## പ്രധാന പ്രശ്നങ്ങൾ

1 കാലിത്തീററയുടെ വിലക്കൂടുതൽ

2 പുല്ലിൻെറ ലഭ്യതക്കുറവ്

3 മൃഗ ചികിത്സാ സൗകര്യങ്ങളുടെ അപര്യാപ്തത

4 പാലിന് ന്യായമായ വില കിട്ടുന്നില്ല

5 വയ്ക്കോലും, പുല്ലും സംസ്കരിച്ച് സൂക്ഷിക്കാനുള്ള സംവിധാനത്തിൻെറ പോരായ്മ

6 കാലികളെ വളർത്തുന്നതിന് സാമ്പത്തിക സഹായം ലഭിക്കാൻ പ്രയാസം

7 കോഴി വസന്തരോഗം തടയാൻ ഫലപ്രദമായ സംവിധാനമില്ല

8 കോഴിത്തീററയുടെ വില വളരെ കൂടുതലായതിനാൽ മുട്ടക്കോഴികളെയും, ഇറച്ചി ക്കോഴികളെയും, ലാഭകരമായി വളർത്താൻ കഴിയുന്നില്ല

## നിർദ്ദേശങ്ങൾ

1 ഓരോ വാർഡിലും ഓരോ ക്ഷീരവ്യവസായ സഹകരണ സംഘം രൂപീകരിക്കുക ഉല്പാദിപ്പിക്കുന്ന മുഴവൻ പാലും ന്യാമായ വില കൊടുത്തു വാങ്ങി സംഭരിക്കാനും, വിതരണം ചെയ്യാനുമുള്ള സംവിധാനമുണ്ടാക്കണം

2 ഓപ്പറേഷന് കൂടുതൽ സൗകര്യമുള്ള മൃഗാസ്പത്രികൾ സ്ഥാപിച്ച് ചികിത്സാ സൗകര്യം വർദ്ധിപ്പിക്കണം

3 ബ്ലോക്ക് അടിസ്ഥാനത്തിൽ കാലിത്തീററയും, കോഴിത്തീററയും പ്രാദേശികമായു ണ്ടാക്കി കുറഞ്ഞ വിലക്ക് കർഷകർക്ക് വിതരണം ചെയ്യണം

4 തീററപ്പുൽ കൃഷിക്ക് വിത്തും വളവും സൗജന്യ നിരക്കിൽ ലഭ്യമാക്കണം

5 നല്ലയിനം കോഴിക്കുഞ്ഞുങ്ങളെ ഉല്പാദിപ്പിച്ച് കുറഞ്ഞ വിലക്ക് വിതരണം ചെയ്യണം

6 കോഴിവസന്ത രോഗത്തിനെതിരെയുള്ള പ്രതിരോധ കുത്തിവെപ്പ് സംഘടിപ്പി ക്കണം

7 മുയൽ വളർത്തലിന് പ്രോത്സാഹനം നൽകണം

8 അലഞ്ഞു തിരിയുന്ന മുഴവൻ നായ്ക്കളെയും പിടിച്ച് നശിപ്പിക്കണം

## മൽസ്യകൃഷി

എരിമയൂർ പഞ്ചായത്തിൽ 8 തോടുകളും, 9 കിലോമീററർ നീളത്തിൽ ഗായത്രി പുഴയുടെ തീരവും 10 സെൻറിൽ കൂടുതൽ വലിപ്പമുള്ള 131 കുളങ്ങളുമുണ്ട്. വേനൽ ക്കാലത്ത് തോടുകളിൽ വെള്ളമുണ്ടാകാറില്ല. ഗായത്രി പുഴയിൽ ചെക്ക് ഡാമുകളോടു ചേർന്ന് കിടക്കുന്ന ഭാഗത്തു മാത്രം വെള്ളമുണ്ടായിരിക്കും. കുളങ്ങളിലും കനാൽ വെള്ളം നിറുത്തിയാൽ വെള്ളം വററിപ്പോകും.

ശുദ്ധജല മത്സ്യകൃഷിയിൽ കാതലായ ഒരു ചലനവും ഉണ്ടായിട്ടില്ല. ശുദ്ധജല നാടൻ മത്സ്യങ്ങളാണ് ഈ ഭാഗത്തുള്ളത്.

കേരളത്തിലെ ഏററവും വലിയ ശുദ്ധജല അലങ്കാര മത്സ്യകൃഷി യൂണിററ് ഈ പഞ്ചായത്തിലെ 5–ാം വാർഡിൽ പുള്ളോട് എന്ന സ്ഥലത്ത് സ്ഥിതി ചെയ്യുന്നു. വളരെ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുന്ന ഈ മേഖലയെ ഗവ ണ്മെൻറ് പാടെ അവഗണിച്ചിരിക്കുകയാണ്. ഗോൾഡ് ഫിഷ്, ബ്ലാക്ക് മൂർ, ഗൗരാമികൾ, മോളികൾ, ഗപ്പികൾ, സോർഡ് ടെയിൽ, കോയി കാർപ്പ്, മാലാഖ മത്സ്യങ്ങൾ തുടങ്ങി നമ്മുടെ രാജ്യത്ത് കാണുന്ന എല്ലാ അലങ്കാര മത്സ്യങ്ങളുടെയും പ്രജനനവും, വിപണനവും ഇവിടെ നടത്തുന്നു.

### പ്രധാന പ്രശ്നങ്ങൾ

1 വേനൽ കാലത്ത് സാധാരണ കണ്ടുവരുന്ന ജല ദൗർലഭ്യം
2 ഉൾനാടൻ മത്സ്യ കൃഷിക്ക് സാദ്ധ്യതകളുണ്ടെങ്കിലും വേണ്ടത്ര പ്രോത്സാഹനമില്ല
3 അലങ്കാര മത്സ്യ കൃഷി നേരിടുന്ന അവഗണന
4 സാമ്പത്തിക സഹായം ലഭിക്കാനുള്ള പ്രയാസം

### നിർദ്ദേശങ്ങൾ

1 ഗായത്രി പുഴയിലും, തോടുകളിലും ചെക്ക് ഡാമുകളും, ക്രോസ് ബാറുകളും നിർമ്മിച്ച് പരമാവധി വെള്ളം സംഭരിച്ചു നിറുത്തുക

2 ഉൾനാടൻ മത്സ്യ കൃഷിയെയും അലങ്കാര മത്സ്യ കൃഷിയെയും സംബന്ധിച്ച് ബോധവൽക്കരണം നടത്തുക

3 മത്സ്യ കുഞ്ഞുങ്ങളെ ഉല്പാദിപ്പിച്ച് ജൂൺ, ജൂലൈ മാസങ്ങളിൽ കർഷകർക്ക് വിതരണം ചെയ്യുക

4 സർക്കാർ മുൻകൈയ്യെടുത്ത് വിതരണം ചെയ്യാനുള്ള നടപടികളെടുക്കുക

5 പാഴായി കിടക്കുന്ന പല കുളങ്ങളിലും കുറഞ്ഞ ചെലവിൽ തവള കൃഷി നടത്താവുന്നതാണ്. അതിനു വേണ്ട ഉപദേശവും പ്രോത്സാഹനവും കൊടുക്കണം




# 5 ാ

# വ്യവസായം

വ്യവസായിക മേഖലയിൽ പഞ്ചായത്തിന്റെ സ്ഥാനം വളരെ പുറകിലാണ്. ശക്തമായ ജാതി വ്യവസ്ഥ നിലനിന്നിരുന്ന പഞ്ചായത്തിൽ വിഭിന്ന വിഭാഗക്കാരുടെ കുലത്തൊഴിലുകളുമായി ബന്ധപ്പെട്ട ചെറുകിട വ്യവസായങ്ങളാണ് നൂററാണ്ടുകളായി ഉണ്ടായിരുന്നത്. എങ്കിലും കാർഷിക മേഖലയിൽ ഊന്നി നിന്നുകൊണ്ടുള്ള പരമ്പരാഗത, ചെറുകിട, കുടിൽ, കൈത്തൊഴിൽ വ്യവസായ യൂണിററുകൾ ചെറിയ തോതിൽ പഞ്ചായത്തിലുണ്ടായിരുന്നു. ഓട് നിർമ്മാണവും നൂററാണ്ടിന്റെ ആദ്യ ദശകങ്ങളിൽ നല്ല രീതിയിൽ നടന്നിരുന്ന വ്യവസായമായിരുന്നു.

പഞ്ചായത്തിലെ മുഖ്യ വ്യവസായങ്ങൾ പരമ്പരാഗതമാണ്. പഞ്ചായത്തിൽ നിലവിലുള്ള പരമ്പരാഗത വ്യവസായങ്ങളെ കുടിൽ വ്യവസായങ്ങൾ, ചെറുകിട വ്യവസായങ്ങൾ എന്നിങ്ങനെ തരംതിരിക്കാം. പഞ്ചായത്തിൽ നിലവിലുള്ള പരമ്പരാഗത കുടിൽ വ്യവസായങ്ങൾ പട്ടിക–1 ൽ ചേർത്തിരിക്കുന്നു.

1. മൺപാത്ര നിർമ്മാണം
2. പനമ്പ് — കൊട്ട നെയ്ത്ത്
3. ബീഡി നിർമ്മാണം
4. ഇത്തിൾ വ്യവസായം (ചുണ്ണാമ്പ്)
5. കൈത്തറി മേഖല

## മൺപാത്ര നിർമ്മാണം

ഈ കുടിൽ വ്യവസായം കേന്ദ്രീകരിച്ചിരിക്കുന്നത് പഞ്ചായത്തിന്റെ 5–ാം വാർഡിലാണ് (പുള്ളോട്). നൂററാണ്ടുകളുടെ പഴക്കമുള്ള ഈ പരമ്പരാഗത കുടിൽ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന കുടുംബങ്ങളുടെ എണ്ണം ഗണ്യമായി കുറഞ്ഞിരിക്കുകയാണ്. 1960–കളിൽ 200 പേരോളം ജോലി ചെയ്തിരുന്ന ഈ മേഖല ശുഷ്ക്കിച്ച് 30 തൊഴിലാളികളിലെത്തി നിൽക്കുകയാണ്. സ്ത്രീ പങ്കാളിത്തം പകുതിയിലേറെയാണ്. കുടം, തൊട്ടി, ചട്ടി, വൻകലം, കുജ, ദോശക്കല്ല്, പൂച്ചട്ടി മുട്ടിപ്പാനി, (കള്ള് വ്യവസായത്തിന് ഉപയോഗിക്കുന്നത്) മേച്ചിൽ ഓട്, മൂല ഓട് ഇവയാണ് പ്രധാന ഉല്പന്നങ്ങൾ.

നിർമ്മാണത്തിനാവശ്യമായ മണ്ണ് ഗായത്രിപ്പുഴയോരത്തുള്ള സ്വകാര്യവ്യക്തികളുടെ സ്ഥലങ്ങളിൽ നിന്നുമാണ് സംഭരിക്കുന്നത്. പഞ്ചായത്തിനകത്തും, താലൂക്കിന്റെ വിവിധ ഭാഗങ്ങളിലും തലച്ചുമടായി നടന്നാണ് വിപണനം ചെയ്യുന്നത്. ആലത്തൂർ, കുനിശ്ശേരി എന്നിവിടങ്ങളിലെ ആഴ്ച ചന്തകളിലും ഈ ഉല്പന്നങ്ങൾ വില്പനക്കെത്താറുണ്ട്.

ജനങ്ങളുടെ അഭിരുചികളിൽ വരുന്ന മാററവും ആധുനിക ഉല്പന്നങ്ങളിൽ നിന്നുവരുന്ന മത്സരവും നേരിടാൻ കഴിയാതെ ഞെരുങ്ങുന്ന മേഖലയുടെ പ്രശ്നങ്ങൾ ചുവടെ ക്രോഡീകരിക്കുന്നു.

1 ആധുനിക ഉല്പന്നങ്ങളിൽനിന്നും വരുന്ന മത്സരം, അലുമിനിയം, സ്റ്റീൽ പാത്രങ്ങളുടെ വൻതോതിലുള്ള പ്രചാരം, കളിമൺ ഉല്പന്നങ്ങളുടെ വിപണന സാദ്ധ്യത വളരെയധികം കുറച്ചിരിക്കുന്നു.

2 വർദ്ധിച്ചുവരുന്ന ഉല്പാദനചെലവിന് ആനുപാതികമായി ഉല്പന്നങ്ങൾക്ക് വില ലഭിക്കുന്നില്ല.

3 ഉല്പാദന ചിലവിന്റെ ഭൂരിഭാഗവും ഇന്ധന ചിലവിനത്തിലാണ് (വിറക്)

4 അസംസ്കൃത വസ്തു (മണ്ണ്) സംഭരിക്കുന്നത് പ്രധാനമായും സ്വകാര്യ വ്യക്തികളെ ആശ്രയിച്ചാണ്.

5 സാങ്കേതിക വിദ്യ കാലത്തിനനുസരിച്ച് നവീകരിച്ചിട്ടില്ല.

6 ആകർഷകമായ വരുമാനമില്ലാത്തതു കാരണം മററ് തൊഴിൽ മേഖലകളിലേക്ക് പോകുന്നവരുടെ എണ്ണം കൂടി വരുന്നു.

7 ഈ തൊഴിലിലേർപ്പെട്ടിരിക്കുന്നവരുടെ ഭൗതിക സാഹചര്യങ്ങൾ വളരെ താണതാണ്.

## പരിഹാര മാർഗ്ഗങ്ങൾ സാദ്ധ്യതകൾ

1 ഉല്പന്നങ്ങളുടെ വിപണന മേഖല വിപുലീകരിക്കുകയും ഉല്പന്നങ്ങൾ ന്യായവില ഉറപ്പ് വരുത്തുകയും വേണം.

2 ഉല്പന്നങ്ങൾ വൈവിദ്ധ്യ വല്ക്കരിക്കണം, പൂച്ചട്ടി, മൺകൂജ, അലങ്കാര പാത്രങ്ങൾ എന്നിവ നിർമ്മിക്കുന്നതിൽ ഊന്നൽ കൊടുത്ത് മാറി വരുന്ന അഭിരുചികൾക്കനുസരിച്ച് ഉല്പന്നങ്ങളുടെ രൂപത്തിൽ മാററങ്ങൾ വരുത്തണം.

3 മേഖലയാകെ ശാസ്ത്രീയമായും സാങ്കേതികമായും നവീകരിച്ച് ഇന്ധനചെലവ് പരമാവധി കുറയ്ക്കണം.

4 വിപണനത്തിനായി ഒരു സഹകരണ സംഘം സ്ഥാപിക്കണം,

## പരമ്പ് നെയ്ത്ത് — കൊട്ട നിർമ്മാണം.

കാർഷികോല്പന്നങ്ങൾ പ്രധാനമായും നെല്ല് സംഭരിക്കുന്നതിനും ഉണക്കുന്നതിനും മററാവശ്യങ്ങൾക്കും ഒഴിച്ചു കൂടാനാവാത്ത ഉപകരണങ്ങളായിരുന്നു പരമ്പ്, കൊട്ട വട്ടി, മുറം എന്നിവ. അതുകൊണ്ടുതന്നെ ഇവയുടെ നിർമ്മാണം കുലത്തൊഴിലായി സ്വീകരിച്ചിരുന്ന ഒരു വലിയ വിഭാഗം പഞ്ചായത്തിലുണ്ടായിരുന്നു. പന്തലാംകോട്, പുള്ളോട്, മരുതക്കോട്, കൂട്ടാല, കറവപ്പുറ, മാടമ്പാറ എന്നീ ഭാഗങ്ങളിൽ കേന്ദ്രീകരിച്ചിരിക്കുന്ന ഈ പരമ്പരാഗത കുടിൽ വ്യവസായത്തിന്റെ സ്ഥിതിയും മററു പരമ്പരാഗത മേഖലകളിൽനിന്നും വിഭിന്നമല്ല. 100 പേർ തൊഴിലെടുക്കുന്ന ഈ മേഖലയിൽ ഭൂരിഭാഗവും സ്ത്രീ തൊഴിലാളികളാണ്. 95% തൊഴിലാളികളും ദാരിദ്ര്യ രേഖയ്ക്ക് താഴെയാണുള്ളത് അവരുടെ ജീവിത സാഹചര്യങ്ങളെക്കുറിച്ചുള്ള ഒരു ചൂണ്ടുപലകയാണ്. വല്ലോട്ടി, ചപ്പോട്ടി, വട്ടി, കുരുവട്ടി, കളമുറം, ചേറുന്നമുറം, കൊട്ട, കൊട്ടക്കയിൽ, പരമ്പ്, ചല്ലട, തെരുക്ക്, മുളക്കർട്ടൻ, കൂട, പട്ടുനൂൽപ്പുഴുക്കൂട് എന്നിവയാണ് പ്രധാന ഉല്പന്നങ്ങൾ. മുൻ കാലങ്ങളിൽ തെന്മല വാരത്തുനിന്നും കാൽനടയായിട്ടാണ് അസംസ്കൃത വസ്തുക്കളായ മുള, ഓട എന്നിവ കൊണ്ടുവന്നിരുന്നത്. വന സംരക്ഷണ നിയമം കർക്കശമായപ്പോൾ മുളയ്ക്ക് ദൗർബല്യം അനുഭവപ്പെട്ടുതുടങ്ങി. 1980നുശേഷം ഇത് രൂക്ഷമായികൊണ്ടിരുന്നു, വീട്ടുവളപ്പുകളിലെ മുളക്കൂട്ടങ്ങളെ (പരുവക്കൂട്ടം) ആശ്രയിച്ചാണ് ഈ മേഖല ഇപ്പോൾ നിലനിൽക്കുന്നത്.

പഞ്ചായത്തിലും താലൂക്കിന്റെ വിവിധ ഭാഗങ്ങളിലും ചുമന്ന് നടന്നാണ് ഉല്പന്നങ്ങൾ വിററഴിച്ചിരുന്നത് ആഴ്ച ചന്തകളായിരുന്നു പ്രധാന കമ്പോളം, ആവശ്യക്കാർ വളരെ കൂടുതലുണ്ടായിരുന്നതിനാൽ വിപണനം അടുത്ത കാലം വരെ ഒരു പ്രശ്നമേ ആയിരുന്നില്ല. വിപണന സാദ്ധ്യതയ്ക്ക് അല്പം മങ്ങലേററിട്ടുണ്ടെങ്കിലും അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യമാണ് ഈ മേഖല നേരിടുന്ന പ്രധാന പ്രശ്നം.

## പ്രശ്നങ്ങൾ പരിഹാര മാർഗ്ഗങ്ങൾ

1 അസംസ്കൃത വസ്തുക്കളുടെ (മുള) ദൗർലഭ്യം

2 ഉല്പന്നങ്ങളുടെ വിപണനരീതി കാര്യക്ഷമമാക്കണം. ആവശ്യത്തിനനുസരിച്ച് ഉല്പാദനം നടക്കുന്നില്ല

3 ഉല്പന്നങ്ങൾ നവീന സാങ്കേതിക രീതികളുപയോഗിച്ച് ആകർഷകമാക്കണം

4 ഈ മേഖലയിൽ പണിയെടുക്കുന്നവരുടെ സാമൂഹ്യ സാമ്പത്തിക ചുററുപാടുകൾ വളരെ മോശമാണ്. വിദ്യാഭ്യാസ നിലവാരം വളരെ താഴ്ന്നതാണ്.

സഹകരണാടിസ്ഥാനത്തിൽ അസംസ്കൃത വസ്തുക്കൾ (മുള) യഥാസമയത്ത് ആവശ്യാനുസരണം എത്തിച്ചു കൊടുക്കുവാനുള്ള സംവിധാനമുണ്ടാക്കണം. മുതിർന്നവരും അനുഭവ സമ്പത്തുള്ളവരുമായ തൊഴിലാളികളുടെ വൈദഗ്ദ്ധ്യം പുതിയ ആൾക്കാർക്ക് പകർന്നു കൊടുക്കുവാനുള്ള സംവിധാന മുണ്ടാക്കണം. അടിസ്ഥാനാവശ്യങ്ങളിലൂന്നി ഈ മേഖലയിലെ തൊഴിലാളികളുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുവാനുള്ള സംയോജിത ശ്രമം ഉണ്ടാകണം. കാർഷിക മേഖലയുമായി പ്രത്യക്ഷ ബന്ധമുള്ള കുടിൽ വ്യവസായമായതിനാൽ കാർഷികോല്പാദനം മെച്ചപ്പെടുത്തുവാനുള്ള സംരംഭങ്ങളിൽ ഈ മേഖലയുടെ പങ്ക് ഉപയോഗപ്പെടുത്തണം.

## കൈത്തറി മേഖല

പഞ്ചായത്തിൽ കൈത്തറിയുടെ ചരിത്രം ആരംഭിക്കുന്നത് നൂററാണ്ടുകൾക്ക് മുമ്പ് തമിഴ്നാട്ടിൽ നിന്നും വന്ന വിഭാഗക്കാരുടെ വരവോടെയാണ്. നെയ്ത്ത് കുലത്തൊഴിലായി സ്വീകരിച്ച കുറച്ചു കുടുംബങ്ങൾ കുനിശ്ശേരിയുടെ പരിസരത്ത് ഉണ്ടായിരുന്നു. അവരുടെ എണ്ണം ഗണ്യമായി കുറഞ്ഞിരിക്കുന്നു.

ഖാദി ഗ്രാമ വ്യവസായ ബോർഡിന് കീഴിൽ രണ്ട് വനിതാ നൂൽ നൂൽപ്പു കേന്ദ്രങ്ങൾ പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്നു. അതിൽ ഒരു കേന്ദ്രത്തിൽ നൂൽ നൂൽപ്പ് കൂടാതെ നെയ്ത്തും നടക്കുന്നുണ്ട്. 100 സ്ത്രീകൾക്ക് ജോലി കൊടുക്കുവാൻ ഉദ്ദേശിച്ചിട്ടുള്ള ഈ കേന്ദ്രങ്ങളിൽ 52 പേർ മാത്രമാണ് ഇപ്പോൾ ജോലി ചെയ്യുന്നത്. തൊഴിലാളികളുടെ ശരാശരി പ്രതിദിന വരുമാനം 7 രൂപ മുതൽ 12 രൂപ വരെയാണ്. പരമ്പരാഗതമായി കൈത്തറി ജോലി ചെയ്യുന്ന കുടുംബങ്ങളുടെ എണ്ണം വളരെ കുറഞ്ഞിരിക്കുകയാണ്. മേലാർകോട് നെയ്ത്തു സഹകരണ സംഘത്തിൻെറ ഒരു വിപണന കേന്ദ്രം അടുത്തകാലം വരെ കുനിശ്ശേരിയിൽ പ്രവർത്തിച്ചിരുന്നു. നെയ്ത്ത് കുലതൊഴിലാക്കിയവരിൽ ഉപജീവന മാർഗ്ഗം തേടി മററ് തൊഴിൽ മേഖലകളിലേക്ക് ചേക്കേറുന്നവരാണ് അധികവും.

ഈ മേഖലയിലെ പ്രധാന പ്രശ്നം കൈത്തറി ഉല്പന്നങ്ങളുടെ വില്പന വിലയിൽ ചെറിയഭാഗംമാത്രമെ ഉല്പാദകർക്ക് ലഭിക്കുന്നുള്ളു എന്നതാണ്. സഹകരണാ

ടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലും വിപണനത്തിൽ ഇടനില ക്കാർക്ക് വലിയ പങ്കുള്ളതിനാൽ ഉല്പാദകർക്ക് കുറഞ്ഞ വിലയെ ലഭിക്കുന്നുള്ളു. മററി തര മേഖലകളുമായി താരതമ്യം ചെയ്യുമ്പോൾ ഈ മേഖലയിലെ തൊഴിലാളികളുടെ കൂലി നിരക്ക് വളരെ താഴ്ന്നതാണ്.

ഖാദിയുടെ ഉപഭോഗം വർദ്ധിപ്പിക്കുവാൻ ബോധപൂർവ്വമായ ശ്രമങ്ങൾ നടത്തണം. ഉല്പാദനം വർദ്ധിപ്പിച്ച് വിപണനം മെച്ചപ്പെടുത്തി തൊഴിലാളികളുടെ വേതന നിരക്ക് ഗണ്യമായി ഉയർത്തണം. സഹകരണാടിസ്ഥാനത്തിൽ പുതിയ സംരംഭങ്ങൾ ആരംഭിച്ച് ഇടത്തരക്കാരെ ഒഴിവാക്കി കാര്യക്ഷമതയോടെ പ്രവർത്തിക്കണം. യൂണി ററുകൾ സാങ്കേതികമായി നവീകരിക്കണം.

## ചുണ്ണാമ്പു വ്യവസായം

വളക്കാലമായി പഞ്ചായത്തിലെ 4, 7, 11 വാർഡുകളിൽ മുട്ടിച്ചിറ കേന്ദ്രീകരി ച്ചാണ് ഈ പരമ്പരാഗത കുടിൽ വ്യവസായം നടന്നു വരുന്നത്. ഒരു പ്രത്യേക സമുദായ ത്തിൽപ്പെട്ട നൂറിലോറെ കുടുംബങ്ങൾ ഉപജീവനത്തിനായി ഈ വ്യവസായത്തിനെ ആശ്രയിക്കുന്നു. 125 പുരുഷന്മാരും 175 സ്ത്രീകളും ഈ മേഖലയിൽ ജോലി ചെയ്യുന്നുണ്ട്. ഇതിൽ സ്ത്രീകൾ ഉപതൊഴിലായി കൃഷിപ്പണിയും ചെയ്തുവരുന്നുണ്ട്. ചെറുതും വലുതു മായി നൂറോളം ചൂളകൾ ഇവിടെയുണ്ട്. ഇത്തിൾ മൊത്തമായി വാങ്ങുന്നതും വിതരണം ചെയ്യുന്നതും ഏതാനും ചിലരാണ്. ഇത്തിൾ (നീററുകക്ക) തൃശ്ശൂർ, ആലപ്പുഴ ജില്ലയിൽ നിന്നും തമിഴ് നാട്ടിൽനിന്നും ലോറികളിൽ കൊണ്ടുവന്ന് വീടുകളിൽ നീററുകയും, ആലത്തൂർ താലൂക്കിലും ജില്ലയിലെ പല ഭാഗങ്ങളിലേക്കും കൊണ്ടുപോയി വില്പന നടത്തുകയുമാണ് ചെയ്യുന്നത്. വിറക്, കരി എന്നിവയാണ് ചൂളകളിൽ ഇന്ധനമായി ഉപയോഗിക്കുന്നത്. ബസ്സുകളിലും, തലച്ചുമടായും ഉല്പന്നം (ചുണ്ണാമ്പ്) വില്പന ചെയ്യുന്നത് സ്ത്രീകളാണ്. ഉല്പന്നങ്ങളുടെ വില നിശ്ചയിക്കുന്നതിനുള്ള അധികാരം നേരിട്ട് ഉല്പാദകരിൽ തന്നെയായതിനാൽ സാമാന്യം ഭേദപ്പെട്ട രീതിയിൽ നടന്നു വരുന്ന ഒരു പരമ്പരാഗത വ്യവസായമാണിത്.

### പ്രശ്നങ്ങൾ

1 അസംസ്കൃത വസ്തുക്കൾ എത്തിക്കുവാനുള്ള ബുദ്ധിമുട്ടാണ് ഏററവും പ്രധാന പ്രശ്നം, അസംസ്കൃത വസ്തുക്കൾ ദൂരെനിന്നും കൊണ്ടുവരുന്നതിനാൽ വലിയ ചെലവ് ഈ വകയിലുണ്ടാകുന്നു.

2 സർക്കാർ തലത്തിൽ നിന്നോ മററ് ഏജൻസികളിൽ നിന്നോ ഈ വ്യവസായ ത്തിൻെറ വികസനത്തിനായി കാര്യമായി സാമ്പത്തിക സഹായവും ലഭിക്കുന്നില്ല.

3 സാമൂഹ്യവും വിദ്യാഭ്യാസപരവുമായ പിന്നോക്കാവസ്ഥ.

## പരിഹാര മാർഗ്ഗങ്ങൾ — സാദ്ധ്യതകൾ

1 സഹകരണാടിസ്ഥാനത്തിലോ മററു രീതികളിലോ മിതമായ നിരക്കിൽ അസം സ്കൃത വസ്തുക്കൾ ഉല്പാദകർക്ക് എത്തിച്ചു കൊടുക്കുക.

2 ഉല്പന്നത്തിൽ വൈവിധ്യമുണ്ടാക്കുവാൻ കഴിയുമോയെന്ന് ആരായുക.

3 വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥയിലുന്നി അനൗപചാരികമായ വിദ്യാഭ്യാസ രീതികൾ പരീക്ഷിക്കുക നടപ്പാക്കുക.

4 നിരന്തരമായ ഇടപെടലുകളിലൂടെ സമൂഹത്തിൻെറ മുഖ്യധാരയിലേക്ക് ഈ മേഖലയിലുള്ളവരെയും കൊണ്ടുവരിക.

## ബീഡി വ്യവസായം

1977 വരെ 400 ബീഡി വ്യാവസായ തൊഴിലാളികൾ ഈ പഞ്ചായത്തിൽ ഉണ്ടായിരുന്നു. ഫാക്ടറി ആക്ടിൻെറ അടിസ്ഥാനത്തിൽ ആലത്തൂരിൽ ഒരു ബീഡി നിർമ്മാണ ഫാക്ടറി നിലവിൽ വന്നപ്പോൾ ഈ തൊഴിലാളികൾ അവിടേക്ക് പോവുകയാണുണ്ടായത്. ഇപ്പോൾ ബീഡി വ്യവസായവുമായി ബന്ധപ്പെട്ട 300പേർ പ്രവർത്തിക്കുന്നുണ്ട്, കരാറടിസ്ഥാനത്തിൽ വിവിധ കമ്പനികൾക്കായി ഇവർ ബീഡി തെറുത്തു കൊടുക്കുന്നു. കമ്പനിത്തൊഴിലാളികളല്ലാത്തതു കാരണം നിയമാനുസൃതമായ ഒരു ആനുകൂല്യവും ഇവർക്ക് ലഭിക്കുന്നില്ല. 30 സ്ത്രീകളും 70 പുരുഷന്മാരുമാണ് ഇപ്പോൾ ജോലി ചെയ്യുന്നത്. ആഴ്ചയിൽ ശരാശരി 5 ലക്ഷം ബീഡി ഇവിടെ ഉല്പാദിപ്പിക്കുന്നുണ്ട്. ബീഡിയില വെട്ടുന്ന ജോലി അധികവും സ്ത്രീകളാണ് ചെയ്യുന്നത്. 1000 ബീഡി നിർമ്മിക്കുന്നതിന് ശരാശരി കൂലി നിരക്ക് പുരുഷന് 39 രൂപയും സ്ത്രീക്ക് 35 രൂപയുമാണ്. ഈ മേഖലയിൽ പണിയെടുക്കുന്ന മിക്കവർക്കും ESI ആനുകൂല്യം ലഭിക്കുന്നുണ്ടെങ്കിലും അർഹതയുള്ള പലർക്കും ഇനിയും ആനുകൂല്യം ലഭിക്കുവാനുണ്ട്. കമ്പനി ആക്ടിൻെറ പരിധിയിൽപ്പെടാത്തതിനാൽ തൊഴിലാളികൾക്ക് ജോലി സ്ഥിരതയില്ലെന്നുള്ളതാണ് ഈ മേഖലയിലെ പ്രധാന പ്രശ്നം.

സഹകരണാടിസ്ഥാനത്തിൽ ബീഡി വ്യവസായ യൂണിററ് തുടങ്ങുകയാണെങ്കിൽ സർക്കാരിനും തൊഴിലാളികൾക്കും ഒരുപോലെ ഗുണം ലഭിക്കും. കേരളാ ദിനേശ് ബീഡിയുടെ ഒരു ബ്രാഞ്ച് എരിമയൂർ ആസ്ഥാനമാക്കി തുടങ്ങുകയാണെങ്കിൽ ഈ തൊഴിലാളികൾക്ക് ആശ്വാസ മായിരിക്കും. ESI ആനുകൂല്യം കാര്യക്ഷമമായി ലഭിക്കുവാൻ വേണ്ട സംവിധാനം ഉണ്ടാക്കണം.

## മററു കുലത്തൊഴിൽ മേഖല

ജാതി വ്യവസ്ഥയുടെ ആവിർഭാവം മുതൽക്കുതന്നെ വിഭിന്ന സമുദായക്കാർ വ്യത്യസ്ഥ തൊഴിലുകൾ ചെയ്തിരുന്നു. പഞ്ചായത്തിൻെറ ചരിത്രവും ഇതിൽനിന്നും

ഭിന്നമല്ല. ആശാരി, കൊല്ലൻ, തട്ടാൻ, മണ്ണാൻ തുടങ്ങിയ സമുദായക്കാർ അവരുടെ പരമ്പരാഗത കലത്തൊഴിലുകൾ ഏതാണ്ട് പൂർണ്ണമായും ഇപ്പോഴും തുടരുന്നു. മററു തൊഴിൽ മേഖല തേടിപ്പോകുന്നവരും ഇവരിലുണ്ട്. പപ്പട നിർമ്മാണവുമായി ബന്ധപ്പെട്ട ഒരു പ്രത്യേക സമുദായക്കാർ പഞ്ചായത്തിലുണ്ട്. എണ്ണക്കുരുകളിൽ നിന്നും എണ്ണ ഉല്പാദിപ്പിക്കുന്നതുമാത്രം ചെയ്യുന്ന ഒരു വിഭാഗവും പഞ്ചായത്തിലുണ്ട്. മാറി വരുന്ന ജീവിത സാഹചര്യങ്ങൾക്കനുസരിച്ച് കലത്തൊഴിലുകളെ നവീകരിക്കേണ്ടത് അത്യാവശ്യമാണ്.

| ചെറുകിട വ്യവസായങ്ങൾ | | തൊഴിലാളികളുടെ എണ്ണം |
|---|---|---|
| 1 | പെരിയാർ എല്ലുപൊടി ഫാക്ടറി, കൊട്ടക്കര | 10 |
| 2 | മെററൽ ക്രഷർ യൂണിററ് കൂട്ടാല | 10 |
| 3 | തടിമിൽ (ഈർച്ചമിൽ) 5 എണ്ണം | 15 |
| 4 | ശ്രീനിവാസ് ഇസ്ലുലിപ്പൊടി ഫാക്ടറി നരിപ്പൊററ | 9 |
| 5 | ശാന്തി ടൈൽസ് തൃപ്പാളൂർ | 20 |
| 6 | റൈസ് മില്ലുകൾ (സ്വകാര്യം–15 എണ്ണം) | 100 |
| 7 | വെൽഡിംഗ് യൂണിററുകൾ-8എണ്ണം | 40 |

## ഇഷ്ടിക ഓട് നിർമ്മാണം

പഞ്ചായത്തിൻെറ ചുള്ളിമട, താഴക്കോട്ടുക്കാവ്, വെണ്ണക്കോട്, കരിഞ്ഞാലി, ചിതറോട് എന്നിവിടങ്ങളിലാണ് ഇഷ്ടിക നിർമ്മാണം വ്യാപകമായി നടന്നുവരുന്നത്. ഗായത്രിപ്പുഴയുടെ തീരങ്ങളിലാണ് ഇത് പ്രധാനമായും കേന്ദ്രീകരിച്ചിരിക്കുന്നത്. കൃഷി സ്ഥലങ്ങൾ പാട്ടത്തിനെടുത്താണ് ഇഷ്ടിക നിർമ്മാണം നടത്തുന്നത്. നവംബർ മുതൽ മെയ് മാസം വരെയാണ് ഇഷ്ടിക നിർമ്മാണം വ്യാപകമായി നടക്കുന്നത്. നിർമ്മാണത്തിൻെറ എല്ലാ ഘട്ടങ്ങളും കരാറടിസ്ഥാനത്തിലാണ് നടക്കുന്നത്. പുരുഷന്മാരും സ്ത്രീകളും കുട്ടികളുമടക്കം മൊത്തം 500 പേരോളം ഈ മേഖലയിൽ പണിയെടുക്കുന്നുണ്ട്. വിറകാണ് ഇന്ധനം. കാർഷികോല്പാദനത്തെയോ, ഉല്പാദനക്ഷമതയെയോ ഈ വ്യവസായം കാര്യമായി ബാധിക്കുന്നില്ല. ഉല്പന്നങ്ങൾക്ക് ആവശ്യക്കാർ വളരെയുള്ളതിനാൽ വിപണനം ഒരു പ്രശ്നമല്ല.

ചുരുക്കത്തിൽ നമ്മുടെ പരിമിതമായ വ്യവസായ മേഖല നേരിടുന്ന പ്രധാന പ്രശ്നങ്ങൾ, അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യവും വിഭവശോഷണവും ആധുനിക വ്യവസായ തുറകളിൽ നിന്നുള്ള മത്സരവുമാണ്. കമ്പോള അഭിരുചികളിൽ വന്ന മാററം പരമ്പരാഗത ഉൽപ്പന്നങ്ങളെ ഞെരുക്കത്തിനിരയാകുന്നു. പരമ്പരാഗത വ്യവ

സായങ്ങളുടെ ഉൽപ്പാദനക്ഷമത ഉയർത്തികൊണ്ടുമാത്രമെ കൂലി ഉയർത്തുവാനും തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുമാകും. സാങ്കേതിക വിദ്യയിൽ നവീകരണം നടത്തുക, ഉൽപ്പന്നങ്ങളിൽ വൈവിധ്യവൽക്കരണമുണ്ടാക്കുക എന്നിവയും പ്രാധാന്യമർഹിക്കുന്നവയാണ്.

അനുയോജ്യമായ പശ്ചാത്തല സൗകര്യങ്ങളൊരുക്കുകയാണെങ്കിൽ ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ കണക്കിലെടുക്കാവുന്നതാണ്.

1. കാർഷിക മേഖലയുമായി ബന്ധപ്പെടുത്താതെയുള്ള വ്യവസായ സംരംഭങ്ങൾക്ക് ഇവിടെ സാദ്ധ്യത കുറവാണ്. കാർഷിക സംസ്കരണ വ്യവസായ യൂണിററുകൾ ആരംഭിക്കുക, നെല്ല്, വാഴ, എന്നിവയുടെ സംസ്കരണവുമായി ബന്ധപ്പെട്ട വ്യവസായങ്ങൾ
2. നാളികേരം, വെളിച്ചെണ്ണ, സുഗന്ധലേപന വ്യവസായ യൂണിററുകൾ
3. വാഴനാരുപയോഗിച്ചുള്ള ഉൽപ്പന്നങ്ങളുടെ നിർമ്മാണം
4. തവിടിൽനിന്നും എണ്ണ ഉൽപ്പാദിപ്പിക്കുന്ന യൂണിററുകൾ
5. റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ യൂണിററുകൾ
6. പഞ്ചായത്തുവക സ്ഥലം ഉപയോഗപ്പെടുത്തി ഒരു ചെറുകിട വ്യവസായ എസ്റ്റേറ്റ് ആരംഭിക്കുക,
7. നീററുകക്ക—സംസ്കരണ യൂണിററ്
8. സ്ത്രീകൾക്കുമാത്രമായി അച്ചാർ നിർമ്മാണം വററൽ നിർമ്മാണം തുടങ്ങിയ ചെറുകിട വ്യവസായ യൂണിററുകൾ
9. വ്യവസായ സംരംഭകർക്ക് പരിശീലനം ഏർപ്പെടുത്തുക
10. പഞ്ചായത്തിൽ ലഭ്യമായ അസംസ്കൃത വസ്തുക്കളുടെ അടിസ്ഥാനത്തിൽ വ്യവസായ വികസനത്തിന് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുക
11. ഗൾഫ് കുടിയേററക്കാരെ വ്യവസായരംഗത്ത് മുതൽ മുടക്കാൻ പ്രേരിപ്പിക്കുക

മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ വിശദമായ ചർച്ചകളുടെ അടിസ്ഥാനത്തിൽ മുൻഗണനാക്രമം നിശ്ചയിച്ച് നടപ്പിൽ വരുത്തിയാൽ നമ്മുടെ പഞ്ചായത്തിൽ അടുത്ത ഏതാനും വർഷങ്ങളിൽ പരമ്പരാഗത ചെറുകിട വ്യവസായ രംഗത്ത് കാര്യമായ പുരോഗതി ഉണ്ടാക്കുവാനും, തൊഴിലില്ലായ്മയുടെ രൂക്ഷത ഒരു പരിധിവരെ മെച്ചപ്പെടുത്തുവാനും കഴിയുമെന്ന് നമുക്ക് പ്രതീക്ഷിക്കാം.

# 5
## 4




# വിദ്യാഭ്യാസം

സാർവ്വത്രിക വിദ്യാഭ്യാസത്തിൽ ഖ്യാതി നേടിയ കേരളം വിദ്യാഭ്യാസ ഗുണനിലവാരത്തിൽ പിന്തള്ളപ്പെട്ടുകൊണ്ടിരിക്കുകയാണ്. നമ്മുടെ പഞ്ചായത്തിന്റെ സ്ഥിതിയും ഇതിൽ നിന്നും ഭിന്നമല്ല. എരിമയൂർ പഞ്ചായത്തിന്റെ വിദ്യാഭ്യാസ മേഖലയുടെ സമഗ്ര വികസനത്തിനായി ഗ്രാമ സഭാ ചർച്ചകളിൽ നിന്നും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും ശേഖരിച്ച സ്ഥിതി വിവരക്കണക്കുകളിൽ നിന്നും അനുഭവ സമ്പത്തുള്ള മുതിർന്നവരിൽ നിന്നും ലഭിച്ച അറിവുകൾ ക്രോഡീകരിച്ച് തയ്യാറാക്കിയ റിപ്പോർട്ടാണിത്.

എഴുത്തു പള്ളികളെന്ന പേരിൽ അറിയപ്പെട്ടിരുന്ന ഏകാദ്ധ്യാപക സ്ഥാപനങ്ങളായിരുന്ന പഴയ കാലത്ത് നാട്ടിൻ പുറങ്ങളിൽ നിലവിലിരുന്ന പ്രാഥമിക വിദ്യാഭ്യാസ കേന്ദ്രങ്ങൾ. മദ്രാസ് സർക്കാരിന്റെ കീഴിൽ 1892-ൽ കൂട്ടാല സീതാറാം അയ്യർ കുനിശ്ശേരിയിൽ സ്ഥാപിച്ച എയ്ഡഡ് എലിമെന്ററി സ്കൂളാണ് പഞ്ചായത്തിലെ ആദ്യത്തെ വിദ്യാലയം. പിന്നീട് മലബാർ ഡിസ്ട്രിക് ബോർഡിനു

കീഴിൽ പെൺകുട്ടികൾക്ക് മാത്രമുള്ള ഒരു എലിമെൻററി സ്കൂൾ നൂററാണ്ടിൻെറ ആദ്യ ദശകത്തിൽ കുനിശ്ശേരിൽ സ്ഥാപിതമായി. ആ സ്കൂളാണ് ഇപ്പോഴത്തെ ഗവ. എൽ. പി. സ്കൂൾ. ആദ്യം സ്ഥാപിതമായ എയ്ഡഡ് എലിമെൻററി സ്കൂൾ 1929-ൽ എസ്. കെ. വി. എച്ച്. ഇ. സ്കൂളും പിന്നീട് എസ്. ആർ. യു. പി. സ്കൂളമായി മാറി. 1928-ൽ എരിമയൂരിൽ സ്ഥാപിതമായ സെൻറ് തോമസ് മിഷൻ എൽ. പി. സ്കൂൾ പഞ്ചായത്തിലേററവും കൂടുതൽ ലോവർ പ്രൈമറി വിദ്യാർത്ഥികളെ ഉൾക്കൊള്ളുന്ന വിദ്യാലയമാണ്. ഹൈസ്കൂൾ വിദ്യാഭ്യാസത്തിന് 8 കി. മീ. അകലെയുള്ള ആലത്തൂരിലെ എൻ. ഇ. എച്ച്. സ്കൂളിനെയാണ് മുൻകാലങ്ങളിൽ ആശ്രയിച്ചിരുന്നത്. യാത്രാ സൗകര്യം കുറവായിരുന്നതിലും ട്യൂഷൻ ഫീസ് നിലവിലിരുന്നതിനാലും ഹൈസ്കൂൾ വിദ്യാഭ്യാസമെന്നത് ചുരുക്കം ആൺകുട്ടികളിലൊതുങ്ങിയിരുന്നു. പട്ടിക ജാതിയിൽപ്പെട്ട അപൂർവ്വം കുട്ടികളെ ഹൈസ്കൂൾ വിദ്യാഭ്യാസം നേടിയിരുന്നുള്ളു. 1954-ൽ സ്വകാര്യ മേഖലയിൽ ഒരു ഹൈസ്കൂൾ കുനിശ്ശേരിയിൽ ആരംഭിച്ചു. മദ്രാസ് സംസ്ഥാനത്തെ വിദ്യാഭ്യാസ ഡയറക്ടരായിരുന്ന പല്ലാവൂർ സ്വദേശി ശ്രീ. പി. എൻ. ചാമുനായരും സ്കൂൾ മാനേജരായിരുന്ന ശ്രീ. സീതാരാമയ്യരും ഹൈസ്കൂൾ ആരംഭിക്കുന്നതിൽ കാര്യമായ പങ്കുവഹിച്ച വ്യക്തികളായിരുന്നു. 1970-ൽ സ്കൂൾ നിർത്തലാക്കിയതിനെ തുടർന്ന് പഠന സൗകര്യത്തിനുവേണ്ടി പൊതു ജനങ്ങളുടെ പരിശ്രമ ഫലമായി കണ്ണമ്പുള്ളിയിൽ അന്നുണ്ടായിരുന്ന സർക്കാർ എൽ. പി. സ്കൂളിനോടനുബന്ധിച്ച് ഷിഫ്ററ് സമ്പ്രദായത്തിൽ ഹൈസ്കൂൾ പ്രവർത്തനമാരംഭിക്കുകയും ചെയ്തു. കുനിശ്ശേരിയിലെ പൊതു ജനങ്ങൾ സംഘടിപ്പിച്ച് ഹൈസ്കൂളിനുവേണ്ടി സ്വന്തം സ്ഥലം മാടമ്പാറയിൽ കണ്ടെത്തുകയും അവിടെ 1981-ൽ കുനിശ്ശേരി ഗവ. ഹൈസ്കൂൾ പ്രവർത്തനം തുടങ്ങുകയും ചെയ്തു.

സർക്കാർ മേഖലയിൽ 2 ഹൈസ്കൂളുകളും 1 യു. പി. സ്കൂളും 2 എൽ. പി. സ്കൂളുകളും ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. എയിഡഡ് വിഭാഗത്തിൽ 4 എൽ. പി. യും പ്രവർത്തിക്കുന്നു. അങ്ങനെ പൊതു വിദ്യാഭ്യാസ മേഖലയിൽ പത്തു വിദ്യാലയങ്ങൾ ഈ പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്നു. കൂടാതെ സ്വകാര്യ മേഖലയിൽ സർക്കാർ അംഗീകാരമില്ലാത്ത 2 ഇംഗ്ലീഷ് മീഡിയം L P സ്കൂളും പ്രവർത്തിച്ചു വരുന്നു. പട്ടിക 1-ൽ സ്കൂളുകളുടെ വിവരങ്ങൾ കൊടുത്തിരിക്കുന്നു.

പട്ടിക 1

## വിദ്യാലയങ്ങളുടെ വിവരങ്ങൾ

| സ്കൂളിൻെറ പേര് | HS UP LP Pre-P | സ്കൂളിൻെറ ഉടമസ്ഥത: സർക്കാർ | എയിഡഡ് | അൺ എയിഡഡ് | അംഗീകാരമില്ലാത്തത് | കുട്ടികളുടെ എണ്ണം: ആൺ | പെൺ | ആകെ | പിന്നോക്കവിഭാഗത്തിലെ കുട്ടികളുടെ എണ്ണം: ആൺ | പെൺ | ആകെ | അദ്ധ്യാപകരുടെ എണ്ണം |
|---|---|---|---|---|---|---|---|---|---|---|---|---|
| GHS കുനിശ്ശേരി | HS | സർക്കാർ | | | | 250 | 277 | 527 | 69 | 83 | 152 | 19 |
| GHS എരിമയൂർ | HS | സർക്കാർ | | | | 838 | 780 | 1618 | 211 | 170 | 381 | 57 |
| SRUPS കുനിശ്ശേരി | UP | എയിഡഡ് | എയിഡഡ് | | | 628 | 349 | 977 | 199 | 108 | 307 | 31 |
| GUPS കണ്ണംപുള്ളി | UP | സർക്കാർ | | | | 235 | 257 | 492 | 79 | 86 | 165 | 16 |
| GLPS കുനിശ്ശേരി | LP | സർക്കാർ | | | | — | 297 | 297 | — | 86 | 86 | 8 |
| GLPS പുള്ളോട് | LP | സർക്കാർ | | | | 65 | 51 | 116 | 10 | 11 | 21 | 5 |
| ALPS കുട്ടാല | LP | | എയിഡഡ് | | | 135 | 119 | 254 | 73 | 64 | 137 | 8 |
| St. ആൻറണീസ് LPS മേലാർകോട് | LP | | എയിഡഡ് | | | 136 | 118 | 254 | 30 | 25 | 55 | 8 |
| സെൻറ് തോമസ് മിഷ്യൻ LPS എരിമയൂർ | LP | | എയിഡഡ് | | | 360 | 359 | 719 | 83 | 56 | 139 | 16 |
| SMLPS വടക്കേത്തറ | LP | | എയിഡഡ് | | | 66 | 78 | 144 | 7 | 11 | 18 | 5 |
| ബൊളീവിയൻ ഇംഗ്ലിഷ് മീഡിയം നേഴ്സറി എരിമയൂർ | നേഴ്സറി | | | | ✓ | 5 | 6 | 11 | — | — | — | 1 |
| മന്നംമെമ്മോറിയൽ ഇംഗ്ലീഷ് മീഡിയം കുനിശ്ശേരി | LP | | | | ✓ | 43 | 32 | 75 | — | — | — | 6 |
| ആകെ | | | | | | 2761 | 2723 | 5484 | 761 | 700 | 1461 | 180 |

പട്ടിക 2

## വിദ്യാലയ സൌകര്യങ്ങൾ

| ക്രമ നമ്പർ | സ്കൂളിൻെറ പേരു് | കെട്ടിടങ്ങൾ സ്ഥിരം | അർദ്ധ സ്ഥിരം | താല്കാലികം | വിസ്തീർണ്ണം | ഓഫീസു് മുറി | സ്റ്റാഫ് മുറി |
|---|---|---|---|---|---|---|---|
| 1 | GHS കുനിശ്ശേരി | 1 | — | — | 3.5 ഏ | 1 | 2 |
| 2 | GHS എരിമയൂർ | 1 | 2 | 2 | 3 ഏ | 1 | 1 |
| 3 | SRUPS കുനിശ്ശേരി | 7 | — | — | 1.5 ഏ | 1 | 2 |
| 4 | GUPS കണ്ണംപുള്ളി | 3 | 2 | — | 76 സെ | 1 | ഇല്ല |
| 5 | GLPS കുനിശ്ശേരി | 2 | — | — | 50 സെ | 1 | ഇല്ല |
| 6 | GLPS പുള്ളോടു് | 4 | — | — | 1 ഏ | 1 | ഇല്ല |
| 7 | ALPS കുട്ടാല | 4 | — | — | 20 സെ | ഉണ്ടു് | ഇല്ല |
| 8 | St. ആൻറണീസു് LPS മേലാർകോടു് | 2 | — | — | 1 ഏ | ഉണ്ടു് | ഇല്ല |
| 9 | സെൻറു് തോമസു് മിഷൻ LPS എരിമയൂർ | 5 | — | — | ½ ഏ | ഉണ്ടു് | ഉണ്ടു് |
| 10 | SMLPS വടക്കേത്തറ | 3 | — | — | 25 സെ | ഉണ്ടു് | ഇല്ല |
| 11 | ബൊളീവിയൻ ഇംഗ്ലീഷ്മീഡിയം നേഴ്സറിസ്കൂൾ എരിമയൂർ | 1 | — | — | — | ഉണ്ടു് | ഇല്ല |
| 12 | മന്നം മെമ്മോറിയൽ ഇംഗ്ലീഷ് മീഡിയം LPS കുനിശ്ശേരി | 1 | — | — | 25 സെ | ഉണ്ടു് | ഇല്ല |

| ലബോറട്ടറി | മൂത്രപ്പുര | കക്കൂസ് | പാചക മുറി | വൈദ്യുതി | കളി സ്ഥലം | കിണർ |
|---|---|---|---|---|---|---|
| 1 | 2 | 4 | —— | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 1 | 1 | 2 | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല |
| ഇല്ല | 5 | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| ഇല്ല | 2 | 1 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| ഇല്ല | 1 | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല |
| ഇല്ല | 2 | 2 | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് |
| ഇല്ല | 2 | 1 | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല |
| ഇല്ല | 2 | 2 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| ഇല്ല | 2 | 1 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല |
| ഇല്ല | 2 | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല |
| ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് |
| ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല |

## ********* എരിമയൂർ ഗ്രാമ പഞ്ചായത്ത് *********

എരിമയൂർ ഗ്രാമ പഞ്ചായത്തിൽ വിവിധ സ്ക്കൂളുകളിലായി 2761 ആൺകുട്ടികളും 2723 പെൺകുട്ടികളുമടക്കം 5484 കുട്ടികൾ പഠിക്കുന്നുണ്ട്. ഇതിൽ പിന്നോക്ക വിഭാഗത്തിൽ 761 ആൺകുട്ടികളും 700 പെൺകുട്ടികളുമടക്കം 1461 വിദ്യാർത്ഥികളുണ്ട്. ഇവർ മൊത്തം വിദ്യാർത്ഥികളുടെ 27% വരും. പഞ്ചായത്തിൽ മൊത്തം 180 ഓളം അദ്ധ്യാപകരുണ്ട്. ഇതിൽ 7 പേർ അംഗീകാരമില്ലാത്ത വിദ്യാലയങ്ങളിലെ അദ്ധ്യാപകരാണ്.

വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന ജില്ലകളിലൊന്നായ പാലക്കാടിന്റെ വളരെ പിന്നോക്കം നിൽക്കുന്ന ഒരു പഞ്ചായത്താണിത്. ഇവിടുത്തെ S S L C വിജയ ശതമാനം സംസ്ഥാന ശരാശരിയിലും താഴെയാണ്. പഞ്ചായത്തിലെ സ്കൂളുകളുടെ മൊത്തത്തിലുള്ള ഇന്നത്തെ സ്ഥിതി ഒട്ടും തൃപ്തികരമല്ല. പഠന നിലവാരത്തിലും മററു ഭൗതിക സൗകര്യങ്ങളിലുമെല്ലാം വളരെ പിന്നിലാണ് മിക്ക വിദ്യാലയങ്ങളും, പട്ടിക 2-ൽ സ്ക്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

പഞ്ചായത്തിലെ ഓരോ വാർഡിലും വിദ്യാലയങ്ങളുടെ ഇന്നത്തെ സ്ഥിതി ഒന്നു പരിശോധിക്കാം.

1-ാം വാർഡിൽ ഒരു പ്രൈമറി വിദ്യാലയം പോലും ഇല്ലാത്തതുകൊണ്ട് കുട്ടികളുടെ വിദ്യാഭ്യാസത്തിന് ഏറെ ബുദ്ധിമുട്ടുണ്ട്. ആ വാർഡിലെ മാരാക്കാവിൽ ഒരു വിദ്യാലയം സ്ഥാപിക്കണം. എന്നാണ് ഗ്രാമസഭയിൽ നിന്നുയർന്നുവന്ന ആവശ്യം.

II-ാം വാർഡിലുള്ള ഗവൺമെൻറ് ഹൈസ്കൂളിലാണ് ഈ പഞ്ചായത്തിലെ ഏററവും കൂടുതൽ വിദ്യാർത്ഥികൾ പഠിക്കുന്നത്. ഈ സ്കൂളിന്റെ പ്രത്യേകത 6 മുതൽ 10 വരെയുള്ള ക്ലാസ്സുകൾ 2-ാം വാർഡിലും 1 മുതൽ 5 വരെയുള്ള ക്ലാസ്സുകൾ 4-ാം വാർഡിലെ വാടക കെട്ടിടത്തിലുമാണ് പ്രവർത്തിക്കുന്നത് എന്നതാണ്. തന്നെയുമല്ല ഷിഫ്ററ് സമ്പ്രദായത്തിലുമാണ് പ്രവർത്തിക്കുന്നത്. ഒരു UP വിദ്യാലയത്തിനു വേണ്ട ഭൗതിക സാഹചര്യങ്ങൾ പോലുമില്ലാത്തതാണ് ഈ ഹൈസ്കൂൾ എന്നു കേൾക്കുമ്പോൾ ആശ്ചര്യം തോന്നും. 1618 കുട്ടികളും 57 അദ്ധ്യാപകരും 42 ഡിവിഷനുകളുമുള്ള ഈ വിദ്യാലയത്തിൽ സ്ഥിരമായ ഒരു കെട്ടിടവും അർദ്ധ സ്ഥിരമായ രണ്ടെണ്ണവും ഓലമേഞ്ഞ രണ്ടെണ്ണവും ആണ് ഉള്ളത് മൂത്രപ്പുരയില്ല സൗകര്യങ്ങളുടെ കുറവ്, കളിസ്ഥലത്തിന്റെ കുറവ്, കെട്ടിടങ്ങളുടെ കുറവ് ഷിഫ്ററ് സമ്പ്രദായം ഇതെല്ലാം ഈ സ്കൂളിന്റെ വളർച്ചക്ക് തടസ്സമായി നിൽക്കുന്ന സംഗതികളാണ്.

3-ാം വാർഡിലെ സെൻറ് തോമസ് മിഷ്യൻ L. P. സ്കൂളിൽ വിദ്യാർത്ഥികൾ ഏറെയുണ്ട്. പക്ഷേ അവർക്കൾക്ക് കളിക്കാൻ കളിസ്ഥലമില്ലാത്തത് വലിയൊരു പോരായ്മയാണ്. മൂന്നാം വാർഡിൽ ചുള്ളിമടയിൽ ഒരു വിദ്യാലയം ആവശ്യമാണ് എന്നാണ് ഗ്രാമസഭ ചൂണ്ടിക്കാണിക്കുന്നത്.

4–ാം വാർഡിലെ വിദ്യാലയമായ G. L. P. വിഭാഗം രണ്ടാം വാർഡിലെ H. S. ന്റെ ഭാഗമാണ്. ഇത് പഴയ വാടകക്കെട്ടിടത്തിൽ ഷിഫ്റ്റ് സമ്പ്രദായത്തിൽ പ്രവർത്തിക്കുന്നു. കുട്ടികളുടെ എണ്ണം വർഷം തോറും കുറയുന്നു ഭൗതിക സൗകര്യങ്ങൾ തീരെ അപര്യാപ്തം.

5–ാം വാർഡിലെ പുള്ളോട് G L P കെട്ടിട സൗകര്യമുള്ള ഒരു വിദ്യാലയമാണ്. പക്ഷേ പ്രാഥമികാവശ്യങ്ങൾ നിറവേററുന്നതിനുള്ള സ്ഥലം ഉപയോഗ ശൂന്യമായി കിടക്കുകയാണ്. കെട്ടിടത്തിന്റെ വാതിലുകൾ മാററിവെയ്ക്കണം. ഇഴജന്തുക്കളുടെ ഉപദ്രവമുണ്ട്. ഫർണിച്ചർ അപര്യാപ്തമാണ്. വർഷംതോറും കുട്ടികളുടെ എണ്ണം കുറഞ്ഞുകൊണ്ടിരിക്കുന്നു. പഠനനിലവാരം മോശമാണ്.

6–ാം വാർഡിലെ സെൻറ് ആൻറണീസ് L P വിദ്യാലയം സാമാന്യം നല്ല രീതിയിൽ പ്രവർത്തിക്കുന്ന വിദ്യാലയമാണ്. പഠന നിലവാരത്തിൽ താരതമ്യേന മെച്ചമാണ്. കുടിവെള്ളത്തിന്റെ കുറവ് വളരെ ബുദ്ധിമുട്ടുണ്ടാക്കുന്നു. S M L P S വടക്കേത്തറയിലും കുടിവെള്ള ക്ഷാമം രൂക്ഷമാണ്. വിദ്യാർത്ഥികളുടെ എണ്ണത്തിൽ ഗണ്യമായ കുറവ് അനുഭവപ്പെടുന്ന വിദ്യാലയമാണിത്. പഠന നി ല വാ ര ത്തി ലും പിന്നോക്കമാണ്.

7–ാം വാർഡിലെ A L P S കുട്ടാലയിൽ കുടിവെള്ള ദൗർലഭ്യം അനുഭവപ്പെടുന്നുണ്ട്. കൂടാതെ കളിസ്ഥലത്തിന്റെ കുറവും. 8–ാം വാർഡിലുള്ള G U P കണ്ണംപള്ളിയിൽ സ്ഥിരമായി ഇനി രണ്ടു കെട്ടിടം വേണം. ഇപ്പോൾ അത് ഓല ഷെഡ്ഡിലാണ് പ്രവർത്തിക്കുന്നത്. പഠന നിലവാരം വളരെ കുറവാണ്. ഭൗതിക സൗകര്യങ്ങളൊരുക്കുന്നതിൽ ഈ വിദ്യാലയത്തിലെ P T A യുടെപ്രവർത്തനം വളരെ പ്രശംസാർഹമാണ്. P T A യുടെ പ്രവർത്തന ഫലമായി മുപ്പതിനായിരം രൂപയിലേറെ കഴിഞ്ഞ വർഷം സംഭാവനയിലൂടെ സമാഹരിക്കാൻ കഴിയുകയും സ്കൂളിന് മൈക്കും, വാ ട്ട ർ ടാ ങ്കും വൈദ്യുതീകരണവും മററുമെല്ലാം നടത്താൻ കഴിഞ്ഞു. ഇപ്പോഴും വിഭവ സമാഹാരത്തിനായുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടന്നുകൊണ്ടിരിക്കുന്നു.

9–ാം വാർഡിലെ G. L. P. S. കുനിശ്ശേരി ഭൗതിക സൗകര്യങ്ങളുടെ കുറവുകൊണ്ട് നട്ടം തിരിയുന്ന ഒരു വിദ്യാലയമാണ്. തീരെ സുരക്ഷിതമല്ലാത്ത ഒരു വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഈ കെട്ടിടത്തിന് അററകുററപ്പണി പതിവായി നടത്താറില്ല. പ്രാഥമികാവശ്യങ്ങൾ നിറവേററുന്നതിനുള്ള സൗകര്യങ്ങളും തീരെയില്ല. ഈ സ്കൂളിന്റെ മറെറാരു പ്രത്യേകത പെൺകുട്ടികൾ മാത്രമുള്ള L. P. S. ആണെന്നതാണ്. ഈ വാർഡിലെതന്നെ വളരെ കാലപ്പഴക്കമുള്ള മറെറാരു വിദ്യാലയമാണ് S. R. U. P. S. കുനിശ്ശേരി 1000 ത്തോളം വിദ്യാർത്ഥികൾ പഠിക്കുന്ന ഈ വിദ്യാലയത്തിൽ താരതമ്യേന കുറവല്ലാത്ത ഒരു കളിസ്ഥലമുണ്ട്. മററ് ഭൗതിക സൗകര്യങ്ങൾ തരക്കേടില്ല. എങ്കിലും കുട്ടികളുടെ പഠന നിലവാരം മററു സ്കൂളുകൾ പോലെതന്നെ കുറഞ്ഞതായി കാണുന്നു. ഈ വിദ്യാലയത്തിന്റെ മാനേജരും ഹെഡ്മാസ്റ്ററും പഞ്ചായത്തു മെമ്പറുമായിരുന്ന സീതാറാം അയ്യർ അദ്ധ്യാപകർക്കുള്ള സംസ്ഥാന അവാർഡിന് അർഹനായ വ്യക്തിയായിരുന്നു.

10–ാം വാർഡിലുള്ള G. H. S. കുനിശ്ശേരിയിൽ ഭൗതിക സൗകര്യങ്ങൾ ഏറെക്കുറെ തൃപ്തികരമാണെങ്കിലും വിദ്യാർത്ഥികളുടെ പഠന നിലവാരം വളരെ താഴ്ന്നതാണ്. 1995–96–ലെ SSLC വിജയ ശതമാനം 14.47% മാത്രമാണ്. മുൻ വർഷങ്ങളിലേയും സ്ഥിതി ഇതിൽ നിന്നും വിഭിന്നമല്ല. പഞ്ചായത്തിലെ SSLC വിജയ ശതമാനം പട്ടിക മൂന്നിൽ കാണാം.

## പട്ടിക 3

## SSLC വിജയ ശതമാനം

| സ്ക്കൂൾ | '91–92' | '92–'93 | '93–'94 | '94–'95 | '95–'96 |
|---|---|---|---|---|---|
| G H S എരിമയൂർ | 12% | 13% | 11% | 12% | 11% |
| G H S കുനിശ്ശേരി | 11% | 12% | 15% | 10% | 14% |

11–ാം വാർഡിൽ വിദ്യാലയം ഇവിടെയുള്ള കുട്ടികൾ കുനിശ്ശേരി എരിമയൂർ തുടങ്ങിയ ഭാഗങ്ങളിലുള്ള വിദ്യാലയങ്ങളിലാണ് വിദ്യ അഭ്യസിക്കുന്നത്.

4 ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ ഒഴികെ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളൊന്നും പഞ്ചായത്തിലില്ല. ഉന്നത വിദ്യാഭ്യാസത്തിനും, സാങ്കേതിക വിദ്യാഭ്യാസത്തിനുമായി കുട്ടികൾ അയൽ പഞ്ചായത്തുകളേയും അടുത്ത പട്ടണങ്ങളേയുമാണ് ആശ്രയിക്കുന്നത്. 2 പാരലൽ കോളേജുകളുണ്ട്. ഒരു പ്രീ പ്രൈമറി ടീച്ചേഴ്സ് ട്രെയിനിംഗ് സ്ക്കൂൾ പ്രവർത്തിക്കുന്നുണ്ട്.

ചുരുക്കത്തിൽ ഭൗതിക സാഹചര്യങ്ങളായ കെട്ടിടങ്ങളും കളി സ്ഥലവും പ്രാഥമികാവശ്യങ്ങൾ നിറവേററുന്നതിനുള്ള സൗകര്യവും, കുടിവെള്ളവും പഠനോപകരണങ്ങളും ഫർണീച്ചറും മിക്ക വിദ്യാലയങ്ങളിലും അപര്യാപ്തമാണ് മുൻവർഷങ്ങളിലെ കണക്കുകൾ പരിശോധിച്ചതിൽ നിന്നും സ്കൂളുകളിൽ കുട്ടികളുടെ എണ്ണം വർഷം തോറും മിക്ക വിദ്യാലയങ്ങളിലും കുറഞ്ഞുവരുന്നതായിട്ടാണ് കാണാൻ കഴിയുന്നത്. ജനന നിരക്കിലുള്ള കുറവ് അടുത്ത പഞ്ചായത്തുകളിലെ കൂടുതൽ സൗകര്യങ്ങളുള്ള സ്കൂളുകളുടെ ആകർഷണം, ഇംഗ്ലീഷ് മീഡിയം ഭ്രമം, അൺ എയിഡഡ് സ്ക്കൂളുകളുടെ ആവിർഭാവം (പഞ്ചായത്തിൽ കൂടുതലില്ലെങ്കിലും) തുടങ്ങിയവയെല്ലാം ഇതിന് കാരണമാണ്. പഞ്ചായത്തിലെ വിദ്യാലയങ്ങളിലെ കുട്ടികളിലധികവും കർഷക ത്തൊഴിലാളികളുടേയും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിലേയും ആണ്. കുടുംബങ്ങളിലെ സാമ്പത്തികവും വിദ്യാഭ്യാസപരവും ഭൗതികവുമായ അപര്യാപ്തതകൾ കുട്ടികളുടെ പഠന നിലവാരത്തെ സാരമായി ബാധിക്കുന്നുണ്ട്.

ശിശു വിദ്യാഭ്യാസത്തിനായി പഞ്ചായത്തിൽ 14 അംഗൻവാടികളുണ്ട് 5 നേഴ്സറികളുമുണ്ട്. പക്ഷേ പലതിലും ഭൗതിക സാഹചര്യങ്ങൾ അപര്യാപ്തമാണ്. അംഗൻവാടികളുടെ വിവരം പട്ടിക 4–ൽ കൊടുത്തിരിക്കുന്നു.

**പട്ടിക 4**

**അംഗൻ വാടികളുടെ വിവരം**

| വാർഡ് നമ്പർ | സെൻറർ നമ്പർ | അംഗൻ വാടികളുടെ എണ്ണം | ഇനി ആവശ്യമുള്ളത് |
|---|---|---|---|
| I | 10 | 1 | |
| II | 11 | 1 | |
| III | 12,103 | 2 | |
| IV | 13,16 | 2 | |
| V | 14,104 | 2 | |
| VI | 15 | 1 | കുളിയാട് ഭാഗത്ത് ഒരെണ്ണം ആവശ്യമാണ് |
| VII | 123 | 1 | |
| VIII | 17 | 1 | |
| IX | 18 | 1 | |
| X | — | — | വാർഡിൽ രണ്ടെണ്ണം ആവശ്യമാണ് |
| XI | 19 | 2 | |

## പഞ്ചായത്തിൻെറ സമഗ്ര വികസനത്തിന് പ്രതികൂലമായി നിൽക്കുന്ന പ്രശ്നങ്ങളെ താഴെപ്പറയുന്ന പ്രകാരം പട്ടികപ്പെടുത്താം

1 എരിമയൂർ G. H. S. ലേയും കുനിശ്ശേരി G. H. S. ലേയും S. S. L. C. വിജയ ശതമാനം വളരെ താഴ്ന്നതാണ്.

2 മിക്ക സ്കൂളുകളുടേയും ഭൗതിക സാഹചര്യങ്ങൾ ഒട്ടും തൃപ്തികരമല്ല.

3 കുട്ടികളുടെ എണ്ണം കുറയുന്നതിനാൽ ഡിവിഷനുകൾ കുറയാനുള്ള സാദ്ധ്യതകൾ മിക്ക വിദ്യാലയങ്ങളിലുമുണ്ട്.

4 അടുത്ത പഞ്ചായത്തുകളിലുള്ള ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളിലേക്ക് കുട്ടികൾ ധാരാളം പോകുന്നുണ്ട്.

5 സ്കൂൾ വിദ്യാർത്ഥികളിൽ നിരക്ഷരർ വളരെ കൂടുതലാണ്.

6 പഴഞ്ചൻ ബോധന രീതികളും പരീക്ഷ മാത്രം ലക്ഷ്യമാക്കിയുള്ള രീതികളും അശാസ്ത്രീയമായ മൂല്യ നിർണ്ണയ രീതികളും. പാഠോപകരണങ്ങൾ വളരെ കുറവാണ്.

7 ധാരാളം കുട്ടികൾ കർഷകത്തൊഴിലാളി കുടുംബങ്ങളിൽ നിന്നാണ്. വീടുകളിലെ പഠന സൗകര്യങ്ങൾ വളരെ പരിമിതമാണ്. രക്ഷിതാക്കളുടെ വിദ്യാഭ്യാസ നിലവാരം വളരെ താഴ്ന്നതാണ്.

8 കുട്ടികളുടെ സാമൂഹ്യ പിന്നോക്കാവസ്ഥ.

9 എരിമയൂർ ഹൈസ്കൂളിനും കുനിശ്ശേരി ഹൈസ്ക്കൂളിനും കെട്ടിടങ്ങളുടെ അപര്യാപ്തയുണ്ട്.

10 എരിമയൂർ ഹൈസ്ക്കൂളിലെ ഷിഫ്റ്റ് സമ്പ്രദായം ഏറെ ബുദ്ധിമുട്ടുകളുണ്ടാക്കുന്നു.

11 കണ്ണനുപുള്ളി യു. പി. സ്ക്കൂളിലേയും ഗവ. ഹൈസ്ക്കൂൾ എരിമയൂരിലേയും ചില കെട്ടിടങ്ങൾ ഓലമേഞ്ഞ ഷെഡ്ഡുകളാണ്. കുനിശ്ശേരി ഗവ. എൽ. പി. സ്ക്കൂൾ വാടകക്കെട്ടിടത്തിലാണ്.

12 മിക്ക സ്ക്കൂളുകളിലേയും പഠന നിലവാരം വളരെ താഴ്ണതാണ്.

13 സ്ക്കൂൾ പി. ടി. എ. കളുടെ പ്രവർത്തനം തീരെ സജീവമല്ല.

14 പഠന നിലവാരം കൃത്യമായി മോണിററിംഗ് ചെയ്യപ്പെടുന്നില്ല.

15 പഠന നിലവാരത്തകർച്ചക്ക് അദ്ധ്യാപകരുടെ പ്രതിബദ്ധതയില്ലായ്മ ഒരു പ്രധാന ഘടകമാണ്.

16 പ്രാദേശിക സമൂഹത്തിന് വിദ്യാഭ്യാസ കാര്യങ്ങളിൽ ഇടപെടാനുള്ള അവസരമില്ല.

17 പാഠാനുബന്ധ പ്രവർത്തനങ്ങൾ വെറും ചടങ്ങുകളാണ്.

18 വിദ്യാഭ്യാസവും ജീവിതവും തമ്മിൽ അകലുന്നു.

19 ശിശു വിദ്യാഭ്യാസത്തിനു് 14 അംഗൻവാടികളും 5 നഴ്സറി സ്കൂളുകളുണ്ടെങ്കിലും അവയുടെ ഭൗതിക സാഹചര്യങ്ങൾ തീരെ തൃപ്തികരമല്ല. പലതിനും സ്വന്തം കെട്ടിടമില്ല. കളിക്കോപ്പുകൾ വളരെ കുറവ്. ഭക്ഷണ വിതരണം ചിട്ടയായി നടക്കുന്നില്ല.

20 സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളില്ലാത്തതിനാൽ അതിനായി ദൂരേക്ക് യാത്ര ചെയ്യേണ്ടി വരുന്നു.

21 അനൗപചാരിക വിദ്യാഭ്യാസം കാര്യമായി നടക്കുന്നില്ല.

22 ഒന്നാം വാർഡിലും 3–ാം വാർഡിലെ ചുള്ളിമടയിലും 11–ാം വാർഡിലും വിദ്യാലയങ്ങളില്ല.

## പരിഹാരങ്ങൾ സാദ്ധ്യതകൾ

1 എരിമയൂർ ഗവ. ഹൈസ്കൂളിനും കുനിശ്ശേരി G. L. P. സ്കൂളിനും ആവശ്യം വേണ്ട കെട്ടിടങ്ങൾ നിർമ്മിക്കണം. എരിമയൂർ ഗവ. ഹൈസ്കൂളിലെ ഷിഫ്റ്റ് സമ്പ്രദായം നിർത്തലാക്കണം.

2 ഗവ. സ്കൂളുകളിലുള്ള ഓല ഷെഡ്ഡുകൾ മാററി നല്ല കെട്ടിടങ്ങൾ നിർമ്മിക്കണം.

3 സ്കൂളുകളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുവാൻ വിദ്യാലയ സംരക്ഷണ സമിതികൾ രൂപീകരണം ജന പ്രതിനിധികളുടെ നേതൃത്വത്തിൽ വിഭവ സമാഹരണം നടത്തി ജനകീയ ഇടപെടലുകളിലൂടെ സ്കൂളുകളിലെ ഭൗതിക നിലവാരം ഉയർത്തണം.

4 സ്കൂൾ പി. ടി. എ. കളുടെ പ്രവർത്തനം വിപുലീകരിച്ച് സജീവമാക്കണം.

5 P. T. A. യോഗങ്ങളും മാതൃസംഗമങ്ങളും എല്ലാമാസവും നടത്തണം.

6 ക്ലാസ്സടിസ്ഥാനത്തിൽ കുട്ടികളും രക്ഷിതാക്കളും അദ്ധ്യാപകരും ചേർന്നുള്ളയോഗം ടേമിൽ ഒന്നു വീതം.

7 എല്ലാ സ്ക്കൂളുകളിലും ഏല്ലാ ക്ലാസ്സുകളിലും (1–ാം ക്ലാസ്സ് ഒഴികെ) എത്രപേർക്ക് അക്ഷരബോധം അക്കബോധം എന്നിവയില്ലെന്ന് കണ്ടെത്തി അവർക്ക് സമയ ബന്ധിതമായി പരിഹാര ബോധനം നടത്തുക.

8 സ്ക്കൂൾ കോംപ്ലക്സ് പ്രവർത്തനം സജീവമാക്കുക. അതിലൂടെ അദ്ധ്യാപകർക്ക് പുതിയ ബോധന രീതികളും അദ്ധ്യാപന തന്ത്രങ്ങളും പരിശീലിപ്പിക്കുക. ഡയററ് സി. ടി. ഇ, തുടങ്ങിയ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടുക പുതിയ മൂല്യ നിർണ്ണയ രീതികൾ ആവിഷ്കരിക്കുക.

9 സ്ക്കൂൾ പ്രവർത്തനങ്ങൾ വകുപ്പു തലത്തിലും (എ. ഇ. ഒ., ഡി. ഇ. ഒ.) ജനകീയ തലത്തിലും (അക്കാദമിയിൽ കമ്മിററികളിലൂടെ) മോണിററിംഗ് നടത്തുക.

10 പത്താം ക്ലാസ്സിലെ റിസൽട്ട് മെച്ചപ്പെടുത്തുവാൻ പ്രത്യേക പ്രവർത്തനങ്ങൾ ആവിഷ്കരിക്കുക,

11 നാട്ടുകാരുടെ വൈദഗ്ദ്ധ്യം കൂടി പ്രയോജനപ്പെടുത്തിക്കൊണ്ട് ആവശ്യമായ പഠനോപകരണങ്ങൾ നിർമ്മിക്കുക.

12 ക്ലാസ്സുകയററത്തിനു് അവലംബിക്കുന്ന രീതി ശാസ്ത്രീയമാക്കുക.

13 പാഠപുസ്തകങ്ങൾ യഥാസമയം ലഭ്യമാക്കുക.

14 പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തി പ്രത്യേക പരിശീലനം നൽകുക

15 അദ്ധ്യാപകരുടെ നിലവാരവും കടമകളും കൃത്യമായി മോണിററിംഗ് ചെയ്യുക. കാലാനുസൃതമായി പുനഃപരിശീലനങ്ങൾ നൽകുക.

16 തൊഴിൽ മേഖലകളുമായി ബന്ധപ്പെടുത്തി കുട്ടികൾക്ക് തൊഴിൽ പരിചയം നൽകുക.

17 പ്രൈമറി സ്ക്കൂളുകളിൽ അക്ഷര ബോധവും (മാതൃഭാഷയിലൂടെ) അക്ക ബോധവും ഉറപ്പിക്കുന്നതിലൂന്നി സിലബസ് പരിഷ്കരിക്കുക.

18 എല്ലാ പ്രൈമറി വിദ്യാലയങ്ങളിലും ഉച്ചക്കഞ്ഞി നിർബന്ധമാക്കുക.

19 പാഠ്യാനുബന്ധ പ്രവർത്തനങ്ങൾ നല്ല രീതിയിൽ ആസൂത്രണം ചെയ്ത് നടപ്പാക്കുക. പ്രതിവാര സാഹിത്യ സമാജം (ക്ലാസ്സ് തിരിഞ്ഞ്) എല്ലാ ക്ലാസ്സിലും വർഷത്തിൽ ഒരു കൈയെഴുത്തു മാസിക ദിനാചരണങ്ങൾ (നവബർ 14 ജനവരി 26)

20 സ്കൂൾ ആരോഗ്യ പരിശോധനാ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുക.

21 ആർട്ട്സ് ക്ലബ്ബ്, സയൻസ് ക്ലബ്ബ്, റീഡിംഗ് കോർണർ തുടങ്ങിയവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുക.

22 പഞ്ചായത്തുതലത്തിൽ പഠനോപകരണ ശില്പശാല ടേമിൽ ഒന്നു വീതം.

23 പഞ്ചായത്തു തലത്തിൽ കലാകായിക മേളകൾ.

24 മാർച്ച് അവസാനം എല്ലാ സ്കൂളുകളിലും വാർഷികാഘോഷങ്ങൾ

25 കുട്ടികൾക്ക വായിക്കാൻ പറ്റുന്ന ബാലസാഹിത്യ പുസ്തകങ്ങളും ബാല മാസികകളും ശേഖരിച്ച് അവർക്ക് എത്തിച്ച് കൈമാറി വായിക്കാനുള്ള അവസരമൊരുക്കൽ.

23 പ്രൈമറി വിദ്യാലയങ്ങളോടനുബന്ധിച്ച് ക്രഷുകൾ ആരംഭിക്കുക.

27 1–ാം വാർഡിലെ മാരാക്കാവിലും 3–ാം വാർഡിലെ ചുള്ളിമടയിലും 11–ാം വാർഡിലും 4–ാം വാർഡിലെ ചെമ്പൻപുള്ളി ഒരോ L. P. വിദ്യാലയങ്ങൾ അനുവദിക്കുക.

21 ചുരുക്കത്തിൽ സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങളും പഠന സൗകര്യങ്ങളും വർദ്ധിപ്പിച്ചുകൊണ്ട് കുട്ടികളേയും രക്ഷിതാക്കളേയും സ്കൂളുകളിലേക്ക് ആകർഷിക്കത്തക്കവിധം പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങൾ കൂടുതൽ ആകർഷകമാക്കുക.

വിദ്യാഭ്യാസം സംബന്ധിച്ചുള്ള പട്ടികകൾ ചുവടെ ചേർക്കുന്നു.

പട്ടിക 5 അദ്ധ്യാപകർ — വിദ്യാർത്ഥികൾ

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | മാനേജ്മെന്റ | വിദ്യാർത്ഥികളുടെ എണ്ണം | | | അദ്ധ്യാപകരു എണ്ണം |
|---|---|---|---|---|---|---|
| | | | ആൺ | പെൺ | ആകെ | |
| 1 | GHS എരിമയൂർ | Govt. | 838 | 780 | 1618 | 57 |
| 2 | GHS കുനിശ്ശേരി | Govt. | 250 | 277 | 527 | 19 |
| 3 | SRUPS, കുനിശ്ശേരി | Aided | 628 | 349 | 977 | 29 |
| 4 | GLPS, കുനിശ്ശേരി | Govt. | | 297 | 297 | 8 |
| 5 | GLPS, കണ്ണംപുള്ളി | Govt. | 235 | 257 | 492 | 16 |
| 6 | GLS, പുള്ളോട് | Govt. | 65 | 51 | 116 | 5 |
| 7 | ALPS, കുട്ടാല | Aided | 135 | 119 | 254 | 8 |
| 8 | St. Antoniys LPS മേലാർകോട് | Aided | 136 | 118 | 254 | 8 |
| 9 | SMLPS,വടക്കേത്തറ | Aided | 66 | 73 | 144 | 5 |
| 10 | മന്നം മെമ്മോറിയൽ ഇംഗ്ലീഷ് മീഡിയം സ്കൂൾ കുനിശ്ശേരി | Un-aided | 43 | 32 | 75 | 6 |
| 11 | ബൊളിവിയൻ ഇംഗ്ലീഷ് മീഡിയം നഴ്സറി സ്കൂൾ എരിമയൂർ | Un-aided | 5 | 6 | 11 | 1 |
| 12 | MGM നഴ്സറി ടീച്ചേഴ്സ് ട്രൈനിംഗ് സ്ക്കൂൾ, തൃപ്പാളൂർ | Un-aided | | 13 | 13 | 3 |
| 13 | St. Thoms Mission LPS. എരിമയൂർ | Aided | 360 | 359 | 719 | 16 |

## പട്ടിക 6

പട്ടിക ജാതി / പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ എണ്ണം

| L. P. | | | U. P. | | | H. S. | | |
|---|---|---|---|---|---|---|---|---|
| ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 268 | 278 | 546 | 256 | 209 | 465 | 164 | 169 | 333 |

## പട്ടിക 7

അക്കാദമിക് സൗകര്യങ്ങളുടെ ലഭ്യത

| | ലൈബ്രറി | പ്രവർത്തിക്കാത്തത് | ലാബ് | പ്രവർത്തിക്കാത്തത് | പഠനോപകരണങ്ങൾ | റേഡിയോ | ടേപ്പ് റിക്കാർഡർ | ടെലിവിഷൻ | സിനിമാ പ്രൊജക്ടർ | സ്ലൈഡ് പ്രൊജക്ടർ | സ്പോർട്സ് ആവശ്യമുള്ളവ | മാതൃ സംഗമം സജീവം | ക്ലാസ് റൂം പി ടി എ |
|---|---|---|---|---|---|---|---|---|---|---|---|---|---|
| ഉള്ളത് | 9 | — | 5 | — | 10 | 6 | 5 | — | — | — | 132 | 10 | — |
| ഇല്ലാത്തത് | 4 | — | 8 | — | 3 | 7 | 8 | — | — | — | — | 3 | 13 |

പഞ്ചായത്തിനെ മാത്രം ലാക്കാക്കി കുട, നോട്ടുബുക്കുകൾ എന്നിവ നിർമ്മിക്കുന്നതിന് ഹൈസ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുകയും മറ്റു തൊഴിലുകൾ പരിശീലിപ്പിക്കാനാകുമോ എന്ന് പരിശോധിക്കുകയും ചെയ്യുക. പ്രീഡിഗ്രിക്ക തുല്യമായ ഹയർ സെക്കൻററി സ്കൂൾ സ്ഥാപിക്കണം.

## പട്ടിക 8

## പഠനം നിർത്തിയവരുടെ എണ്ണം

| SC/ST | | | മററുള്ളവർ | | |
|---|---|---|---|---|---|
| ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 10 | 12 | 22 | 40 | 36 | 76 |

അനൗപചാരിക വിദ്യാഭ്യാസം പ്രദാനം ചെയ്യുക എന്ന ലക്ഷ്യം മുൻനിർത്തി ഒരു ദൃശ്യശ്രാവ്യ സങ്കേതത്തിന് രൂപം നൽകണം. എല്ലാ സ്ക്കൂളുകളേയും ഈ കേന്ദ്രവുമായി ബന്ധപ്പെടുത്തണം. ഈ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ പഞ്ചായത്തിലെ തത്പരരായ എല്ലാവർക്കും ആരോഗ്യ വിദ്യാഭ്യാസ പരിസ്ഥിതി നൈപുണ്യം കൈവരിക്കാനുതകുന്ന ഹ്രസ്വകാല കോഴ്സുകൾ ജന പങ്കാളിത്തത്തോടെ ആരംഭിക്കണം.

വിദ്യാഭ്യാസ രംഗം ചടുലമാക്കാൻ അടിയന്തിരമായി ചെയ്യേണ്ടത് ഇപ്പോൾ നിർജീവമായി കിടക്കുന്ന സ്ക്കൂൾ കോംപ്ലക്സുകൾ സജീവമാക്കുകയാണ്.

മുഖ്യമായും വിദ്യാലയങ്ങളിലെ പാഠ്യേതര പ്രവർത്തനങ്ങൾക്ക് കുറേക്കൂടി ഊന്നൽ നൽകുകയും അതിന് വിദഗ്ദ്ധ പരിശീലനം നൽകുകയും വേണം. ഇപ്പോൾ മത്സരമെത്തുമ്പോൾ പെട്ടെന്ന് കുട്ടികളെ സംഘടിപ്പിച്ച് പരിപാടികൾ അവതരിപ്പിക്കുകയാണ് പതിവ്. അത് പരിപാടികളുടെ നിലവാരക്കുറവിന് കാരണമാകുന്നു. സ്ക്കൂൾ പാർലമെൻറുകൾ സ്കാഡുകൾ, ക്ലബ്ബുകൾ, സാഹിത്യ സമാജങ്ങൾ, കയ്യെഴുത്ത് ചിത്രമാസികകൾ പൂന്തോട്ട പച്ചക്കറിതോട്ടങ്ങൾ കായിക പരിശീലന പരിപാടികൾ ദിനാചരണങ്ങൾ പഠന വിനോദ യാത്രകൾ തുടങ്ങിയ അനേകം പരിപാടികൾ അനായാസം ഏറ്റെടുത്ത് കുട്ടികളെ കൂടുതലായി സ്ക്കൂളുകളിലേക്ക് ആകർഷിക്കാൻ കഴിയണം. അപ്പോൾ മേൽ പ്രസ്ഥാവിച്ചതെല്ലാം സ്ക്കൂളുകളിൽ ഒരു പരിധിവരെ ഉണ്ടെങ്കിലും അവയുടെ പ്രവർത്തനങ്ങൾ അത്ര സജീവമോ ശാസ്ത്രീയമോ അല്ല.

വിദ്യഭ്യാസ പ്രശ്നങ്ങളുടെ മേൽ പ്രസ്ഥാവിച്ച പരിഹാരമാർഗ്ഗങ്ങളിലൂടെ നല്ലൊരു ഭാവി തലമുറയെ വാർത്തെടുക്കാൻ കഴിയുമെന്നും, മാസാന്തപരീക്ഷകളും മാതൃസംഗമങ്ങളും ക്ലാസ്റൂം PTA കളും എല്ലാം ഒത്തു ചേർന്നാൽ തീർച്ചയായും നാം പരിതപിക്കുന്ന വിദ്യാഭ്യാസ മേഖലയിലെ ശോച്യാവസ്ഥ നമുക്ക് ഇല്ലായ്മ ചെയ്യാനും കഴിയും.




# 5

5

OFFICE OF THE ERIMAYUR GRAMA PANCHAYAT

# സംസ്കാരം

തികച്ചും കർഷകഗ്രാമമായ എരിമയൂരിന് നാടൻ കലകളിലും അനുഷ്ഠാനങ്ങളിലും അധിഷ്ഠിതമായ ഒരു സാംസ്ക്കാരിക പൈതൃകമാണുള്ളത്. ദീർഘകാലം മദ്രാസ് സംസ്ഥാനത്തിന്റെ ഭാഗമായിരുന്നതിനാലും പാലക്കാടൻ ചുരത്തിനടുത്തായതിനാലും തമിഴുമായി ഇഴ ചേർന്നു കിടക്കുന്ന ഒരു സംസ്ക്കാരമാണ് നമ്മുടേത്. നമ്മുടെ പല അനുഷ്ഠാന കലാരൂപങ്ങളിലും തമിഴ് കലർന്ന മലയാളത്തിന്റെ സങ്കരരൂപമാണ് കാണുന്നത്. പൂർണ്ണമായും തമിഴ് ഗാനങ്ങളുള്ള നാടൻ കലാരൂപങ്ങളും ഇവിടെയുണ്ട്. അനുദിനം മാറിക്കൊണ്ടിരിക്കുന്ന കമ്പോള അഭിരുചികളിൽ ഉപഭോഗ സംസ്ക്കാരത്തിന്റെ അടയാളങ്ങളാണ് നമ്മുടെ സാംസ്ക്കാരിക മേഖലയാകെ നിറഞ്ഞു നില്ക്കുന്നത്. വിദ്യാഭ്യാസ-ഔപചാരിക-അനൗപചാരിക-മേഖലയുടെ ഗുണനിലവാരത്തകർച്ച നമ്മുടെ സംസ്ക്കാര രംഗത്താകെ നിഴൽ വീശിയിട്ടുണ്ട്. പഞ്ചായത്തിന്റെ സാംസ്ക്കാരിക മേഖലയെക്കുറിച്ചുള്ള വസ്തുനിഷ്ഠമായ വിലയിരുത്തൽ ആശാവഹമായ ചിത്രമല്ല തരുന്നത്.

വിഭിന്നസമുദായങ്ങളുടെ ആരാധനാലയങ്ങളുമായി ബന്ധപ്പെട്ട അനുഷ്ഠാന കലാരൂപങ്ങളാണ് ഈ നൂററാണ്ടിൻെറ ആദ്യ പകുതിയിൽ പ്രധാനമായും ഉണ്ടായിരുന്നത്. വിവിധ ക്ഷേത്രകലകളും വിളവെടുപ്പുത്സവങ്ങളും മതപരമായ ആഘോഷങ്ങളുമാണ് കഴിഞ്ഞ കാലങ്ങളിൽ നമ്മുടെ സാംസ്ക്കാരികാന്തരീക്ഷത്തിൽ നിറഞ്ഞുനിന്നിരുന്നത് തനതു മണ്ഡലങ്ങളിൽ വ്യക്തിമുദ്രപതിപ്പിച്ച പ്രതിഭാ ധനന്മാരായ അപൂർവ്വം കലാകാരന്മാരും നമുക്കുണ്ടായിരുന്നു. മൃദംഗം വായനയിൽ 1930 കളിൽ ഏറെ പ്രശസ്തനായിരുന്നു കുനിശ്ശേരി മണിഅയ്യർ. പാലക്കാട് മണിഅയ്യർക്കും സമശീർഷനായി അന്നു കണക്കാക്കിയിരുന്നു. അദ്ദേഹം അകാലത്തിൽ അന്തരിക്കുകയാണുണ്ടായത്.

പഞ്ചായത്തിലെ കലാസാംസ്ക്കാരിക സംഘടനകളുടെ ചരിത്രത്തിന് ഏറെ പഴമ അവകാശപ്പെടാനില്ല. 1950 കളിൽ പഞ്ചായത്തിൽ വളരെ സജീവമായി നിലനിന്നിരുന്ന ഒരു കലാസാംസ്ക്കാരിക സംഘടനയായിരുന്നു കുനിശ്ശേരി യുവജന കലാസമിതി'. മുപ്പതോളം പേർ അംഗങ്ങളായിരുന്ന സമിതിയിലൂടെ ജനപ്രീതി നേടിയ നിരവധി നാടകങ്ങൾ പഞ്ചായത്തിലും ജില്ലയുടെ പല ഭാഗങ്ങളിലും അരങ്ങേറിയിട്ടുണ്ട്. നാടക രചനയും ഗാനരചനയും ആലാപനവും എല്ലാം സമിതിയംഗങ്ങൾ തന്നെയായിരുന്നു. സ്ത്രീകളടക്കമുള്ള നാടകട്രൂപ്പായിരുന്നു സമിതിയുടേത്. "കറുത്ത വെളിച്ചം" എന്ന നാടകത്തെ അനുസ്മരിച്ച് അന്നത്തെ സംഘടനയുടെ പ്രവർത്തനങ്ങളെക്കുറിച്ച് വാചാലനാകുമ്പോൾ കലാസമിതിയുടെ സജീവ പ്രവർത്തകനായിരുന്ന ശ്രീ. തോട്ടത്തിൽ ശിവരാമൻെറ കണ്ണുകളിൽ അഭിമാനത്തിൻെറ തിളക്കം. സർവ്വശ്രീ കെ. എം. ആറുമുഖൻ (നിര്യാതനായി) കെ. രാജൻ, രാജാമണി, ബാലകൃഷ്ണൻ എന്നിവരായിരുന്നു പ്രധാന അംഗങ്ങൾ. പഞ്ചായത്തിലെ കർഷകപ്രസ്ഥാനത്തിൻെറ വളർച്ചയിലും നല്ല പങ്കുവഹിച്ച സമിതിയുടെ ഏറെ ജനങ്ങളെ ആകർഷിച്ച തെരുവ് നാടകമായിരുന്നു. "രശീതി കിട്ടിയേ അടങ്ങൂ"

പഞ്ചായത്തിൽ ഇപ്പോൾ പ്രവർത്തിച്ചു വരുന്ന കലാ സാംസ്ക്കാരിക സ്ഥാപനങ്ങളുടെ പട്ടിക ചുവടെ ചേർക്കുന്നു.

വ്യക്തമായ ലക്ഷ്യ ബോധത്തോടെ പ്രവർത്തന പരിപാടികൾ ആവിഷ്ക്കരിച്ച് പ്രവർത്തിക്കുന്ന ക്ലബ്ബുകൾ വിരലിലെണ്ണാവുന്നവയാണ്. പ്രമുഖ സംഘടനകളുടെ പ്രവർത്തനങ്ങളിലേക്ക് ഒന്ന് കണ്ണോടിക്കാം.

സാമാന്യം ഭേദപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്ന ഒരു സംഘടനയാണ് 5-ാം വാർഡിലെ ഉദയാ ആർട്സ് & സ്പോർട്സ് സെൻറർ. സംസ്ഥാന സർക്കാർ സംഘടിപ്പിക്കുന്ന യുവജന മേളകളിൽ സമ്മാനങ്ങൾ നേടിവരുന്ന ക്ലബ്ബ് സാക്ഷരത പ്രസ്ഥാനത്തിൽ പ്രശംസനീയമായ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. നാടകം, കവിത, നാടൻ പാട്ടുകൾ തുടങ്ങിയ വിഭാഗങ്ങളിൽ ഊന്നൽ കൊടുത്തു പ്രവർത്തിക്കുന്ന സംഘടനക്ക് ആയിരത്തോളം പുസ്തകങ്ങളുള്ള ഒരു വായന ശാലയുമുണ്ട്.

ഗ്രന്ഥശാല സംഘത്തിൻെറ അംഗീകാരമുള്ള വായന ശാലയാണ് 1957-ൽ സ്ഥാപിതമായ ജ്യോതി ഗ്രാമീണ വായനശാല. തുടക്കത്തിൽ സംഘടനയുടെ നാടകങ്ങൾ ഏറെപ്പേരെ ആകർഷിക്കുകയും അങ്ങിനെ തനതായ ഒരു പ്രവർത്തന ശൈലി സ്വായത്തമാക്കുകയും ചെയ്തിരിക്കുന്നു. 4000 പുസ്തകങ്ങളുള്ള വായനശാല കുറച്ചു

കാലത്തെ നിർജ്ജീവാവസ്ഥക്കുശേഷം 1990 കളിൽ വീണ്ടും സജീവമായി പ്രവർത്തിക്കുന്നുണ്ട്. വിദ്യാഭ്യാസ, ആരോഗ്യ ബോധവൽക്കരണ ക്ലാസ്സുകൾ മററു ചർച്ചായോഗങ്ങൾ എന്നിവ സംഘടിപ്പിക്കുന്നുണ്ട്. വിപുലമായ രീതിയിൽ ഓണാഘോഷം സംഘടിപ്പിക്കാറുണ്ട്. കായിക രംഗത്തും സംഘടന സജീവമാണ്. സ്വന്തമായി കെട്ടിടമുണ്ട്. പത്രം വരുത്തുന്നുണ്ട്.

1957–ൽ സ്ഥാപിതമായ എരിമയൂർ പഞ്ചായത്ത് സാംസ്ക്കാരികനിലയം കുനിശ്ശേരിയിലാണ് പ്രവർത്തിക്കുന്നത്. 2473 പുസ്തകങ്ങളുള്ള വായനശാലയിതു 5/8 അംഗങ്ങളാണുള്ളത്. ലൈബ്രറിയുമായി ബന്ധപ്പെട്ടുകൊണ്ടിരിക്കുന്ന അംഗങ്ങൾ ഏകദേശം 200 പേരാണ്. സ്വന്തമായി കെട്ടിടവും റീഡിംഗ് റൂമുമുണ്ടെങ്കിലും അത് ഉപയോഗപ്പെടുത്തുന്നവർ വളരെ കുറവാണ്. സ്ഥിരമായി ഒരു ലൈബ്രേറിയനുണ്ടായിരുന്നെങ്കിൽ പ്രവർത്തനം കുറച്ചുകൂടി മെച്ചപ്പെടുത്തുവാനാകുമെന്ന് ഗ്രാമസഭയിൽ ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്.

നാടൻ കലകളിലൂടെ സാംസ്കാരിക രംഗത്ത് തനതായ വ്യക്തിമുദ്രപതിപ്പിച്ച സംഘടനയാണ് എസ് കെ എസ് വായനശാല (കോട്ടാംപൊററ) സംഘടനയുടെ വില്ലടിച്ചാം പാട്ട് (വിൽപ്പാട്ട്) സംഘം പഞ്ചായത്തിനകത്തും വെളിയിലും പരിപാടികൾ നടത്താറുണ്ട്. സ്വന്തമായി കെട്ടിടം സംഘടനക്കുണ്ട്.

കൂട്ടാലയിലെ അംബേദ്കർ സ്മാരക വായനശാല നാടിന്റെ പലഭാഗങ്ങളിലും നാടൻ കലാരൂപമായ മലമകളിയുടെ അവതരണത്തിലൂടെ ശ്രദ്ധേയമായ സംഘടനയാണ് ഇന്ത്യയുടെ തലസ്ഥാന നഗരിയിൽ 'മലമകളി' അവതരിപ്പിച്ച ചരിത്രം സംഘടനക്കുണ്ട്.

എരിമയൂരിലെ ഗാന്ധിമെമ്മോറിയൽ വായനശാല സാമാന്യം നല്ലരീതിയിൽ പ്രവർത്തിക്കുന്ന ഒരു കലാസാംസ്ക്കാരിക സംഘടനയാണ്. 1950കളിലാരംഭിച്ച സംഘടന കൂടുതൽ ആശയസമ്പന്നരായ അംഗങ്ങളുടെ സേവനം ഉപയോഗപ്പെടുത്തി മുന്നോട്ടു പോകേണ്ടിയിരിക്കുന്നു. നരിപ്പൊററ കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്ന ശ്രുതി ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ് കലാകായിക രംഗങ്ങളിൽ തനതു വ്യക്തിമുദ്ര പതിപ്പിച്ച സംഘടനയാണ് അമേച്ചർ നാടക ട്രൂപ്പും ഓർക്കസ്ട്രാട്രൂപ്പും സ്വന്തമായുള്ള ക്ലബ്ബിന് ആയിരത്തിലധികം പുസ്തകങ്ങളുള്ള ഒരു ലൈബ്രറിയുമുണ്ട്. സ്പോർട്സ് കൗൺസിലിന്റെ സഹകരണത്തോടെ കായികരംഗത്തും സജീവമായി പ്രവർത്തിക്കുന്നുണ്ട്. താല്ക്കാലിക കെട്ടിടത്തിലാണ് പ്രവർത്തനം.

പഞ്ചായത്തിലെ കലാസാംസ്ക്കാരിക സംഘടനകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയാൽ വെളിവാക്കുന്ന വസ്തുതകൾ ഇവയാണ്.

1 മിക്ക സംഘടനകൾക്കും വ്യക്തമായ ലക്ഷ്യമോ ആസൂത്രിതമായ പ്രവർത്തന പരിപരിപാടികളോ ഇല്ല

2 ക്ലബ്ബുകളുടെ ഭൗതിക സാഹചര്യങ്ങൾ തീർത്തും അപര്യാപ്തമാണ്

3 മിക്ക ക്ലബുകളുടേയും പ്രവർത്തനം വാർഷികാഘോഷങ്ങളിലും ഓണാഘോഷങ്ങളിലുമൊതുങ്ങുന്നു.

4 യുവാക്കളുടെ കഴിവുകളെ സൃഷ്ടിപരമായി ഉപയോഗപ്പെടുത്തുവാൻ പല ക്ലബ്ബുകളുടേയും പ്രവർത്തനശൈലിക്കാവുന്നില്ല.

5 ക്ലബ്ബംഗങ്ങൾ മിക്കവാറും തൊഴിലില്ലാത്തവരായതിനാൽ സാമ്പത്തിക ഞെരുക്കത്തിലാണ്.

6 നിലവിലുള്ള വായനശാലകളുടെ പ്രവർത്തനം വളരെ പരിതാപകരമാണ് വായനാശീലം കുറഞ്ഞുകൊണ്ടുവരുന്നു. സ്ത്രീകളിൽ പ്രത്യേകിച്ചും

7 കായികരംഗത്തുള്ള പ്രവർത്തനങ്ങൾ ശാസ്ത്രീയമല്ല. വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങളോ കോച്ചിംഗുകളോ അവർക്ക് ലഭിക്കുന്നില്ല.

8 പൊതു കളിസ്ഥലങ്ങളുടെ കുറവ്

9 കലാസാംസ്കാരിക പ്രവർത്തനങ്ങളിൽ സ്ത്രീകൾ വളരെ കുറവാണ്. കായികരംഗത്ത് ഇതുതന്നെയാണ് സ്ഥിതി

## പരിഹാര മാർഗ്ഗങ്ങൾ സാദ്ധ്യതകൾ

1 ചെറിയ തോതിലുള്ള സാമ്പത്തിക സഹായത്തിലൂടെ ക്ലബ്ബുകളെ പ്രോത്സാഹിപ്പിക്കുക.

2 വ്യക്തമായ നിയമാവലികൾ എഴുതിയുണ്ടാക്കി എല്ലാ ക്ലബ്ബുകളെയും രജിസ്റ്റർ ചെയ്യിക്കുക.

3 ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുവാനും ഏകോപിക്കുവാനും പഞ്ചായത്തു തലത്തിൽ ഒരു കോ–ഓർഡിനേഷൻ കമ്മിററി രൂപീകരിക്കുക. അതിലൂടെ സംഘടനകൾക്ക് വ്യക്തമായ ലക്ഷ്യബോധമുണ്ടാക്കണം.

4 വിഭവ സമാഹാരത്തിലൂടെയും സന്നദ്ധ പ്രവർത്തനങ്ങളിലൂടെയും സ്വന്തമായ സ്ഥലവും കെട്ടിടവും ഉണ്ടാക്കുവാൻ സഹായിക്കുക.

5 വായനശാലയുടെ പ്രവർത്തനം മെച്ചപ്പെടുത്തി ഗ്രന്ഥശാലാസംഘത്തിൻെറ ഗ്രാൻറു ലഭിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുക.

6 പൊതു കളിസ്ഥലങ്ങൾ ഉണ്ടാക്കുക.

7 സ്പോർട്സ്സുപകരണങ്ങൾ നൽകുക.

8 പഞ്ചായത്തു തലത്തിൽ കലാകായിക മേളകൾ സംഘടിപ്പിക്കുക.

9 പൊതു റേഡിയോ, ടെലിവിഷൻ സെററുകൾ വിതരണം ചെയ്യുക.

10 തൊഴിലില്ലാത്ത ചെറുപ്പക്കാരുടെ സംഘങ്ങളാണ് കലാസാംസ്ക്കാരിക സംഘടനകളെന്ന ധാരണ മാററുവാൻ തൊഴിലുള്ളവരേയും പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുക.

11 ടെലിവിഷൻ, സിനിമ എന്നീ ദൃശ്യമാധ്യമങ്ങളുടെ തള്ളിക്കയററം സാംസ്ക്കാരിക പ്രവർത്തനങ്ങളുടെ തീവ്രത കുറയ്ക്കുവാൻ കാരണമായിട്ടുണ്ട്.

## മതം ആരാധനാലയങ്ങൾ

പഞ്ചായത്തിലെ മൊത്തം ജനസംഖ്യയിൽ 71.98% ഹിന്ദുക്കളും 21.55% മുസ്ലീങ്ങളും 6.47% ക്രിസ്തുമതക്കാരുമാണ്. എല്ലാ മതസ്ഥരും സൗഹാർദ്ദത്തോടെ കഴിയുന്ന പഞ്ചായത്തിൽ എല്ലാവിഭാഗക്കാരുടേയും ആരാധനാലയങ്ങളും അതിനോടനുബന്ധിച്ചുള്ള അനുഷ്ഠാന കലകളും ഉത്സവങ്ങളുമുണ്ട്. പ്രധാന ആരാധനാലയങ്ങളെ ചുററിപ്പററി ഐതിഹ്യങ്ങളും നൂററാണ്ടുകൾ പഴക്കമുള്ള അനുഷ്ഠാനകലാ രൂപങ്ങളുമുണ്ട്.

## താഴേക്കോട്ടുകാവ്, മേലാർക്കോട്

500 വർഷങ്ങൾക്ക് മുമ്പ് കോഴിക്കോട്ടുനിന്നും ഓലക്കുടപ്പുറത്തുവന്ന് താഴ്വാരത്ത് സീതമ്മയുടെ തറവാട്ടിൽ ഭഗവതി കുടിയിരുന്നു എന്നാണ് ഐതീഹ്യം. ചെറുകാവ് എന്ന് പേരുള്ള അവിടെനിന്നും താഴക്കോട്ട് ഗായത്രിപുഴയുടെ ഇരമ്പൽ കേട്ട് തേക്കിൻ കാട്ടിൽ കുടിയിരുന്നുവെന്നും സ്വപ്ന ദർശനം ലഭിച്ച കവളപ്പാറക്കാർ ക്ഷേത്രം പണിതു എന്നാണ് വിശ്വാസം. വടക്കേത്തറയിലെ 500 കുടുംബങ്ങൾക്ക് ക്ഷേത്രം പിന്നീട് വിട്ടുകൊടുത്തു.

വൃശ്ചികമാസം മൂലം നാളിൽ 5 ദിവസം നീണ്ടുനില്ക്കുന്ന ലക്ഷാർച്ചനയും മീനമാസത്തിലെ മൂലം നാളിൽ കൊടികയറി അതേ മാസത്തിലെ പൂയം നാളിൽ നടക്കുന്ന വേലയുമാണ് പ്രധാന ഉത്സവങ്ങൾ. എല്ലാ മതവിഭാഗക്കാരും യോജിച്ച് നടത്തുന്ന വേല ഏറെപ്പേർ ആഘോഷിക്കുന്ന ഒരു ഉത്സവമാണ്.

## കുനിശ്ശേരി ശ്രീ പൂക്കുളങ്ങര ഭഗവതി ക്ഷേത്രം കുമ്മാട്ടി.

കുനിശ്ശേരിയിൽ സ്ഥിതി ചെയ്യുന്ന പുരാതനമായ ശ്രീ പൂക്കുളങ്ങര ഭഗവതി ക്ഷേത്രത്തിന് ഉദ്ദേശം 800 വർഷത്തെ പഴക്കമുണ്ടെന്ന് വിശ്വസിക്കുന്നു. ക്ഷേത്രത്തിലെ പ്രധാന ഉത്സവം ദേവിയുടെ തിരുനാളായ കുംഭമാസത്തിലെ പുണർതം നാളിൽ നടത്തുന്ന കുമ്മാട്ടിയാണ്.

കുമ്മാട്ടിയുടെ ആവിർഭാവത്തെക്കുറിച്ചുള്ള ഐതീഹ്യം ഇപ്രകാരമാണ്. പെരുമ്പടപ്പു സ്വരൂപത്തിൽപ്പെട്ട കുനിശ്ശേരിനാട് കീഴടക്കുവാനായി പതിനായിരത്തോളം പടയാളികളോടും സർവ്വവിധ സന്നാഹങ്ങളോടും കൂടി എത്തിയ സാമൂതിരിക്ക് ദിവസങ്ങളോളം ശ്രമിച്ചിട്ടും ദേശം കീഴടക്കുവാൻ കഴിഞ്ഞില്ല. പ്രശ്നം വെച്ചതിൽ ശ്രീ പുക്കുങ്ങെരഭഗവതിയുടെ അനുഗ്രഹമാണ് ദേശം കാക്കുന്നത് എന്ന് വെളിവായി. തുടർന്ന് ദേവിയുടെ പ്രീതിക്കായി രാജചിഹ്നങ്ങളായ വാളും കൊമ്പും കൊററവും ചെങ്കൊമ്പും കണ്ണടമ്പുള്ളിയും എല്ലാം ദേവിക്ക് ഒഴിഞ്ഞു കൊടുക്കാമെന്നു രാജാവ് പ്രാത്ഥിച്ചുവത്രെ. പിററെ ദിവസത്തെ പടയിൽ രാജാവ് വിജയിക്കുകയും ദേശം കീഴടങ്ങുകയും ചെയ്തു. യുദ്ധത്തിൽ ദേശത്തെ പുരുഷ പ്രജകളെല്ലാം കൊല്ലപ്പെട്ടതിനാൽ പതിനായിരം പടയിൽ നിന്നും 500 നായന്മാരേയും തത്തുല്യമായ മററു ജാതിക്കാരേയും ഇവിടെ വസിക്കുവാൻ കല്പിക്കുകയാണുണ്ടായത് തിരുനാവാമണപ്പുറത്തെ മാമാങ്ക മഹോത്സവം കാണുന്നതിനുള്ള അവസരം ഇവർക്ക് നിഷേധിക്കപ്പെട്ടതിനാൽ ദേവിയുടെ നാളിൽ മാമാങ്കത്തിനു തുല്യമായ ഒരു ഉത്സവം ക്ഷേത്രത്തിൽ കൊണ്ടാടുവാൻ രാജാവ് കല്പിച്ചരുളി. അന്നുമുതൽ എല്ലാവർഷവും മുടക്കം കൂടാതെ നടന്നു വരുന്ന ഉത്സവമാണ് കുമ്മാട്ടി ഹിന്ദുമതത്തിലെ എല്ലാ ജാതിക്കാരുടേയും (വിശിഷ്യപാണർ, പറയർ തുടങ്ങിയവരുടെ) മുസ്ലീം വിഭാഗക്കാരുടേയും പ്രാതിനിധ്യമുണ്ടെങ്കിലേ കുമ്മാട്ടിയുടെ ചടങ്ങുകൾ പൂർണ്ണമാവുകയുള്ളൂ. ജില്ലയുടെ പല ഭാഗങ്ങളിൽ നിന്നുമായി ആയിരക്കണക്കിനാളുകൾ ഉത്സവത്തിനെത്താറുണ്ട്. ആനയെഴുന്നള്ളത്തും പഞ്ചവാദ്യവും കരിമരുന്നുപ്രയോഗവും ഉത്സവത്തിനു മാററു കൂട്ടുന്നു. കൂട്ടായ്മയുടെ ഭക്തിയുടെ ഈ മഹോത്സവത്തിൽ ഒരു ദേശത്തെയാകെ സ്വന്തം കാരുണ്യത്താൽ സംരക്ഷിച്ച ദേവിയുടെ അപദാനങ്ങളോടൊപ്പം സമഭാവനയുടെ സന്ദേശം മറനീക്കി പ്രത്യക്ഷപ്പെടുകയാണ്. ഉത്സവത്തലേന്നാൾ ക്ഷേത്രത്തിൽ നടക്കുന്ന പ്രധാന ചടങ്ങാണ് കണ്യാർ. കുമ്മാട്ടി കൂടാതെ പ്രധാന ഹൈന്ദവ പുണ്യദിനങ്ങളും ക്ഷേത്രത്തിൽ ആഘോഷിക്കാറുണ്ട് കൂത്ത്, പാഠകം, തുള്ളൽ കഥകളി തുടങ്ങിയ ക്ഷേത്രകലകളും ഉത്സവങ്ങളോടനുബന്ധിച്ച് നടത്താറുണ്ട്.

## വേട്ടക്കൊരുമകൻ

മന്ദത്ത് ഭഗവതി ക്ഷേത്രങ്ങൾ എരിമയൂർ. വേട്ടക്കൊരുമകൻ ക്ഷേത്രവും മന്ദത്ത് ഭഗവതി ക്ഷേത്രവുമടങ്ങുന്ന ക്ഷേത്ര സമുച്ചയം എരിമയൂരിലെ പുരാതന ഹൈന്ദവാരാധനാലയമാണ്. മീനമാസത്തെ അവസാന വെള്ളിയാഴ്ച നടത്തുന്ന കുമ്മാട്ടി നിരവധിയാളുകളെ ആകർഷിക്കുന്ന ഒരുത്സവമാണ്.

## തൃപ്പാളൂർ മഹാശിവ ക്ഷേത്രം

ഭാരതത്തിലെ പ്രധാനപ്പെട്ട 108 ശിവക്ഷേത്രങ്ങളിലൊന്നായ ഈ പുരാതന ക്ഷേത്രത്തിനു ആയിരത്തോളം വർഷം പഴക്കമുണ്ടെന്നു വിശ്വസിക്കപ്പെടുന്നു. പ്രധാന ക്ഷേത്രോത്സവങ്ങൾ ദീപാവലി–വാവ് മഹോത്സവം, മഹാശിവരാത്രി എന്നിവയാണ്. ക്ഷേത്ര പരിസരത്തുള്ള ഗായത്രിപ്പുഴയിൽ കുളിച്ച് പിതൃതർപ്പണം നടത്തി ദർശനത്തിനായി ജില്ലയുടെ വിവിധ ഭാഗങ്ങളിൽനിന്നും ആയിരക്കണക്കിനു ആളുകൾ ദീപാവലി, വാവ് ദിവസങ്ങളിൽ ഇവിടെയെത്താറുണ്ട്. ശിവരാത്രി ദിവസം ക്ഷേത്രത്തിൽ ശയനപ്രദിക്ഷിണത്തിനായി നിരവധിയാളുകളെത്താറുണ്ട്.

## മലയ ഭഗവതി ക്ഷേത്രം

പഞ്ചായത്തിന്റെ വടക്കുപടിഞ്ഞാറു ഭാഗത്തായി ചിതലി മുതൽ കുണ്ടുകാട്വരെ നീണ്ടുകിടക്കുന്ന കുന്നിൽ നിരകളിലൊന്നാണ് "മലയഭഗവതി കുന്ന് " നമ്മുടെ ക്ഷേത്ര സങ്കല്പങ്ങളിൽ നിന്നും വ്യത്യസ്ഥമായി തമിഴ്നാട്ടിൽനിന്നുപോലും നിരവധി തീർത്ഥാടകരെ ആകർഷിക്കുന്ന കേന്ദ്രമാണ് മലയഭഗവതിക്ഷേത്രം വർഷങ്ങൾക്കുമുമ്പ് കാട്ടിൽ കന്നുകാലികളെ മേച്ച് നടന്നിരുന്ന ഒരു മലയനും മലയത്തിയും അവിടെയുള്ള പുളി വേപ്പ് എന്നീ മരങ്ങൾക്കുതാഴെ കുടിയിരുന്നതായിട്ടാണ് ഐതിഹ്യം. ക്ഷേത്രദർശനത്തിനുപോകുന്ന സംഘത്തിലെ മുതിർന്നയാളാണ് പൂജാദികാര്യങ്ങൾ ചെയ്യുക. മലയനുള്ള ഈ കറുത്ത നിവേദ്യവും മലയത്തിക്കുള്ള വെളുത്ത നിവേദ്യവും ഓരോരുത്തരും അവരവരുടെ ഇഷ്ടത്തിനനുസൃതമായി ചെയ്യുന്നു. വിളവെടുപ്പിനുശേഷം സംഘം ചേർന്നാണ് ജനങ്ങളെത്തുക. കന്നുകാലികളുടെ സംരക്ഷണത്തിന് ദേവിയെ പ്രീതിപ്പെടുത്തുക എന്നതാണ് തീർത്ഥാടനോദ്ദേശ്യം. പശു പ്രസവിച്ചാൽ 10-ാം ദിവസം പാലുകറന്ന് ആദ്യം തന്നെ ഭഗവതിക്കു നിവേദിക്കുവാനായി കൊണ്ടുവരാറുണ്ട് പ്രധാന വഴിപാട് കോഴി, ആട് എന്നിവയുടെ ബലിയർപ്പിക്കലാണ്. ആഹാരം പാകം ചെയ്യുവാനുള്ള സാധനസാമഗ്രികളുമായി വണ്ടികളിലാണ് മിക്കവരും എത്തുക. മണ്ണ് മരം എന്നിവയിൽ തീർത്ത കന്നുകാലികളുടെ രൂപങ്ങളും, മനുഷ്യാവയവങ്ങളുടെ രൂപങ്ങളും ഉദ്ദിഷ്ട കാര്യസാദ്ധ്യത്തിനും കാണിക്കയായ് വെക്കാറുണ്ട്. തീർത്ഥാടകരിൽ പലരും കുടങ്ങളിൽ പനങ്കള്ളും കരുതിയിരിക്കും. വർഷകാലത്തൊഴികെ, മററു കാലങ്ങളിൽ പ്രതിദിനം ശരാശരി 200-ഓളം പേർ ഇവിടെ എത്താറുണ്ട്.

## സെൻറ് ആൻറണീസ് ഫറോന പള്ളി മേലാർകോട്

ഇപ്പോഴത്തെ പാലക്കാട് രൂപതയും, തൃശ്ശൂർ അതിരൂപതയും രൂപം കൊള്ളുന്നതിനുമുമ്പ് വരാപ്പുഴ അതിരൂപതയുടെ കീഴിലുള്ള ഏക ക്രിസ്തീയ ദേവാലയമാണ് മേലാർകോട് സെൻറ് ആൻറണീസ് ഫറോന പള്ളി. ജനുവരി 6, 7, 8 തിയ്യതികളിൽ നടത്തുന്ന തിരുനാൾ (പിണ്ടിപ്പെരുനാൾ) ആഘോഷവും മററ് ക്രിസ്ത്യൻ ശുഭദിനങ്ങളും ഇവിടെ ആഘോഷിക്കാറുണ്ട്.

## എരിമയൂർ ഇാരോട്ട്പള്ളി

മുസ്ലീം സമുദായത്തിന്റെ ഈ മയ്യത്താങ്കരപ്പള്ളിക്ക് 500-വർഷത്തോളം പഴക്കമുണ്ട് എന്ന് വിശ്വസിക്കപ്പെടുന്നു. മതപരമായ പുണ്യദിനങ്ങൾ കൂടാതെ പ്രധാനമായി നടത്തുന്ന ഉത്സവം കുംഭമാസത്തിലെ, (ശവ്വാൽ) പള്ളി നേർച്ചയാണ്. ഈ ഉത്സവത്തിൽ ഇതരമതസ്ഥരടക്കം വലിയൊരു ജനാവലി പങ്കെടുക്കാറുണ്ട്. പഴം, അപ്പം, പൂമണ്ണ് എന്നിവയടങ്ങുന്ന ശീരണി (പ്രസാദം) നേർച്ചദിനത്തിൽ പള്ളിയിൽ വിതരണം ചെയ്യാറുണ്ട്.

## കുതിരപ്പാറ ജുമാഅത്ത് പള്ളി

'വെർമാന്നൂർ പള്ളി' എന്ന പേരിലറിയപ്പെടുന്ന ഈ മുസ്ലീംപള്ളിക്ക് അഞ്ഞൂറിലേറെ വർഷങ്ങളുടെ പഴക്കമുണ്ടെന്ന് വിശ്വസിക്കപ്പെടുന്നു. കനിശ്ശേരി, ശ്രീ പൂക്കള

ങ്ങര ഭഗവതി ക്ഷേത്രോത്സവമായ കുമ്മാട്ടിയോടനുബന്ധിച്ചുള്ള കണ്യാറിന് മാപ്പിള യുടെ സാന്നിധ്യം അനിവാര്യമാണ്. ഈ സമൂഹത്തിൻെറയും പള്ളിയുടെയും പുരാത നത്തെ ഇത് സൂചിപ്പിക്കുന്നു. എല്ലാ മുസ്ലീം ദിനങ്ങളും ഇവിടെ ആഘോഷിക്കാറുണ്ട്.

ഈ ദേവാലയങ്ങൾ കൂടാതെ പഞ്ചായത്തിൻെറ എല്ലാ വാർഡുകളിലും ഹിന്ദു ക്ഷേത്രങ്ങളുണ്ട്. കൃഷ്ണ, ശിവ, അയ്യപ്പ, ഭഗവതി, മാരിയമ്മ, പരമേശ്വരി ക്ഷേത്രങ്ങൾ പല ഭാഗങ്ങളിലുണ്ട്. വിവിധ സമുദായക്കാരുടെ കുലദൈവങ്ങളും അതിനോട് ചേർന്നുള്ള ദൈവപ്പുരകളും പലയിടങ്ങളിലുമുണ്ട്.

ഹിന്ദുദേവാലയങ്ങളിൽ ശ്രീകൃഷ്ണജയന്തി, നവരാത്രി, ദീപാവലി, തിരുവോണം വിഷു, തിരുവാതിര തുടങ്ങിയ ദിനങ്ങൾ വിവിധ കലാസാംസ്കാരിക പരിപാടിക ളോടെ ക്ഷേത്രങ്ങളിൽ ആഘോഷിക്കാറുണ്ട്. ക്ഷേത്രങ്ങളും മററ് ആരാധനാലയങ്ങളും കലാകേന്ദ്രങ്ങളും കൂടിയായിരിക്കണമെന്ന ഭാരതീയ സംസ്കാരം നിലനിർത്തുവാൻ നമുക്കൊരുമിച്ച് യത്നിച്ചേ മതിയാവൂ,

## അനുഷ്ഠാനകലകൾ നാടൻകലകൾ

ആരാധനാലയങ്ങളോടനുബന്ധിച്ചും, വിവിധ സമുദായങ്ങളുടെ ആചാരാനുഷ്ഠാന ങ്ങളോട് ബന്ധപ്പെട്ടും കുറെയേറെ കലാരൂപങ്ങളും, നാടൻ കലകളും പഞ്ചായത്തിലുണ്ട്

## പൊന്നാനിക്കളി

കുനിശ്ശേരി ശ്രീ വേട്ടയ്ക്കൊ മകൻ ക്ഷേത്രത്തോടനുബന്ധിച്ച് കിഴക്കേത്തറ നായർദേശം നടത്തുന്ന അനുഷ്ഠാനകലയാണ് 'പൊന്നണിഞ്ഞ' കളിയായ പൊന്നാനി കളി. കളിപ്പന്തൽ നിർമ്മാണത്തിനുപയോഗിക്കുന്ന കൊന്ന, അമ്പാഴം മരത്തടികൾ എല്ലാ വർഷവും പുതിയതായിരിക്കണമെന്ന് നിർബന്ധമാണ്. 4 ദിവസങ്ങൾ നീണ്ടു നില്ക്കുന്ന കളിയിൽ ആദ്യം 7 വട്ടക്കളിയും, ഇട്ടിക്കണ്ടപ്പൻ, മാരാർ, പണിക്കർ തുട ങ്ങിയ അവകാശ പുറാട്ടുകളുമാണ് നടത്തുക. തുടർന്ന് വൈഷ്ണവൻ, കുട്ടമലച്ചി, കുട്ടമാരിയമ്മ, തൊട്ടിയൻ, മണ്ണാൻ, മണ്ണാത്തി, കുട്ടചക്കിലിയൻ, കുട്ടമൂടുകർ കുട്ടപ്പൂശാരി, വേട്ടുവകണക്കൻ തുടങ്ങിയ വേഷപുറപ്പാടുകളുടെ അവതരണവുമാണ് നടത്തുക. വട്ടക്കളിയാണ് ഇതിൽ ഏററവും പ്രധാനം. കളിയാശാന്മാരുടെയും മുതിന്നവ രുടെയും കാൽച്ചുവടുകൾക്കൊപ്പം ചെറുപ്പക്കാരും കുട്ടികളും കഴുത്തിൽ പൂമാലയണിഞ്ഞ് കസവുവേഷ്ടിയും, തലപ്പാവും ധരിച്ച് നൃത്തം ചവിട്ടുന്നു. ദേശത്തെ കളിയാശാൻെറ നേതൃത്വത്തിൽ ഒരുമാസം നീണ്ടുനിൽകുന്ന പരിശീലനം ഇതിനുവേണ്ടി നടത്താ റുണ്ട്. കുനിശ്ശേരി തെക്കേത്തറ, വടക്കേതറ നായർ സമുദായത്തിൻെറ പൊന്നാനി കളിയോട് സദൃശമായ ഒരനുഷ്ഠാന കലാരൂപമാണ് എരവക്കളി. കാച്ചിയും കൊടി യുമാണ് മുഖ്യച്ചടങ്ങ്. 3 വട്ടം വട്ടകളിക്കുശേഷം കുറച്ച് പുറാട്ടുകളും നടത്താറുണ്ട്.

ക്ഷയോന്മുഖമായിക്കൊണ്ടിരിക്കുന്ന അനുഷ്ഠാന കലകളാണ് പൊന്നാനികളിയും എറവക്കളിയും തമിഴ്കലർന്ന മലയാള ഭാഷയിലാണ് കളിയിലാണ് ഗാനങ്ങൾ പശ്ചാത്തല സംഗീതത്തിനായി ചെണ്ട ഇലത്താളം എന്നിവ ഉപയോഗിക്കാറുണ്ട്.

## പൊങ്കൽ

കനിശ്ശേരിയിലെ കോലാപ്പാടം, ചെന്നക്കോട്, അമ്മോട്, ചായമൂച്ചി, പാമൂട്ടിൽ, മാടമ്പാറ, പുളമ്പൻകാട് എന്നിവിടങ്ങളിലെ ഈഴവ സമുദായക്കാർ ഒത്തുചേർന്ന് രൂപീകരിച്ച മാടമ്പാറ മാഹാളി സമുദായത്തിന്റെ നേതൃത്വത്തിൽ, മാടമ്പാറയിലെ ക്ഷേത്രം കേന്ദ്രീകരിച്ച് പൊങ്കൽ ആഘോഷം നടത്താറുണ്ട്. പൂക്കളങ്ങൾ കുമ്മാട്ടി മഹോത്സവത്തിന് മുന്നോടിയായി നടത്തുന്ന ഒരു സാമുദിയകഘോഷമാണിത്. താലപ്പൊലിയും, വാദ്യാഘോഷങ്ങളും പൊങ്കലിന്റെ അവിഭാജ്യഘടകങ്ങളാണ്. പൊങ്കൽ ദിവസം പൊറാട്ട് നാടകവും നടത്താറുണ്ട്. അപ്പപ്പോൾ നിർമ്മിക്കുന്ന ഗ്രാമീണ ഗാനശകലങ്ങളും, വാണാക്കം പൊറാട്ടുകളിയുടെ പ്രത്യേകതകളാണ്. പഞ്ചായത്തിന്റെ മററു ചില ഭാഗങ്ങളിലും കണ്ണംമ്പുള്ളി, കാഞ്ഞിരംകാട്, വലിയ മുട്ടിച്ചിറ, ചെറിയ മുട്ടിച്ചിറ, അമ്പലപ്പറമ്പ്, കണിയാർക്കോട്, പാറക്കളം, വടക്കോട്ടുപറമ്പ്, കൂട്ടാലത്തറ, എരിമയൂർ, കിഴക്കേത്തറ, എരിമയൂർ പടിഞ്ഞാറെത്തറ മേലാർകോട്, വടക്കേത്തറ, പല്ലശ്ശാംകുളമ്പ്, പനയമ്പാറ വ്യത്യസ്ത സമുദായക്കാർ വിവിധ ആചാരാനുഷ്ഠാനങ്ങളോടെ നടത്തിവരുന്നുണ്ട്.

### കതിർ – കൂട്ടക്കളം – തോററംപാട്ട്.

പുള്ളോട് ശ്രീ കുറുമ്പഭഗവതി ക്ഷേത്രത്തിൽ ധനുമാസം 1, 2, 3 തിയ്യതികളിൽ മണ്ണാൻ സമുദായത്തിന്റെ അനുഷ്ഠാനമായി 'കൂട്ടക്കളം' നടത്താറുണ്ട്. കളമെഴുതി നടുവിൽ പാൽക്കിണ്ടി വെച്ച് 3 ദിവസം അഖണ്ഡമായി 'തോററംപാട്ട്' ആലപിക്കും. അവസാന ദിവസം അർദ്ധരാത്രിക്ക് കൂടിയിരിക്കുന്ന പലർക്കും 'നിയോഗമു'ണ്ടാവുകയും ചെയ്യും. (വെളിപാട്) 'തപ്പൻ' എന്ന ഈ ചടങ്ങ് അതീവ പ്രാധാന്യമുള്ളതാണ്. തോററം പാട്ടുത്സവം നടത്തുന്നതിനു മുന്നോടിയായി മുളയിൽ നെൽക്കതിരും ഓലയും കെട്ടി ഇളക്കി നടക്കുന്ന 'കതിരിളക്കൽ' എന്ന ചടങ്ങും ഉണ്ടാകാറുണ്ട്. വസൂരി രോഗത്തിന്റെ പിടിയിൽനിന്നും ദേശജനങ്ങളെ മോചിപ്പിക്കുക എന്ന വിശ്വാസമായി ഈ ചടങ്ങുകൾക്ക് ബന്ധമുണ്ട്.

കനിശ്ശേരി അങ്കാളപരമേശ്വരി ക്ഷേത്രം കേന്ദ്രീകരിച്ചും ചെങ്കാരം, പാറക്കുളം എന്നിവിടങ്ങളിലും നടത്തുന്ന പൊങ്കൽ ഉത്സവത്തോടനുബന്ധിച്ച് കുംഭംക്കളി, തീക്കുഴിച്ചാട്ടം, വണ്ടിവേഷങ്ങൾ എന്നിവയും ഉണ്ടാകാറുണ്ട്. വടക്കേത്തറ മാരിയമ്മൻ കോവിലിൽ മേടത്തിൽ നടത്തുന്ന പൊങ്കലിനോടനുബന്ധിച്ച് ദേഹത്ത് തേരുകുത്തി ചങ്ങല വലി, മാവിളക്ക്, കുംഭപൂജ എന്നിവയും നടത്താറുണ്ട്.

എരിമയൂർ മന്ദത്ത് ഭഗവതി ക്ഷേത്രത്തിൽ വടുകസമുദായത്തിന്റെ വകയായി 3 ദിവസം നീണ്ടുനിൽക്കുന്ന മലമക്കളി നടത്താറുണ്ട്. വട്ടക്കളിയും തുടർന്ന് വിവിധ വേഷപ്പുറാട്ടുകളുമടങ്ങുന്ന 'മലക്കളി' വ്യത്യസ്ത സമുദായങ്ങൾ നേരിയ വ്യത്യാസങ്ങളോടെ നടത്താറുണ്ട്. കാളാംപറമ്പ്, കോട്ടാംപെററ, കുളിയാട് എന്നീഭാഗങ്ങളിലും 1 മുതൽ 3 ദിവസംവരെ നീണ്ടു നില്ക്കുന്ന വർണ്ണപ്പകിട്ടുകളുള്ള വേഷപ്പുറാട്ടുകളോടെ മലമക്കളി നടത്താറുണ്ട്. പുള്ളോട് ശ്രീകുറുംബഭഗവതി ക്ഷേത്രത്തിൽ നായർ സമുദായം നടത്തുന്ന 3 ദിവസം നീണ്ടുനില്ക്കുന്ന 'കണ്യാർകളി' പ്രധാനപ്പെട്ട ഒരു കലാരൂപമാണ്

അഞ്ച്കുടി (ആശാരി, മൂശാരി, കൊല്ലൻ, തട്ടാൻ, ശിൽപി) സമൂഹത്തിന്റെ ആരാധനാലയമായ പുള്ളോട് ചീർമ്പക്കാവിൽ മണ്ഡല മാസത്തിൽ വിശേഷ പൂജാദികൾ നടത്താറുണ്ട്. പുള്ളോട് 'ഭഗവതിപ്പാട്ടുസംഘം' ആകാശവാണിയിൽ പരിപാടികൾ അവതരിപ്പിക്കാറുണ്ട്.

## അഗ്രഹാരങ്ങൾ ഉത്സവങ്ങൾ

തമിഴ് ബ്രാഹ്മണർ കൂട്ടത്തോടെ താമസിക്കുന്ന അഗ്രഹാരങ്ങൾ കുനിശ്ശേരി, പാറക്കളം, കൂട്ടാല, വടക്കേത്തറ എന്നിവിടങ്ങളിലുണ്ട്. ഭാഷയിലും, സംസ്ക്കാരത്തിലും, ആചാരാനുഷ്ഠാനങ്ങളിലും തനിമ കാത്തു സൂക്ഷിക്കുന്ന ഈ വിഭാഗത്തിന്റേതായ ക്ഷേത്രങ്ങളും അതിനോടനുബന്ധിച്ചുള്ള ഉത്സവങ്ങളും അഗ്രഹാരങ്ങളെ സജീവമാക്കുന്നു. പ്രധാന ഹൈന്ദവ പുണ്യദിനങ്ങൾ കൂടാതെ ആവണി അവിട്ടം, തൈപ്പൂയ്യം, കാർത്തിക, ശാസ്താപ്രീതി, തുടങ്ങിയ ഉത്സവങ്ങൾ കൊണ്ടാടാറുണ്ട്. കൂട്ടാല, കുനിശ്ശേരി, പാറക്കളം എന്നിവിടങ്ങളിലെ ക്ഷേത്രങ്ങളിൽ വിവിധ ഉത്സവങ്ങൾ നടത്താറുണ്ട്. മേലാർക്കോട് വടക്കേഗ്രാമത്തിലെ ഗണപതിക്കോവിൽ മെയ് മാസത്തിലെ 'ചിത്ര' നക്ഷത്രത്തിൽ നടത്തുന്ന ഉത്സവം പ്രസിദ്ധമാണ്.

## കൊടുങ്ങല്ലൂർ ഭരണി

വാളും ചിലമ്പുമണിഞ്ഞ കോമരങ്ങളുടെ അകമ്പടിയോടെ 'തന്നാരം' പാടി ചെറുസംഘങ്ങളായി നിരവധിയാളുകൾ നമ്മുടെ പഞ്ചായത്തിൽനിന്നും കൊടുങ്ങല്ലൂർ ഭരണിക്ക് പോകാറുണ്ട്. ചുവന്ന പട്ടണിഞ്ഞ് വീടുകൾതോറും കയറിയിറങ്ങുന്ന കോമരങ്ങളും ഭരണിപ്പാട്ടിന്റെ ആരവമുയരുന്ന സായഹ്നങ്ങളും മീനച്ചൂടിനോടൊപ്പം നമ്മളേറ്റുവാങ്ങുന്ന നമ്മുടെ നന്മകളാണ്.

## ശബരിമല

വ്രത ശുദ്ധിയോടെ ആചാരാനുഷ്ഠാനങ്ങൾ പാലിച്ച് ശബരിമല ദർശനം നടത്താനായി പോകുന്ന ജനങ്ങളുടെ എണ്ണം വർഷം തോറും കൂടിവരികയാണ്. പല ഭാഗങ്ങളിലും അയ്യപ്പ ക്ഷേത്രങ്ങളെ കേന്ദ്രീകരിച്ച് അയ്യപ്പൻ വിളക്കും അയ്യപ്പൻ പാട്ടുകളും നടത്താറുണ്ട്. തിരക്കുപിടിച്ച ജീവിതപ്പാച്ചിലിൽ ശരീരവും മനസ്സും വിമലീകരിക്കുവാനുള്ള ഇത്തു തീർത്ഥയാത്ര ഒരു സാധാരണ ജീവിത ചര്യയായി മാറുകയാണോ?

## പത്രം മാധ്യമങ്ങൾ

മാതൃഭൂമി, മലയാള മനോരമ, കേരളകൗമുദി, ദേശാഭിമാനി,മാധ്യമം, ദിഹിന്ദു, എക്സ്പ്രസ്സ് തുടങ്ങിയവയാണ് പ്രചാരമുള്ള വർത്തമാന പത്രങ്ങൾ പത്രം വാങ്ങിക്കുന്ന കുടുംബങ്ങളുടെ എണ്ണം താരതമ്യേന കുറവാണ്. മനോരമ, മംഗളം, മനോരാജ്യം മാതൃഭൂമി എന്നിവയാണ് കൂടുതൽ പ്രചാരമുള്ള വാരികകൾ, സിനിമാ പ്രസിദ്ധീകരണങ്ങളുടെ പ്രചാരം കൂടുകയും ഗുണമേന്മയുള്ള വാരികകളുടെ പ്രചാരം കുറയുകയുമാണ് ചെയ്തുകൊണ്ടിരിക്കുന്നത്.

ടെലിവിഷൻ കേബിൾ ശൃംഖലകളുടെ വ്യാപനവും സിനിമയുടെ അതി പ്രസരവും നമ്മുടെ കലാസാംസ്കാരിക രംഗത്തെ ജീർണ്ണതക്ക് കാരണങ്ങളാണ്. ജന ങ്ങളുടെ വായനാശീലം ഗണ്യമായി കുറഞ്ഞിരിക്കുന്നു. വായനയധികവും നിലവാരം കുറഞ്ഞ വാരികകളിലും പുസ്തകങ്ങളിലുമൊതുങ്ങുന്നു, മദ്യപാനം മൂലം ദുരിതമനുഭവി ക്കുന്ന ചില കുടുംബങ്ങൾ പഞ്ചായത്തിലുണ്ടെന്നും സ്ത്രീകൾക്കെതിരെയുള്ള അതിക്രമ ങ്ങൾ താരതമ്യേന കുറവാണെന്നുമാണ് ഗ്രാമസഭാറിപ്പോർട്ടുകൾ കാണിക്കുന്നത്. വിദ്യാഭ്യാസ ശാസ്ത്ര സാങ്കേതിക മേഖലകളുടെ വികാസം പല സാമൂഹികാനാചാര ങ്ങളേയും തുടച്ചു മാററിയിട്ടുണ്ടെങ്കിലും വിശ്വാസങ്ങളുടെ പേരിൽ പുതിയ ചിലവ യുടെ രംഗ പ്രവേശവും കാണുന്നുണ്ട്. വിവാഹാദിച്ചടങ്ങുകളുടെ വർദ്ധിച്ചു വരുന്ന ആർഭാടം കുടുംബങ്ങളുടെ മാത്രമല്ല സമൂഹത്തിന്റെ തന്നെ സമ്പദ്ഘടനയെ ബാധി ക്കുന്നുണ്ട്. ബോധപൂർവ്വമായ ശ്രമങ്ങളിലൂടെ മാത്രമെ ഇവയെ മറികടക്കുവാൻ നമുക്കാ വുകയുള്ളു.

കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്, നെഹ്റു യുവക്കേന്ദ്ര, ബാലജനസഖ്യം തുടങ്ങിയ സന്നദ്ധ സംഘടനകളുടെ പ്രവർത്തനങ്ങൾ സാമൂഹ്യ സാംസ്കാരിക രംഗ ങ്ങളിൽ ചലനങ്ങളുണ്ടാക്കുന്നുണ്ട്. 1986-ൽ സ്ഥാപിതമായ കുനിശ്ശേരി പൗര സമിതി സന്നദ്ധ സേവന രംഗത്ത് ശ്രദ്ധേയമായ പ്രവർത്തനങ്ങളിൽ നടത്തുന്ന ഒരു സംഘടന യാണ്.

പഞ്ചായത്തിന്റെ സാക്ഷരതാ നിരക്ക് 1991 സെൻസസ് റിപ്പോർട്ടു പ്രകാരം 65.43 ശതമാനമാണ്. കേരളത്തിന്റെ സാംസ്കാരികാന്തരീക്ഷത്തിൽ നിറഞ്ഞു നിന്നി രുന്ന സാക്ഷരതാ പ്രവർത്തനങ്ങൾക്കുശേഷം നിരക്ക് 85 ശതമാനത്തിലെത്തിയിട്ടു ണ്ടെങ്കിലും മിക്കവാറും വാർഡുകളിൽ നിരക്ഷരർ ഏറെയുണ്ടെന്നാണ് ഗ്രാമസഭാ റിപ്പോർട്ടുകൾ കാണിക്കുന്നത്. തുടർ സാക്ഷരതാ പ്രവർത്തനങ്ങളുടെ അനിവാര്യത യിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്. അനൗപചാരിക വിദ്യാഭ്യാസ പ്രവർത്തന ങ്ങൾ വ്യക്തമായ കർമ്മ പരിപാടികളോടെ ആവിഷ്ക്കരിച്ച് സന്നദ്ധ സംഘടന കലാ സാംസ്കാരിക സംഘടനകൾ എന്നിവയിലൂടെ നടപ്പിലാക്കുവാൻ നാം ശ്രമി ക്കേണ്ടിയിരിക്കുന്നു.

കലാ സാംസ്കാരിക സംഘടനകളിലെ സ്ത്രീ പങ്കാളിത്തം നാമമാത്രമാണ്. സമൂഹത്തിന്റെ മുഖ്യ ധാരയിൽ സജീവമായി കാണുന്ന സ്ത്രീകൾ വിരളമാണ്. സ്ത്രീ കൾക്കെതിരെയുള്ള അതിക്രമങ്ങൾ താരതമ്യേന കുറവാണെങ്കിലും നാം ജാഗരൂക രായേ പററൂ. മദ്യപാനം മൂലം ദുരിതമനുഭവിക്കുന്ന കുടുംബങ്ങൾ പല ഭാഗത്തും

ഉണ്ടെന്നാണ് ഗ്രാമസഭാ റിപ്പോർട്ടുകൾ കാണിക്കുന്നത്. നിരന്തരമായ ബോധവല്ക്കരണ പ്രവർത്തനങ്ങളിലൂടെ മാത്രമെ ഈ പ്രവണതകളെ നമുക്ക് ചെറുക്കുവാൻ കഴിയുകയുള്ളു. നമ്മുടെ മാത്രമെന്ന് ഊററംകൊള്ളുന്ന പല നാടൻ അനുഷ്ഠാന കലാരൂപങ്ങളും അതിശീഘ്രം മാറിക്കൊണ്ടിരിക്കുന്ന സാംസ്കാരികാഭിരുചികളിൽ ക്ഷയിച്ചുകൊണ്ടിരിക്കുകയാണ്. ഈ കലകളുടെ പുനരുദ്ധാരണത്തിലൂടെ ഒരു സാംസ്കാരിക നവോത്ഥാനത്തിന് നമുക്ക് സജ്ജരാകേണ്ടിയിരിക്കുന്നു.

## കായിക രംഗം

വിവിധ രൂപത്തിലുള്ള പന്തുകളികൾ, അലങ്ക്, മാസ്കളി, കന്നതെളി തുടങ്ങിയ നാടൻ കളികളുടെ ഉരുത്തിരിഞ്ഞുവന്ന ഒരു കായിക സംസ്കാരമാണ് നമുക്കുള്ളത്. ഉറച്ച ശരീരത്തിലേ ഉറച്ച മനസ്സുണ്ടാവുകയുള്ളു എന്ന് വിശ്വസിച്ചിരുന്ന നമ്മുടെ പൂർവ്വികരെ സംബന്ധിച്ചിടത്തോളം ശാരീരിക ക്ഷമത നിലനിർത്തുവാനായി ബോധപൂർവ്വം ശ്രമിക്കേണ്ട ആവശ്യമുണ്ടായിരുന്നില്ല. അവരുടെ ജീവിതചര്യയിൽ ഒഴിച്ചു കൂടാനാവാത്തതായിരുന്നു ശാരീരികാദ്ധ്വാനം. എങ്കിലും കരുത്തിന്റെ മാററുരയ്ക്കുന്ന മത്സരങ്ങളിലൂടെ സമ്പന്നമായൊരു കായിക സംസ്കാരം വളർത്തിയെടുക്കുവാൻ അവർ ശ്രമിച്ചിരുന്നു.

അത്‌ലററിക്സ്, ഫുട്ബോൾ, വോളിബോൾ, ബാഡ്മിൻറൺ, നീന്തൽ എന്നീ രംഗങ്ങളിൽ മികവു പുലർത്തിയിരുന്ന ഒരുപിടി കായിക താരങ്ങൾ നമുക്കുണ്ടായിരുന്നു. സ്കൂൾ തല മൽസരങ്ങളിലും, ജില്ലാ, സംസ്ഥാന തല മൽസരങ്ങളിലും സമ്മാനങ്ങൾ നേടിയിരുന്ന പലരും നമ്മുടെ പഞ്ചായത്തിലുണ്ടായിരുന്നു. ഇപ്പോഴും കായിക രംഗത്ത് ശ്രദ്ധിക്കപ്പെടുന്ന കുറച്ചുപേർ നമുക്കിടയിലുണ്ട്. നരിപ്പാറയിലെ കണ്ണൻകുട്ടി സംസ്ഥാനതലത്തിലും ദേശീയ തലത്തിലും ശ്രദ്ധിക്കപ്പെടുന്ന അത്‌ലററാണ്. നീന്തലിൽ സംസ്ഥാന തലത്തിൽ (സ്കൂൾ) സമ്മാനം നേടിയ ജീജയും, ദേശീയ സ്കൂൾ ഗെയിംസിൽ (നീന്തൽ) സമ്മാനം നേടിയ പ്രസാദും പഞ്ചായത്തിന്റെ അഭിമാനങ്ങളാണ്. ജില്ലാതല വോളീബോൾ മൽസരങ്ങളിൽ സമ്മാനങ്ങൾ നേടിയിട്ടുള്ള ശില്പി സ്പോർട്ട്സ് ക്ലബ്ബിൽ ചില മികച്ച വോളീബോൾ കളിക്കാരുണ്ട്, ഹാൻഡ്ബാൾ, ക്രിക്കററ്, കബഡി, ഫുട്ബോൾ ടീമുകൾ ചില സ്പോർട്ട്സ് ക്ലബ്ബുകൾക്കുണ്ട്. ക്ഷേത്രങ്ങളോട് ചേർന്ന മൈതാനങ്ങൾ കളിസ്ഥലങ്ങളായി ഉപയോഗിക്കാറുണ്ട്. കുനിശ്ശേരി എരിമയൂർ ഹൈസ്കൂളുകളോടനുബന്ധിച്ച് ഭേദപ്പെട്ട കളിസ്ഥലങ്ങളുണ്ട്. കുനിശ്ശേരിയിൽ നടത്തുന്ന കരാട്ടേ സ്കൂളിൽ ഇരുപത്തഞ്ചോളം

യുവാക്കളുടെ പങ്കാളിത്തമുണ്ട്. കായിക പ്രതിഭകളെ വാർത്തെടുക്കുവാൻ പററിയ കുറെ പരിശീലകർ നമ്മുടെ പഞ്ചായത്തിലുണ്ട്. സംസ്ഥാന തലത്തിൽ അറിയപ്പെടുന്ന കായികാദ്ധ്യാപകരാണ് കുനിശ്ശേരിയിലെ ബാലചന്ദ്രൻ, വേണുദാസൻ സഹോദരന്മാർ കൂടാതെ പത്തിൽ കൂടുതൽ കായികാദ്ധ്യാപകർ നമ്മുടെ പഞ്ചായത്തിലുണ്ട്. സംസ്ഥാന തലത്തിൽ അറിയപ്പെടുന്ന കോച്ചാണ് ശ്രീ. എ. വിജയൻ എരിമയൂരിലെ ശ്രീ. പൃഥിരാജും പഞ്ചായത്തിന്റെ കായിക രംഗത്തെ വളർച്ചയിൽ നല്ല പങ്കുവഹിച്ചയാളാണ്. ദേശീയ തലത്തിൽ അറിയപ്പെടുന്ന രണ്ട് സർക്കസ് കലാകാരികൾ എരിമയൂരിലുണ്ട്.

എണ്ണത്തിൽ കൂടുതലുള്ള സ്പോർട്ട്സ് ക്ലബ്ബുകളുടെ പ്രവർത്തനം ഒട്ടും തൃപ്തികരമല്ല. മിക്ക ക്ലബ്ബുകളും കാരംസ് ചെസ് തുടങ്ങിയ ഇൻഡോർ കളികളിലൊതുങ്ങുന്നു. വ്യക്തമായ ലക്ഷ്യബോധമോ ശാസ്ത്രീയമായ പരിശീലന സമ്പ്രദായങ്ങളോ മിക്ക ക്ലബ്ബുകൾക്കുമില്ല. വിനോദം എന്ന ഉപരിതല സ്പർശിയായ ലക്ഷ്യം മാത്രം കണ്ടുകൊണ്ടാണ് പല ക്ലബ്ബുകളും പ്രവർത്തിക്കുന്നത്. വ്യക്തമായ ദിശാബോധം ഉണ്ടാക്കുവാനോ ഇച്ഛാശക്തി വളർത്തുവാനോ സ്പോർട്ട്സ്മാൻ സ്പിരിററ് സൃഷ്ടിക്കുവാനോ ക്ലബ്ബുകളുടെ പ്രവർത്തനം തീരെ സഹായകരമാകുന്നില്ല. പൊതു കളിസ്ഥലങ്ങളുടെ അപര്യാപ്തയും സാമ്പത്തിക ബുദ്ധിമുട്ടുകളും പ്രധാന പ്രതിബന്ധങ്ങളാണ്. മിക്ക ക്ലബ്ബുകൾക്കും സ്പോർട്ട്സ് ഉപകരണങ്ങൾ നാമമാത്രമെയുള്ളു സ്ത്രീകൾ കുട്ടികളൊഴികെ കായിക രംഗത്ത് സ്ത്രീകൾ തീരെയില്ലെന്നുതന്നെ പറയാം.

നിലവിലുള്ള പൊതുകളിസ്ഥലങ്ങൾ സംരക്ഷിക്കുകയും പുതിയവ കണ്ടെത്തുവാനുള്ള നടപടികൾ സ്വീകരിക്കുകയും വേണം. സ്പോർട്ട്സ് ഉപകരണങ്ങൾ എല്ലാ ക്ലബ്ബുകൾക്കും വിതരണം ചെയ്യണം. പഞ്ചായത്തു തലത്തിൽ മൽസരങ്ങൾ സംഘടിപ്പിക്കുകയും വേണ്ട പ്രോത്സാഹനങ്ങൾ നൽകുകയും ചെയ്യണം. പഞ്ചായത്തിലെ കായികാദ്ധ്യാപകരുടെ സേവനം ഉപയോഗപ്പെടുത്തുവാൻ സംവിധാനമുണ്ടാക്കണം. പ്രൈമറി സ്കൂളുകളിൽ കായിക പരിശീലനത്തിന് ഊന്നൽ കൊടുത്ത് കുരുന്നിലെ പ്രതിഭകളെ കണ്ടെത്തണം. കായിക രംഗത്തിന്റെ വളർച്ച എല്ലാ മേഖലകളുടെയും വളർച്ചയുടെ ഗതിവേഗം കൂട്ടുമെന്നത് കൊണ്ട് നമുക്ക് ഈ രംഗത്ത് ഒത്തൊരുമിച്ച് കുറെയേറെ കാര്യങ്ങൾ ചെയ്യേണ്ടിയിരിക്കുന്നു.





## ******* — എരിമയൂർ ഗ്രാമപഞ്ചായത്ത് — *******

| നമ്പർ | സംഘടനയുടെ പേര് | സ്ഥാപിച്ച വർഷം | അംഗങ്ങൾ | പ്രവർത്തന മേഖല |
|---|---|---|---|---|
| 1 | പഞ്ചായത്ത് സാംസ്കാരിക നിലയം കുനിശ്ശേരി | 1957 | 518 | വായനശാ[illegible] റീഡിംഗ് റൂ[illegible] |
| 2 | ഗാന്ധി മെമ്മോറിയൽ വായനശാല എരിമയൂർ | 1950 | 200 | വായനശാല കലാരംഗം |
| 3 | ചൈതന്യ ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ് മലക്കളം | 1991 | 50 | കലാകായി[illegible] രംഗം |
| 4 | ഉദയാ ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ് പുള്ളോട്ട് | 1990 | 75 | കലാകായി[illegible] രംഗം |
| 5 | ജ്യോതി ഗ്രാമീണ വായനശാലമാടമ്പാറ | 1967 | 170 | കലാകായിക[illegible] |
| 6 | സുരഭി ആർട്ട്സ് & സ്പോർട്ട്സ് ക്ലബ് പാറക്കളം | 1993 | 40 | കലാകായി[illegible] രംഗം |
| 7 | സംഗമം ആർട്ട്സ് & സ്പോർട്ട്സ് ക്ലബ് കണ്ണംമ്പുള്ളി | 1988 | 50 | കലാരംഗം |
| 8 | സമ്മനസ്സ് കുതിരപ്പാറ ആർട്ട്സ് ക്ലബ് | 1996 | 75 | കലാകായിക[illegible] |
| 9 | ഗ്യാലക്സി ആർട്ട്സ് & സ്പോർട്ട്സ് ക്ലബ് കുതിരപ്പാറ | 1994 | 25 | കായികരംഗ[illegible] |
| 10 | ശ്രുതി ആർട്ട്സ് & സ്പോർട്ട്സ് ക്ലബ് നരിപ്പൊററ | 1986 | 100 | കലാകായി[illegible] രംഗം |
| 11 | ജയ കൈരളി ആർട്ട്സ് & സ്പോർട്ട്സ് ക്ളബ് കാഞ്ഞിരംകാട് | 1995 | 50 | കലാകായി[illegible] രംഗം |
| 12 | മൈത്രി ആർട്ട്സ് & സ്പോർട്ട്സ് ക്ലബ് ആനസ്ഥാംപറമ്പ് | 1991 | 30 | കലാരംഗം |
| 13 | യുണൈറഡ് ആർട്ട്സ് & സ്പോർട്ട്സ് ക്ലബ് അണിക്കരത്തി | 1990 | 40 | കലാകായിക[illegible] രംഗം |
| 14 | ശില്പി ആർട്ട്സ് & സ്പോർട്ട്സ് ക്ലബ് കുതിരപ്പാറ | 1984 | 30 | കായികരംഗ[illegible] |
| 15 | രാഗം ആർട്ട്സ് & സ്പോർട്ട്സ് ക്ലബ് അമ്പലവളവ് | 1988 | 50 | കലാകായിക[illegible] രംഗം |
| 16 | യുവധാര കുനിശ്ശേരി | 1995 | 75 | കലാരംഗം |
| 17 | കവിത ആർട്ട്സ് & സ്പോർട്ട്സ്ക്ലബ് പരുത്തിക്കാട് | 1994 | 40 | കലാരംഗം |
| 18 | യുവജന കലാസമിതി പുള്ളോട് | 1980 | 150 | കലാകായിക[illegible] |
| 19 | പൗർണ്ണമി ആർട്ട്സ് & സ്പോർട്ട്സ് ക്ലബ് പരുത്തിക്കാട് | 1993 | 40 | കലാരംഗം |
| 20 | എസ്. കെ. എസ്. വായധശാല കോട്ടാംപ്പൊററ | 1985 | 100 | കലാരംഗം |
| 21 | ജുവൻസ് ആർട്ട്സ് & സ്പോർട്ട്സ് ക്ലബ് എരിമയൂർ | 1991 | 50 | കായികരംഗ[illegible] |
| 22 | ദീപം ആർട്ട്സ് & സ്പോർട്ട്സ് ക്ലബ് കുട്ടാല | 1990 | 50 | കലാകായിക[illegible] രംഗം |
| 23 | ഡോ. അബേദ്കർ സ്മാരക വായനശാല കുട്ടാല | 1975 | 70 | കലാരംഗ[illegible] |

******* — എരിമയൂർ ഗ്രാമ പഞ്ചായത്ത് — *******




# 5

## 6

## കുടിവെള്ളം

കിണറുകളും, കുളങ്ങളും വററാത്ത ജലസ്രോതസ്സുകളായി വർത്തിച്ച ഒരു ഭൂതകാലമായിരുന്നു നമുക്കുണ്ടായിരുന്നത്. ദാഹിച്ച നടന്നിരുന്ന പഥികർക്ക് കുടിവെള്ളവും സംഭാരവും നല്കിയിരുന്ന തണ്ണീർ പന്തലുകൾ ഒരു പ്രാക്തന സംസ്കൃതിയുടെ ശേഷിപ്പുകളായി പഞ്ചായത്തിൻെറ ചിലഭാഗങ്ങളിൽ ഇപ്പോഴും കാണാം. ജലം ഒരു പൊതുസ്വത്താണെന്ന് തിരിച്ചറിഞ്ഞിരുന്ന നമ്മുടെ പൂർവ്വികർ ജലസ്രോതസ്സുകളുടെ സംരക്ഷണം ഒരു സാമൂഹിക ഉത്തരവാദിത്തമായി കണക്കാക്കിയിരുന്നു.

1950–60 കാലഘട്ടങ്ങളിൽ എടുത്തു പറയത്തക്ക ശുദ്ധജല വിതരണ പദ്ധതികളൊന്നുംതന്നെ എരിമയൂർ പഞ്ചായത്തിലുണ്ടായിരുന്നില്ല. എങ്കിലും എരിമയൂർ മണിയിൽക്കിണറിൽനിന്നും ഒരു ചെറിയ ശുദ്ധജല വിതരണ പദ്ധതി കമ്മ്യൂണിററി പ്രോജക്ടിൻെറ ഭാഗമായി നിലവിലുണ്ടായിരുന്നു. ഭൂരിഭാഗം ജനങ്ങളും സ്വകാര്യ കിണറുകളെയാണ് ആശ്രയിച്ചു വന്നിരുന്നത്. വേനൽക്കാലത്ത് കുടിവെള്ളക്ഷാമം

രൂക്ഷമാകുമ്പോൾ കിലോമീററുകൾ താണ്ടിയാണ് പലരും വെള്ളം കൊണ്ടുവന്നിരുന്നത്. പഞ്ചായത്തിൻെറ അഞ്ച് വാർഡുകളിലൂടെ ഒഴുകുന്ന ഗായത്രി പുഴയിൽ അവിടവിടെയായി 'ചേണി' എന്നറിയപ്പെടുന്ന ചെറിയ കുഴികൾ ഉണ്ടാക്കി 3, 4, 5, 6, 10, 11 എന്നീ വാർഡുകളിലെ ജനങ്ങൾ കുടിവെള്ളം എടുത്തിരുന്നു. 1970 കാലഘട്ടംവരെ വേനൽക്കാലത്തും വെള്ളം ഒഴുകിയിരുന്ന ഭാരതപ്പുഴയുടെ ഈ പോഷകനദിയുടെ അടുത്തുള്ള കിണറുകൾ വററാത്ത ശുദ്ധജലസ്രോതസ്സുകളായി നിലനിന്നിരുന്നു. പരിസ്ഥിതിയിലെ മാററം വേനൽക്കാലങ്ങളിൽ പുഴയെ അക്ഷരാർത്ഥത്തിൽ നിർജ്ജലമാക്കിയത് സമീപത്തുള്ള കിണറുകളും കുളങ്ങളിലും പ്രതിഫലിച്ചു. ഇപ്പോൾ പഞ്ചായത്തിൻെറ ഏറെക്കുറെ എല്ലാ വാർഡുകളിലും കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നുണ്ട്. ചിലപ്രദേശങ്ങളിൽ രൂക്ഷമായി അനുഭവപ്പെടുന്ന കുടിവെള്ളക്ഷാമം നമ്മുടെ പഞ്ചായത്തിലെ ജനങ്ങൾ നേരിടുന്ന ഏററവും പ്രധാന പ്രശ്നമാണ്. എല്ലാ ഗ്രാമസഭകളിലും സജീവമായി ചർച്ച ചെയ്യപ്പെട്ടിട്ടുള്ള പ്രശ്നവും മറെറാന്നല്ല.

പഞ്ചായത്തിലെ പ്രധാന കുടിവെള്ളസ്രോതസ്സ് തുറന്ന കിണറുകളാണ്. ആകെയുള്ള 6880 വീടുകളിൽ 1305 കിണറുകളുണ്ട്. സ്വകാര്യ കിണറുകളും പൊതു കിണറുകളും ഇതിലുൾപ്പെടുന്നു. സ്വകാര്യ വ്യക്തികളുടെ വീടുകളിലും പൊതുമേഖലയിലും കുഴൽ കിണറുകളുണ്ട്. കുഴൽ കിണറുകളുടെ എണ്ണം കൂടിവരികയാണ്. പട്ടിക 1–ൽ പ്രധാന ശുദ്ധജലസ്രോതസ്സുകൾ ചേർത്തിരിക്കുന്നു.

ശുദ്ധജല വിതരണത്തിനായി കുനിശ്ശേരി പദ്ധതി, പാറക്കുളം പദ്ധതി, എരിമയൂർ പദ്ധതി, പുള്ളോട് പദ്ധതി എന്നിങ്ങനെ നാലു പദ്ധതികൾ നിലവിലുണ്ട്. പഞ്ചായത്തിലെ 80% ജനങ്ങളും സ്വകാര്യ പൊതു കിണറുകളെയാണ് ഇന്നും ആശ്രയിച്ചു വരുന്നത്. 20% ജനങ്ങൾ പൊതുശുദ്ധ ജലവിതരണ പദ്ധതികളെയും കുഴൽ കിണറുകളെയും ആശ്രയിച്ചുവരുന്നു.

വേനൽക്കാലത്ത് നമ്മളനുഭവിക്കുന്ന രൂക്ഷമായ കുടിവെള്ള ക്ഷാമം നേരിടുവാൻ സമഗ്രമായ ഒരു പദ്ധതി ആവിഷ്കരിച്ചേ മതിയാവൂ. ചില പ്രദേശത്തുകാർക്ക് കുടിവെള്ളത്തിനായി ഇന്നും ഒരു കിലോ മീററർ വരെ സഞ്ചരിക്കേണ്ടിവരുന്നു എന്നത് വിശ്വസിക്കാനാവാത്ത ഒരു യാഥാർത്ഥ്യമാണ്. നമുക്കുള്ള ജലസ്രോതസ്സുകളെ കാര്യക്ഷമമായി ഉപയോഗപ്പെടുത്തുവാനും ശുദ്ധജല പദ്ധതികളെ പരമാവധി പ്രയോജനപ്പെടുത്തുവാനും സത്വര പരിപാടികൾ നമുക്ക് ആവിഷ്കരിക്കേണ്ടിയിരിക്കുന്നു. മിക്ക പൊതു ടാപ്പുകളിൽ നിന്നും ആവശ്യാനുസാരം ജലം ലഭിക്കുന്നില്ല, പ്രത്യേകിച്ച് ഉയർന്ന പ്രദേശങ്ങളിലെ ജനങ്ങൾക്ക് വെള്ളം ധൂർത്തു ചെയ്യുന്ന പ്രവണതയും ചില ഭാഗങ്ങളിൽ ദൃശ്യമാണ്.

കുടിവെള്ള ക്ഷാമത്തിൻെറ ഏററവും വലിയ പാർശ്വ ഫലമായി ജലജന്യ രോഗബാധ നമ്മുടെ പഞ്ചായത്തിൽ വളരെ കൂടുതലാണ്. കഴിഞ്ഞ 5 വർഷങ്ങളിൽ കുടിവെള്ള ക്ഷാമം രൂക്ഷമാകുന്ന സമയങ്ങളിൽ വയറിളക്കം ഛർദ്ദി അതിസാരം, വയറുകടി തുടങ്ങിയ ജലജന്യ രോഗങ്ങൾ ബാധിച്ചവരുടെ എണ്ണം ക്രമാനുഗതമായി വർദ്ധിച്ചിരിക്കയാണ്. 1995–96 വർഷത്തിൽ 487 പേർക്ക് ജലജന്യ രോഗങ്ങൾ ബാധിക്കുകയുണ്ടായി. വെള്ളക്ഷാമം വളരെ അധികമാകുമ്പോൾ ഗുണത്തെകുറിച്ചാലോചിക്കാതെ കിട്ടുന്ന വെള്ളം ഉപയോഗിക്കുന്നവരിലാണ് രോഗബാധ കൂടുതലെന്ന് പഠനങ്ങൾ

കാണിക്കുന്നു. വെള്ളത്തിന്റെ ക്ഷാമം നിമിത്തം കക്കൂസുകൾ പ്രായോഗികമല്ലാത്തതു കൊണ്ട് വെളിയിൽ മലവിസർജ്ജനം നടത്താൻ പലരും നിർബന്ധിക്കപ്പെടുന്നുണ്ട്. ഇതും പലതരം പകർച്ച വ്യാധികളുണ്ടാക്കാൻ കാരണമാകുന്നു.

പഞ്ചായത്തിലെ പതിനൊന്ന് വാർഡുകളിൽ രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങൾ വാർഡടിസ്ഥാനത്തിൽ താഴെ പറയുന്നവയാണ്.

വാർഡ് 1:– ഈ വാർഡിൽ പൊതുവെ വ്യാപകമായി കുടിവെള്ള ക്ഷാമമുണ്ട്. പൊതു ശുദ്ധജല വിതരണ പദ്ധതിയോ പൈപ്പ് ലൈനുകളോ തീരെയില്ല ആമൂർ പാടം, നാവിളംകുളമ്പ്, കുരുവക്കോട് അയ്യപ്പൻകാട്, വയ്യാങ്കുന്ന്, പടേററി, അരിയാക്കാട്, ചാത്തങ്കോട്, I. H. D. P. കണ്ടകാട്, ചമ്പുകാട് എന്നീ പ്രദേശങ്ങളിൽ രൂക്ഷമായ കുടിവെള്ളക്ഷാമമുണ്ട്.

വാർഡ് 2:– കവറപ്പാറ, കയറംപാറ, ചേരാനാട്, വടുകത്തറ എന്നീ പ്രദേശങ്ങളിൽ രൂക്ഷമായ കുടിവെള്ള ക്ഷാമമുണ്ട്.

വാർഡ് 4:– പുള്ളുവത്തറ, മുട്ടിച്ചിറ, പുതുവപ്പറമ്പ്, നമ്പൂരിക്കാട്, മുഴയൻ മൂച്ചി, തോട്ടപാലം, കലയൻ പറമ്പ് തേനാരി പറമ്പ് മേലേപ്പുര, കൊട്ടക്കര കുന്നം കാട് എന്നീ പ്രദേശങ്ങളിൽ രൂക്ഷമായ കുടിവെള്ളക്ഷാമമുണ്ട്.

വാർഡ് 5:– ദേവസ്വം കുളമ്പ്, പന്തലാംകോട്, ലക്ഷം വീട് കോളനി, കുറുക്കം പറമ്പ്, ഇരുചിത റോഡ്, ചിതലിമല, ഒട്ടകിൻ കാട് എന്നീ പ്രദേശങ്ങളിൽ രൂക്ഷമായ കുടിവെള്ള ക്ഷാമം ഉണ്ട്. ഈ പ്രദേശങ്ങളിൽ പൊതു ശുദ്ധജല വിതരണ സംവിധാനം തീരെയില്ല. കൂടാതെ കുമ്പാരത്തറ അമ്പലവട്ടം എന്നിവിടങ്ങളിലും കുടിവെള്ളക്ഷാമമുണ്ട്.

വാർഡ് 3: ചുള്ളിമട, കരിഞ്ഞാലി, കലയംപറമ്പ് എന്നിവിടങ്ങളിൽ കുടിവെള്ളക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്നുണ്ട്. ഈ പ്രദേശങ്ങളിൽ പൊതു ശുദ്ധജല വിതരണ സംവിധാനം തീരെ എത്തിയിട്ടില്ല.

വാർഡ് 6: ഊർക്കളം, കാളാംപറമ്പ്, കോട്ടാംപൊററ കുളിയാട്, വടക്കേത്തറ കമ്പോളം, വയ്ക്കത്തെപൊററ, R C കമ്പോളം കൊടപാറ, കൊല്ലത്തറ ദേവസ്വംകുളമ്പ് IHDP കോളനി എന്നിവിടങ്ങളിൽ കുടിവെള്ളക്ഷാമം ഉണ്ട്.

വാർഡ് 7: മരുതക്കോട്, ചെമ്പൻപുള്ളി, കൂട്ടാല പെരിഞ്ചാറോഡ്, വെമ്പ്രം കോട്, അരണക്കോട്, കവറത്തറ, പനയമ്പാറ, കല്ലങ്കാട് എന്നിവിടങ്ങളിൽ രൂക്ഷമായ കുടിവെള്ളക്ഷാമമുണ്ട്.

വാർഡ് 8: പാറക്കുളം, കുതിരപ്പാറ, കോലിയംപാടം, കരിയങ്കാട്, ഒണൽ പറമ്പ്, അത്തിക്കോട് പരുത്തിക്കാട്. അരിയക്കോട്, കണ്ണമ്പുള്ളി എന്നിവിടങ്ങളിൽ രൂക്ഷമായ കുടിവെള്ള ക്ഷാമമുണ്ട്.

വാർഡ് 9: കിഴക്കേത്തറ, പണ്ടാരക്കളം, ഹരിജൻ കോളനി, കന്നിൽ, അമ്പല പ്പറമ്പ്, അണിക്കരുത്തി, കുന്നമ്പാറ, പുത്തൻഗ്രാമം എന്നിവിടങ്ങളിൽ രൂക്ഷമായ കുടി വെള്ളക്ഷാമമുണ്ട്.

വാർഡ് 10: മാടമ്പാറ, ചായംമൂച്ചി, പുളമ്പൻകാട്, ചെന്നൻകോട്, മല ക്കാട്, വെണ്ണക്കോട്, തോട്ടത്തിൽ, ചെറുപ്പുളിച്ചി, കരുപ്പൻകാട്, ചാവുക്കാട് എന്നീ പ്രദേശങ്ങളിൽ രൂക്ഷമായ കുടിവെള്ള ക്ഷാമമുണ്ട്.

വാർഡ് 11: അങ്കമാശ്ശാല, കിഴക്കേത്തറ, ആനക്കാംപറമ്പ്, നെല്ലിക്കൊറ, നരിപ്പൊററ, കല്ലായിൽക്കളം, പിഷാരത്ത് കളം, കാരക്കാട് എന്നീ സ്ഥലങ്ങളിലും കുടിവെള്ള ക്ഷാമമുണ്ട്.

## ശുദ്ധജല സ്രോതസുകൾ പട്ടിക 1

| കിണറുകൾ | | | | കുഴൽ കിണറുകൾ | മൊത്തം കിണറുകൾ |
|---|---|---|---|---|---|
| പൊതു കിണറുകൾ | | സ്വകാര്യ കിണറുകൾ | | | |
| വെള്ളം ഉള്ളത് | വെള്ളം ഇല്ലാത്തത് | വെള്ളം ഉള്ളത് | വെള്ളം ഇല്ലാത്തത് | | |
| 15 | 14 | 255 | 1020 | 20 | 1324 |

## പട്ടിക 2

### KWA പദ്ധതികൾ — പൊതു ടാപ്പുകൾ

| പാറ കളം | കുനിശ്ശേരി | എരിമയൂർ | പുള്ളോട് | മൊത്തം ടാപ്പുകൾ | സ്വകാര്യ കണക്ഷൻ |
|---|---|---|---|---|---|
| 10 | 42 | 58 | 12 | 122 | 184 |

### കുഴൽകിണർ

| വാർഡ് | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|
| എണ്ണം | 1 | 3 | 2 | 1 | 2 | 2 | 1 | 3 | — | 3 | 2 | 20 |

## പ്രധാന പ്രശ്നങ്ങൾ

1 പഞ്ചായത്തിൽ മിക്കവാറും എല്ലാ വാർഡുകളിലും കുടിവെള്ള ക്ഷാമമുണ്ട്. പല സ്ഥലങ്ങളിലും ഇത് വളരെ രൂക്ഷമാണ്. ഈ പ്രദേശങ്ങളിൽ പലർക്കും ശരാശരി 0.700 കി. മീ. കൂടുതൽ ദൂരം സഞ്ചരിക്കേണ്ടി വരുന്നു.

2 പൊതു ജല വിതരണ പദ്ധതികൾ കാര്യക്ഷമവും ഫലപ്രദവുമല്ല.

3 പൊതു ടാപ്പുകളിൽ ആവശ്യാനുസരണം ജലം ലഭിക്കുന്നില്ല.

4 നിലവിലുള്ള 29 പൊതുകിണറുകൾ പൂർണമായും ഉപയോഗപ്പെടുത്തുന്നില്ല. എല്ലാ പൊതുകിണറുകൾക്കും അററകുററപ്പണികൾ ആവശ്യമാണ്.

5 പൊതു വിതരണ പദ്ധതികളിൽ ആവശ്യത്തിന് വിതരണം നടത്തുവാനുള്ള ജലം ഇല്ല. ടാങ്കുകളുടെ കപ്പാസിററിയും കുറവാണ്.

6 പൈപ്പു ലൈനുകളുടെ സംരക്ഷണം കാര്യക്ഷമമല്ലാത്തതിനാൽ പലപ്പോഴും ജലം നഷ്ടപ്പെടുന്നു.

7 കുടിവെള്ളം ദുർവിനിയോഗം ചെയ്യപ്പെടുന്നു. കുടിവെള്ളം ജലസേചനത്തിനും ഗാർഹികാവശ്യങ്ങൾക്കും ഉപയോഗിക്കപ്പെടുന്നു.

8 പുതിയ പൈപ്പ് ലൈൻ അത്യാവശ്യത്തിനുപോലും സ്ഥാപിക്കുന്നില്ല. പുതിയ വീട് കണക്ഷൻ ലഭിക്കുന്നില്ല.

9 സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്നവരാണ് കൂടുതലും കുടിവെള്ളത്തിൻെറ ദുരിതമനുഭവിക്കുന്നത്.

10 പൈപ്പുവഴി ലഭിക്കുന്ന വെള്ളം പലപ്പോഴും ശരിയായ രീതിയിൽ ശുദ്ധീകരിക്കുന്നില്ല.

11 കിണറുകളിലെ ജലം ശുദ്ധീകരിക്കുന്നില്ല. സാംക്രമിക രോഗബാധയുണ്ടാകുന്ന സമയങ്ങളിൽ കിണറുകൾ ക്ലോറിനേററ് ചെയ്യാറുണ്ടെങ്കിലും പഞ്ചായത്തിലെ മുഴുവൻ കിണറുകളും ശുദ്ധീകരിക്കപ്പെടുന്നില്ല.

12 കുഴൽ കിണറുകളിലെ വെള്ളത്തിന് ചില ഭാഗങ്ങളിൽ രുചി വ്യത്യാസമുണ്ട്.

13 കുടിവെള്ളത്തിൻെറ മേന്മ ശാസ്ത്രീയമായി പരിശോധിക്കപ്പെട്ടിട്ടില്ല.

14 സാംക്രമിക ജലജന്യരോഗബാധയ്ക്കുള്ള പ്രധാനകാരണം കുടിവെള്ള ക്ഷാമത്തിൻെറ രൂക്ഷതയാണ്.

15 കിണറുകളിലെ ജലം നിലനിർത്തുന്നതിൽ വലിയൊരു പങ്ക് കുളങ്ങൾക്കുണ്ട്. മിക്ക കുളങ്ങളും ശരിയായ രീതിയിൽ സംരക്ഷിക്കപ്പെട്ടിട്ടില്ല.

## പരിഹാര മാർഗ്ഗങ്ങൾ സാദ്ധ്യതകൾ

വാർഡു തിരിച്ചുള്ള കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളും അതു പരിഹരിക്കുവാനുള്ള നിർദേശങ്ങളും സാദ്യതകളും ചുവടെ പട്ടികപ്പെടുത്തുന്നു. [ഗ്രാമസഭ റിപ്പോർട്ടുകളെ അടിസ്ഥാനമാക്കി]

1 നിലവിലുള്ള പൊതുകിണറുകൾ വേനൽക്കാലത്തിനുമുമ്പായി അററകുററപണികൾ തീർക്കുക. ജലസംഭരണശേഷി കഴിയുന്നത്ര കൂട്ടുക.

2 പൊതുജല വിതരണ പദ്ധതികൾ കാര്യക്ഷമവും ഫലപ്രദവുമാക്കുവാൻ പ്രവർത്തന പരിപാടികൾ ആവിഷ്ക്കരിക്കുക.

3 നിലവിലുള്ള പൈപ്പു ലൈനുകളുടെ അററകുററപണികൾ തീർക്കുക.

4 കുടിവെള്ളത്തിനായുള്ള ജലം ദുർവിനിയോഗം ചെയ്യുന്നത് കർശനമായി നിയന്ത്രിക്കുക.

5 കുടിവെള്ളക്ഷാമത്തിന്റെ രൂക്ഷത ഏററവും കൂടുതൽ അനുഭവിക്കുന്ന പ്രദേശങ്ങളിൽ കുഴൽകിണറുകൾക്കുള്ള സാധ്യത ആരായുക.

6 കുഴൽ കിണറുകൾ ശരിയായി സംക്ഷിക്കുക. വെള്ളം കൂടുതൽ ലഭിക്കുന്ന കുഴൽകിണറുകൾ ഉപയോഗപ്പെടുത്തുക.

7 ഇടയ്ക്കിടെ ഹാൻറു പമ്പുകളോ മോട്ടോർ പമ്പുകളോ സ്ഥാപിച്ച് വെള്ളമെടുക്കണം. പഞ്ചായത്തും ഭൂഗർഭജല വകുപ്പുമായി ചേർന്ന് സർവ്വേ നടത്തി കണ്ടെത്തിയ പോയൻറുകളിൽ കുഴൽ കിണറുകൾ സ്ഥാപിക്കുക.

8 പഞ്ചായത്ത് അതിർത്തിയിലെ മുഴുവൻ കിണറുകളും 6 മാസത്തിലൊരിക്കൽ ക്ലോറിനേററ് ചെയ്യണം. വലയിട്ടു മൂടി സംരക്ഷിക്കുക. കുടിവെള്ളം അണു വിമുക്തമാണെന്ന് ഉറപ്പു വരുത്തണം.

9 വേനൽക്കാലങ്ങളിൽ ഉപയോഗിക്കുന്ന കുടിവെള്ളത്തിന്റെ ശുദ്ധീകരണം പരമാവധി ഉറപ്പു വരുത്തണം.

10 200 മീററിനകം എല്ലാവർക്കും കുടിവെള്ളമെത്തിക്കുക എന്ന ലക്ഷ്യം മുൻനിർത്തി പ്രവർത്തന പരിപാടി ആവിഷ്ക്കരിക്കുക.

11 ഓരോ വാർഡിലും ജലപരിശോധന ക്യാമ്പ് സംഘടിപ്പിക്കുക.

12 ജലം ഒരു പൊതുസ്വത്താണെന്നും അത് കരുതി വിനിയോഗിക്കേണ്ടതാണെന്ന ധാരണ ജനങ്ങളിലുണ്ടാക്കുവാൻ വ്യാപകമായ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക.

13 പൊതു ജലസ്രോതസ്സുകൾ സംരക്ഷിക്കുവാൻ ജനകീയ കമ്മിററികൾ രൂപീകരിക്കുക.

## കുടിവെള്ള പ്രശ്ന പ്രദേശങ്ങളും പരിഹാര നിർദ്ദേശങ്ങളും

വാർഡ് 1

ചാത്തൻകോട്, അരിയക്കോട്
കുണ്ടുകാട്, മാരാക്കാവ്, പടേററി
ചിമ്പുകാട്
ആമ്പർപാടം, നാവിളംകുളമ്പ്
കുരുവക്കോട്, അയ്യപ്പൻ കാവ്

ചാത്തൻകോട്, കുണ്ടുകാട് പ്രദേശങ്ങളിൽ രണ്ടു കുഴൽ കിണറുകളും ജല സംഭരണികളും പൈപ്പ് ലൈനുകളും സ്ഥാപിച്ച് വിതരണം നടത്തുക. ഈ പ്രദേശങ്ങളിൽ പരിശോധന നടത്തി കുഴൽകിണർ സ്ഥാപിച്ച് വിതരണം നടത്തുക.

വാർഡ് 2

കയറംപ്പാറ കവറപ്പാറ ചേരാനാട്

നിലവിലുള്ള കിണറുകളുടെ സംഭരണശേഷി കൂട്ടുക, നിലവിലുള്ള പൈപ്പ് ലൈൻ നീട്ടുക, വില്ലേജ് വാട്ടർ സ്കീം നടപ്പിലാക്കുക.

വാർഡ് III

ചുള്ളിമട, കരിഞ്ഞാലി, കലയംപറമ്പ്

1 ഈ പ്രദേശങ്ങളിൽ പൈപ്പ് ലൈൻ എത്തിക്കുക.

2 ചുള്ളിമടയിൽ ഒരു കുഴൽ കിണർ സ്ഥാപിച്ച് പമ്പ് ഹൗസ് സ്ഥാപിച്ച് വിതരണം നടത്തുക.

3 ചുള്ളിമടയിൽ പൊതു കിണർ അററകുററ പണികൾ തീർത്ത് വെള്ളം പമ്പ് ചെയ്ത് ടാങ്ക് നിർമ്മിച്ച് വിതരണം നടത്തുക.

4 പഴയ പൈപ്പ് ലൈനുകൾ മാററി സ്ഥാപിക്കുക.

ഇപ്പോൾ അക്വയർ ചെയ്ത സ്ഥലത്ത് പുതിയ ടാങ്ക് കൂടുതൽ കപ്പാസിററിയുള്ളത് സ്ഥാപിക്കുക.

കേടുവന്ന ടാപ്പു സ്റ്റാൻറുകൾ മാററി സ്ഥാപിക്കുക
ആശാരിതറയിലുള്ള പൊതു കിണർ വലുതാക്കി
ശുദ്ധീകരിച്ച് കുടിവെള്ളം ലഭ്യമാക്കുക

കൃഷ്ണാറൈസ്മിൽ മുൻവശം, പോസ്റ്റാഫീസിനു മുൻവശത്തുള്ള ടാപ്പിനും, ആശാരിതറയിലുള്ള ടാപ്പിനും ഇടയിൽ, മണിയൻ അയ്യപ്പക്ഷേത്രത്തിന് മുൻവശത്തുള്ള അംഗൻവാടി തുടങ്ങിയ സ്ഥലങ്ങളിൽ പുതുതായി ടാപ്പ് സ്ഥാപിക്കുക.

മണിയിൽ കിണർ പുതുക്കി പണിത് ശുദ്ധജലം ലഭ്യമാക്കുക.

8–ൽ സൂചിപ്പിച്ച മണിയിൽ കിണർ മുമ്പ് ശുദ്ധ ജല വിതരണത്തിനു് ഉപയോഗിച്ചതായിരുന്നു. ഒരു കാലത്തും വററാത്ത ജലസ്രോതസ്സാണ് ഇത്. ഫല പ്രദമായി ഉപയോഗിച്ചാൽ ചുള്ളിമടയിൽ കുടി വെള്ളക്ഷാമം പരിഹരിക്കാം.

## വാർഡ് IV

കുന്നംകാട്, മേലേപ്പുര കോട്ടക്കര, മുട്ടിച്ചിറ, തേനാരി പറമ്പ്, പുതുവപറമ്പ്, നമ്പൂരി കാട്, തോട്ടുപാലം, മുഴയംമൂച്ചി പുള്ളുവത്തറ, മരുതക്കോട്

കയറംപാറയിൽ പുതിയ വാട്ടർ ടാങ്ക് നിർമ്മിച്ച് വിതരണം നടത്തണം.ഇപ്പോഴുള്ള ടാങ്ക് ചെറുതായ തുകൊണ്ട് രാത്രിയും പകലും പമ്പ് ചെയ്യണം. ശുദ്ധീകരിക്കണം.

10 പഞ്ചായത്ത് കിണറുകളും ശുദ്ധീകരിച്ച് വൃത്തിയാക്കണം.
3 കിണറുകൾ കപ്പാസിററികൂട്ടി ശുദ്ധീകരിക്കണം.
കൊട്ടക്കരയിലെ കുഴൽ കിണറിന്റെ കൈ പമ്പിംഗ് കേടുവന്നതു് നന്നാക്കണം.

## വാർഡ് V

ദേവസ്വംകുളമ്പ്, പന്തലാംകോട്, ലക്ഷംവീടുകോളനി, കുറുക്കൻ പറമ്പ്, ഇരുപ്പക്കോട്, ചിത റോഡ്, ചിതലിമല,അമ്പലവട്ടം, ഒട്ടകിൻ കാട്.

നിലവിലുള്ള ഏഴ് പൊതു കിണറുകൾ അററകുററ പണികൾ തീർത്ത്, പുതുക്കി നിർമ്മിച്ച് ശുദ്ധീ കരിച്ച് വെക്കണം

അടിയന്തിരമായി നിലവിലുള്ള പുള്ളോട് ശുദ്ധ ജല വിതരണ പദ്ധതിയുടെ പമ്പിംഗ്സ്റ്റേഷന്റെ കെട്ടിടം പുതുക്കിപണിത്, കിണർ ശുദ്ധീകരിച്ച മോട്ടോറിന്റെ കപ്പാസിററി വദ്ധിപ്പിച്ച് പമ്പിംഗ്

നടത്തി ശുദ്ധജലവിതരണം നടത്തണം.
നിലവിലുള്ള പൈപ്പ് ലൈൻ മനയ്ക്കൽപ്പര കറുപ്പന്റെ വീടിന് മുൻവശം, മനയ്ക്കൽപ്പര സേതുവിന്റെ വീടിന് മുൻവശം. കമ്പാരത്തറയിൽ രാമന്റെയും കൃഷ്ണന്റെയും വീടിന് സമീപം എന്നിവിടങ്ങളിൽ പുതുതായി ടാപ്പ് സ്ഥാപിക്കണം.
കുടിവെള്ളക്ഷാമം ശാശ്വതമായി പരിഹരിക്കുന്നതിന് ഒന്നാം ഘട്ടമായി, ഗായത്രിപ്പുഴയിൽ നിലവിലുള്ള പമ്പിംഗ് സ്റ്റേഷന് താഴെ വലിയരീതിയിൽ തടയണ നിർമ്മിച്ച് പമ്പിംഗ് സ്റ്റേഷൻ പരിഷ്കരിച്ച്, 50 HP മോട്ടോർ സ്ഥാപിച്ച് മുണ്ടക്കോട് മലയുടെ താഴ്‌വാരത്തിൽ ഓവർഹെഡ് ടാങ്കുകെട്ടി 5–ാം വാർഡിന്റെ മുഴുവൻ പ്രദേശങ്ങളിലും 4–ാം വാർഡിലെ തേനാരിപറമ്പിലും കലയംപറമ്പിലും 6 വാർഡിന്റെ ദേവസ്വംകുളമ്പ്, കീഴ്പ്പാടം, ഊർക്കളം, കാളാംപറമ്പ് എന്നീ പ്രദേശങ്ങളിൽ പൈപ്പ് ലൈനുകൾ സ്ഥാപിച്ച് വിതരണം നടത്തുക.

രണ്ടാം ഘട്ടമായി ഗായത്രിപ്പുഴയിൽ ചിതറോട് ഭാഗത്ത് ചെക്ക് ഡാം നിർമ്മിച്ച് ചിതലിമലയിൽ ഓവർഹെഡ്ടാങ്ക് നിർമ്മിച്ച് ഒന്നാംഘട്ടം പദ്ധതിയുമായും എരിമയൂരിലെ നിലവിലുള്ള പദ്ധതിയുമായും സംയോജിപ്പിച്ച്
വിതരണം നടത്തിയാൽ പഞ്ചായത്തിലെ 1 മുതൽ 7 വരെയുള്ള വാർഡുകളിൽ പൂർണ്ണമായി കുടിവെള്ളം എത്തിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.
പുള്ളോട്ടിൽ നിലവിലുള്ള പമ്പിംഗ് സ്റ്റേഷന്റെ ലാൻറ് റോഡിന്റെ സൗകര്യം ഏർപ്പെടുത്തണം.

മണിയിൽക്കളം, ചിതറോഡ്, കുറുക്കൻപറമ്പ്, ഒട്ടകിൻകാട്, ദേവസ്വംകുളമ്പ്, ഇരപ്പക്കോട് എന്നിവിടങ്ങളിൽ ബോർവെല്ലും ഹാന്റ് പമ്പും സ്ഥാപിക്കണം.

## വാർഡ് VI

**വാർഡിൽ മുഴുവൻ പ്രദേശങ്ങളും**

മേലാർകോട് പഞ്ചായത്തിൽ, തെക്കേപുറം ഓർഗമെന്റേ പദ്ധതിപ്രകാരം അനുമതി ലഭിച്ചിട്ടുള്ള പദ്ധതി നടപ്പിലാക്കുക.

പുള്ളോട് ഗായത്രിപ്പുഴയിൽ അണകെട്ടി വെള്ളം സംഭരിച്ച് വാർഡ് മുഴുവൻ കുടിവെള്ളം വിതരണം ചെയ്യുക.

## വാർഡ് VII

വാർഡിലെ എല്ലാ സ്ഥലത്തും കുടിവെള്ള ക്ഷാമമുണ്ട്,

എരിമയൂർ കയറംപാറയിൽ പുതിയ വാട്ടർ ടാങ്ക് നിർമ്മിച്ച് നിലവിലുള്ള പൈപ്പ് ലൈൻ മരുത ക്കോട് നിന്നും നീട്ടി പെരിഞ്ഞാറോഡ്, അരണ ക്കോട്, ചെമ്പമ്പുള്ളി, മുട്ടിച്ചിറ, കുട്ടാല എന്നീ പ്രദേശങ്ങളിൽ പൈപ്പ്ലൈൻ ഇട്ട് വിതരണം നടത്തുക.

ആലയംകുളമ്പ് പൊതുകിണർ വലുതാക്കി നിർമ്മി ച്ച്, ടാങ്ക്കെട്ടി വെള്ളം പമ്പ് ചെയ്ത് വിതരണം നടത്തുക.

കുഴൽകിണർ കുഴിക്കുന്നതിന് പരിശോധിച്ച് മാർക്ക് ചെയ്തിട്ടുള്ള സ്ഥലങ്ങളിൽ കഴൽകിണർ കുഴിച്ച് ലഭ്യത അനുസരിച്ച് ഹാൻറ് പമ്പോ, മോട്ടോർ പമ്പോ സ്ഥാപിച്ച് വിതരണം നടത്തുക.

ചെമ്പമ്പുള്ളി, പനയംപാറ, വെമ്പ്രക്കോട് പഞ്ചാ യത്ത് കിണറുകൾ നന്നാക്കുക.

## വാർഡ് VIII

പാറക്കളം, കുതിരപ്പാറ കോലിയംപാടം, കാഞ്ഞിരംകാട് നെല്ലിയംപാടം, കരിയംകാട് കണ്ണംപുള്ളി, മണൽപറമ്പ്

അടിയന്തിരമായി കോലിയംപാടം, കാഞ്ഞിരം കാട് മന്നൻപറമ്പ് കുതിരപ്പാറ പാറക്കളം, കാടാം കോട് പരുത്തിക്കാട്ട് മാരാപ്പാടം എന്നീ സ്ഥലങ്ങ ളിൽ കുഴൽക്കിണർ നിർമ്മിക്കണം.

താൽക്കാലികമായി തൃപ്പാളൂർ വാട്ടർ ടാങ്കിൽനിന്നും നാർത്താ കുളം ടാങ്കിൽനിന്നും രണ്ട് ഷിഫ്ററ്, വെള്ളം പമ്പ്ചെയ്ത് വിതരണം നടത്തുകയാണെങ്കിൽ ഒരു പരിധിവരെ ജലക്ഷാമം പരിഹരിക്കാം.

സ്ഥിരമായ പരിഹാരമാർഗ്ഗം ഗായത്രിപ്പുഴയിൽ പമ്പിംഗ് സ്റ്റേഷൻസ്ഥാ പിച്ച് മലക്കാട്ട് കുന്നിന് മുകളിൽ പരമാവധി വ്യാപ്തിയുള്ള ടാങ്ക് നിർമ്മിച്ച് വിതരണം നടത്തിയാൽ 8, 9, 10, 11 എന്നീ വാർഡുക ളിലെ കുടിവെള്ളക്ഷാമം എന്നെന്നേക്കുമായി പരിഹരിക്കാൻ കഴിയും.

## വാർഡ് IX

കിഴക്കെത്തറ, പണ്ടാരക്കളം, ഹരിജൻകോളനി, കുന്നിൽ,

മലക്കാട്ടുകുന്നിൽ സ്ഥിരമായി വലിയ ഒരു ടാങ്ക് കെട്ടി തടയണയിൽനിന്നോ, തെക്കേപാടം തൃപ്പാളൂർ

| | |
|---|---|
| അമ്പലപ്പറമ്പ്, അണിക്കരത്തി, കുന്നമ്പാറ, കോലേപാടം ആനയ്ക്കാംപറമ്പ് | തടയണയിൽനിന്നോ, വെള്ളം പമ്പുചെയ്ത് വിതരണം ചെയ്യുകയാണെങ്കിൽ കുനിശ്ശേരിയിൽ 4 വാർഡുകൾക്കും ജലവിതരണം നടത്തുവാൻ സാധിക്കും. |

താൽക്കാലികമായി നാർത്താങ്കുളം, പാറക്കളം പമ്പിംഗ് സ്റ്റേഷനിലുള്ള കിണർ കുറേക്കൂടി താഴ്ത്തുകയും, അതിൽ രണ്ട് ഷിഫ്റ്റ് പമ്പിംഗ് നടത്തുകയും കുനിശ്ശേരി (തൃപ്പാളൂർ) പമ്പിംഗ് സ്റ്റേഷനിൽ രണ്ട ഷിഫ്റ്റ് പമ്പിംഗ് നടത്തുകയും ചെയ്താൽ കുടിവെള്ളക്ഷാമം പരിഹരിക്കാം.

## വാർഡ് X

| | |
|---|---|
| മാടമ്പാറ, ചായമൂച്ചി, പുളമ്പൽകാട്, ചെന്നൻകോട്, മലക്കാട് വെണ്ണക്കോട്, തോട്ടത്തിൽ, ചെറുപുളിച്ചി, പാവുക്കാട്, കരുപ്പൻകാട് | മലക്കാട്ടുകുന്നിലെ 1 HDP (നിർദ്ദിഷ്ട) സ്കീം നടപ്പിലാക്കുക, മാടമ്പാറ, കുററിപ്പുളി, പുളമ്പൻകാട്, ചായംമൂച്ചി എന്നീ ഭാഗങ്ങളിലേക്ക് പൈപ്പ ലൈൻ വ്യാപിപ്പിക്കേണ്ടതാണ്. കുനിശ്ശേരി പമ്പ ഹൗസിലെ മോട്ടോറിൻെറ കപ്പാസിററി വർദ്ധിപ്പിച്ചും പൈപ്പ് ലൈൻെറ വ്യാപ്തി വർദ്ധിപ്പിച്ചും ഒരു പരിധിവരെ പരിഹരിക്കപ്പെടാം. |

## വാർഡ് XI

| | |
|---|---|
| അങ്കമശാല, കിഴക്കേത്തറ ആനയ്ക്കാംപറമ്പ് നെല്ലിക്കുറ വടക്കേത്തറ | നിലവിലുള്ള തൃപ്പാളൂർ പമ്പിംഗ് സ്റ്റേഷൻെറ കപ്പാസിററി വർദ്ധിപ്പിച്ച് പൈപ്പ്ലൈൻ വലുതാക്കി ടാങ്കിൽ വെള്ളം എത്തിച്ചാൽ കുടിവെള്ളക്ഷാമം പരിഹരിക്കാം. സമയാസമയങ്ങളിൽ ടാങ്ക് ശുദ്ധീകരിക്കണം. നെല്ലിക്കോറ നരിപ്പൊററ, അങ്കമാശാല എന്നീ ഭാഗങ്ങളിലേക്കും വ്യാപിപ്പിക്കേണ്ടതാണ്. |

ജനങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുവാനുള്ള സാമൂഹിക പ്രക്രിയയെന്ന വികസന സങ്കല്പം സാക്ഷാൽക്കരിക്കണമെങ്കിൽ കുടിവെള്ള പ്രശ്നം യുദ്ധകാലാടിസ്ഥാനത്തിൽ പരിഹരിച്ചേ മതിയാവൂ.

## പൊതുജനാരോഗ്യം

നാട്ടുവൈദ്യന്മാർ കുറച്ചു ആയുർവേദ ചികിത്സകർ, അപൂർവ്വം മെഡിക്കൽപ്രാക്ടീഷനേഴ്സ് ഇവരിലൊതുങ്ങിയിരുന്ന ഒരു ആരോഗ്യചികിത്സാ ചരിത്രമാണ് നമുക്കുള്ളത്. പ്രസവമെടുത്തിരുന്ന സൂത്രികർമ്മിണികൾ എല്ലാ ഭാഗത്തുമുണ്ടായിരുന്നു. ജപിച്ച്, ഊതൽ, ചരട് കെട്ടൽ, മൃഗബലി തുടങ്ങിയ പ്രകൃത ചികിത്സാ രീതികൾ സമൂഹത്തിൻെറ എല്ലാ തട്ടുകളിലും ഏററക്കുറച്ചിലുകളോടെ നിലനിന്നിരുന്നു. പ്രകൃതിയോട്

ഇണങ്ങി ജീവിച്ചിരുന്ന ജനത്തിന് കോളറ, ക്ഷയം, കുഷ്ഠം, അർബുദം തുടങ്ങിയ മാരക രോഗങ്ങളുടെ തേർവാഴ്ചക്ക് വശംവദരാവുകയല്ലാതെ നിവൃത്തിയുണ്ടായിരുന്നില്ല വസൂരിയുടെ വിത്തുകളിൽനിന്നും രക്ഷനേടുവാൻ മണ്ണാൻമാരെ വിളിച്ചുവരുത്തി പാടിച്ചു ദേവിയെ പ്രീതിപ്പെടുത്തുന്ന രീതി ഇപ്പോഴും നിലവിലുണ്ട്. പാമ്പ് മററു വിഷ ജന്തുക്കാം എന്നിവയുടെ കടിക്ക് ഊതി ചികിത്സിക്കുന്ന സമ്പ്രദായം പുള്ളോട്ടിൽ ഇന്നും നിലവിലുണ്ട്. ശ്രീ. മനസ്സിൽ തീത്തൻ എന്നയാാം ഇപ്പോഴും ഈ രീതിയിൽ ചികിത്സ നടത്താറുണ്ട്. മനോരോഗങ്ങാംക്ക് മിക്കവാറും വിശ്വാസ ചികിത്സ മാത്ര മാണുണ്ടായിരുന്നത്. ദേവതയെ ആട്ടിക്കൽ എന്ന സമ്പ്രദായം അത്തിരത്തിൽപ്പെട്ട ഒന്നായിരുന്നു. രോഗിയുടെ ചുററും രണ്ടോ മൂന്നോ ആാംക്കാർ ഇരുന്നു ഉടുക്ക്, കിണ്ണം എന്നിവ കൊട്ടി ദേവതകളെയും പിശാച്ചുക്കളെയും വിളിച്ചുള്ള പാട്ടുപാടി രോഗം ഒഴിപ്പിക്കുക എന്നതാണ് രീതി. ആധുനിക ശാസ്ത്രവും ചികിത്സാ സമ്പ്രദായങ്ങളും ഇത്രയേറെ പുരോഗമിച്ച ഈ കാലഘട്ടത്തിലും അന്ധവിശ്വാസ ജടിലമായ ചികിത്സാ സമ്പ്രദായങ്ങളെ ആശ്രയിക്കുന്ന പലരും പഞ്ചായത്തിലുണ്ട്.

സംസ്ഥാനത്തും ജില്ലയിലും ഉണ്ടാവാറുള്ള എല്ലാവിധ രോഗങ്ങളും ഈ പഞ്ചായത്തിലും ഉണ്ടാകാറുണ്ട്. ഉദാ: ചർദ്ദി അതിസാരം, കോളറ, മലമ്പനി, ടൈഫോയ്ഡ് ക്ഷയം, കുഷ്ഠം മന്ത് തുടങ്ങിയവ എന്നാൽ ഇവയുടെ പകർച്ച ശരാശരി നിലവാരത്തിൽ കുറവാണ്. എന്നാൽ ചർദ്ദി അതിസാരം എല്ലാവർഷവും ഈ പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും ഉണ്ടാവാറുണ്ട്. ശുദ്ധജലത്തിന്റെ ലഭ്യതകുറവ് വായു ജലമലിനീകരണം പോഷകാഹാരക്കുറവ് എന്നിവയും പകർച്ച വ്യാധികാംക്ക് കാരണമാകാറുണ്ട്

ഈ പഞ്ചായത്തിലെ പ്രധാന ചികിത്സാകേന്ദ്രം കുനിശ്ശേരിയിലുള്ള പ്രാഥമിക ആരോഗ്യകേന്ദ്രമാണ് 1976ലാണ് ഈ സ്ഥാപനം ആരംഭിച്ചത്. അവിടെ ഇപ്പോാം ഒരു ഡോക്ടറടക്കം 18 ജീവനക്കാരുണ്ട്. എന്നാൽ കിടത്തി ചികിത്സിക്കാനുള്ള സൗകര്യത്തിന് 6 മുതൽ 10വരെ കിലോമീററർ അകലെയുള്ള താലൂക്ക് ആസ്പത്രിയെയാണ് ജനങ്ങാം ആശ്രയിക്കുന്നത്. കുനിശ്ശേരിയിലുള്ള പ്രാഥമികാരോഗ്യകേന്ദ്രത്തിൽ ഡോക്ടർക്ക് താമസിക്കുവാനുള്ള ക്വാർട്ടേഴ്സ് ഉണ്ടെങ്കിലും അവിടെ കുടിവെള്ളമോ മററ് പ്രാഥമിക സൗകര്യങ്ങളോ ഇല്ലാത്തതിനാൽ ഡോക്ടർ താമസിക്കുന്നില്ല. അത് കൊണ്ട് പകൽ 2 മണിക്കുശേഷവും രാത്രികാലങ്ങളിൽ ഡോക്ടറുടെ സേവനം ജനങ്ങാംക്ക് ലഭിക്കാറില്ല. ആവശ്യത്തിനുള്ള മരുന്ന് പലപ്പോഴും ലഭിക്കാറില്ല. പല തസ്തികകളും മിക്കവാറും ഒഴിഞ്ഞു കിടക്കുന്നതുകൊണ്ട് സേവനംപൂർണ്ണമായി ലഭിക്കാറില്ല. പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെ കീഴിലുള്ള കുടുംബക്ഷേമ കേന്ദ്രങ്ങാം പ്രവർത്തിച്ചുവരുന്നുണ്ട്. ഓരോന്നിലും ഒരു ജൂനിയർ പബ്ലിക്ക് ഹെൽത്ത് നെഴ്സുമാരും ഉണ്ട്. കുടുംബക്ഷേമ കേന്ദ്രങ്ങളിലുള്ള നേഴ്സ്മാർ ഗൃഹസന്ദർശനം നടത്തുകയും കുട്ടികാംക്കും ഗർഭിണികാംക്കും ആവശ്യമായ മരുന്നും നിർദ്ദേശങ്ങളും പതിവായി ചെയ്തു വരുന്നുണ്ട്. എരിമയൂർ കുടുംബക്ഷേമ കേന്ദ്രത്തിൽ താമസസൗകര്യമുണ്ടെങ്കിലും കെട്ടിടം വളരെ പഴയതാണ്. അത് അടിയന്തിരമായി പുതുക്കിപ്പണിയേണ്ടതുണ്ട്. പുള്ളോട് കുടുംബക്ഷേമകേന്ദ്രത്തിൽ താമസത്തിന് ക്വാർട്ടേഴ്സ് ഉണ്ടെങ്കിലും കുടിവെള്ളം വെളിച്ചം എന്നിവ ലഭ്യമല്ലാത്തതിനാൽ താമസിക്കുന്നില്ല. കുട്ടാല ക്ഷേമ കേന്ദ്രത്തിൽ താമസ സൗകര്യമില്ല. മാടമ്പാറയിൽ താമസ സൗകര്യമുണ്ട്. എന്നാൽ കുടിവെള്ളത്തിന് വേനൽകാലത്ത് ക്ഷാമം ഉണ്ട്

പഞ്ചായത്തിൽ ഒരു ഹോമിയോപ്പതി ചികിത്സാകേന്ദ്രം ഉണ്ട്. തൃപ്പാളൂരിൽ പഞ്ചായത്താഫീസിന് സമീപത്തുള്ള പഴയ വാടക കെട്ടിടത്തിലാണ് ഇപ്പോൾ പ്രവർത്തിച്ചുവരുന്നത്. അവിടെ യാതൊരുവിധ സൗകര്യങ്ങളുമില്ല, വിദ്യുത്ഛക്തി കണക്ഷൻ ഇല്ല. കക്കൂസ്, കുടിവെള്ളം എന്നിവയും ലഭ്യമല്ല. ഹോമിയോപ്പതിക്ക് വേണ്ടി തൃപ്പാളൂർ ജംഗ്ഷനിൽ പുതുതായി ഒരു കെട്ടിടം നിർമ്മിച്ചിട്ടുണ്ട്. അവിടെ മററു സൗകര്യങ്ങളൊന്നും ഏർപ്പെടുത്തിയിട്ടില്ല, സർക്കാർ വക ആയുർവ്വേദ ചികിത്സാ കേന്ദ്രങ്ങൾ ഒന്നും തന്നെയില്ല. എരിമയൂരിലും കുനിശ്ശേരിയിലും ഒരു ആയുർവ്വേദ മരുന്ന് ഷാപ്പുകൾ സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്നുണ്ട്.

## ശുചിത്വം

'Prevention is better than cure' എന്ന ചൊല്ല് (രോഗമുണ്ടായി ചികിൽസിക്കുന്നതിനേക്കാൾ നല്ലതു് രോഗം വരാതെ നോക്കുന്നതാണ്)നമ്മുടെ പഞ്ചായത്തിനെ സംബന്ധിച്ച് വളരെ പ്രസക്തമാണ്. പഞ്ചായത്തിൽ ഉണ്ടാകുന്ന രോഗങ്ങളിൽ ഭൂരിഭാഗവും ജലസംബന്ധിയായ കാരണങ്ങൾകൊണ്ടാണ്. ഇവയെ ഒഴിവാക്കണമെങ്കിൽ ശുദ്ധമായ കുടിവെള്ളത്തിൻെറ ലഭ്യതയും പരിസര ശുചിത്വം ഉണ്ടായേ മതിയാവൂ. വയറിളക്കം, വയറുകടി, ഛർദ്ദി–അതിസാരം, സന്നിപാതജ്വരം, പിള്ളവാതം, മഞ്ഞപ്പിത്തം തുടങ്ങിയ പകർച്ചവ്യാധികൾ കുടിക്കുന്ന വെള്ളത്തിലൂടെയും കഴിക്കുന്ന ആഹാരത്തിലൂടെയുമാണ് പകരുന്നത്. ജലവും ആഹാരവും മലിനമാകുന്നത് തടഞ്ഞാൽ ഇവയിൽ നിന്നും രക്ഷ നേടാം. ശാസ്ത്രീയമായി മലം മറവു ചെയ്യുന്ന രീതിയായ കക്കൂസിൻെറയും മററു മാലിന്യ നിർമ്മാജ്ജന സംവിധാനങ്ങളുടെയും പങ്ക് വളരെ പ്രധാനപ്പെട്ടതാണ്. പരക്കെ അറിവുള്ള ഈ കാര്യത്തിൽ സാധാരണ ജനങ്ങൾ അപകടകരമായ ഉദാസീനത കാണിക്കുകയാണ്.

ഒരു പ്രദേശത്തെ കുടിവെള്ളം അതിൻെറ സ്രോതസ്സിലോ ലഭ്യതാ സ്ഥലത്തോ എത്രതന്നെ ശുദ്ധമായിരുന്നാലും അവിടുത്തെ പരിസരം ശുചിത്വമല്ലാത്തതാണെങ്കിൽ വെള്ളത്തിൻെറ ഗുണനിലവാരം നിലനിർത്താൻ കഴിയാതെ വരും. രോഗംമൂലം നഷ്ടമാകുന്ന വിലയേറിയ മനുഷ്യജീവൻ, തൊഴിൽ ദിനങ്ങൾ, ചികിത്സക്കുവേണ്ടിവരുന്ന ഭാരിച്ച ചെലവ്, സുരക്ഷിതത്വമില്ലായ്മ ഇങ്ങനെ മെച്ചപ്പെട്ട ജീവിത നിലവാരത്തെ തടയുകയും വികസന പരിപാടികളെത്തന്നെ പ്രശ്ന സങ്കീർണ്ണമാക്കുകയും ചെയ്യുന്ന സ്ഥിതിവിശേഷം മലിനീകരണത്തിലൂടെ സംജാതമാകുന്നു. കേരളത്തിലെ ഗ്രാമപ്രദേശങ്ങളിലെ 30% വീടുകളിൽ ഇപ്പോൾ ഏതെങ്കിലും തരത്തിലുള്ള മനുഷ്യ നിർമ്മിതമായ കക്കൂസുകൾ ഉണ്ടെന്നാണ് കണക്ക്. നമ്മുടെ പഞ്ചായത്തിലെ 6880 വീടുകളിൽ 1287 വീടുകളിൽ മാത്രമാണ് കക്കൂസ് ഉള്ളതു്. സംസ്ഥാന ശരാശരിയെക്കാളും താഴെയാണ് നമ്മുടെ നില പഞ്ചായത്ത് ഭവനനിർമ്മാണം, പട്ടികജാതി–പട്ടികവർഗ്ഗം, ട്രൈബൽ വെൽഫയർ എന്നീ വകുപ്പുകൾ കൂടാതെ വേൾഡ് ബാങ്ക്, UNICEF, നെതർലാൻറ് ഇവയൊക്കെ നിർമ്മാണ പരിപാടികളിലേർപ്പെട്ടിട്ടുണ്ടെങ്കിലും ജനസംഖ്യാ വർദ്ധന വിനനുസരിച്ച് കക്കൂസുകൾ നിർമ്മിക്കപ്പെടുന്നില്ല.

കക്കൂസുകളില്ലാതിരിക്കാനുള്ള മൂന്നു പ്രധാന കാരണങ്ങളാണ് ഗ്രാമസഭയിൽ പൊന്തിവന്നത് സാമ്പത്തിക പരാധീനത, സ്ഥലപരിമിതി, ആവശ്യകത വേണ്ടത്ര ബോദ്ധ്യപ്പെടാതിരിക്കൽ എന്നിവയാണവ. വൃത്തിയായ വസ്ത്രധാരണത്തിനും വിനോദ

ഉപാധികൾക്കും കൊടുക്കുന്ന പ്രാധാന്യം ജനങ്ങൾ ശുചിത്വ സംവിധാനങ്ങൾക്ക കൊടുക്കുന്നില്ല. ഗതാഗതം, സാംസ്ക്കാരിക പ്രവർത്തനം എന്നിവകളോടൊപ്പമോ അതിൽ കൂടുതലോ ഊന്നൽ അർഹിക്കുന്ന ശുചിത്വമേഖല പദവിയുടേയും പ്രാധാന്യത്തിന്റെയും കാര്യത്തിൽ ഇന്നും ഏറെ താഴെയാണ്. ലഭ്യമായ വിഭവശേഷി ഉപയോഗിച്ച് കുറച്ചു ഭാഗങ്ങളിൽ മാത്രമാണ് കക്കൂസ് നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നത്. റോഡരുകിലും കനാൽ, തോട്, പുഴ എന്നിവയുടെ അരികിലും തൊടി, പറമ്പ് എന്നിവിടങ്ങളിലുമാണ് ജനങ്ങൾ മലവിസർജ്ജം നടത്താറുള്ളത്. മഴക്കാലത്ത് രൂക്ഷമായ പരിസര മലിനീകരണമുണ്ടാക്കുന്ന ഈ രീതിയിൽ സാംക്രമിക രോഗബാധയ്ക്കുള്ള അടിസ്ഥാന കാരണമാണ്. ഛർദ്ദി, അതിസാര രോഗബാധക്കുള്ള മുഖ്യകാരണവും ഇതുതന്നെ. വിരരോഗങ്ങൾ വ്യാപകമായി നിലവിലുണ്ട് കക്കൂസുപയോഗിക്കുന്നവരിൽ തന്നെ ശുചിത്വപരമായി കക്കൂസുകൾ സംരക്ഷിക്കുന്നതിന് വേണ്ടത്ര ശുഷ്ക്കാന്തി കാണിക്കുന്നില്ല. വെള്ളക്ഷാമവും ഇതിനു പ്രധാന കാരണമാണ്.

8% വീട്ടുകാർ മാത്രമെ സ്വന്തമായി കക്കൂസ് നിർമ്മിക്കുവാൻ ശേഷിയുള്ളവരായുള്ളു എന്നാണ് ഗ്രാമസഭയിൽ പൊന്തിവന്ന അഭിപ്രായം. കക്കൂസില്ലാത്ത മുഴുവൻ വീടുകളിലും കക്കൂസ് നിർമ്മിച്ചു കൊടുക്കണമെന്ന ആവശ്യവും പൊന്തിവന്നിട്ടുണ്ട് 5500 കക്കൂസ് പുതുതായി നിർമ്മിച്ചാൽ മാത്രമെ എല്ലാ വീടുകളിലും കക്കൂസ് ഉണ്ടാവുകയുള്ളു.

സാനിട്ടേഷൻ ഒരു ജനകീയ പ്രസ്ഥാനമായി വളർത്തിക്കൊണ്ടു മാത്രമെ ഇതിനെ മറികടക്കുവാൻ കഴിയുകയുള്ളു. കെട്ടിട നിർമ്മാണത്തൊഴിലാളികൾ പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലുമുണ്ട്. ഗുണഭോക്താക്കളുടെ പങ്കാളിത്തത്തോടെ ഇവരുടെ സേവനമുപയോഗപ്പെടുത്തി പരിസ്ഥിതിക്ക് അനുയോജ്യമായ രീതിയിൽ ചെലവു കുറഞ്ഞ കക്കൂസുകൾ നിർമ്മിക്കുവാൻ കഴിയും.

## പരിസര ശുചിത്വം

പരിസരശുചിത്വത്തിന്റെ കാര്യത്തിലും നമ്മുടെ ജനങ്ങൾ അങ്ങേയറ്റം ഉദാസീനതയാണ് കാണിക്കുന്നത്. മാലിന്യങ്ങളും ചപ്പ്, ചവറുകളും, അഴുക്കുവെള്ളവും കെട്ടിക്കിടക്കുന്ന സ്ഥലങ്ങൾ പഞ്ചായത്തിൽ കുറവാണ്. എരിമയൂർ ടൗൺ, വടുകത്തറ, ചേരാനാട്, കയറംപാറ, കുനിശ്ശേരി ടൗൺ, എന്നിവിടങ്ങളിൽ ചപ്പുചവറുകളും, മാലിന്യങ്ങളും കെട്ടികിടക്കുന്ന സ്ഥലങ്ങളുണ്ട്. അഴുക്കുചാലുകൾ ഇല്ലാത്തവയാണ് പഞ്ചായത്തിലെ പ്രധാനപ്പെട്ട എല്ലാ റോഡുകളും. അഴുക്കുചാൽ നിർമ്മിക്കുവാനുള്ള സാമ്പത്തികശേഷി പഞ്ചായത്തിന് ഇല്ലാത്തതാണ് പ്രധാന കാരണം. പഞ്ചായത്തിന്റെ കീഴിൽ ശുചീകരണ തൊഴിലാളികൾ രണ്ടാൾ ആയതുകൊണ്ട് പഞ്ചായത്തുവക ശുചീകരണം എല്ലാ ഭാഗത്തും നടത്താറില്ല കുനിശ്ശേരിയിൽ നടന്നുവരുന്ന ആഴ്ച ചന്തയോടനുബന്ധിച്ച് അവിടത്തെ പൗരസമിതി പിരിവുനടത്തി മൂന്ന് തൊഴിലാളികളെ നിയോഗിച്ച് ആഴ്ചയിൽ ഒന്നോ, രണ്ടോ ശുചീകരണം നടത്താറുണ്ട്. പൊതുജനങ്ങൾ അവരുടെ വീടുകളിലെ വിസർജ്ജ്യ വസ്തുക്കളും, ചപ്പുചവറുകളും, മാലിന്യങ്ങളും പൊതുനിരത്തിലേക്ക് വലിച്ചെറിയുന്ന സ്വഭാവം സാധാരണ ഉള്ളതാണ്. ജന സാന്ദ്രത കൂടുതലായിട്ടുള്ള എരിമയൂർ, കുനിശ്ശേരി എന്നീ ടൗൺ പ്രദേശങ്ങളിൽ ഈ വക പ്രശ്നങ്ങളുണ്ട്.

ചപ്പുചവറുകളും, മാലിന്യങ്ങളും, കത്തിച്ച് കളയുകയോ, കമ്പോസ്റ്റാക്കി മാററുകയോ, മററു വിധത്തിൽ സംസ്കരിക്കുകയോ, ചെയ്യുന്നതിന് ജനങ്ങളെ ബോധവാന്മാരാക്കാൻ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും, ആവശ്യമായ സാങ്കേതിക വിദ്യയും സൗകര്യങ്ങളും ഏർപ്പെടുത്തുകയും ചെയ്യേണ്ടതാണ്, മലിനജലം ഒഴുക്കിക്കളയുന്നതിനു് എരിമയൂർ, വടകത്തറ, ചേരാനാട്ട്, കുനിശ്ശേരിയിൽ ഗ്രാമം റോഡ്, തൃപ്പാളൂരിൽ പഞ്ചായത്താഫീസ് മുതൽ ജംഗ്ഷൻ വരെ എന്നിവിടങ്ങളിൽ ഡ്രൈനേജുകൾ നിർമ്മിക്കേണ്ടതാണ്.

സംസ്ഥാനവുമായി താരതമ്യം ചെയ്യുമ്പോൾ പഞ്ചായത്തിലെ ആരോഗ്യ സ്ഥാപനങ്ങളുടെ എണ്ണം കുറവാണ്. അതുകൊണ്ട് തന്നെ പഞ്ചായത്തിന്റെ പൊതു ആരോഗ്യ സ്ഥിതിയിൽ ഗുണപരമായ വളർച്ചയല്ല ദൃശ്യമാകുന്നത്.

1995–96ലെ ജനനനിരക്ക് 14 ആണ്, ഇത് കേരളത്തിന്റെ ശരാശരിയെക്കാൾ കുറവാണ്.

1995–96ൽ പഞ്ചായത്തിലെ ജനനനിരക്ക് 14 ആണ്. (അവലംബം പഞ്ചായത്ത് ജനന രജിസ്റ്റർ) കേരളത്തിന്റെ ജനനനിരക്ക് 17 ആണ്. ഇത് സംസ്ഥാനത്തിന്റെ നിരക്കനുസരിച്ച് കുറവാണ്. ജനന നിയന്ത്രണ മാർഗ്ഗങ്ങൾ കൂടുതലും സ്ത്രീകളാണ് സ്വീകരിക്കാറുള്ളത്, കുടുംബാസൂത്രണ മാർഗ്ഗം സ്വീകരിച്ച് അമ്മമാർ (ജീവിച്ചിരിക്കുന്ന കുട്ടികളുടെ അടിസ്ഥാനത്തിന് താഴെപ്പറയും പ്രകാരമാണ്.)

a 1 കുട്ടി — 263 അമ്മമാർ

b 2 കുട്ടി — 961 അമ്മമാർ

c 2ന് കൂടുതൽ കുട്ടികൾ 1457 അമ്മമാർ

## പട്ടിക 1

| | അമ്മമാരുടെഎണ്ണം (ജീവിച്ചിരിക്കുന്ന കുട്ടികളുടെ അടിസ്ഥാനത്തിൽ) | കുടുംബാസൂത്രണം സ്വീകരിച്ച അമ്മമാരുടെ എണ്ണം (ജീവിച്ചിരിക്കുന്ന കുട്ടികളുടെ അടിസ്ഥാനത്തിൽ) | കുടുംബാസൂത്രണം സ്വീകരിച്ചിരിക്കുന്ന അമ്മാമാർ (ജീവിച്ചിരിക്കുന്ന കുട്ടികളുടെ അടിസ്ഥാനത്തിൽ |
|---|---|---|---|
| 1 കുട്ടി | 760 | 263 | 497 |
| 2 കുട്ടി | 1169 | 961 | 208 |
| 2ൽ കൂടുതൽ കുട്ടികൾ | 1613 | 1457 | 156 |
| ആകെ | 3542 | 2681 | 861 |

ആകെയുള്ള 3542 അമ്മമാരിൽ 2681 പേർ കുടുംബാസൂത്രണം സ്വീകരിച്ചിട്ടുള്ള വരാണ്. 861 പേർ കുടുംബാസൂത്രണം സ്വീകരിക്കുന്നവരായിട്ടുണ്ട്.

പഞ്ചായത്തിന്റെ പൊതു മരണനിരക്ക് 1995–ൽ 5.4 ആണ്. കേരളത്തിൽ പൊതു മരണനിരക്ക് 5.9 ആണ്. ഇത് സംസ്ഥാന നിരക്കിനോട് ഏറെക്കുറെ തുല്യ മാണ്. 1995–ൽ ചാപ്പിള്ള ജനനമരണം, 1 വയസ്സിൽ താഴെ പ്രായമുള്ള കുട്ടികളുടെ മരണ (ജനന) റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. അതെപോലെതന്നെ പ്രസവ സമയത്തോ, പ്രസവം കഴിഞ്ഞ് 42 ദിവസത്തിനകമുള്ള സ്ത്രീകളുടെ മരണം 1995–ൽ റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടില്ല.

## വൈകല്യ നിരക്ക്

പഞ്ചായത്തിൽ അംഗവൈകല്യമുള്ളവർ 48 പേരും 13 മന്ദബുദ്ധികളും ഉണ്ട്. വൈകല്യം സംബന്ധിച്ച പട്ടിക താഴെ കൊടുക്കുന്നു.

### പട്ടിക 2

| | |
|---|---|
| അന്ധർ | 1 |
| ബധിരർ | 5 |
| മൂകർ | 1 |
| ബധിര മൂകർ | 4 |
| ചലന വൈകല്യങ്ങൾ | 37 |
| മന്ദബുദ്ധികൾ | 13 |

രോഗാതുരത:– പഞ്ചായത്തിൽ ക്ഷയം, കുഷ്ഠം, മലമ്പനി, തിമിരം എന്നീ രോഗങ്ങൾ ബാധിച്ചവരുണ്ട്. കൂടാതെ രക്ത സമ്മർദ്ദം, പ്രമേഹം, കാൻസർ, ഹൃദ്രോഗം എന്നിവയും റിപ്പോർട്ട ചെയ്യപ്പെട്ടിട്ടുണ്ട്.

### പട്ടിക 3

| | | |
|---|---|---|
| രക്ത സമ്മർദ്ദം | 36 | പേർ |
| പ്രമേഹം | 20 | പേർ |
| കാൻസർ | 2 | പേർ |
| ക്ഷയം | 12 | പേർ |
| കുഷ്ഠം | 54 | പേർ |
| ഹൃദ്രോഗം | 6 | പേർ |

സംസ്ഥാനത്തും ജില്ലയിലും ഉണ്ടാവാറുള്ള മിക്കവാറും രോഗങ്ങൾ പഞ്ചായത്തി ലുമുണ്ടാകാറുണ്ട്. മഞ്ഞപിത്തം, ഛർദ്ദി, അതിസാരം, കുഷ്ഠം, ക്ഷയം, ടൈഫോയ്ഡ് മന്ത് തുടങ്ങിയവ

മററു രോഗങ്ങൾ സാധാരണയായി കണ്ടുവരാറുള്ളത് ഛർദ്ദി, അതിസാരം, പനി, എന്നിവയാണ്. പഞ്ചായത്തിൽ കുനിശ്ശേരിയിലുള്ള പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ 95-96ൽ വർഷത്തിൽ 3944 ഔട്ട് പേഷ്യൻറ് ചികിത്സ സ്വീകരിച്ചിട്ടുണ്ട്. അവിടെ കിടത്തി ചികിത്സിക്കാൻ സൗകര്യമില്ലാത്തത് കൊണ്ട് 6 കിലോമീററർ അകലെയുള്ള ആലത്തൂർ താലൂക്ക് ആസ്പത്രിയിലാണ് ചികിത്സക്കായി ആശ്രയിച്ചുപോരുന്നത്. ഛർദ്ദി, അതിസാരം, പനി എന്നിവ കൂടുതലായി വേനൽ ക്കാലങ്ങളിലാണ് കണ്ടുവരുന്നത്. കൂടാതെ മഴക്കാലത്തിൻെറ ആരംഭത്തിലും അവസാനത്തിലും സാധാരണ ഉണ്ടാകാറുണ്ട്. ജലജന്യ രോഗങ്ങൾ, വായുജന്യ രോഗങ്ങൾ പ്രാണിജന്യ രോഗങ്ങൾ എന്നിവയും ഉണ്ടാകാറുണ്ട്. പൂർണ്ണമായി നിർമ്മാർജ്ജനം ചെയ്യപ്പെട്ടു എന്ന് കരുതിയ കോളറ 1996-ൽ ഈ പഞ്ചായത്തിലെ പുള്ളോട്, പുതുവപ്പറമ്പ്, എരിമയൂർ എന്നീ സ്ഥലങ്ങളിൽ നിന്നും രോഗികളുണ്ടായിട്ടുണ്ട്. എന്നാൽ രോഗങ്ങൾ പൂർണ്ണമായും നിയന്ത്രണ വിധേയമായിട്ടുണ്ട്.

## പട്ടിക 4

## പകർച്ചവ്യാധി വിവരങ്ങൾ

| വർഷം | ജലജന്യരോഗങ്ങൾ | വായുജന്യരോഗങ്ങൾ | പ്രാണിജന്യരോഗങ്ങൾ | മററുള്ളവ |
|---|---|---|---|---|
| 1993-94 | 1680 | 1850 | 280 | |
| 1994-95 | 1100 | 1650 | 75 | |
| 1995-96 | 850 | 1220 | 60 | |

കുടിവെള്ളത്തിന് ശുദ്ധജലത്തിൻെറ ദൗർലഭ്യം നിലവിലുള്ള ശുദ്ധജല വിതരണം ശാസ്ത്രീയമായി ശുദ്ധീകരിക്കാത്ത സ്ഥിതി, കക്കൂസുകളുടെ അപര്യാപ്തത, തുറന്ന സ്ഥലത്ത് മലമൂത്ര വിസർജ്ജനം ചെയ്യൽ, മാലിന്യങ്ങളും വിസർജ്ജ വസ്തുക്കളും ശരിയായ രീതിയിൽ നിർമ്മാർജ്ജനം ചെയ്യാതിരിക്കൽ എന്നിവയാണ് പ്രധാനമായും സാംക്രമിക രോഗങ്ങൾ വ്യാപിക്കാനുള്ള കാരണങ്ങൾ.

ഈച്ച, കൊതുക് എന്നിവ പഞ്ചായത്തിൻെറ എല്ലാ ഭാഗങ്ങളിലും ധാരാളം ഉണ്ട്. രോഗങ്ങൾ പരത്തുന്നതിന് ഇവ പ്രധാന പങ്കുവഹിക്കുന്നുണ്ട്, ഈച്ച, കൊതുക്, എന്നിവ നിർമ്മാർജ്ജനം ചെയ്യുന്നതിന് പഞ്ചായത്തിൽ നിന്നോ, മററ് ആരോഗ്യ പരിപാലന സ്ഥാപനങ്ങളിൽ നിന്നോ കാര്യമായ പ്രവർത്തനങ്ങൾ ഉണ്ടാകാറില്ല.

ഈ പഞ്ചായത്തിൽ കുട്ടികളുടെ പോഷകാഹാര നിലവാരം വളരെ കുറവാണ്. ഗർഭിണികൾക്കും, കുട്ടികൾക്കും, അംഗൻവാടി, ബാലവാടി എന്നിവ മുഖേനയും, സ്കൂൾ കുട്ടികൾക്കുള്ള ഉച്ചക്കഞ്ഞി വിതരണത്തിലൂടെയും നടത്തിവരാറുള്ളത് ഒരു പരിധിവരെ സഹായകമായിട്ടുണ്ട്.

പഞ്ചായത്തിലെ ആരോഗ്യസ്ഥാപനങ്ങൾ താഴെ പട്ടികയിൽ പറയുന്ന പ്രകാരമാണ്.

## പട്ടിക 5

| | സ്ഥാപനത്തിൻെറ പേർ | കെട്ടിടം—സ്വന്തം/വാടക | ഉദ്യോഗസ്ഥരുടെ എണ്ണം | സ്ഥാപിച്ച വർഷം |
|---|---|---|---|---|
| 1 | പ്രാഥമികാരോഗ്യകേന്ദ്രം കുനിശ്ശേരി | സ്വന്തം | 13 | 17—12—1976 |
| 2 | എരിമയൂർ കുടുംബ ക്ഷേമ കേന്ദ്രം | സ്വന്തം | 2 | |
| 3 | പുള്ളോട് കുടുംബ ക്ഷേമ കേന്ദ്രം | സ്വന്തം | 1 | |
| 4 | കൂട്ടാല കുടുംബ ക്ഷേമ കേന്ദ്രം | സ്വന്തം | 1 | |
| 5 | മാടമ്പാറ കുടുംബ ക്ഷേമ കേന്ദ്രം | സ്വന്തം | 1 | |
| 6 | ഹോമിയോ ഡിസ്പെൻസറി തൃപ്പാളൂർ | വാടക | 4 | 1986 |

കുനിശ്ശേരി പ്രാഥമികാരോഗ്യകേന്ദ്രത്തിൽ ഒരു ഡോക്ടർ ഒരു ഫാർമസിസ്റ്റ് എന്നിവർ ഉണ്ടെങ്കിലും, ഡോക്ടർക്ക് താമസിക്കാനുള്ള ക്വാർട്ടേഴ്സിൽ കുടിവെള്ളവും മററു പ്രാഥമിക സൗകര്യങ്ങൾപോലും ഇല്ലാത്തതിനാൽഡോക്ടർമാർ താമസിക്കുന്നില്ല ആയതുകൊണ്ട് ദിവസവും 8 മണിമുതൽ 1 മണിവരെ മാത്രമെ ഡോക്ടറുടെ സേവനം ലഭിക്കുന്നുള്ളു. ഈ സ്ഥാപനത്തിൽ അററകുററപ്പണികൾ നടത്താത്തതുകൊണ്ട് വളരെ അസൗകര്യങ്ങൾ ഉണ്ട്. ഈ സ്ഥാപനത്തിലെ പല തസ്തികകളും ഒഴിഞ്ഞു കിടക്കുകയാണ്. ഈ സ്ഥാപനത്തിൽനിന്നും ആവശ്യത്തിനുള്ള മരുന്നുകൾപോലും ലഭിക്കുന്നില്ല കിടത്തി ചികിത്സിക്കാനുള്ള സൗകര്യം ഇവിടെയില്ല. പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ നിന്നും 1 കിലോ മീററർ അകലെയാണ് മരുന്നു ഷാപ്പ് എന്നതിനാൽ മരുന്ന് വാങ്ങുന്നതിന് പ്രയാസം നേരിടുന്നുണ്ട്. 10 കിടക്കകളോടുകൂടിയ ആസ്പത്രിയാക്കി സർക്കാർ അനുവാദം ലഭിച്ചിട്ടുണ്ടെങ്കിലും ഇതുവരെ യാതൊരു പ്രവർത്തനവും നടന്നിട്ടില്ല.

ഈ സെൻററിൻെറ കീഴിൽ നാലു കുടുംബക്ഷേമ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും അവയുടെ സേവനം പൂർണ്ണമല്ല. ഓരോ സ്ഥലത്തും ഒരു ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ്മാരെ നിയോഗിച്ചിട്ടുണ്ട്. അവർ ഗൃഹ സന്ദർശനം നടത്തുകയും,

മാതൃസംഗമങ്ങരം നടത്താറുമുണ്ട്. കുടുംബക്ഷേമ കേന്ദ്രങ്ങളിൽ അവർക്ക് താമസ സൗകര്യങ്ങളോ അവിടെ കുടിവെള്ളമോയില്ല. കുട്ടികരംക്കും, അമ്മമാർക്കും ആവശ്യമായ മരുന്നുകരം വിതരണം ചെയ്യാറില്ല.

പഞ്ചായത്തിന്റെ കീഴിൽ ഒരു ഹോമിയോ ഡിസ്പെൻസറി പ്രവർത്തിച്ചു വരുന്നു. തൃപ്പാളൂരിലുള്ള പ്രസ്തുത സ്ഥാപനം ഇപ്പോരം ഒരു വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ചുവരുന്നത്. ഈ കെട്ടിടത്തിൽ പ്രാഥമികാവശ്യങ്ങരം നിറവേററാനുള്ള സൗകര്യമോ, വിദ്യുച്ഛക്തിയോ, കുടിവെള്ളമോ ഇല്ലാത്തതിനാൽ ഇവിടെ വരുന്ന ജനങ്ങരംക്ക് കാര്യമായ പ്രയോജനം ലഭിക്കാറില്ല. ഡോക്ടറുടെ സേവനം ലഭ്യമാണെങ്കിലും എല്ലാതരം മരുന്നുകളും എല്ലായ്പ്പോഴും ലഭിക്കാറില്ല. ഈ സ്ഥാപനത്തിനുവേണ്ടി പഞ്ചായത്തധീനതയിൽ പുതുതായി പണിതിട്ടുള്ള കെട്ടിടത്തിലും പല അസൗകര്യങ്ങളുമുണ്ട്. അതിനോടനുബന്ധിച്ച് വെള്ളം, വൈദ്യുതി, കക്കൂസ് എന്നീ സൗകര്യങ്ങളും ലഭ്യമായിട്ടില്ല.

## ദേശീയ രോഗ നിർമ്മാർജ്ജന പദ്ധതികരം

ദേശീയ പോളിയോ നിർമ്മാർജ്ജന പരിപാടി, ദേശീയ കുഷ്ഠരോഗ നിർമ്മാജ്ജന പരിപാടി, രോഗപ്രതിരോധ കുത്തിവെയ്പ്പുകരം മുതലായവ ഈ പഞ്ചായത്തിലെ പ്രാഥമിക ആരോഗ്യകേന്ദ്രത്തിലൂടെയും ആലത്തൂർ കമ്മ്യൂണിററി ഹെൽത്ത് സെൻററിലൂടെയും ഈ പഞ്ചായത്തിലെ എല്ലാ വാർഡിലെ ജനങ്ങരംക്കും ലഭിച്ചുവരുന്നുണ്ട്.

രോഗ പ്രതിരോധ കുത്തിവെയ്പ്പുകളിലൂടെ നമ്മുടെ പഞ്ചായത്തിലെ സ്ത്രീകരംക്കും കുട്ടികരംക്കും ആരോഗ്യ സംരക്ഷണത്തിൽ വളരെയധികം സഹായം ലഭിച്ചിട്ടുണ്ട്. മാരകരോഗങ്ങളായ ടെററനസ്, വില്ലൻചുമ, അഞ്ചാംപനി എന്നിവകൊണ്ടുള്ള മരണം ഇന്ന് നമ്മുടെ പഞ്ചായത്തിൽ ഇല്ല എന്നു തന്നെ പറയാം. ഒരു കാലത്ത് ശിശു മരണനിരക്ക് വളരെ അധികം വർദ്ധിക്കാൻ കാരണം ടെററനസ് ആയിരുന്നു. ഇന്ന് ടെററനസ്സ് കൊണ്ടുള്ള മരണം തീർത്തും ഇല്ലാ എന്നുതന്നെ പറയാം. സർക്കാരിന്റെ പരിപാടികളും ആരോഗ്യ പ്രവർത്തകരുടെ പ്രവർത്തനവും കൊണ്ടാണ് ഈ നിലയിൽ എത്തിക്കാൻ കഴിഞ്ഞത്.

അഞ്ചാംപനി ബാധിച്ച കുട്ടികളിൽ ന്യൂമോണിയ എന്ന മാരകരോഗം പിടിപെട്ട് മുൻകാലങ്ങളിൽ ശിശുമരണ നിരക്ക് വർദ്ധിക്കാറുണ്ടായിരുന്നു. എന്നാൽ ഇപ്പോരം അഞ്ചാംപനിക്കെതിരെ ഫലപ്രദമായ കുത്തിവെയ്പ് ഉള്ളതുകൊണ്ട് ഈ രോഗംകൊണ്ടുള്ള മരണവും ഇല്ല എന്നുതന്നെ പറയാം. വില്ലൻചുമ എന്ന രോഗവും ഇപ്പോരം നിയന്ത്രണാധീനമായിട്ടുണ്ട്.

ദേശീയ കുഷ്ഠരോഗ നിർമ്മാർജ്ജന പരിപാടിയിലൂടെ കുഷ്ഠരോഗം ബാധിച്ച ആളുകളെ രോഗ വിമുക്തരാക്കുവാനും കൂടുതൽ ആളുകരംക്ക് രോഗം പകരാതെ തടയുവാനും കഴിഞ്ഞിട്ടുണ്ട്. കുനിശ്ശേരി പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ കീഴിലുള്ള ഒരു SET സെൻററിലൂടെയും ആലത്തൂർ കമ്മ്യൂണിററി ഹെൽത്ത് സെൻറിന്റെ കീഴിലുള്ള ഒരു SET സെൻറിലൂടെയുമാണ് ഈ പഞ്ചായത്തിലെ കുഷ്ഠരോഗ നിർമ്മാർജ്ജന പ്രവർത്തനങ്ങരം നടത്തിവരുന്നത്.

1991–ൽ ഈ പഞ്ചായത്തിൽ നാനൂറോളം പേർ കുഷ്ഠരോഗ ബാധിതരായിട്ടുണ്ടായിരുന്നു. എന്നാൽ 1996 നവംബറിലെ കണക്കു പ്രകാരം 54കുഷ്ഠരോഗികളെ ഈ പഞ്ചായത്തിലുള്ളൂ. അതായത് 1991–ൽ 100 –ന് 2 എന്ന നിരക്കിൽ കുഷ്ഠരോഗ ബാധിതരുണ്ടായിന്നത്. 1996–ൽ 15000ത്തിന് രണ്ട് എന്ന നിരക്കിലേക്ക് എത്തിക്കുവാൻ ദേശീയ കുഷ്ഠരോഗ നിർമ്മാർജ്ജന പരിപാടിയുടെ ഈ പഞ്ചായത്തിലെ പ്രവർത്തനം കൊണ്ട് കഴിഞ്ഞിട്ടുണ്ട്. ഈ പഞ്ചായത്തിലെ മുഴവൻ ആളുകളേയും കുഷ്ഠരോഗത്തെ കുറിച്ച് ബോധവാന്മാരാക്കുവാനും ദേശീയ കുഷ്ഠരോഗ നിർമ്മാർജ്ജന നടത്തിപ്പിലൂടെ കഴിഞ്ഞിട്ടുണ്ട്. എല്ലാ വർഷവും ഈ പഞ്ചായത്തിലെ മുഴവൻ സ്കൂളുകളിലും ഈ പരിപാടിയുടെ ഭാഗമായി രോഗപരിശോധനയും ആരോഗ്യ വിദ്യാഭ്യാസ ക്ലാസ്സുകളും നടത്തി വരുന്നുണ്ട്.

മുൻകാലങ്ങളിൽ സമൂഹം വളരെയധിക ം വെറുത്തിരുന്ന ശപിക്കപ്പെട്ട ഒരു രോഗമായിരുന്നു കുഷ്ഠരോഗം. നാഗശാപംകൊണ്ടും ദൈവകോപം കൊണ്ടുമാണ് കുഷ്ഠരോഗം ബാധിക്കുന്നത് എന്നായിരുന്നു അക്കാലത്ത് പൊതുവെയുള്ള ധാരണ. ഈ കാരണങ്ങൾ കൊണ്ടുതന്നെ രോഗം ബാധിച്ചയാൾ സ്വമേധയാ രോഗ ചികിത്സക്ക് എത്താത്ത ഒരവസ്ഥ അന്നുണ്ടായിരുന്നു. ടി. വി. യിലൂടെയും റേഡിയോവിലൂടെയും പത്രമാദ്ധ്യമങ്ങളിലൂടെയും ആരോഗ്യ വിദ്യാഭ്യാസ ക്ലാസ്സുകളിലൂടെയുമുള്ള ബോധവൽക്കരണത്തിന്റെ ഭാഗമായി ഇന്ന് രോഗ ബാധിതർ സ്വമേധയാ ആശുപത്രികളിലേക്ക് ചികിൽസക്ക് എത്തുന്നുണ്ട്.

## പ്രശ്നങ്ങളും പരിഹാര മാർഗ്ഗങ്ങളും

1 ഇപ്പോൾ നിലവിലുള്ള കുനിശ്ശേരി പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ അററകുററപ്പണികൾ തീർത്ത് വെള്ളം, വെളിച്ചം, മററു പ്രാഥമിക സൗകര്യങ്ങൾ എന്നിവ മെച്ചപ്പെടുത്തുകയും, ഒഴിവുള്ള തസ്തികകൾ നികത്തുക., നേരത്തെ അനുവദിക്കപ്പെട്ട 10 കിടക്കകളോടുകൂടിയ വാർഡിന്റെ നിർമ്മാണ പ്രവർത്തനം ഉടൻ ആരംഭിക്കുക, (ആരോഗ്യ കേന്ദ്രത്തിന്റെ) മെഡിക്കേയറിന്റെ നേതൃത്വത്തിൽ ഒരു മെഡിക്കൽ ഷോപ്പും, ലബോറട്ടറിയും സ്ഥാപിക്കുക എന്നീ കാര്യങ്ങൾ അടിയന്തിരമായി ചെയ്തുതീർക്കേണ്ടതാണ്.

2 എരിമയൂർ ജംഗ്ഷനിൽ കൂട്ടാല റോഡിന് തെക്കുവശം തരിശായിക്കിടക്കുന്ന 3 ഏക്കറോളം വരുന്ന സ്ഥലം, സൗജന്യമായി ലഭ്യമാക്കുകയോ, അല്ലെങ്കിൽ വിലകൊടുത്ത് വാങ്ങിച്ച് അവിടെ പ്രാഥമികാരോഗ്യ കേന്ദ്രവും, ചുരുങ്ങിയത് 10 കിടക്കകളോടുകൂടിയ ഒരു വാർഡും സ്ഥാപിച്ച് മെഡികെയറിന്റെ സഹായത്തോടെ ഒരു മെഡിക്കൽഷോപ്പും ലബോറട്ടറിയും ആരംഭിക്കുകയും ചെയ്യുക.

3 പുള്ളോട് ലക്ഷംവീട് കോളനിക്ക് സമീപം നിലവിലുള്ള കുടുംബക്ഷേമ കേന്ദ്രം നിൽക്കുന്ന സ്ഥലത്ത് ഒരു പ്രാഥമികാ രോഗ്യകേന്ദ്രം സ്ഥാപിച്ച് 10 കിടക്കകളോടുകൂടിയ വാർഡും മെഡികെയറിന്റെ സഹായത്തോടെ ഒരു മെഡിക്കൽ ഷോപ്പും, ലബോറട്ടറിയും സ്ഥാപിക്കുക.

4 വടക്കെത്തറ, കണ്ണംമ്പുള്ളി, മാടമ്പാറ, കൂട്ടാല എന്നിവിടങ്ങളിലെ കുടുംബക്ഷേമ കേന്ദ്രങ്ങളിൽ കെട്ടിട സൗകര്യവും, മററു പ്രാഥമിക സൗകര്യങ്ങളും ഏർപ്പെടുത്തി നല്ല സേവനം ലഭ്യമാക്കുക.

5 തൃപ്പാളൂരിൽ സ്ഥിതിചെയ്യുന്ന ഹോമിയോ ഡിസ്പെൻസറി പുതിയ കെട്ടിടത്തിലേക്ക് മാററി സ്ഥാപിക്കുക, പുതിയ കെട്ടിടത്തിൽ കുടിവെള്ളം, വൈദ്യുതി, കക്കൂസ് മുതലായ സൗകര്യങ്ങൾ ഏർപ്പെടുത്തുക.

6 എരിമയൂരിൽ നിലവിലുള്ള കുടുംബക്ഷേമ കേന്ദ്രത്തിൽ ഒരു ആയുർവ്വേദ ചികിത്സാകേന്ദ്രം സ്ഥാപിക്കുക. പുള്ളോട്ടിൽ ഒരു ആയുർവ്വേദ ഡിസ്പെൻസറി സ്ഥാപിക്കുക.

7 തൃപ്പാളൂർ ഭാഗത്ത് ഒരു വൈദ്യുത ശ്മശാനം നിർമ്മിക്കുകയും നിലവിലുള്ള ശ്മശാനങ്ങൾ സംരക്ഷിക്കുകയും ചെയ്യുക. 2–ാം വാർഡിൽ നിലവിലുള്ള പൊതുശ്മശാനം ഏതാനും വ്യക്തികൾ കയ്യേറിയിരിക്കുന്നത് ഒഴിപ്പിച്ചെടുത്ത് ചുററു മതിൽ കെട്ടി സംരക്ഷിക്കുക. 4–ാം വാർഡിൽ തോട്ടരികിലുള്ള പൊതു ശ്മശാനം സ്വകാര്യവ്യക്തികൾ കയ്യേറിയിട്ടുള്ളതു് ഒഴിപ്പിച്ചെടുത്ത് ചുററുമതിൽകെട്ടി സംരക്ഷിക്കുക, 6–ാം വാർഡിൽ പുതുതായൊരു പൊതു ശ്മശാനം ഉണ്ടാക്കുക. 7–ാം വാർഡിലും 8–ാം വാർഡിലും നിലവിലുള്ള പൊതു ശ്മശാനം നില്ക്കുന്ന സ്ഥലം റീസർവ്വേയിൽ തേങ്കുറിശ്ശി പഞ്ചായത്തിനു കീഴിലായിരിക്കുന്നത് വീണ്ടെടുത്ത് എരിമയൂർ പഞ്ചായത്തിൻെറ കീഴിൽ കൊണ്ടുവന്ന് ചുററുമതിൽ കെട്ടി സംരക്ഷിക്കുക. 10–ാം വാർഡിൽ ഗായത്രിപ്പുഴയോരത്തുള്ള സർക്കാർ വക പൊതു ശ്മശാനം സ്വകാര്യ വ്യക്തികൾ കയ്യേറിയിട്ടുള്ളത് ഒഴിപ്പിച്ചെടുത്ത് ചുററുമതിൽ കെട്ടി സംരക്ഷിക്കുക.

8 കുനിശ്ശേരിയിൽ പ്രാഥമികാരോഗ്യ കേന്ദ്രത്തിൻെറ കീഴിൽ ഒരു ആംബുലൻസ് വാൻ വാങ്ങി സേവനം ലഭ്യമാക്കുക.

9 പഞ്ചായത്തിലെ എല്ലാ ആരോഗ്യ പ്രവർത്തനങ്ങളും ഏകോപിപ്പിയ്ക്കുകയും, ശുചിത്വം, പരിസര ശുചീകരണം, എന്നീ കാര്യങ്ങളിൽ ജനങ്ങളെ ബോധവാന്മാരാക്കുന്നതിന് കുടുംബ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും ചെയ്യുക.

10 പോഷകാഹാരം, കുഞ്ഞുങ്ങളുടെ സംരക്ഷണം എന്നിവ മുൻനിർത്തി മാസത്തിലൊരിക്കൽ എല്ലാ ആരോഗ്യ പ്രവർത്തന കേന്ദ്രത്തിലും, അംഗൻവാടി, ബാലവാടി കേന്ദ്രങ്ങളിലും ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക.

11 കക്കൂസില്ലാത്ത മുഴുവൻ വീടുകൾക്കും കക്കൂസ് നിർമ്മിക്കുന്നതിന് വായ്പയായും സൗജന്യമായും ഫണ്ട് നൽകി കക്കൂസ് പഞ്ചായത്തുതന്നെ നേരിട്ടു നിർമ്മിച്ചു കൊടുക്കുക.

മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ പഞ്ചായത്തിലെ ജനങ്ങളുടെ ആരോഗ്യസംരക്ഷണത്തിനായി മുൻഗണന നൽകി നടപ്പിലാക്കേണ്ടതുണ്ട്.




5

7

OFFICE OF THE ERIMAYUR GRAMA PANCHAYAT

# ഗതാഗതം

1950–കളുടെ അവസാനത്തോടെയാണ് നമ്മുടെ പഞ്ചായത്ത് പ്രദേശത്ത് നാമമാത്രമായി ഗതാഗതയോഗ്യമായ റോഡുകൾ ഉണ്ടായിട്ടുള്ളത്, നടവഴിയും ഇടവഴിയും മൺപാതകളുമാണ് അന്ന് നിലവിലുണ്ടായിരുന്നത്. കൂട്ടായ്മയുടെ കരുത്തും നാടിന്റെ വികസനത്തിൽ റോഡുകൾ വഹിക്കുന്ന പങ്ക് വ്യക്തമായി അറിയാവുന്നവരായിരുന്നു നമ്മുടെ പൂർവ്വികർ. ഈ തിരിച്ചറിവിന്റെ പരിണിതഫലമായിരുന്നു. നാൽപതു വർഷം മുമ്പുതന്നെ ശ്രമദാനമായി ഒരു റോഡ് നിർമ്മിച്ചെടുത്തത്. കേന്ദ്രസർക്കാറിന്റെ കമ്മ്യൂണിററി പദ്ധതിയിലൂടെ അല്പം റോഡുകൾ ഈ പഞ്ചായത്തിൽ നിർമ്മിക്കപ്പെട്ടിരുന്നു. സാധാരണ ജനങ്ങൾ കാൽനടയായാണ് യാത്ര ചെയ്തിരുന്നത്. എന്നാൽ സമ്പന്നർ കാളവണ്ടികളും കുതിരവണ്ടികളും പല്ലക്കും അത്യാവശ്യം കാറുകളും ഉപയോഗിച്ചിരുന്നു. 1951–52 മുതൽ ബസ്സ് സർവ്വീസ് ആരംഭിച്ചതായി കാണുന്നു. കരി ഇന്ധനമായി ഉപയോഗിച്ചിരുന്ന ബസ്സുകളായിരുന്നു അന്നുണ്ടായിരുന്നത്.

എരിമയൂർ പഞ്ചായത്ത് നിലവിൽ വന്നത് 1961–ലാണ്. പുതിയ പഞ്ചായത്ത് രൂപീകരണ സമയത്ത് പ്രധാന റോഡുകൾ തൃപ്പാളൂർ ചിററിലഞ്ചേരി റോഡ്, തൃപ്പാളൂർ പന്നിക്കോട്ട്, എരിമയൂർ–മാരാക്കാവ് റോഡ് തൃപ്പാളൂർ മലയഭഗവതിറോഡ്

[ചുള്ളിമട വഴി] തൃപ്പാളൂർ – എരിമയൂർ റോഡ് എന്നിവയായിരുന്നു. എന്നാൽ ഇന്ന് 88.269 കി. മീ. റോഡ് പഞ്ചായത്തിലുണ്ട്. ഇതിൽ 18. 4 കി. മീ ടാറിട്ടതും, 13.065 കി. മീ. മെററൽ ചെയ്തതുമാണ്. ശേഷിച്ചവ മൺ റോഡുകളായി കിടക്കുന്നു.

മെച്ചപ്പെട്ട റോഡ് ശൃംഖലയല്ല എരിമയൂർ പഞ്ചായത്തിലുള്ളത്. റോഡുകളുടെ അവസ്ഥ പൊതുവെ ശോചനീയമാണ്. പഞ്ചായത്തിന്റെ സാമ്പത്തിക പരിമിതി കാരണം യഥാസമയത്ത് അററകുററപ്പണികൾ നടത്തുന്നതിനു കഴിയാറില്ല. വർഷകാലത്ത് ഉൾപ്രദേശങ്ങളിലേക്ക് വാഹന ഗതാഗതം അസാദ്ധ്യമാണ്. പ്രത്യേകിച്ച് മൺ റോഡുകളിലൂടെയുള്ള ഗതാഗതം. നിലവിലുള്ള റോഡുകളിൽ ആവശ്യത്തിനു കൾവർട്ടുകൾ ഇല്ല. ഓവുചാലുകൾ തീരെയില്ലായെന്നു തന്നെ പറയാം. റോഡുകൾ ഇത്രയും മോശമായതിന്റെ പ്രധാന കാരണം യഥാസമയങ്ങളിൽ അററകുററപ്പണികൾ നടത്താതിരിക്കുന്നതാണ്. പുതിയ റോഡുകളുടെ ആവശ്യകതയെക്കുറിച്ച് ശാസ്ത്രീയമായ പഠനം നടത്തുകയോ മുൻഗണനാക്രമം നിശ്ചയിക്കുകയോ ചെയ്യാതിരുന്നത് പ്രശ്നം സങ്കീർണ്ണമാക്കിയിരിക്കുന്നു.

നിലവിലുള്ള റോഡുകളുടെ അപര്യാപ്തത ഒരു പ്രധാന പ്രശ്നമാണ്. റോഡുകളുടെ ഗുണനിലവാരമില്ലായ്മ മാററി യാത്രാ സൗകര്യം മെച്ചപ്പെടുത്തണം എന്ന ആവശ്യം എല്ലാ ഭാഗത്തു നിന്നും ഉണ്ടായിട്ടുണ്ട്. അപകടകരങ്ങളായ വളവുകൾ, റോഡിന്റെ വീതിക്കുറവ്, പ്രധാന റോഡുകളിൽ പോലും പാർശ്വങ്ങളിൽ നടപ്പാത ഇല്ലായ്മ എന്നിവയും സജീവമായി പരിഗണിക്കേണ്ട വിഷയങ്ങളാണ്.

## നിലവിലുള്ള പഞ്ചായത്തുവക റോഡുകളുടെ വിവരം

### പട്ടിക 1

| S. No. | കോൺക്രീററ് | | നീളം |
|---|---|---|---|
| I | എരിമയൂർ (കൂട്ടാല റോഡ് NH PWD റോഡിനെയും ബന്ധിപ്പിക്കുന്നത്) | | 0.042Kg. |
| II | ടാർചെയ്ത റോഡ് | | |
| 1 | കോട്ടെക്കുളം താഴക്കോട്ടുകാവ് റോഡ് | | 2.270 |
| 2 | എരിമയൂർ (കൂട്ടാല റോഡ് (തില്ലങ്കാട്) | | 3.858 |
| III | മെററൽ ഇട്ടത് | | |
| 1 | എരിമയൂർ കുത്തനൂർ | റോഡ് | 2.000 |
| 2 | എരിമയൂർ കോസ്‌വെ | ,, | 1.500 |
| 3 | എരിമയൂർ കാർട്രാക്ക് | ,, | 2.000 |

| | | | |
|---|---|---|---|
| 4 | എരിമയൂർ കയറംപ്പാറ | ,, | 0.100 |
| 5 | കുനിശ്ശേരി വല്ലങ്ങി (മാടമ്പാറ | ,, | 1.800 |
| 6 | തൃപ്പാളൂർ മലക്കുളം | ,, | 3.200 |
| 7 | കോട്ടെക്കുളം വടക്കെത്തറ | ,, | 0.800 |
| 8 | എരിമയൂർ കരിഞ്ഞാലി | ,, | 0.300 |

## മൺറോഡ്

IV

| | | | | |
|---|---|---|---|---|
| 1 | കുനിശ്ശേരി വടക്കെത്തറ | | റോഡ് ആശുപത്രി റോഡ് | 2.200 |
| 2 | കിഴക്കെത്തറ ആനസ്ഥാംപറമ്പ് | | റോഡ് | 0.565 |
| 3 | കുനിശ്ശേരി തെക്കേത്തറ | | ,, | 0.500 |
| 4 | കുനിശ്ശേരി ഗ്രാമം | | ,, | 0.425 |
| 5 | കതിരപ്പാറ കണ്ണമ്പുള്ളി | | ,, | 1,770 |
| 6 | കുട്ടാല ഗ്രാമം | | ,, | 0.420 |
| 7 | തണ്ണീർപ്പന്തൽ അണിക്കുരുത്തി | | ,, | 1.970 |
| 8 | കതിരപ്പാറ നെല്ലിയാംപ്പാടം | | ,, | 1.220 |
| 9 | കണ്ണമ്പുള്ളി പനയംപ്പാറ | | ,, | 1.400 |
| 10 | പാറക്കുളം അരക്കോട് | | ,, | 0.280 |
| 11 | കുഴൽ വെമ്പ്രംകോട് | | ,, | 0.435 |
| 12 | കൊല്ലൻകാട് കുളമ്പ് | | ,, | 2.380 |
| 13 | ചുള്ളിമട | വെങ്ങണ്ണിയൂർ | റോഡ് | 0,570 |
| 14 | എരിമയൂർ | ചുള്ളിമട | ,, | 1.830 |
| 15 | എരിമയൂർ | പിഷാരിക്കാവ് | ,, | 0.225 |
| 16 | എരിമയൂർ | ആശാരിത്തറ | ,, | 0.140 |
| 17 | എരിമയൂർ | പെരിങ്കുളം | ,, | 0.230 |
| 18 | എരിമയൂർ | മുസ്ലീംപ്പള്ളി | ,, | 0.145 |
| 19 | എരിമയൂർ | താഴത്തെവീട് | ,, | 0.225 |
| 20 | എരിമയൂർ | വടകത്തറ | ,, | 0.090 |
| 21 | ചേരാനാട് | വടകത്തറ | ,, | 0.155 |
| 22 | എരിമയൂർ | ആണ്ടിത്തറ | ,, | 0.205 |
| 23 | എരിമയൂർ | പെരിഞ്ഞറോട് | ,, | 1.020 |
| 24 | മുട്ടിചിറ | ചെമ്പൻപ്പുള്ളി | ,, | 1.250 |
| 25 | എരിമയൂർ | ആമൂർപ്പാടം | ,, | 0.600 |
| 26 | ചുള്ളിമട | പറക്കുന്നം | ,, | 0.380 |
| 27 | തൃപ്പാളൂർ | ടെംബിറം | ,, | 0.290 |
| 28 | പുള്ളോട് | കമ്പാരത്തറ | ,, | 0.620 |
| 29 | വടക്കേത്തറ–കമ്പോളം-നായർത്തറ | | ,, | 0 620 |
| 30 | വടക്കേത്തറ | കമ്പോളം | ,, | 0,660 |
| 31 | എരിമയൂർ | PCF കരിഞ്ഞാലി | ,, | 0.270 |

********* — എരിമയൂർ ഗ്രാമ പഞ്ചായത്ത് — *********

| | | | | |
|---|---|---|---|---|
| 32 | എരിമയൂർ | തച്ചംപ്പൊറ്റ | ,, | 0.200 |
| 33 | കൂട്ടാല | അരണക്കോട് | ,, | 0.310 |
| 34 | വടക്കേത്തറ | കമ്മാൻത്തറ | ,, | 0.400 |
| 35 | എരിമയൂർ | മുട്ടിച്ചിറ | ,, | 0.720 |
| 36 | ചെമ്പൻപ്പുള്ളി | മുട്ടിച്ചിറ | ,, | 0.700 |
| 37 | കോട്ടാംപ്പൊറ്റ | പുള്ളോട് | ,, | 0,560 |
| 38 | എരിമയൂർ | മന്നം കവറപ്പാറ | ,, | 0.500 |
| 39 | വടുകത്തറ | പുത്തൻവീട് | ,, | 0,300 |
| 40 | മലയ ഭഗവതി | | ,, | 1.700 |
| 41 | തെക്കേടത്ത് | ചുരുക്ക് | ,, | 0.2u0 |
| 42 | കല്ലായിൽ | ചുരുക്ക് | ,, | 0.150 |
| 43 | പുള്ളോട് | കാരാട്ടുകളം | ,, | 0.145 |
| 44 | പുള്ളോട് | ഒടുകിൻകാട് | ,, | 0.500 |
| 45 | പുള്ളോട് | ചിതറോഡ് | ,, | 0 485 |
| 46 | എരിമയൂർ | കൊളക്കപ്പാടം | ,, | 0.200 |
| 47 | ലക്ഷംവീട് | പന്തലാംകോടം | ,, | 0.570 |
| 48 | ലക്ഷംവീട് | കുറുക്കൻപറമ്പ് | ,, | 0.700 |
| 49 | എരിമയൂർ | സൂര്യൻകുളമ്പ് | ,, | 2.000 |
| 50 | പനയമ്പാറ | തച്ചംപ്പൊറ്റ | ,, | 0.270 |
| 51 | മണിയൻപറമ്പ് | ബാലവാടി റോഡ് | | 0.330 |
| 52 | കയറൻപാറ | അരിയക്കോട് | ,, | 1.000 |
| 53 | മത്തിൽക്കളം | (കുനിശ്ശേരി) | ,, | 0.150 |
| 54 | വെളുത്താക്കൻ | ചുരുക്ക് | ,, | 0.220 |
| 55 | വെമ്പ്രക്കോട് | കൂട്ടാല | ,, | 0.700 |
| 56 | R. C. കമ്പോളം–ഹോളി ഫാമിലി കോൺവെൻറ് | | | 0.355 |
| 57 | കുളിയാട് | കുറുക്കൻപറമ്പ് | ,, | 0.500 |
| 58 | ചുള്ളിമട | കാവത്ത്കളം | ,, | 0.512 |
| 59 | മലക്കളം | കാളാംപറമ്പ് | ,, | 0.620 |
| 60 | കോട്ടാരപ്പൊറ്റ | കൊല്ലത്തറ | ,, | 0.750 |
| 61 | മലക്കളം | ഖാദി സെൻറർ | ,, | 0.300 |
| 62 | മാടമ്പാറ | ഹരിജൻ കോളനി | ,, | 0,180 |
| 63 | മാടമ്പാറ | ചായമൃച്ചി | ,, | 0.225 |
| 64 | പന്നിക്കോട് | ഹരിജൻകോളനി | ,, | 0,240 |
| 65 | കണ്ടുകാട് | ,, | ,, | 0.250 |
| 66 | പന്തലാംകോട് | കവറത്തറ | ,, | 0.250 |
| 67 | എരിമയൂർ | ചെമ്മണ്ണാംമട | ,, | 0.350 |
| 68 | വടക്കെത്തറ | കുളിയാട് | ,, | 3.000 |
| 69 | പുള്ളോട് | ഹരിജൻകോളനി | ,, | 1.000 |
| 70 | കൊട്ടക്കര എരിമയൂർ | ഹരിജൻകോളനി | ,, | 1 000 |
| 71 | ഊർക്കളം | കാളാംപറമ്പ് റോഡ് | | 1.000 |
| 72 | മാടമ്പാറ | പുളമ്പൻകാട് | ,, | 0.475 |
| 73 | കുളിയാട് | ഹരിജൻകോളനി | ,, | 1.000 |

********* — എരിമയൂർ ഗ്രാമ പഞ്ചായത്ത് — *********

| | | | | |
|---|---|---|---|---|
| 74 | പാണക്കടി | ഇരപ്പക്കോട് | ,, | 0.275 |
| 75 | പരുത്തിക്കാട് | ഹരിജൻകോളനി | ,, | 0.225 |
| 76 | ചെറുപ്പളിച്ചി | കണ്ടക്കത്തി | ,, | 0,500 |
| 77 | എരിമയൂർ | കുളക്കാരംകോട് ശ്മശാനം റോഡ് | | 0.375 |

## പഞ്ചായത്തുപ്രദേശത്തുള്ള ടാർ റോഡുകളുടെ വിവരം

### പട്ടിക 2

| നമ്പർ | റോഡിൻെറ പേരു് | ദൂരം | | ഉടമസ്ഥത |
|---|---|---|---|---|
| 1 | തൃപ്പാളൂർ–എരിമയൂർ തോട്ടപ്പാലം | 3 | കി. മീ | NH 47 |
| 2 | തൃപ്പാളൂർ–ചിററിലംഞ്ചേരി | 2 | ,, | PWD |
| 3 | തൃപ്പാളൂർ–പന്നിക്കോട് | 7 | ,, | PWD |
| 4 | കുനിശ്ശേരി–വെണ്ണക്കാട് | 1.5 | ,, | PWD |
| 5 | തൃപ്പാളൂർ–പുള്ളോട് [പാണകോളനി] | 1 | ,, | പഞ്ചായത്ത് |
| 6 | എരിമയൂർ–തില്ലങ്കാട് [കൂട്ടാല] | 3,8 | ,, | പഞ്ചായത്ത് |
| 7 | എരിമയൂർ–ജ്യോതിനിലയം | 0,1 | ,, | പഞ്ചായത്ത് |
| | ആകെ | 18.4 | കി. മീ | |

## കോൺക്രീററ് റോഡുകൾ

### പട്ടിക 3

| | | | | |
|---|---|---|---|---|
| 1 | കോൺക്രീററ് റോഡ്കളുടെ നീളം | | 0.042 | Km |
| 2 | ടാർ റോഡുകളുടെ | ,, | 18.4 | ,, |
| 3 | മെററൽ റോഡുകൾ | ,, | 13.065 | ,, |
| 4 | മൺ റോഡുകൾ | ,, | 56.762 | ,, |
| | ആകെ | | 88.269 | Km |

## നിലവിലുള്ള മൺറോഡുകൾ

| | | | | |
|---|---|---|---|---|
| 1 | ഉണ്ടംതറ | കളരിക്കൽ റോഡ് | 0.200 | KM |
| 2 | നരിപ്പാറ | മുട്ടിച്ചിറ റോഡ് | 0.500 | ,, |
| 3 | മനയ്ക്കൽ പുര | ഇരുപ്പക്കോട് റോഡ് | 0.650 | ,, |
| 4 | നരിപ്പാറ | കരിപ്പൻകാട് റോഡ് | 1 00 | ,, |
| 5 | പുള്ളോട് | ചിതലിമല | 0.500 | ,, |
| 6 | കണിയാർക്കോട് | കുന്നംപാറ | 0.200 | ,, |
| 7 | RC കമ്പോളം | പൊട്ടപാററോഡ് | 0.250 | ,, |

| | | | | |
|---|---|---|---|---|
| 8 | ദേവസ്വംകുളമ്പ് | കീഴ്പ്പാടം റോഡ് | 0.700 | ,, |
| 9 | വടകത്തറ | നെടുങ്ങോട് റോഡ് | 0.225 | ,, |
| 10 | മാരാക്കാവ് | ചമ്പംകോട് (കണ്ടകാട് കോളനി) | 0.375 | ,, |
| 11 | അരിക്കോട് | ചാത്തൻകോട് റോഡ് | 0.350 | ,, |
| 12 | പന്നിക്കോട് | കാഞ്ഞിരം കാടി | 0.900 | ,, |
| 13 | പാറക്കുളം | മണൽപറമ്പ് | 0.750 | ,, |
| 14 | അങ്കമശാല റോഡ് | | 0.300 | ,, |
| 15 | ചാത്തംകോട് | അരിയക്കോട് | 0.750 | ,, |
| 16 | കുനിശ്ശേരി | മലക്കാട് ഹരിജൻ കോളനി | 0.500 | ,, |

## അടിയന്തിരമായി ഗതാഗതമാക്കേണ്ട റോഡുകൾ

ഗ്രാമസഭാ റിപ്പോർട്ടുകളെ അടിസ്ഥാനമാക്കിയുള്ളത്

### വാർഡ് I

1 എരിമയൂർ കുത്തന്നൂർ റോഡ്
2 തോട്ടുപ്പാലം ആമൂർപ്പാടം വയ്യാങ്കുളമ്പ് റോഡ്
3 അരിയക്കോട് IH & P കോളനി റോഡ്
4 സൂര്യൻ കുളമ്പ് റോഡ്
5 മലയ ഭഗവതി റോഡ്
6 നാവുളൻ കുളമ്പ് റോഡ്

### വാർഡ് II

1 എരിമയൂർ കാർട്രാക്ക് റോഡ്
2 മന്ദം കവറപ്പാറ റോഡ്
3 എരിമയൂർ മുസ്ലീംപള്ളി റോഡ്
4 വടകത്തറ ചേരാനാട് റോഡ്
5 എരിമയൂർ വടകത്തറ ,,
6 എരിമയൂർ കയറംപ്പാറ ,,
7 താഴത്ത് വീട് ,,
8 പുത്തൻവീട് ,,

### വാർഡ് III

1 എരിമയൂർ കോസ്‌വേ ,,
2 ലക്ഷംവീട് ,,
3 കഴിഞ്ഞാലി ,,
4 എ രിമയൂർ ആശാരിത്തറ ,,
5 മണിയിൽപറമ്പ് അംഗൻവാടി റോഡ്
6 കനാൽ ബണ്ട് റോഡ്
(എരിമയൂർ തച്ചംപൊററ റോഡ്
7 ചുള്ളിമട അംഗൻവാടി പോക്കററ് റോഡ്

## ******* —എരിമയൂർ ഗ്രാമപഞ്ചായത്ത്— ********

### വാർഡ് IV

1 എരിമയൂർ–തില്ലങ്കാട് റോഡ് (Ist Reach)
2 എരിമയൂർ–മുട്ടിച്ചിറ ,,
3 എരിമയൂർ–കൊളക്കപ്പാടം ,,
4 കൊട്ടക്കര ,,
5 നരിപ്പററ–മുട്ടിച്ചിറ ,,

### വാർഡ് V

1 തൃപ്പാളൂർ ശിവക്ഷേത്രം റോഡ്
2 തൃപ്പാളൂർ മലക്കളം ,,
3 മണ്ണാർത്തറ ഹരിജൻ കോളനി ,,
4 മണിയിൽക്കളം ഹരിജൻ കോളനി ,,
5 മാത്തിൽക്കളം ഹരിജൻ കോളനി ,,
6 കുളിയാട് കുറുക്കൻപറമ്പ് ,,
7 പന്തലാംകോട് കവറത്തറ ,,
8 മനസ്സൽപ്പുര ഇരുപ്പക്കോട് ,,

### വാർഡ് VI

1 മലക്കളം തൃപ്പാളൂർ (പുള്ളോട്‌വഴി),,
2 കോട്ടെക്കളം കുനിശ്ശേരി ,,
3 കമ്പോളം വടക്കെത്തറ ,,
4 കോട്ടാംപ്പൊററ ദേവസ്വംകുളമ്പ് ,,
5 കൊല്ലത്തറ ,,
6 നായർത്തറ ,,
7 ഊർക്കളം ഹരിജൻ കോളനി ,,
8 കീഴ്പ്പാടം ,,
9 മലക്കളം പല്ലശ്ശാംകുളം ,,

### വാർഡ് VII

1 എരിമയൂർ തില്ലങ്കാട് റോഡ്
2 പനയംപാറ നെല്ലികോട് ,,
3 മുട്ടിച്ചിറ ചെമ്പപ്പുള്ളി ,,
4 കമ്മാന്തറ ,,
5 കൊട്ടക്കര ,,

### വാർഡ് VIII

1 കതിരപ്പാറ കണ്ണമ്പുള്ളി റോഡ്
2 കതിരപ്പാറ നായാടിക്കോളനി ,,

******* — എരിമയൂർ ഗ്രാമപഞ്ചായത്ത്— ********

3 പന്നിക്കോട് കാഞ്ഞിരംകാട് ,,
4 കണ്ണമ്പുള്ളി പനയംപാറ ,,

## വാർഡ് IX

1 തണ്ണീർപന്തൽ അണിക്കരുത്തി റോഡ്
2 ആനക്കാംപറമ്പ് ,,
3 കുനിശ്ശേരി ഗ്രാമം റോഡ് ,,
4 കല്ലായിൽച്ചുരുക്ക് പുതുവളപ്പ് ,,
5 കുനിശ്ശേരി വടക്കേ ,,

## വാർഡ് X

| | | | |
|---|---|---|---|
| 1 | കുനിശ്ശേരി | വല്ലങ്ങി | റോഡ് |
| 2 | ചായമൂച്ചി | മലക്കാട്ടുകുന്ന് | ,, |
| 3 | മാടംപാറ | പുളമ്പംകാട് | ,, |
| 4 | കുനിശ്ശേരി | കോട്ടേക്കളം | ,, |

## വാർഡ് XI

1 കുനിശ്ശേരി വടക്കെ റോഡ്
2 കാക്കച്ചുരുക്ക് തെക്കെത്തറ റോഡ്
3 മത്തിൽച്ചുരുക്ക് വാട്ടർ ടാങ്കിന് മുൻവശമുള്ള റോഡ്
4 കുനിശ്ശേരി തെക്കേത്തറ റോഡ്
5 കുനിശ്ശേരി വടക്കേത്തറ കമ്മാന്തറ ,,
6 ഉങ്ങുംതറ കളരിക്കൽ ,,

## പുതിയറോഡുകൾ അനിവാര്യമായ പ്രദേശങ്ങൾ

വാർഡ് നമ്പർ നിർദ്ദിഷ്ട റോഡിന്റെ പേര്

## വാർഡ് I

1 ആമയൂർപ്പാടം പയ്യംകുന്ന്
2 അരിയക്കോട് അയ്യപ്പൻകാട്
3 നരിമട നാവിളം കൊളമ്പ്

## വാർഡ് II

1 വടകത്തറ ഹൈസ്കൂൾറോഡ്
2 ചേരാനാട് പള്ളി ,,
3 എരിമയൂർ സൊസൈററിയിൽ നിന്ന് ഹരിജൻമന്നിലെക്കുള്ള നടവഴി റോഡാക്കി മാററണം.

******* — എരിമയൂർ ഗ്രാമ പഞ്ചായത്ത് — *******

## വാർഡ് III

1 കരിഞ്ഞാലി കോഞ്ചാത്തുപ്പാറ റോഡ്
2 മണിയൻവീട്ടിലെ അംഗൻവാടിയുടെ മുന്നിലൂടെ മണിയിൽ പറമ്പ് ഹരിജൻ കോളനിയിലേക്ക്

## വാർഡ് IV

1 മരുതക്കോട് കുന്നംകാട് റോഡ്
2 മരുതക്കോട് പുള്ളവത്തറ ,,
3 കലയംപറമ്പ് മേലേപ്പുര ,,

## വാർഡ് V

1 ചിതറോഡ്–ചെക്ക് ഡാം
2 ഒടുവൻകാട്–പണിക്കർത്തറ
3 കാരാട്ടുകുളംറോഡ്
4 പാണക്കോളനി
5 ചിതലിമല റോഡ്
6 ചിതറോഡ്–ശ്മശാനം

## വാർഡ് VI

1 R C കമ്പോളം നായർത്തറ
2 ഹോളിഫാമിലി നായർത്തറ
3 കൊല്ലത്തറ മാരിയമ്മൻ കോവിൽ

## വാർഡ് VII

1 കുട്ടാല നേഴ്സറി സ്കൂൾ പനയമ്പാറ (ആലയംകുളമ്പ് വഴി)
2 കുട്ടാല ചുണ്ണാമ്പുത്തറ റോഡ്

## വാർഡ് VIII

1 പാറക്കുളം മുതൽ ചക്കാന്തറ വരെ
2 മണൽപറമ്പിലേക്ക്
3 പന്നിക്കോട് മുതൽ കുളപ്പുര വരെ
4 കാടാംകോട്ട് കരിയൻകാട്, കൊക്കമൂളി എന്നീ സ്ഥലങ്ങളിലേക്ക്

******* — എരിമയൂർ ഗ്രാമപഞ്ചായത്ത് — ********

### വാർഡ് IX

1 കുന്നമ്പാറ
2 ഓത്തൂർ പറമ്പ്
3 മരുതൂർകളം

### വാർഡ് X

1 നരിപ്പൊററ പാവക്കാട്
2 നരിപ്പററ കരിപ്പൻകാട്

### വാർഡ് XI

1 ചെങ്കാരം കമ്മാന്തറ
2 അങ്കമാശാല റോഡ്
3 കളരിക്കൽ വളയപ്പാടം റോഡ്
4 ചെങ്കാരം കല്ലായിൽക്കളം റോഡ്

## പട്ടിക

കഴിഞ്ഞ 5 വർഷത്തിൽ റോഡുപണികൾക്കായി പഞ്ചായത്ത് ചിലവഴിച്ചതിന്റെ വിശദവിവരം

| ക്രമ നമ്പർ | വർഷം | ആകെ ചെലവ് | റോഡുപണി കൾക്ക് | ശതമാനം |
|---|---|---|---|---|
| 1 | 1991–92 | 8,91‹110.08 | 2,23,525.00 | 25.08 |
| 2 | 1992–93 | 7,46,976.55 | 1,70,327,00 | 22.08 |
| 3 | 1993–94 | 7,63,477‹80 | 1,64,797·50 | 21.58 |
| 4 | 1994–95 | 10,22,751·31 | 3,69,590·50 | 36.13 |
| 5 | 1995–96 | 14,56,624·25 | 5,55,244.00 | 38.11 |
| | | 48,80,939·99 | 14,83,784.00 | 28 74 |

## പട്ടിക

ജെ. ആർ. വൈ. പദ്ധതിയനുസരിച്ച് റോഡുകൾക്കായി ചെലവഴിച്ച തുകയുടെ കണക്ക്

| വർഷം | വരവ് | ചെലവ് | ചെലവിന്റെ ശതമാനം |
|---|---|---|---|
| 1991–92 | 6,28,900.00 | 4,25,577.00 | 67.67 |
| 1992–93 | 6,30,923.00 | 3,61,875,00 | 57.36 |
| 1993–94 | 7,22,722.00 | 4,37,829,00 | 60,58 |
| 1994–95 | 4,15,692·00 | Nil | Nil |
| 1995–95 | 4,73,400.00 | 2,98,596,00 | 63.07 |
| | | | 49.736 |
| ആകെ | 35,00537 | 15,23877 | |

## സാദ്ധ്യതകൾ

I കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ പഞ്ചായത്തിന്റെ മൊത്ത വരുമാനത്തിൽ ശരാശരി 28.74 ശതമാനം റോഡുകളുടെ നിർമ്മാണത്തിനും അററകുററപണി കൾക്കുമായി ഉപയോഗിക്കുന്നുണ്ട്. പഞ്ചായത്തിന്റെ പരിമിതമായ വിഭവ ശേഷിക്ക് താങ്ങാവുന്നതിനുമപ്പുറമാണിത്. പട്ടിക ശ്രദ്ധിക്കുക,

II വിഭവ സമാഹരണത്തിനും സന്നദ്ധ പ്രവർത്തനത്തിനും ഏററവും സാദ്ധ്യതയുള്ള മേഖലയാണിത്. റോഡുകൾക്ക് ഓവുചാലുകൾ നിർമ്മിക്കുന്നത് കൂടുതലും സന്നദ്ധ പ്രവർത്തനത്തിലൂടെ ആവുന്നതാണ് ഉചിതം. റോഡു സംരക്ഷണ ത്തിനും അററകുററപ്പണികൾക്കുമായ് പ്രാദേശിക ജനകീയ സമിതികൾ ഉണ്ടാ വണം. പുതിയ റോഡുകളുടെ നിർമ്മാണം വ്യക്തമായ സാമൂഹ്യമുൻഗണനാ ക്രമം അടിസ്ഥാനമാക്കിയായിരിക്കണം.

III ടാർ ചെയ്തിട്ടുള്ള റോഡുകളുടെ വീതി വദ്ധിപ്പിക്കുകയും ഇരുവശങ്ങളിലും നട പ്പാതകൾ നിർമ്മിക്കുകയും വേണം. പഞ്ചായത്ത് റോഡുകളുടെ ഇരുവശ ങ്ങളും സ്വകാര്യ വ്യക്തികൾ കയ്യേററം നടത്തിയിട്ടുള്ള ജനങ്ങളുടെ കൂട്ടായ ശ്രമത്തിലൂടെ കയ്യേററം ഒഴിപ്പിച്ച് ഗതാഗതത്തിന് സൗകര്യം വർദ്ധിപ്പി ക്കണം. പഞ്ചായത്തുവക റോഡുകൾക്ക് ഓടകൾ അനിവാര്യമാണ്. നിലവിൽ ഒരു റോഡിനും ഓടകൾ ഇല്ല. അററകുററപ്പണികൾ ചെയ്യുന്ന സമയത്ത് താൽക്കാലിക ഓടകൾ ഉണ്ടാക്കുമെങ്കിലും ഒരു മഴ പെയ്ത കഴിഞ്ഞാൽ ഓടകൾ നികന്ന് പോകുകയാണ് പതിവ്. പല സ്ഥലങ്ങളിലും ഓടകൾ നിർമ്മി ക്കുന്നതിന് ജനങ്ങൾ സഹായകരമല്ലാത്ത നിലപാടാണ് സ്വീകരിച്ചു വരു ന്നത്. ഇതിനു് ഒരു പരിഹാരം ജനപങ്കാളിത്തത്തോടെ കണ്ടെത്തണം.

VI ഗ്രാമസഭാ യോഗങ്ങളിൽ പൊതുജന പങ്കാളിത്തം, ശ്രമദാനം ഉറപ്പുതന്നിട്ടു ള്ളത് പ്രധാനമായും റോഡ് നിർമ്മാണത്തിനാണ്. ജനങ്ങളുടെ ഈ സന്ന ദ്ധത പ്രയോജനപ്പെടുത്തി നിലവിലുള്ള റോഡുകളുടെ വീതി കൂട്ടുന്നതിനും, ഓടകൾ നിർമ്മിക്കുന്നതിനും, കയ്യേററം ഒഴിപ്പിക്കുന്നതിനുള്ള പ്രവർത്തനം ത്വരിതപ്പെടുത്തണം.

V എരിമയൂർ ഗ്രാമ പഞ്ചായത്തിനേയും ആലത്തൂർ ഗ്രാമ പഞ്ചായത്തിനേയും ബന്ധിപ്പിക്കുന്ന ചുള്ളിമട മുതൽ പറക്കുന്നം വരെയുള്ള റോഡിന്റെ ഇരു വശ ങ്ങളും സ്വകാര്യ വ്യക്തികൾ കയ്യേറിയതു കൊണ്ടും, സമയാസമയങ്ങളിൽ അററകുററപ്പണികൾ നടത്താത്തതിനാലും വാഹന ഗതാഗതം അസാദ്ധ്യമായി രിക്കുന്നു. ഈ റോഡിന്റെ കയ്യേററം ഒഴിപ്പിച്ച് വീതികൂട്ടി അടിയന്തിര മായും മെററൽ ചെയ്യേണ്ടതുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ മാത്രം ഫണ്ടുപയോഗിച്ച് പ്രവർത്തി നടത്തുവാൻ കഴി യാത്തതിനാൽ ആലത്തൂർ ബ്ലോക്ക് പഞ്ചായത്ത് മുഖേനയോ, ജില്ലാ പഞ്ചായത്തു മുഖേനയോ. എരിമയൂർ മുതൽ പറക്കുന്നം വരെയുള്ള 2. 5 കി.മീ. പ്രവർത്തി നടത്തേണ്ട തുണ്ട്. ആയതിന് ജനകീയസഹകരണം ഉറപ്പിക്കേണ്ടതുമാണ്.

VI എരിമയൂർ തില്ലങ്കാട് റോഡിന് 3.856 കി. മീ. നീളമുണ്ട്. ഈ റോഡിന് 8 മീററർ വീതിയുമുണ്ട്. ടാർ ചെയതിട്ടുമുണ്ട്. പ്രസ്തുത റോഡിൽ ധാരാളംബസ്സ് സർവീസ് നടത്തുന്നുമുണ്ട്. യഥാസമയത്ത് അററകുററപ്പണികഠം നടത്തി, റീ ടാറിംഗ് നടത്തുന്നതിന് പഞ്ചായത്തിന് കഴിയുന്നില്ല. അതുകൊണ്ടുതന്നെ ഗതാഗതം ദുഃസഹമാകുന്നു. 8 മീററർ വീതിയുള്ളതുകൊണ്ടും 3.856 കി. മീ. നീളമുള്ളതിനാലും പ്രസ്തുത റോഡ് ജില്ലാ പഞ്ചായത്ത് ഏറെറടുക്കേണ്ടതാണ്. ആയതിനുള്ള പ്രവർത്തനവും ത്വരിതപ്പെടുത്തണം.

VII 2.270 കി. മീററർ നീളമുള്ളതും 8 മീററർ വീതിയുള്ളതും ടാർ ചെയ്തതുമായ കോട്ടേക്കുളം താഴക്കോട്ടു കാവ് റോഡ്ഡിലും ബസ് സർവ്വീസ് നടത്തിവരുന്നുണ്ട്. ഈ റോഡ്ഡിൻെറ അററകുററപ്പണികളും യഥാസമയത്ത് നടത്തുന്നതിന് പഞ്ചായത്തിനു കഴിയുന്നില്ല. കോട്ടേക്കുളം–കുനിശ്ശേരി റോഡ് [3 കി.മീ.] ജില്ലാ പഞ്ചായത്തുമുഖേന പ്രവൃത്തി നടത്തണം. ഗായത്രിപ്പുഴയിൽ [കുളിയാട് ഭാഗത്ത് ഒരു പാലം നിർമ്മിച്ചാൽ മാത്രമെ റോഡ്ഡിന് ഗതാഗതസൗകര്യം ഉണ്ടാകുകയുള്ളു.

VIII എരിമയൂർ– കുത്തനൂർ റോഡ്ഡിന് 4. കി. മീ. നീളമുണ്ട്. എരിമയൂർ–കുത്തനൂർ പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന ഒരു പ്രധാന റോഡ്ഡാണിത്. 2. കി. മീ. നീളത്തിൽ ജെ. ആർ. വൈ. ഫണ്ടുപയോഗിച്ച് മെററൽ ചെയ്തിട്ടുണ്ട്. ശേഷിച്ച ഭാഗങ്ങഠം മെററൽ ചെയ്യുകയും അററകുററപ്പണികഠം നടത്തുകയും ചെയ്യേണ്ടതു് അത്യാവശ്യമാണ്. ആയതിനാൽ എരിമയൂർ–കുത്തനൂർ റോഡ് ജില്ലാ പഞ്ചായത്ത് മുഖേന പ്രവൃത്തി നടത്തുന്നതിന് നടപടികഠം സ്വീകരിക്കണം.

IX ഒന്നാം നിയോജക മണ്ഡലത്തിലെ മുന്നൂറോളം കുടുംബങ്ങഠക്ക് ഏക ആശ്രയമായ ഒരു പ്രധാന റോഡ്ഡാണ് കയറംപാറ–അരിയക്കോട് റോഡ്. ഇതിന് ഏകദേശം 2 കി. മീ നീളമുണ്ട്. ഇത് ഒരു മൺറോഡുമാത്രമാണ്. എന്നാൽ ആവശ്യത്തിന് വീതിയുണ്ട്. ഒന്നാം വാർഡ്ഡിൽ വിദ്യാഭ്യാസ സ്ഥാപനങ്ങഠം ഒന്നുംതന്നെയില്ല. വിദ്യാത്ഥികഠക്ക് വർഷകാലങ്ങളിൽ സ്കൂളിലെത്താൻ ഇന്ന് വളരെ പ്രയാസമാണ്. എരിമയൂർ തോടിൽ കയറംപാറ കടവിൽ ഒരു പാലം അത്യാവശ്യവുമാണ്. ആയതിനാൽ കയറംപാറ അരിയക്കോട് റോഡ്ഡിൻെറ പ്രവൃത്തി ജില്ലാപഞ്ചായത്ത് മുഖേന നടത്തുന്നതിന് അടിയന്തിര നടപടികഠം സ്വീകരിക്കേണ്ടതാണ്.

ബസ്സുകഠം കൂട്ടമായി നിർത്തിയിടുന്നതിനുള്ള സ്റ്റാൻറുകഠം പഞ്ചായത്തിലില്ല. പ്രധാന കവലകഠം കുനിശ്ശേരി, തൃപ്പാളൂർ, എരിമയൂർ എന്നിവയാണ്. പ്രധാന ബസ്സ് സ്റ്റോപ്പുകഠം ഇവ തന്നെയാണ്. നാഷനൽ ഹൈവേ ഒഴിച്ചു നിർത്തിയാൽ വാഹനങ്ങളുടെ തിരക്ക് ഏററവും കൂടുതലനുഭവപ്പെടുന്നത്. തൃപ്പാളൂർ കുനിശ്ശേരി പന്നിക്കോട് റോഡിലാണ് മൂന്നു ബസ്സ്, വെയിററിംഗ് ഷെഡ്ഡുകളാണ് പഞ്ചായത്തിലുള്ളതു്. യാത്രക്കാരുടെ ബാഹുല്യം കൂടുതലനുഭപ്പെടുന്ന കുനിശ്ശേരി എരിമയൂർ എന്നീ സ്ഥലങ്ങളിൽ ഓരോ വെയിററിംഗ് ഷെഡ്ഡുകഠം അത്യാവശ്യമാണ്, സ്വകാര്യ വ്യക്തികളെകൊണ്ട് സ്പോൺസർ ചെയ്യിപ്പിക്കുന്ന രീതിയിൽ ഷെഡ്ഡുകഠം നിർമ്മിക്കാവുന്നതാണ്. ബസ്സ് സ്റ്റോപ്പുകളുടെ എണ്ണം കൂടുതലുണ്ടെങ്കിലും യാത്രക്കാർക്ക്

കയറി നിൽക്കാൻ ഒരു ഷർട്ടർപോലും എവിടെയുമില്ല. പ്രധാന കവലകളിൽ വെയി റ്റിംഗ് ഷെഡ്ഡിനോട് ചേർന്ന് പബ്ലിക് കംഫർട്ട് സ്റ്റേഷനുകൾ നിർമ്മിക്കണം.

## റെയിൽവേ ഗതാഗതം

റെയിൽ ഗതാഗതം തീരെയില്ലാത്ത ഒരു പ്രദേശമാണ് ആലത്തൂർ താലൂക്ക് ഏറ്റവും അടുത്തുള്ള റെയിൽവേ സ്റ്റേഷൻ പാലക്കാട് ടൗൺ സ്റ്റേഷനുണ്ട്. കൊല്ല കോട് തൃശ്ശൂർ എന്നീ റെയിൽവേ സ്റ്റേഷനുകളെ ബന്ധപ്പെടുത്തി ആലത്തൂർ വഴി ഒരു റെയിൽവേ ലൈൻ തുടങ്ങേണ്ടത് അത്യാവശ്യമാണ്. ആയതിന് വേണ്ടുന്ന നട പടികൾ ഊർജ്ജിതപ്പെടുത്തേണ്ടതുണ്ട്.



# ഊർജ്ജം

വൈദ്യുതിയുടെ ആഗമനത്തിന് മുമ്പ് പ്രധാന ഊർജ്ജസ്രോതസ്സുകൾ പ്രകൃതിദത്തമായിരുന്നു. മണ്ണെണ്ണ, ചാണകം, വിറക്, തെങ്ങുല്പന്നങ്ങൾ എന്നിവയായിരുന്നു മുൻ കാലങ്ങളിലെ ഊർജ്ജസ്രോതസ്സുകൾ. എണ്ണ ഉപയോഗിച്ച് കത്തിച്ചിരുന്ന വഴി വിളക്കുകൾ പഞ്ചായത്തിന്റെ ചില ഭാഗങ്ങളിലുണ്ടായിരുന്നു. 1954-ൽ ആണ് വൈദ്യുതിയുടെ വരവ്.

പഞ്ചായത്തിന്റെ സമഗ്ര വികസനത്തിന്റെ ഊർജ്ജാസൂത്രണത്തിന്റെ പങ്ക് വളരെ വലുതാണ്, പ്രധാന സ്രോതസ്സ് വൈദ്യുതി തന്നെയാണ് വൈദ്യുതിയേതര സ്രോതസ്സുകളിൽ വ്യവസായിക ഇന്ധനങ്ങളായ കൽക്കരി, എണ്ണ, എണ്ണയുൽപ്പന്നങ്ങൾ എന്നിവയുടെ ഉൽപാദനത്തിന്റെ പൂർണ്ണ നിയന്ത്രണം കേന്ദ്ര സംസ്ഥാന സർക്കാരുകൾക്കാണ് വൻകിട ജലവൈദ്യുത പദ്ധതികൾ, താപനിലയങ്ങൾ എന്നിവയൊന്നും പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ വരുന്നില്ല. വിറക്, വിറകുല്പന്നങ്ങൾ കാർഷികാവശിഷ്ടങ്ങൾ, മററു ജൈവ ഊർജ്ജസ്രോതസ്സുകൾ, ചെറുകിട ജലവൈദ്യുത പദ്ധതികൾ, ഗാർഹിക, കാർഷിക വാണിജ്യ മേഖലകളിലെ ഊർജ്ജ സംരക്ഷണം വൈദ്യുതിയുടെയും ഖനിജ ഇന്ധനങ്ങളുടെയും വിതരണം എന്നിവ മാത്രമെ ത്രിതല പഞ്ചായത്തുകളുടെ പരിധിയിൽ വരുന്നുള്ള.

ചെറുകിട ജലവൈദ്യുത പദ്ധതികൾ നമ്മുടെ പഞ്ചായത്തിൽ നിർമ്മിക്കുന്നതിന് ഭൗതിക സാഹചര്യങ്ങൾ ഇല്ല. എന്നാൽ ഡീസർ നിലയങ്ങൾ സ്ഥാപിക്കാനുള്ള സൗകര്യങ്ങളുണ്ട്. ജന സാന്ദ്രത കുറഞ്ഞ പ്രദേശങ്ങൾ ഈ പഞ്ചായത്തിലുണ്ട്. കൊച്ചിൻ റിഫൈനറിയിൽനിന്നും ദേശീയപാതവഴി ഡീസൽ എത്തിക്കുവാനുള്ള സൗകര്യവും ഉണ്ട്.

ദക്ഷതയേറിയ അടുപ്പുകളുടെ പ്രചാരണത്തിലൂടെയും മണ്ണു സംരക്ഷണം, വനവൽക്കരണം, പന്നി, താറാവ്, മത്സ്യം എന്നിവയുടെ സംയോജിത കൃഷിയിലൂടെയും ഊർജ്ജ പ്രതിസന്ധിക്ക് ചെറിയ പരിഹാരം കാണാനാകും. ബയോഗ്യാസ് പദ്ധതിയാകട്ടെ കൃഷിയാവശ്യത്തിനും മററും വെള്ളം പമ്പ് ചെയ്യുന്നതിനും ജൈവവളം ലഭ്യമാകുന്നതിനും കൂടിയുള്ളതാണ്. ഇത് പാചക വാതകമായും അത്യാവശ്യം വീട്ടിൽ വെളി

ച്ചത്തിനും ഉപകരിക്കും. ഗോബർ ഗ്യാസ് ഉപയോഗിച്ച് വെള്ളം പമ്പ് ചെയ്യുന്നതിനും വീടുകളെ വൈദ്യുതീകരിക്കുന്നതിനും ലക്ഷ്യമിട്ട പ്രവർത്തിക്കുന്ന പല സ്ഥലങ്ങളും നമ്മുടെ അയൽ സംസ്ഥാനങ്ങളിലുണ്ട്. വളരെ കുറച്ച് അതായത് വിരലിലെണ്ണാവുന്ന ഗോബർ ഗ്യാസ് പ്ലാൻറുകളെ നമ്മുടെ പഞ്ചായത്തിലെ വീടുകളിൽ ഇപ്പോൾ പ്രവർത്തിക്കുന്നതായുള്ളു. കുറഞ്ഞ സാങ്കേതിക വിദ്യ ആവശ്യമുള്ളതും പരിസര മലിനീകരണം തീരെയില്ലാത്തതും എന്നാൽ ഊർജ്ജോൽപ്പാദനം ക്ഷീര വികസനം എന്നീ വൻ നേട്ടങ്ങൾ ഉണ്ടാക്കാൻ കഴിയുന്നതുമായ ഈ ഊർജ്ജസ്രോതസ്സിൻെറ കാര്യത്തിൽ പഞ്ചായത്തിൻെറ നേതൃത്വത്തിൽ പദ്ധതി ഉണ്ടാക്കേണ്ടതാണ്.

ഈ വക കാര്യങ്ങളെല്ലാം കണക്കിലെടുത്തുകൊണ്ട് ഗ്രാമപഞ്ചായത്തുതലത്തിൽ ഊർജ്ജ പ്രതിസന്ധിക്ക് പരിഹാരം കാണുന്നതിന് ശ്രമിക്കാം. കാററിൽനിന്ന് വൈദ്യുതി നിർമ്മിക്കാനുള്ള ഭൗതിക സാഹചര്യങ്ങളും നമ്മുടെ പ്രദേശങ്ങളിലുണ്ട്.

കണ്ണമ്പുള്ളി 66 K. V. സബ്സ്റ്റേഷനിൽ നിന്നും നെമ്മാറ 66 K. V. സബ്സ്റ്റേഷനിൽ നിന്നുമാണ് പഞ്ചായത്തിലേക്ക് വൈദ്യുതി വിതരണം ചെയ്യുന്നത്: പഞ്ചായത്ത് പരിധിയിൽ 26 L. T. ട്രാൻസ്ഫോർമറുകളാണ് ഉള്ളത് പട്ടിക ചുവടെ ചേർക്കുന്നു.

## പട്ടിക 1

1 നടരാജ
2 നരിപ്പൊററ
3 ചെങ്കാരം
4 ആനയ്ക്കാംപറമ്പ്
5 പ്രഭാതിയേററർ
6 കുനിറശ്ശേരി
7 പാറക്കുളം
8 നെല്ലിയംപാടം
9 പരുത്തിക്കാട്
10 കണ്ണംപ്പുള്ളി
11 പന്നിക്കോട്
12 കുട്ടാല
13 ബോൺമീൽ
14 ചിമ്പച്ചാല
15 തോട്ടപാലം
16 കുട്ടമൂച്ചി
17 പുള്ളോട്
18 തൃപ്പാളൂർ മാക്കററിങ്ങ് സൊസൈററി
19 എരിമയൂർ No. 1
20 എരിമയൂർ No. 2
21 മാരാക്കാവ്

22 മരുതൻതടം
23 പള്ളിത്തൊടി
24 ചേരാനാട്
25 സി. എ. വി, ചെങ്കാരം
26 പനയമ്പാറ

മുതലായ 26 L. T. ട്രാൻസ്ഫാർമറുകളാണ് ഈ പഞ്ചായത്തിലുള്ളത്.

അങ്കമശാലയിൽ നിർമ്മിച്ചിട്ടുള്ള L. T. ട്രാൻസ്ഫോർമർ ചാർജ്ജ് ചെയ്തിട്ടില്ല.

## പഞ്ചായത്തിലെ വൈദ്യുതി ഉപഭോക്താക്കളുടെ വിവരം

| | | |
|---|---|---|
| 1 | ഗാർഹികം | 2391 |
| 2 | വ്യാപാരം | 395 |
| 3 | വ്യവസായികം | 49 |
| 4 | കാർഷികം | 315 |
| | ആകെ | 3150 |

## തെരുവുവിളക്കുകളുടെ വിവരം

| | | |
|---|---|---|
| 1 | ബൾബ് | 670 |
| 2 | ട്യൂബ് | 113 |
| 3 | സോഡിയം വേപ്പർ | 23 |
| | ആകെ | 806 |

## തൻവർഷത്തെ കണക്ഷൻ

| | |
|---|---|
| ഓർഡിനറി | 17 |
| OTS | 25 |
| OYEC | 83 |

## കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ള അപേക്ഷകരുടെ എണ്ണം

| | |
|---|---|
| ഓർഡിനറി | 70 |
| ഓ. ടി. പി. | 48 |

തെരുവുവിളക്കുകൾ കത്തിക്കുന്നതിനുവേണ്ടി പ്രതിമാസം 13577/–രൂപ പഞ്ചായത്ത് വൈദ്യുതി ബോർഡിന് നൽകിവരുന്നുണ്ട്.

## പ്രശ്നങ്ങൾ

1 പഞ്ചായത്തിലെ എല്ലാ വാർഡുകളിലും വൈദ്യുതി എത്തിയിട്ടുണ്ടെങ്കിലും മുഴുവൻ വീടുകളും വൈദ്യുതീകരിക്കാൻ കഴിഞ്ഞിട്ടില്ല. പഞ്ചായത്തിൽ എവിടെയും വോൾട്ടേജ് തൃപ്തികരമല്ല.

2 വൈദ്യുതി ബോർഡിലെ ആലത്തൂർ, മുടപ്പല്ലൂർ, നെമ്മാറ എന്നീ ഓഫീസുകളുടെ പരിധിയിൽ വരുന്നതാണ് എരിമയൂർ പഞ്ചായത്ത്. ആയതിനാൽ പ്രശ്ന പരിഹാരത്തിനായി പഞ്ചായത്ത് അധികൃതർക്കും ജന പ്രതിനിധികൾക്കും ധാരാളം വൈഷമ്യം നേരിടുന്നുണ്ട്.

3 പേക്ഷണ വിതരണ രംഗങ്ങളിൽ കൂടുതൽ ശ്രദ്ധയുണ്ടാകണം. മരച്ചില്ലകൾ വെട്ടിമാററുന്നത് തൃപ്തികരമല്ല.

4 പട്ടികജാതി സങ്കേതങ്ങളിൽ വൈദ്യുതി പേരിന് എത്തിയിട്ടുണ്ട്. അംഗീകാരം ലഭിക്കാത്ത പട്ടികജാതി സങ്കേതങ്ങൾ ഇനിയും വൈദ്യുതീകരിക്കേണ്ടതുണ്ട്. വൈദ്യുതി എത്തിയിട്ടുള്ള സങ്കേതങ്ങളിൽതന്നെ വീടുകൾ വയറിംഗ് കഴിച്ചിട്ടുള്ളവ വളരെ കുറവാണ്.

5 എല്ലാ വാർഡുകളിലും തെരുവു വിളക്കുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും തെരുവു വിളക്കുകൾ എത്തിയിട്ടില്ലാത്ത ഉൾപ്രദേശങ്ങൾ ധാരാളമുണ്ട്. 806 ബൾബുകൾ സ്ഥാപിച്ചതായി കണക്കുണ്ടെങ്കിലും സ്ഥിരമായി കത്തുന്നത് 25% മാത്രമാണ്. മാസങ്ങളോളം പരാതിപ്പെട്ടാൽ പോലും കത്താത്ത ബൾബുകൾ മാററുന്നതിന് കഴിയുന്നില്ല.

6 ബോർഡു ജീവനക്കാരുടെ അനാസ്ഥ ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള വിമുഖത അഴിമതി എന്നിവയും ഉള്ള വിഷമങ്ങൾ വർദ്ധിപ്പിക്കുന്നു.

7 വൈദ്യുതി ചാർജ്ജ് കൊടുക്കുന്നതിന് പഞ്ചായത്തു പ്രദേശത്ത് ഓഫീസ് ഇല്ലാത്തതിനാൽ വളരെയധികം ബുദ്ധിമുട്ട് അനുഭവപ്പെടുന്നു.

## സാധ്യതകൾ

66 KV സബ്സ്റ്റേഷൻ ഉണ്ടായിട്ടും 26 ട്രാൻസ്ഫോർമറുകൾ ഉണ്ടായിട്ടും വോൾട്ടേജ് ക്ഷാമം പരിഹരിക്കുവാൻ കഴിഞ്ഞിട്ടില്ല. ആയതിനാൽ നിർദ്ദിഷ്ട 66 KV സബ്സ്റ്റേഷൻ ഉയർത്തുകയും ട്രാൻസ്ഫോർമറുകളുടെ എണ്ണം വർദ്ധിപ്പിക്കുകയും വേണം.

തെരുവു വിളക്കുകൾ കത്തിയാലും ഇല്ലെങ്കിലും പ്രതിമാസം 13577/– രൂപാ പഞ്ചായത്ത് അടയ്ക്കേണ്ടി വരുന്നു. കത്താത്ത ബൾബുകൾക്ക് ചാർജ്ജ് കൊടുക്കേണ്ടിവരുന്ന രീതി ഒഴിവാക്കുന്നതിന് നടപടിവേണം. തെരുവു വിളക്കുകൾക്ക് പ്രത്യേകം മീററർ ഘടിപ്പിക്കുന്നതിനും കത്താത്ത ബൾബുകൾ മാററുന്നതിനും പഞ്ചായത്തുകൾക്ക് അധികാരം നൽകണം.

പഞ്ചായത്ത് റോഡുകളുടെ വീതി കൂട്ടുന്നതിന് വൈദ്യുതിലൈൻ പലപ്പോഴും തടസ്സമാകുന്നുണ്ട്, പ്രത്യേകം ചാർജ്ജ് ഈടാക്കാതെതന്നെ പോസ്ററുകൾ മാററുന്നതിന് കഴിയണം. എരിമയൂരിൽ ബോർഡിൻെറ ഒരു ഓഫീസ് സ്ഥാപിക്കുകയും പഞ്ചായത്തിൻെറ മുഴുവൻ പ്രദേശങ്ങളും പ്രസ്തുത ഓഫീസിൻെറ പരിധിയിൽ കൊണ്ടുവരികയും വേണം,

എല്ലാ വാർഡുകളിലും പുതിയതായി തെരുവുവിളക്കുകൾ സ്ഥാപിക്കണമെന്ന ആവശ്യം ഉയർന്നുവന്നിരിക്കുന്നു. ആയതിനാൽ തെരുവു വിളക്കുകൾ കൂടുതലായി സ്ഥാപിക്കുന്നതിന് ലൈൻ നീട്ടുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കണം. തെരുവു വിളക്കുകളുടെ വിതരണവും, നിയന്ത്രണവും ഗ്രാമ പഞ്ചായത്തുകളെ ഏല്പിച്ചാൽ മാത്രമേ ഈ രംഗം കുററമററതാക്കാൻ പററുകയുള്ളൂ.

പഞ്ചായത്തിലെ മിക്ക വീടുകളിലും പാചകത്തിന് ഉപയോഗിക്കുന്നത് വിറകാണ്. പുകയില്ലാത്ത അടുപ്പുകളുടെ ഉപയോഗം കുറവാണ്. ഗ്യാസ്, മണ്ണെണ്ണ, വൈദ്യുതി തുടങ്ങിയവ ഉപയോഗിച്ച് പാചകം നടത്തുന്നവർ ഏകദേശം 5% വരും. അനെർട്ടിൻെറയും, വൈദ്യുതി ബോർഡിൻേറയും, സഹകരണത്തോടെ പുകയില്ലാത്ത അടുപ്പുകളുടെയും, സോളാർ വിളക്കുകളുടേയും പ്രചാരണം നടത്തണം. വൈദ്യുതിയുടെ പ്രസരണനഷ്ടം കുറക്കുന്നതിനും വീടുകളിലെ ദുരുപയോഗം കുറയ്ക്കാനും പ്രചാരണം കൂടിയേ തീരൂ. ബോധവൽക്കരണത്തിലൂടെ അപകടം ഒഴിവാക്കുന്നതിനും ഇതുമൂലം കഴിയും. വൈദ്യുതി രംഗത്ത് പ്രവർത്തിക്കുന്ന ജീവനക്കാരുടെ സഹകരണം ഉറപ്പിക്കുന്നതിനും, ഓഫീസും ഫീൽഡുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും സുതാര്യമാക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കണം.

പഞ്ചയത്തിൻെറ മുഴുവൻപ്രദേശത്തും നല്ലപോലെ സൂര്യപ്രകാശംലഭിക്കുന്നതിനാൽ ഗൃഹങ്ങളിലെ ഉപയോഗത്തിനും കവലവിളക്കുകൾക്കായും സോളാർ വിളക്കുകളെ ആധാരമാക്കിയുള്ള ഒരു പഞ്ചായത്തുതല സംവിധാനം നടപ്പാക്കാവുന്നതാണ്.

പാചകത്തിന് വിറക് ധാരാളം ഉപയോഗിക്കേണ്ടിവരുന്നതിനാൽ ദക്ഷത കൂടിയ അടുപ്പുകളുടെയും മററും പ്രചാരത്തിലൂടെ വിറകിൻെറ ഉപയോഗം നിയന്ത്രിക്കാൻ കഴിയും ഇതിലൂടെ സ്ത്രീകളുടെ ആരോഗ്യം സംരക്ഷിക്കാവുന്നതുമാണ്. പരിഷത്ത് അടുപ്പുകൾ ഉപയോഗിക്കുകയാണെങ്കിൽ ഇതിന് സബ്സിഡിയും ലഭിക്കുമെന്ന കാര്യം പ്രത്യേകം എടുത്തുപറയാവുന്നതാണ്

## മാർക്കററ്

പഞ്ചായത്തിലെ പ്രധാന കാർഷിക ഉല്പന്നങ്ങൾ നെല്ല്, നാളികേരം, വാഴ, ഇഞ്ചി, മരച്ചീനി എന്നിവയാണ്. വ്യാവസായിക ഉല്പന്നമായ ചുണ്ണാമ്പ്, ബീഡി, ഇഷ്ടിക, ഓട് എന്നിവയും വിപണിയിലുണ്ട്. അംഗീകൃത ചന്തകൾ ഈ പഞ്ചായത്തിൽ നിലവിലില്ല. ആഴ്ചയിലൊരിക്കൽ കുനിശ്ശേരി, എരിമയൂർ ഭാഗത്ത് റോഡരികിൽ പച്ചക്കറി സാധനങ്ങൾ വിററുവരുന്നുണ്ട്. പഞ്ചായത്തിൻെറ മിക്കവാറും എല്ലാ ഭാഗങ്ങളിലും പീടികകളിലാണ് പച്ചക്കറിസാധനങ്ങളും മററും വിററുവരുന്നത്.

നെൽകൃഷി ധാരാളമുള്ളതിനാൽ അരിമില്ലുകൾ എല്ലാ വാർഡുകളിലും നിലവിലുണ്ട്. മിക്കവയും കൂലിക്ക് നെല്ലുകുത്തികൊടുക്കുന്നവയാണ്. മൊത്തമായി അരിക്കച്ചവടം നടത്തുന്ന കുറച്ച് അരിമില്ലുകളും, നെല്ല് സംഭരിച്ച് അരിയായി വിപണനം നടത്തുന്ന ഒരു സൊസൈററിയും [ആലത്തൂർ കോ-ഓപ്പറേററീവ് മാർക്കററിംഗ് സൊസൈററി] പഞ്ചായത്തിൽ നിലവിലുണ്ട്.

## സാദ്ധ്യതകൾ

1 നാളികേരം, പച്ചക്കറി സാധനങ്ങൾ മത്സ്യം എന്നിവ വില്ക്കുന്നതിന് എരിമയൂർ, കുനിശ്ശേരി എന്നീ ഭാഗങ്ങളിൽ ആഴ്ചചന്തകൾ തുടങ്ങുന്നതിന് പഞ്ചായത്ത് നടപടികൾ സ്വീകരിക്കണം. ഇതിലൂടെ പഞ്ചായത്തിനും വരുമാനം ലഭിക്കും.

2 സഹകരണ പൊതു വിതരണ മേഖല മെച്ചപ്പെടുത്തണം.

3 സഹകരണാടിസ്ഥാനത്തിൽ അരി, നാളികേരം, പച്ചക്കറി സാധനങ്ങൾ എന്നിവ വിപണനം നടത്തുന്നതിന് സാധ്യതകൾ ഏറെയുണ്ട്.

4 ഇവിടെയുണ്ടാക്കുന്ന ചുണ്ണാമ്പ് തലച്ചുമടായി കൊണ്ടുപോയി വിററുവരികയാണ് പതിവ്. സഹകരണ അടിസ്ഥാനത്തിൽ ചുണ്ണാമ്പ് വിൽക്കുന്നതിന് സാദ്ധ്യതകളുണ്ട്.

5 പഞ്ചായത്തിൽ ഒരു മാവേലി സ്റ്റോർ മാത്രമാണ് ഉള്ളത്. എല്ലാ വാർഡുകളിലെയും ജനങ്ങൾക്ക് സൗകര്യം കിട്ടത്തക്കവിധത്തിൽ മാവേലി സ്റ്റോറുകളുടെ എണ്ണം വർദ്ധിപ്പിക്കണം.

6 റേഷൻ ഷോപ്പുകൾ 13 എണ്ണം ഉണ്ട്. എന്നാൽ നിത്യോപയോഗ സാധനങ്ങളായ പയറുവർഗ്ഗങ്ങൾ, മുളക്, മല്ലി തുടങ്ങിയവ റേഷൻ കടകളിലൂടെ വില്ക്കുന്നതിന് സംവിധാനം ഉണ്ടാക്കിയാൽ അത് ജനങ്ങൾക്ക് വളരെ ആശ്വാസകരമായിരിക്കും.




# 5

OFFICE OF THE ERIMAYUR GRAMA PANCHAYAT

# സഹകരണ മേഖല

ആലത്തൂർ താലൂക്കിലെ എരിമയൂർ പഞ്ചായത്ത് പ്രവർത്തന പരിധികൾ തനതായും എരിമയൂർ പഞ്ചായത്ത് പ്രദേശത്തെക്കൂടി ഉൾക്കൊള്ളിച്ചുകൊണ്ടും സഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ വായ്പാ സഹകരണസംഘങ്ങളും വായ്പേതര സഹകരണ സംഘങ്ങളും ഉൾപ്പെടുന്നു.

## വായ്പാ സംഘങ്ങൾ

### 1. എരിമയൂർ സർവ്വീസ് സഹകരണ ബാങ്ക്

വായ്പാ സഹകരണ സംഘങ്ങളിൽ ഏററവും പ്രധാനപ്പെട്ടതു് എരിമയൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ പി. 507 ആണ്. കർഷകവിഭാഗത്തിൽ പെട്ടവരെ ഹുണ്ടിക പലിശക്കാരിൽനിന്നും മോചിപ്പിച്ച് ന്യായവിലക്ക് കാർഷിക വായ്പ ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെ 1962 ന് പ്രവർത്തനമാരംഭിച്ചു. ആദ്യകാലത്ത് നെല്ലുസംഭരണം നടത്തിയിരുന്നു, ആദ്യ പ്രസിഡണ്ട് ശ്രീമാൻ വി. എസ്. ഗോപാലൻ ആയിരുന്നു. ഇപ്പോഴത്തെ പ്രസിഡണ്ട് ശ്രീമാൻ വി. എസ്. വിജയരാഘവൻ Ex. MP ആണ്

എരിമയൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ പി. 507

| | | |
|---|---|---|
| ആകെ അംഗങ്ങൾ | : | 3946 |
| ഒരു ഓഹരിയുടെ വില | : | 5 രൂപ |
| അംഗീകൃത ഓഹരി മൂലധനം | : | 35,50,000.00 |
| സർക്കാർ ഓഹരി | : | 1,00,000.00 |
| നിക്ഷേപം | : | 1,40,07,200.00 |
| വായ്പകൾ (കാർഷികം) | : | 25,04,675.00 |
| മററു വായ്പകൾ | : | 1,43,00,000.00 |
| ഭവന നിർമ്മാണ വായ്പ | : | 26,300.00 |
| കാഷികേതര ഹ്രസ്വകാല വായ്പകൾ | : | 2,10,622.00 |
| കാർഷികേതര മദ്ധ്യകാല വായ്പകൾ | : | 1,22,350.00 |

മേല്പറഞ്ഞവക്ക് പുറമെ വളം, വിത്ത്, കീടനാശിനി, സിമൻറ് എന്നിവയുടെ വില്പന, ഓണക്കാലത്ത് രണ്ട് വില്ലേജുകളിലും ഓണച്ചന്ത നടത്തുക, വിദേശജോലി ആവശ്യാർത്ഥമുള്ള വായ്പ, സർക്കാർ സബ്സിഡിയോടുകൂടിയുള്ള പ്രത്യേക വായ്പ എന്നിവയും നടത്തുന്നുണ്ട്.

മേല്പറഞ്ഞ സേവനം പ്രവർത്തന പരിധിയിലെ പരമാവധിയാളുകൾക്ക് ലഭ്യമാക്കുകയും ജനങ്ങളുടെ പങ്കാളിത്തവും സഹകരണവും വിപുലമാക്കേണ്ടതുമുണ്ട്.

## 2. ഡോ. അംബേദ്കർ സ്മാരക പട്ടിക ജാതി സർവ്വീസ് സഹകരണ സംഘം

പട്ടികജാതി വിഭാഗത്തിൽപ്പെട്ട ജനങ്ങൾക്ക് പ്രത്യേകമായി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ച ഈ സംഘം ഇപ്പോൾ തകർച്ചയെ നേരിടുകയാണ്, മുൻകാലത്ത് പട്ടികജാതി വിഭാഗക്കാർക്കുവേണ്ടി കരിങ്കൽ ക്യാറി നടത്തിയിരുന്നുവെങ്കിലും പല പരിമിതികളാൽ നിർത്തിവെച്ചിരിക്കുകയാണ്. നിയന്ത്രിത വിലക്ക് തുണിത്തരങ്ങളും വില്പന നടത്തിയിരുന്നുവെങ്കിലും ലാഭകരമല്ലാത്തതിനാൽ നിർത്തിവെച്ചു. രാസവള വ്യാപാരവും സമീപകാലത്ത് നിർത്തലാക്കി. വായ്പ കുടിശ്ശിഖ ഈടാക്കി എടുക്കുന്നതിന് ശക്തമായ നടപടി സ്വീകരിച്ച് ഈ സ്ഥാപനത്തെ പ്രവർത്തനക്ഷമമാക്കേണ്ടതുണ്ട്. മാനേജ്മെൻറിൻെറ കാര്യക്ഷമതയില്ലായ്മയും, പുതിയ പ്രവർത്തന മേഖലകളിലേക്ക് കടന്നുകയറാനുള്ള ആത്മധൈര്യമില്ലായ്മയും സ്ഥാപനത്തിന് ഹാനികരമായിട്ടുണ്ട്.

## വായ്പേതര സംഘം 1

ആലത്തൂർ കൊ. ഓ. മാർക്കററിംഗ് സൊസൈററി.

ആലത്തൂർ താലൂക്ക് മൊത്തം പ്രവർത്തനപരിധിയായി പ്രവർത്തിച്ചു വരുന്നു. കാർഷിക വിഭവങ്ങളുടെ സംഭരണവും വിതരണവുമാണ് ലക്ഷ്യം. സംഘത്തിന് കെട്ടിടവും ഗോഡൌണും മില്ലും യാഡും ഉൾപ്പെടെ വലിയ ആസ്തിയുണ്ട്. നെല്ല് സംഭരണം ചില സമയങ്ങളിൽ നടത്തുന്നുണ്ട്. പുളി സംസ്ക്കരണം, കപ്പ സംസ്ക്കരണം എന്നിവ നടത്തി എങ്കിലും നഷ്ടം സംഭവിച്ചതു കാരണം നിർത്തലാക്കി. ഇപ്പോഴത്തെ പ്രധാന പ്രവർത്തനം റേഷൻ അരി വ്യാപാരത്തിൽ ഒതുങ്ങി നില്ക്കുന്നു. കാർഷിക വിഭവങ്ങൾ കർഷകരുടെ സങ്കൽപ്പത്തിനനുസരിച്ച് സംഭരിക്കാനും വിപണനം ചെയ്യാനുമുള്ള തുറകളിലേക്ക് സംഘത്തിന്റെ പ്രവർത്തനം വിപുലീകരിക്കേണ്ടതുണ്ട്, അതുപോലെ പുതിയ പ്രവർത്തന മേഖലകളിലേക്ക് കടന്നു കയറാനുള്ള ശ്രമം നടത്തേണ്ടതുമാണ്.

## ക്ഷീരോൽപ്പാദകസഹകരണസംഘങ്ങൾ

പഞ്ചായത്ത് പ്രവർത്തന പരിധിയിൽ താഴെ പറയുന്ന 6 ക്ഷീരോൽപാദക സഹകരണ സംഘങ്ങൾ പ്രവർത്തിച്ചു വരുന്നുണ്ട്.

| | | | |
|---|---|---|---|
| 1 | മാടമ്പാറ | ക്ഷീരോൽപാദക | സഹകരണ സംഘം. |
| 2 | മലക്കുളം | ,, | ,, |
| 3 | എരിമയൂർ | ,, | ,, |
| 4 | കുനിശ്ശേരി | ,, | ,, |
| 5 | ചെമ്പൻപുള്ളി | ,, | ,, |
| 6 | പുള്ളോട് | ,, | ,, |

മേൽപ്പറഞ്ഞ 6 സംഘങ്ങളും ആനന്ദ്മാതൃകയിലാണ് പ്രവർത്തനം, എല്ലാ സംഘങ്ങളും ലാഭകരമാണ്, അപ്പക്സ് സംഘത്തിന്റെ ശക്തമായ പിൻ ബലവും ക്ഷീരോൽപാദകരുടെ താൽപര്യപൂർവ്വമുള്ള പങ്കാളിത്തവും ഇതിനു കാരണമാണ്. ബോണസ്സും മററാനുകൂല്യങ്ങളും ലഭിക്കാത്ത സാചര്യം, ന്യായവില കിട്ടാത്ത സ്ഥിതി എന്നിവ ചില സംഘങ്ങളിലുണ്ട്. അതിന് അർഹരായവർക്ക് അംഗത്വം നൽകുകയും ക്ഷീരോൽപാദകർക്ക് വായ്പാ സൗകര്യം ലഭ്യമാക്കുകയും ചെയ്യേണ്ടതുണ്ട്. ഉൽപ്പാദകരുടെ താൽപര്യം പരിഗണിച്ച് പുതിയ സംഘങ്ങൾ രൂപീകരിക്കുകയും തൊഴിലവസരം സൃഷ്ടിക്കുന്നതിന് സ്വദ്ധ്യത പരിശോധിച്ച് നാടൻ ക്ഷീരോല്പന്നങ്ങളുടെ നിർമ്മാണം, മോഡൽ ഡയറി യൂണിററ് തീററപ്പുൽകൃഷി വികസനം എന്നിവയും പരിഗണിക്കാവുന്നതുമാണ്. ചില സംഘങ്ങളിൽ ഉള്ള അഴിമതി സ്വജനപക്ഷപാതം എന്നിവയും പരിശോധിക്കേണ്ടതാണ്. ക്ഷീരവികസന രംഗത്തു് ഈ പഞ്ചായത്തിൽ വൻ വികസന സാദ്ധ്യതയാണുള്ളതു്.

## സ്ക്കൂൾ സഹകരണ സംഘങ്ങൾ

എരിമയൂർ ഗവ ഹൈസ്കൂൾ, കുനിശ്ശേരി ഗവൺമെൻറ് ഹൈസ്കൂൾ എന്നിവയാണ്. ഓരോ ഹൈസ്കൂൾ സഹകരണ സംഘങ്ങൾ പ്രവർത്തിച്ചു വരുന്നുണ്ട്. കൂടാതെ ഒരു സ്കൂൾ കോംപ്ലക്സ് സഹകരണ സംഘവുമുണ്ട്. പ്രധാനമായും പാഠപുസ്തകങ്ങൾ, നോട്ടുപുസ്തകങ്ങൾ എന്നിവ സംഭരിച്ച് വിദ്യാർത്ഥികൾക്ക് നൽകിവരുന്നുണ്ടെങ്കിലും പ്രവർത്തനം കൂടുതൽ വ്യാപകമാക്കേണ്ടതുണ്ട്. പഠനോപകരണങ്ങൾ, സ്കൂൾ യൂണിഫോം, മററു സാമഗ്രികൾ വിദ്യാർത്ഥികൾക്കുള്ള ഉച്ചഭക്ഷണം, സ്കോളർഷിപ്പ് നൽകൽ, നിദ്ധന വിദ്യാർത്ഥികൾക്കുള്ള സൗജന്യസഹായം തുടങ്ങിയ മേഖലകളിലേക്കു കൂടി ഇവയുടെ പ്രവർത്തനം വ്യാപിക്കുന്നതു് ഗുണകരമായിരിക്കും.

ഈ പഞ്ചായത്ത് കൂടി പ്രവർത്തനപരിധിയാക്കിക്കൊണ്ട് ആലത്തൂർ റൂറൽ കോ-ഓപ്പറേററീവ് ഹൌസിംഗ് സൊസൈററി ആലത്തൂർ സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് എന്നിവയും പ്രവർത്തിക്കുന്നുണ്ട്. ഭവന നിർമ്മാണ വായ്പാസംഘത്തിൻെറ സാമ്പത്തിക സഹായം ഉപയോഗിച്ച് ദുർബല വിഭാഗങ്ങൾക്ക് കൂടുതൽ സഹായം ലഭ്യമാക്കുന്നതിനു് ശ്രമിക്കേണ്ടത് അനിവാര്യമാണ്. അതുപോലെ കാർഷിക ഗ്രാമവികസന ബാങ്കിൻെറ നിരവധി സ്കീമുകൾ ഉപയോഗിച്ച് ഈ പഞ്ചായത്തിലെ ജനങ്ങൾക്ക് തൊഴിലവസരം സൃഷ്ടിക്കുന്നതിനും ശ്രമിക്കാവുന്നതാണ്.

കോഴി വളർത്തൽ, മത്സ്യം വളർത്തൽ, ക്ഷീരോൽപ്പാദനം വദ്ധിപ്പിക്കൽ, പരമ്പരാഗത വ്യവസായങ്ങളുടെ പ്രോത്സാഹനത്തിനുതകുന്ന സഹകരണ സംഘങ്ങൾ, കറി പൌഡറുകൾ സോപ്പ് പൌഡർ. തുന്നൽപരിശീലനം, റെഡിമെയ്ഡ് ഗാർമെൻറ്സ് നിർമ്മാണം കളിമൺ പാത്ര വ്യവസായം കുട്ട, വട്ടി പറമ്പ് കയ്തോലപ്പായ എന്നിവയുടെ നെയ്ത്ത്, കരകൗശലവസ്തുക്കളുടെ നിർമ്മാണം, നോട്ട്ബുക്ക് നിർമ്മാണവുമായി ബന്ധപ്പെട്ട പരിശീലനം, ക്ഷീരോൽപ്പന്ന യൂണിററ് തുടങ്ങിയ വിവിധ കാര്യങ്ങളിൽ സർവ്വീസ് സഹകരണ ബാങ്ക്, കാർഷിക വികസന ബാങ്ക് ദേശസാൽകൃത സഹകരണ ബാങ്ക് എന്നിവയുടെ വായ്പാസൗകര്യം സർക്കാർ ധനസഹായം എന്നിവയും വ്യക്തിഗത മൂലധനസഹായവും സംയോജിപ്പിക്കുംവിധം സഹകരണസംഘങ്ങളുണ്ടാക്കി തൊഴിലവസരവും മേന്മയേറിയ സാധനങ്ങളും സഹകരണ മേഖലയിലൂടെ സാദ്ധ്യമാകും.

## സഹകരണ പ്രസ്ഥാനം നേരിടുന്ന പ്രശ്നങ്ങളും പരിഹാരങ്ങളും

സഹകരണ സംഘങ്ങളിൽ അംഗത്വം ലഭിക്കുന്നതിന് പ്രയാസം നേരിടുന്നുണ്ട് കക്ഷിരാഷ്ട്രീയത്തിന് അതീതമായി അർഹതപ്പെട്ട എല്ലാവർക്കും മെമ്പർഷിപ്പ് ലഭിക്കുന്ന സംവിധാനം ഉണ്ടാകണം.

നിക്ഷേപത്തിൻെറ 80% വായ്പ കൊടുക്കാൻ കഴിയണം വായ്പ തിരിച്ചടക്കുന്നതിൽ വീഴ്ച സംഭവിക്കുന്നതുമൂലമാണ് പ്രധാനമായും സംഘങ്ങൾ പ്രവർത്തന രഹിത മാകുന്നത്. വായ്പകൾ തിരിച്ചു പിടിക്കുന്നതിന് സംഘങ്ങൾക്ക് കഴിയണം.

അവധി ബാക്കിയായ തുകകളെകുറിച്ച് പ്രത്യേകം പരിശോധന നടത്തണം.

സംഘങ്ങളുടെ ലാഭ നഷ്ടങ്ങൾ കൃത്യമായും പരിശോധിക്കുകയും നഷ്ടം നികത്തുന്നതിന് സത്വര നടപടികൾ സ്വീകരിക്കുകയും വേണം.

സഹകരണ സംഘങ്ങൾ വായ്പകൾ അനുവദിക്കുന്നത് എന്ത് ആവശ്യത്തിനാണോ ആ വക പ്രസ്തുത ആവശ്യത്തിന് മതിയായതായിരിക്കണം. പലപ്പോഴും മതിയായ വക അനുവദിക്കപ്പെടുന്നില്ല. അതുകൊണ്ടുതന്നെ തുക മററ് ആവശ്യങ്ങൾക്കായി ഉപയോഗിച്ചുവരുന്നതായി കാണുന്നു.

സഹകരണ മേഖലയിൽ വിപണന കേന്ദ്രങ്ങൾ സ്ഥാപിക്കണം.

സഹകരണ സംഘടനയുടെ കാര്യക്ഷമത പരിശോധിക്കുകയും ജനാധിപത്യ സ്വഭാവം നിലനിർത്തുകയും വേണം. ജീവനക്കാരുടെ പ്രവർത്തന ശേഷിയും പരിശോധിക്കപ്പെടേണ്ടവയാണ്

സഹകരണ സംഘ രംഗത്ത് അഴിമതി സ്വജന പക്ഷപാതം വ്യക്തി താൽപര്യം മുതലായവ ഉണ്ടാകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം,

പുതിയ പ്രവൃത്തികൾ ഏറെറടുക്കാൻ സഹകരണ സംഘങ്ങൾക്ക് കഴിയണം. ധനദുർവ്യയം ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കണം.

ആവശ്യ മുള്ളയിടത്ത് പുതിയ സംഘങ്ങൾ രൂപീകരിക്കുകയും ഉല്പാദനവും ഉല്പാദന ക്ഷമതയും വർദ്ധിപ്പിക്കുന്നതിനു ഊന്നൽ കൊടുക്കുകയും വേണം.

സഹകരണ സംഘങ്ങളിൽ വനിതാ പങ്കാളിത്തം വർദ്ധിപ്പിക്കാൻ നടപടികൾ സ്വീകരിക്കണം.






# 5ാം

# വിഭവസമാഹരണം

ഈ നൂററാണ്ടിന്റെ 1-ാംപകുതിയിലും 2-ാംപകുതിയുടെ തുടക്കത്തിലും വിഭവ സമാഹരണം ഒരു പ്രശ്നമേ അല്ലായിരുന്നു. എരിമയൂർ ഗ്രാമപഞ്ചായത്തിന്റെ വിഭവ സമാഹരണ ചരിത്രം എടുത്ത് പരിശോധിച്ചാലും ഇത് യാഥാർത്ഥ്യമായിരുന്നു എന്ന് മനസ്സിലാവും. ജനങ്ങളുടെ സംഘടിതമായ ക്രിയാശേഷി സാർത്ഥകമായി വിനിയോഗിക്കുവാൻ കെൽപ്പുണ്ടായിരുന്ന പൂർവ്വികരുടെ ഒരു നിര നമുക്കുണ്ടായിരുന്നു ശ്രമദാനത്തോടുകൂടിയുള്ള റോഡുകൾ പൊതുസ്ഥാപനങ്ങൾക്കുള്ള സ്ഥലങ്ങൾ, കെട്ടിടനിർമ്മാണ സാമഗ്രികൾ മുതലായവ സൗജന്യമായി സമാഹരിക്കുവാൻ നമുക്ക് കഴിഞ്ഞിരുന്നു.

11-ാംവാർഡുകളിലായി സ്ഥിതിചെയ്യുന്ന ഭൂരിഭാഗം പഞ്ചായത്ത് റോഡുകൾക്കുള്ള സ്ഥലങ്ങൾ സൗജന്യമായി ലഭിച്ചതും റോഡുകൾ ശ്രമദാനത്തിലൂടെ നിർമ്മിച്ചതും ആയിരുന്നു. എരിമയൂർ കുത്തനൂർ റോഡ്, എരിമയൂർ ചുള്ളിമട റോഡ്, പുള്ളോട് മലക്കളം റോഡ്. കുനിശ്ശേരി മാടമ്പാറ റോഡ് മുതലായ പ്രധാനപ്പെട്ട റോഡുകൾ ഇതിനുള്ള ഉദാഹരണങ്ങളാണ്. എരിമയൂർ ഗ്രാമപഞ്ചായത്ത്ഓഫീസ് പ്രൈമറി ഹെൽത്ത് സെന്റർ, എരിമയൂർ കുനിശ്ശേരി ഗവൺമെന്റ് ഹൈസ്കൂളുകൾ മുതലായ കെട്ടിടങ്ങൾ സ്ഥിതിചെയ്യുന്ന സ്ഥലങ്ങൾ സൗജന്യമായി വിഭവസമാഹരണത്തിലൂടെ ലഭിച്ചതാണ്. മാത്രമല്ല എരിമയൂർ ഗ്രാമ പഞ്ചായത്തിൽ നിലവിലുള്ള അംഗൺവാടി കെട്ടിടം നിൽക്കുന്ന സ്ഥലങ്ങൾ ഭൂരിഭാഗവും വിഭവസമാഹരണത്തിലൂടെ നേടാൻ കഴിഞ്ഞതാണ്, ചരിത്രം ഇങ്ങനെയായിരുന്നുവെങ്കിലും ഇന്നത്തെ

അവസ്ഥ വ്യത്യസ്തമായിരിക്കുന്നു. എന്നാൽ പൂർണ്ണമായി വേരററുപോയിട്ടില്ലാത്ത ഈ പഴയ സമ്പ്രദായത്തെ പുനരുജ്ജീവിപ്പിക്കേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്

നമ്മുടെ ഗ്രാമം ഇന്ന് നേരിടുന്ന ഏററവും വലിയ പ്രതിസന്ധി കാർഷികമേഖലയിലെ മുരടിപ്പാണ്. വ്യാവസായിക മേഖലയിൽ എടുത്തു പറയത്തക്ക ഒരു സ്ഥാപനവും എരിമയൂരിലില്ല. രൂപമായ തൊഴിലില്ലായ്മയെ കുറക്കുവാൻ ഈ മേഖലകൾക്കാവുന്നില്ല. വിഭവ സമാഹരണത്തിന് പുതിയ പന്ഥാവുകൾ വെട്ടിത്തുറക്കുന്നതിലൂടെ മാത്രമെ നമുക്ക് ഈ വെല്ലുവിളികളെ നേരിടാനാവൂ.

കർഷകമേഖലയിലെ മുരടിപ്പിനു് പല കാരണങ്ങളുണ്ട്, വദ്ധിച്ചുവരുന്ന ഉല്പാദന ച്ചെലവും കുറഞ്ഞുവരുന്ന ഉല്പന്നവിലയും കർഷകവൃത്തിയെ അനാകർഷകമാക്കുന്നു, മൊത്തം കൃഷി സ്ഥലം തുണ്ടുതുണ്ടുകളായി വിഭജിക്കപ്പെട്ടതും വിള ക്രമത്തിന്റെ മാററവും ഉപഭോഗസംസ്കാരത്തിന്റെ വ്യാപനവും മുരടിപ്പിന് ആക്കം കൂട്ടുന്നു.

പാരമ്പര്യ ചെറുകിട വ്യവസായങ്ങളൊഴിച്ച് കാര്യമായ വ്യവസായ സംരഭങ്ങളൊന്നും പഞ്ചായത്തിലില്ല. വിദ്യുച്ഛക്തി പോലുള്ള പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കാതെ വ്യാവസായിക മേഖലയുടെ വളർച്ച നമുക്ക് പ്രതീക്ഷിക്കാനാവില്ല. നിലവിലുള്ള പരമ്പരാഗത കുടിൽ വ്യവസായങ്ങളുടെ നവീകരണത്തിലൂടെ തൊഴിലന്വേഷകരുടെ പടയിലെ ഒരു ചെറു ശതമാനത്തെ മാത്രമെ നമുക്കുൾകൊള്ളുവാൻ കഴിയുകയുള്ളു.

പഞ്ചായത്തിന്റെ പരിമിതമായ വിഭവ ശേഷിക്കകത്തു നിന്നുകൊണ്ട് ഈ പ്രതിസന്ധികൾ തരണം ചെയ്യാനാവുമെന്നു തോന്നുന്നില്ല. പഞ്ചായത്ത് രാജ് സംവിധാനങ്ങളുടെയും വിഭവ സമാഹരണത്തിന്റെയും പ്രസക്തി ഈ സാഹചര്യത്തിലാണ്. നാട്ടിൻപുറത്തെ നാനാതരം വിഭവങ്ങൾ സംഘടിതമായ അദ്ധ്വാനശേഷി വികസനോന്മുഖമല്ലാതെ ചെലവഴിക്കപ്പെടുന്ന സ്വകാര്യ പണം പ്രവർത്തന ക്ഷമമായ പ്രോജക്ടുകൾ ഇല്ലാത്തതിനാൽ കിട്ടാതെ പോകുന്ന ബാങ്ക് വായ്പ ഇവയൊക്കെ കൂട്ടിച്ചേർക്കുവാൻ ഏററവും ഫലപ്രദമായ സംവിധാനമാണ് വികേന്ദ്രീകൃതാസൂത്രണ പരിപാടികളിലൂടെ നടപ്പിലാകാൻ പോകുന്നത്. വിഭവങ്ങളെ കണ്ടെത്തുവാനും ഉപയോഗപ്പെടുത്തുവാനും വിനിയോഗിക്കുവാനുമുള്ള ഏജൻസിയായി മാററുവാൻ നമ്മുടെ പഞ്ചായത്തിനു കഴിയണം.

പഞ്ചായത്തിന്റെ വിഭവ ശേഷി നമുക്കൊന്ന് പരിശോധിക്കാം.

പഞ്ചായത്തിന്റെ പ്രധാന വരുമാന മാർഗ്ഗങ്ങൾ കെട്ടിട നികുതി വിനോദ നികുതി തൊഴിൽ നികുതി എന്നിവയാണ്. 1995-96ലെ വരുമാനം രൂപ 126, 8462.25 ആണ്.

## പട്ടിക 1

ചെലവുകളുമായി ചേർത്തു നോക്കുമ്പോൾ പഞ്ചായത്തിന്റെ വരുമാന വദ്ധനിരക്ക് അത്ര ഗണ്യമല്ല എന്നു കാണാം.

## 1.23 വരവ് സംബന്ധിച്ച വിവരങ്ങൾ (1985-96)

| ക്രമനമ്പർ | ഇനം | ധനാഭ്യർത്ഥന | പിരിച്ചത് | ബാക്കി |
|---|---|---|---|---|
| 1 | കെട്ടിടനികുതി | 146000.50 | 145959.60 | 40.90 |
| 2 | സർവ്വീസ് ചാർജ്ജ് (4c) | 7214.50 | 7212.40 | 2.10 |
| 3 | തൊഴിൽനികുതി | 62270.00 | 61530.00 | 740.00 |
| 4 | വാഹനനികുതി | | | |
| 5 | വിനോദനികുതി | 44796.61 | 44796.61 | |
| 6 | അഡി. വിനോദനികുതി | 27143 11 | 27143 11 | |
| 7 | പ്രദർശനനികുതി | 2156.00 | 2156.00 | |
| 8 | പ്രദശ്നനികുതിയിലേക്കുള്ളസർചാർജ്ജ് | 539.00 | 539.00 | |
| 9 | ചന്തവരവ് | | | |
| 10 | ലാൻറ് സെസ്സ് | | | |
| 11 | ലൈസൻസ് ഫീസ് | 2347.00 | 2347.00 | |
| 12 | കെട്ടിട നികുതി സർചാർജ്ജ് | | | |
| 13 | വസ്തുകൈമാററ നികുതി 75% | 137014.00 | 137014.00 | |
| 14 | വസ്തുകൈമാററ നികുതി 25% | | | |
| 15 | സക്കാർ ഗ്രാൻറുകളും മററും ഒഴികെയുള്ള മററു വരവുകൾ | | | |
| 16 | സംഭാവന | | | |
| 17 | ഡെപ്പോസിററ് | 28994.78 | 28994.78 | |
| 18 | മററുള്ളവ | 810164.65 | 810164.65 | |
| 19 | ലേലവരുമാനം കാഞ്ഞിര മരം ലേലം 2 പുളി | 200.00 | | |
| | മരങ്ങളിലെ കായ്ഫലം ലേലം. മാവുമര | 285.00 | | |
| | ത്തിലെ കായ്ലേലം പനയിലെ പട്ടലേലം | 100 | | |
| | | 25 | 610.00 | |
| 20 | ആകെ | 1268467.25 | 1268467.25 | 783 |

N. B:– 783 രൂപ യഥാർത്ഥത്തിൽ ബാക്കി അല്ല.ആയതിൽ 43 രൂ. പഞ്ചായത്തിൻെറ കെട്ടിട നികുതിയിൽ നിന്നും ഒഴിവാക്കിയതും തൊഴിൽ നികുതിയിലെ 740 രൂപ മററു പഞ്ചായത്തുകളിൽ അടച്ചതിനാൽ Remission ആക്കിയതുമാണ്.

### പട്ടിക 2

നികുതിയിനത്തിൽ പഞ്ചായത്തിൻെറ വരുമാനം ചുവടെ ചേക്കുന്നു. സഹായ ധനത്തിലൂടെയും സംഭാവനകളിലൂടെയും ലഭിക്കുന്ന വരുമാനവും ഏററിയും കുറഞ്ഞു മാണിരിക്കുന്നത്.

## പട്ടിക 2

### എരിമയൂർ ഗ്രാമപഞ്ചായത്ത് വരുമാനം

| വർഷം | തുക | വർദ്ധനവ് | നിരക്ക് |
|---|---|---|---|
| 1991–92 | 770534–73 | 294673–47 | |
| 1992–93 | 914914–00 | 144379–27 | 15.78 |
| 1993–94 | 866229–00 | -48685–00 | |
| 1994–95 | 1046021–55 | 179792–55 | 17.18 |
| 1995–96 | 126846–25 | 222445–70 | 17.53 |

## പട്ടിക 3

| വർഷം | മൊത്തം വരവ് | ഗ്രാൻറ് തുക | തനത് വരുമാനം നികുതികൾ |
|---|---|---|---|
| 1990–91 | 1065208 20 | 535728 72 | 529479 48 |
| 199.192 | 770534 73 | 321614 54 | 448920 10 |
| 1992–93 | 914914 00 | 480119 94 | 434894 03 |
| 1993–94 | 866229 00 | 372334 46 | 493891 54 |
| 1994–95 | 1044021 55 | 508872 92 | 53446 63 |
| 1995–96 | 1268467 25 | 725323 12 | 543144 .13 |

## പട്ടിക 3 (a)

| നികുതികൾ | വർഷം | തുക |
|---|---|---|
| | 1991—92 | 304406 |
| | 92—93 | 215711 |
| | 93—94 | 364630 |
| | 94—95 | 408375 |
| | 95—96 | 346875 |
| സഹായ ധനവും സംഭാവനയും | 1991—92 | 347757 |
| | 92—93 | 215711 |
| | 93—94 | 148911 |
| | 94—95 | 531950 |
| | 95—96 | 384599 |

കഴിഞ്ഞ കുറെ വർഷങ്ങളായി നൂറുശതമാനം നികുതികളും ഫീസുകളും പിരിച്ചെടുക്കുന്ന ഒരു പഞ്ചായത്താണ് എരിമയൂർ പതിനൊന്നു വാർഡുകളിലായി 27,841 ജനങ്ങൾ അധിവസിക്കുന്ന പഞ്ചായത്തിൽ കഴിഞ്ഞ വർഷത്തിൽ കെട്ടിട നികുതിയിനത്തിൽ 145959.60 രൂപയാണ് പിരിച്ചെടുത്തതു് തൊഴിൽ നികുതിയിനത്തിൽ 61530. രൂപയും വിനോദ നികുതിയിനത്തിൽ 44,796.61 രൂപയുമാണ് പിരിച്ചെടുത്തത്. പഞ്ചായത്തിന്റെ ലേല വരുമാനം നാമമാത്രമായ 610 രൂപയാണെന്ന് കാണാം.

ഭരണപരമായ കാര്യങ്ങൾ, പൊതുമരാമത്ത്, തെരുവു വിളക്ക് കത്തിക്കൽ, ജലവിതരണം, പൊതുജനാരോഗ്യം എന്നിവയാണ് പ്രധാന ചിലവിനങ്ങൾ എല്ലാ ചെലവുകളും പ്രതിവർഷം കൂടിവരികയാണ്.

## പട്ടിക 4

ചെലവ് ഇനം തിരിവ്

1995-96 സാമ്പത്തിക വർഷത്തിൽ എരിമയൂർ ഗ്രാമപഞ്ചായത്തിലെ ഇനം തിരിച്ചുള്ള ചിലവുകളുടെ കണക്ക്.

| നമ്പർ | ഇനം / I ജനറൽ അക്കൗണ്ട് | തുക | | റിമർക്സ് |
|---|---|---|---|---|
| 1 | പ്രസിഡന്റും, മെമ്പർമാരുടേയും സിററിംഗ് ഫീസ് | 56968 | 00 | |
| 2 | പ്രസിഡന്റിന്റെ യാത്രാബത്ത | 3693 | 00 | |
| 3 | മററു ശമ്പള ചിലവുകൾ | 500 | 00 | |
| 4 | സെക്രട്ടറിയുടെ ശമ്പളം | 71412 | 00 | |
| 5 | ,, പെൻഷനും മററും | 3740 | 00 | |
| 6 | ,, യാത്രാബത്ത | 557 | 00 | |
| 7 | ജനറൽ എസ്റ്റാബ്ളിഷ്മെന്റ് ശമ്പളം | 167760 | 00 | |
| 8 | ,, പെൻഷൻ | 8066 | 00 | |
| 9 | ,, യാത്രാബത്ത | 1881 | 00 | |
| 10 | ഓഫീസ് ചെലവുകൾ – ഭൂനികുതി | 11 | 00 | |
| 11 | ,, വൈദ്യുതി ചാർജ്ജ് | 1392 | 00 | |
| 12 | ചായ, ലഘുഭക്ഷണം | 3808 | 00 | |
| 13 | തപാൽ & ടെലഫോൺ | 11667 | 00 | |
| 14 | അച്ചടിയും, സ്റ്റേഷനറിയും | 11926 | 50 | |
| 15 | ഇലക്ഷൻ ചിലവ് | 8105 | 00 | |
| 16 | നിയമ ചിലവ് | 2347 | 00 | |
| 17 | സിനിമ പരിശോധന അലവൻസ് | 1533 | 00 | |
| 18 | പിരിവ് ഉദ്യോസ്ഥരുടെ ശമ്പളം | 115942 | 00 | |
| 19 | ,, പെൻഷൻ | 5558 | 00 | |
| 20 | മററു ചിലവുകൾ | 98 | 00 | |
| | | 476964 | 50 | |

## II പൊതുപ്രവർത്തികൾ

| | | | |
|---|---|---|---|
| 1 | റോഡ് സംരക്ഷണം | 53286 | 00 |
| 2 | കെട്ടിട അററകുററപണി | 20223 | 00 |

## III വിദ്യാഭ്യാസം

| | | | |
|---|---|---|---|
| 1 | എസ്ററാബ്ളിഷ്മെൻറ് ശമ്പളം | 14299 | 00 |
| 2 | വൈദ്യുതി ചാർജ്ജ് | 924 | 00 |
| 3 | ലൈബ്രറികൾക്കുള്ള സംഭാവന | 4443 | 00 |
| 4 | സ്കൂളുകൾക്കുള്ള സംഭാവന | 794 | 00 |
| 5 | റേഡിയോ, സംഗീതം | 3735 | 00 |
| | | 24195 | 00 |

## IV ജലവിതരണവും അഴുക്കുചാലും

| | | | |
|---|---|---|---|
| 1 | വരൾച്ച | 35143 | 00 |
| 2 | പലവക | 5000 | 00 |
| 3 | RWSS (റൂറൽ വാട്ടർ സപ്ലൈ സ്കീം) ചാർജ്ജ് | 45378 | 00 |
| | | 85521 | 00 |

## V പൊതുജനാരോഗ്യം

### A മെഡിക്കൽ സർവ്വീസ്

| | | | |
|---|---|---|---|
| 1 | മരുന്നുകൾ | 481 | 75 |
| 2 | ഹോമിയോ ആശുപത്രി വാടക | 2400 | 00 |
| | | 2881 | 75 |

### B ഹെൽത്ത് സർവ്വീസ

| | | |
|---|---|---|
| പഞ്ചായത്ത് പാർട്ട്ടൈം ജീവനക്കാരുടെ ശമ്പളം | 30120 | 00 |
| ,, മററ് അലവൻസുകൾ | 750 | 00 |
| പലവക | 63 | 00 |
| ജനന മരണം രജിസ്റ്റർ വില | 115 | 00 |
| കൊതുക നിവാരണം | 500 | 00 |
| നായപിടുത്തം | 3042 | 00 |
| അനാഥ ശവം മറവുചെയ്യൽ | 600 | 00 |
| | 3519 | 00 |

| | | |
|---|---|---|
| തെരുവ് വിളക്ക് ചാർജജ് | 156240 | 00 |
| ,, സർചാർജ്ജ് | 257 | 00 |
| | 156497 | 00 |
| പഞ്ചായത്തിലെ തെങ്ങിൻ തൈകരം നനച്ചതിന് | 714 | 00 |
| കുട്ടികൾക്ക് അവാർഡ് കൊടുത്തത് | 500 | 00 |
| വന്ധ്യംകരണം ശസ്ത്രക്രിയ | 440 | 00 |
| സൈനീക വെൽഫയർ ബോർസിങ്ങിലേക്ക് (flagday) നല്കിയത് | 270 | 00 |
| | 1924 | 00 |
| നാല്സെൻറ് ഭൂമി വിതരണം | 650 | 00 |
| | 650 | 00 |
| കിലക്ക് സംഭാവന | 15000 | 00 |
| കോരളോത്സവം | 1000 | 00 |
| | 16000 | 00 |
| ഓഫീസ് കെട്ടിട അററകുററപ്പണി | 14975 | 00 |
| പഞ്ചായത്ത്രാജ് ശില്പശാല | 50 | 00 |
| റോളർ വാങ്ങൽ | 10000 | 00 |
| ഉപാധിരഹിത ഫണ്ട് | 534078 | 00 |
| സാക്ഷരത | 750 | 00 |
| കാക്കനാടൻ ഷഷ്ട്യബ്ദപൂർത്തി സംഭാവന | 500 | 00 |
| അഴക്കപാൽ വൃത്തിയാക്കൽ | 1300 | 00 |
| ഡെപ്പോസിററ് | 7292 | 00 |
| ഗ്രന്ഥശാലാവരി | 6830 | 00 |
| KREWS (ഗ്രാമലക്ഷ്മി മുദ്രാലയം) വരിസംഖ്യ | 500 | 00 |
| പഞ്ചായത്ത് ദിനാഘോഷം | 1410 | 00 |
| വില്പന നികുതി | 287 | 00 |
| കണ്ട് കെട്ടാവുന്ന അഡ്വാൻസുകൾ | 5320 | 00 |
| ആകെ ചിലവ് | 14,56,624 | 25 |

കഴിഞ്ഞ വർഷത്തെ ചെലവിനങ്ങൾ പരിശോധിച്ചാൽ ഏററവും കൂടുതൽ തുക ഭരണപരമായ ചെലവിനത്തിലാണെന്നു കാണാം. തെരുവ് വിളക്ക് കത്തിക്കൽ, പൊതുമരാമത്ത് എന്നിവയാണ് ബാക്കി കൂടുതൽ തുക ചെലവഴിച്ചിരിക്കുന്നത്. കുടിവെള്ളക്കരയിനത്തിൽ വാട്ടർ അതോറിററിക്ക് 12 രൂപയോളം കുടിശ്ശിക നല്കാനുണ്ട്,

## പട്ടിക 5

### വരവ് — ചെലവ്

| വർഷം | മൊത്തം വരവ് | മൊത്തം ചെലവ് | ശതമാനം |
|---|---|---|---|
| 1991—92 | 770534 81 | 891110 08 | 115 64% |
| 92—93 | 914914 00 | 746976 55 | 81 64% |
| 93—94 | 866229 00 | 763477 60 | 88 13% |
| 94—95 | 1046021 55 | 1022751 31 | 9[illegible] 77% |
| 95—96 | 1268467 25 | 1456624 25 | 114 83% |

## പട്ടിക 5 (a)

| വർഷം | മൊത്തം വരവ് | മൊത്തം ചെലവ് (ഭരണ പരം) | തെരുവ് വിള (കത്തിക്കൽ) |
|---|---|---|---|
| 1991—92 | 770534 73 | 284640 00 | 341440 00 |
| 02—93 | 914914 00 | 277575 00 | 138756 00 |
| 93—94 | 866229 00 | 345715 00 | 149813 00 |
| 94—05 | 1046021 55 | 407732 00 | 149736 00 |
| 95—96 | 1268467 25 | 476364 00 | 156497 00 |

പട്ടിക 3 പരിശോധിച്ചാൽ പഞ്ചായത്തിൻെറ മൊത്തം വരുമാനത്തിൽ തനതു വരുമാനം ക്രമാനുഗതമായി വളരുന്നതു കാണാൻ കഴിയും. 1991-92ൽ 44,8920.19 രൂപയായിരുന്നത് 1995-96ൽ 543144. 13 രൂപയായി വർദ്ധിച്ചിട്ടുണ്ടെങ്കിലും പഞ്ചായത്തിൻെറ നാനാവിധമായ ആവശ്യങ്ങൾ നിർവ്വഹിക്കുവാൻ ഈ തുക ഒട്ടും പര്യാപ്തമായിരുന്നില്ല. സർക്കാർ ഗ്രാൻറ് തുകയിനത്തിൽ കഴിഞ്ഞ 5 വർഷങ്ങളിൽ ഏറിയും കുറഞ്ഞുമുള്ള സ്ഥിതിയാണ് കാണുന്നത്. എങ്കിലും 1993-94ൽ ഈയിനത്തിൽ 37,2337.46 രൂപ ലഭിച്ചപ്പോൾ 1995-96ൽ അത് 7,25,323.12 രൂപയായി വദ്ധിച്ചിട്ടുണ്ട്. ഋണ ബാദ്ധ്യതകളൊന്നുമില്ലാത്ത പഞ്ചായത്താണ്. നമ്മുടെതെങ്കിലും പലപ്പോഴും വരവിനേക്കാളും കൂടുതൽ ചെലവ് ചെയ്യേണ്ടി വരുന്നുണ്ട്.

പ്രത്യക്ഷ ഉല്പാദന മേഖലകളിൽ പഞ്ചായത്തിൽ കഴിഞ്ഞ ഏതാനും വർഷങ്ങളിൽ കാര്യമായി ഒന്നും ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല. റോഡുകളിലും തെരുവുവിളക്കുകളിലും ഒതുങ്ങുന്ന വികസന പ്രവർത്തനങ്ങൾ തന്നെയാണ് കുറെക്കാലങ്ങളിലായി പഞ്ചായത്തിലും നടന്നു വരുന്നത്.

## ഗൾഫ് മേഖല

പഞ്ചായത്തിലെ 11 വാർഡുകളിൽ നിന്നായി ഏകദേശം 500–ൽ താഴെപേർ ഗൾഫിലും മററു വിദേശ രാജ്യങ്ങളിലുമായി ജോലി ചെയ്തുവരുന്നു. ഇവരിൽ കൂടുതലും ചെറുകിട ജോലിക്കാരാണ്. ഗൾഫ് വരുമാനത്തിന്റെ കൂടുതലും കെട്ടിട നിർമ്മാണത്തിനാണ് ചെലവിടുന്നത്. ഒരളവുവരെ ആഡംബര കാര്യങ്ങൾക്കും ചിലവിടുന്നുണ്ട്. പഞ്ചായത്തിന്റെ വികസനത്തിനായി ഈ വരുമാനത്തിന്റെ കുറച്ചു ഭാഗമെങ്കിലും ചെലവഴിക്കുവാൻ സ്വയമേവ ചെയ്യേണ്ടതാണ്.

വികസനോന്മുഖമല്ലാതെ ചെലവഴിക്കപ്പെടുന്ന സ്വകാര്യ പണം വിഭവസമാഹരണത്തിൽ പ്രത്യേകം കണക്കിലെടുക്കേണ്ടതാണ്. ഉത്സവങ്ങൾക്കും ആഘോഷങ്ങൾക്കും ചെലവിടുന്നതിന്റെ വലിയ പങ്ക് വികസന പ്രവർത്തനങ്ങൾക്കുവേണ്ടി വിനിയോഗിക്കണം.

## ധനകാര്യ സ്ഥാപനങ്ങൾ

പഞ്ചായത്തിലെ പ്രധാന ധനകാര്യ സ്ഥാപനങ്ങൾ ചുവടെ ചേർക്കുന്നു.

1 എരിമയൂർ സർവ്വീസ് സഹകരണ ബേങ്ക്

2 സ്റേററ് ബേങ്ക് ഓഫ് ട്രാവൻകൂർ

3 സൗത്ത് ഇന്ത്യൻ ബാങ്ക്

4 ധനലക്ഷ്മി ബാങ്ക്

5 ശ്രീ നാരായണ ഇൻവെസ്റ്റ്മെൻറ് ട്രസ്റ്റ്

6 സ്വകാര്യ പണമിടപാടുകർ

സാമാന്യം ഭേദപ്പെട്ട രീതിയിൽതന്നെ നടക്കുന്ന ധനകാര്യ സ്ഥാപനങ്ങളാണ് ഇവയെല്ലാം ഈ സ്ഥാപനങ്ങളിലൂടെ നൽകുന്ന വായ്പതുക കൊണ്ട് കാർഷിക മേഖലയിൽ വളരെയധികം പ്രയോജനങ്ങളുണ്ടായിട്ടുണ്ട്. എന്നാൽ ചെറുകിട കച്ചവടക്കാർ ചെറുകിട കർഷകർ തുടങ്ങിയ വിഭാഗക്കാർക്ക് ഇപ്പോഴും സ്വകാര്യ പണമിടപാടുകാരെ സമീപിക്കേണ്ടി വരുന്നുണ്ട്. ഇതുകൊണ്ടുതന്നെ കടക്കെണിയിൽ വീഴുന്ന എത്രയോ കുടുംബങ്ങൾ നമുക്കിടയിലുണ്ട്. പലിശ നിരക്ക് വളരെ കൂടുതലാണെങ്കിലും ഉപാധികൾ രേഖകൾ ഒന്നും കൂടാതെ റവന്യൂ സ്റ്റാമ്പ് മുദ്രപത്രം തുടങ്ങിയവയിൽ എഗ്രിമെൻറ് ഒപ്പിട്ടാൽ തുക കയ്യിൽ കിട്ടുന്നു എന്നുള്ളതാണ് ഇതിന്റെ പ്രത്യേകത. കൊള്ളപ്പലിശകൊടുത്തു വാങ്ങുന്ന മുതലായതുകൊണ്ട് സമൂഹം മൊത്തത്തിൽ ഇവരുടെ ചൂഷണത്തിനിരയാകുന്നുണ്ട്. നിലവിലുള്ള ധനകാര്യ സ്ഥാപനങ്ങളുടെ പണമിടപാടുകൾക്കുള്ള നടപടി ക്രമങ്ങൾ എങ്ങിനെ ലളിതവൽക്കരിക്കാം എന്ന് ചിന്തിക്കേണ്ടതുണ്ട്. കുടുംബങ്ങളുടെ മാത്രമല്ല സമൂഹത്തിന്റെ തന്നെ സമ്പദ്ഘടനയെ ബാധിച്ചിരിക്കുന്ന ഈസാമൂഹിക വിപത്തിനെതിരെ കരുതിയിരിക്കേണ്ടതാണ്.

## സന്നദ്ധ പ്രവർത്തനങ്ങൾ

ഈ പഞ്ചായത്തിൽ സന്നദ്ധ പ്രവർത്തനങ്ങളിലൂടെ പല വികസന കാര്യങ്ങളും നടത്താൻ കഴിയും. ഇതിനുള്ള സാദ്ധ്യതകൾ വളരെ കൂടുതലായി ഈ പഞ്ചായത്തിൽ ഉണ്ട്.

സന്നദ്ധ പ്രവർത്തനത്തിലൂടെയും ശ്രമദാന പ്രവർത്തനങ്ങളിലൂടെയും നടത്താൻ പററുന്ന കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

റോഡ് നിർമ്മാണം കുളം കിണർ ഇവയുടെ നിർമ്മാണവും സംരക്ഷണവും തുടങ്ങിയ മേഖലകളിലാണ് ഇതിന്റെ പ്രയോജനം കൂടുതലും ലഭ്യമാക്കുക.

സന്നദ്ധ രാഷ്ട്രീയ സംഘടനകളുടെ സംയുക്ത സഹകരണത്തോടെ വികസന പ്രവർത്തനങ്ങൾ ഏറെറടുത്തു നടത്താം. നമ്മുടെ സമ്പദ്ഘടനയെ പോഷിപ്പിക്കുവാൻ ഇത്തരം സംരംഭങ്ങൾ കൊണ്ടുകഴിയും, പരീക്ഷണാടിസ്ഥാനത്തിൽ നടത്താവുന്ന സംരംഭങ്ങളിവയാണ്.

1 മത്സ്യകൃഷി

2 കോഴിവളർത്തൽ, മുയൽ വളർത്തൽ

3 പച്ചക്കറി കൃഷി പയർ, പടവലം, കയ്പക്ക, വെള്ളരി, ചീര, ചേമ്പ്, കാച്ചിൽ, കൂർക്ക

4 റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ യൂണിററുകൾ

5 കരകൗശല വസ്തുക്കളുടെ നിർമ്മാണവും വിതരണവും

6 ചെയർ നിർമ്മാണം എന്നിവയാണ്.

7 നൂതനകൃഷി സംരംഭങ്ങൾ കൂൺകൃഷി, തേനീച്ച വർത്തൽ, ഔഷധ സസ്യ കൃഷി പുൽകൃഷി

8 പഴവർഗ്ഗകൃഷി വാഴപ്പഴം, കൈതച്ചക്ക, മാങ്ങ, ചക്ക, കശുമാവ്

സ്കൂൾ പി. ടി. എ. കളുടെ പ്രവർത്തനം കാര്യക്ഷമമാക്കിയാൽ കുറേയേറെ പ്രവർത്തനങ്ങൾ നടത്തുവാൻ കഴിയുംി

കണ്ണമ്പുള്ളി ജി. യു. പി. സ്കൂൾ St. T. M. L. P. S. എരിമയൂർ കളുടെ പ്രവർത്തനം പ്രത്യേകം എടുത്തുപറയേണ്ടതാണ്.

## പ്രശ്നങ്ങളും പരിഹാര മാർഗ്ഗങ്ങളും

പഞ്ചായത്തിലെ ജനങ്ങളുടെ എല്ലാ ആവശ്യങ്ങളും നിറവേററുന്നതിന് ലഭ്യമായ വരുമാനം ഉണ്ടാക്കുന്നതിനുവേണ്ടി സർക്കാറിന്റെ സാമ്പത്തിക സഹായം ലഭ്യ

മാക്കാം. ജനങ്ങളുടെ കൂട്ടായ ശ്രമദാന പ്രവർത്തനങ്ങളിലൂടെയും സംഭാവനകളിലൂടെയും പഞ്ചായത്തിന്റെ ആവശ്യം കുറേയേറെ നിറവേററാൻ കഴിയും. പണത്തിന്റെ രൂപത്തിലല്ലാതെ ശ്രമദാന പ്രവർത്തനങ്ങളിലൂടെ വികസന പ്രവർത്തനങ്ങൾ നടത്താം.

നമ്മുടെ ഏററവും രൂക്ഷമായ പ്രശ്നം തൊഴിലില്ലായ്മയാണ്. വിശേഷിച്ച് അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ പല തൊഴിൽ മേഖലകളിലും ആളെ കിട്ടാനില്ല എന്ന പരാതി എല്ലാ കോണുകളിൽ നിന്നുമുയരുന്നു. കെട്ടുകാരനെ കിട്ടുന്നില്ല, ഇലക്ട്രീഷ്യനെ കിട്ടുന്നില്ല, ആശാരിയെ കിട്ടുന്നില്ല. പ്ലംബറെ കിട്ടുന്നില്ല, ഇങ്ങിനെ നീണ്ടുപോകുന്നു പരാധീനതകൾ. കൃഷിസ്ഥലത്തും ജോലിക്ക് ആളെ കിട്ടാനില്ലെന്ന അവസ്ഥ ചിലയിടങ്ങളിലുണ്ട്. വീട്ടുപണി രംഗത്തും ഈ ദൗർലഭ്യമനുഭവപ്പെടുന്നുണ്ട്. ചില രംഗങ്ങളിൽ അയൽ സംസ്ഥാനങ്ങളിൽ നിന്നുള്ള തൊഴിലാളികൾ പണിയെടുക്കുന്നുണ്ട്. നമുക്ക് ആവശ്യമുള്ള ഉൽപ്പന്നങ്ങൾ ഉണ്ടാക്കുക, നമ്മുടെ കാർഷികോൽപ്പന്നങ്ങളും മററു പ്രകൃതി വിഭവങ്ങളും കഴിയുന്നത്ര സംസ്കരിച്ച് പരമാവധി മൂല്യ വർദ്ധനയുള്ള ഉൽപ്പന്നങ്ങളാക്കി മാററുക. ഇവയെഅടിസ്ഥാനമാക്കിയുള്ള ഒരു സേവനമേഖല വളർത്തിയെടുക്കുക തുടങ്ങിയവയാണ് തൊഴിലവസരങ്ങളുടെ സൃഷ്ടിക്ക് വേണ്ടത്. ഇതിന് അനിവാര്യമായ മൂലധനം വേണം, വ്യവസായ സംരംഭകത്വം വേണം, വെള്ളം, വൈദ്യുതി, ഗതാഗതം, വിവരവിനിമയം തുടങ്ങിയ അനുബന്ധ സൗകര്യങ്ങൾ വേണം. ഇതിൽ വൈദ്യുതിയും വിവരവിനിമയം ഒഴിച്ചുള്ള എല്ലാ ഘടകങ്ങളും വിഭവസമാഹരണത്തിലൂടെ ഒരുക്കുട്ടാൻ പാററുന്നതാണ്.

വളരെ പരിമിതമായ സൗകര്യ അവകാശങ്ങളിൽനിന്നും 9-ാം പദ്ധതിയിലേക്ക് വരുമ്പോൾ സാരമായ മാററങ്ങൾ ദൃശ്യമാവുകയാണ്. എങ്കിലും നമ്മുടെ ആവശ്യങ്ങൾ പൂർണ്ണമായും നിറവേററുവാൻ ഇത് പര്യാപ്തമാവുമെന്ന് തോന്നുന്നില്ല.

## പ്രശ്നങ്ങൾ

1. പഞ്ചായത്തിന്റെ വരുമാന സാദ്ധ്യതകൾ പൂർണ്ണമായി ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല.
2. ഭരണചെലവ് വദ്ധിച്ചുവരുന്നു.
3. വികസന പ്രവർത്തനങ്ങൾക്കായി ചെലവിടുന്ന തുകയുടെ നല്ലൊരു ഭാഗം ഇടത്തട്ടുകാരിലേക്ക് മാറുന്നു.
4. ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പ ലഭിക്കുന്നില്ല,
5. സന്നദ്ധ പ്രവർത്തനങ്ങളിലെ താല്പര്യക്കുറവ്
6. സുതാര്യക്കുറവ്
7. പദ്ധതി നിർവ്വഹണത്തിൽ ജനപങ്കാളിത്തക്കുറവ്.

8 അധ്യാപനിക്കുവാനുള്ള സന്നദ്ധത യുവാക്കളിൽ കുറഞ്ഞുവരുന്നു. വിദ്യാസമ്പന്നരിൽ ഏറിയകൂറും അധ്യാപനത്തിനോട് വിമുഖത കാണിക്കുന്നു.

## സാദ്ധ്യതകൾ

നികുതി പിരിവ് കാര്യക്ഷമമാക്കണം. ശാസ്ത്രീയമായ രീതിയിൽ നികുതി ചുമത്തുമ്പോൾ കെട്ടിടത്തിന്റെ വിസ്തീർണ്ണംമാത്രം കണക്കാക്കാതെ ആഡംബരത്വവും പരിഗണിക്കണം. വാടക കെട്ടിടങ്ങൾക്ക് വാടക കണക്കാക്കിതന്നെ നികുതി ചുമത്തുന്നതിന് ശ്രമിക്കണം. വ്യവസായ സ്ഥാപനങ്ങൾക്കും കടകൾക്കും മറ്റുമുള്ള ഫീസുകളുടെ നിരക്ക് കാലോചിതമായി പരിഷ്ക്കരിക്കണം. പഞ്ചായത്തിനു് ലഭിക്കേണ്ടതായ എല്ലാ നികുതികളും, ഫീസുകളും കൃത്യമായി പിരിച്ചെടുക്കണം.

പുതിയ സേവനങ്ങൾ നൽകുകയും അവയ്ക്ക് ചാർജ്ജ് ഈടാക്കുകയും വേണം.

നികുതിയുടെ മിനിമം നിരക്ക് ഉയർത്തുന്നതിന് നടപടികൾ സ്വീകരിക്കണം.
പ്രത്യേകിച്ച് വിനോദ നികുതിയിനത്തിൽ
പുതിയ നികുതിയധികാരങ്ങൾ പൂർണ്ണമായും പ്രയോജനപ്പെടുത്തൽ.

വിദ്യാഭ്യാസ, ആരോഗ്യക്ഷേമ പ്രവർത്തനങ്ങൾക്കായി പ്രത്യേകം പ്രത്യേകം ഫണ്ട് സ്വരൂപിക്കൽ, പഞ്ചായത്തിന്റെ ചെലവുകൾ സുതാര്യമാക്കൽ സന്നദ്ധ സംഘടന പ്രവർത്തകരുടെ സഹകരണം ഉറപ്പു വരുത്തുക.

പദ്ധതിയുടെ നിർവ്വഹണത്തിൽ ജനപങ്കാളിത്തം ഉറപ്പു വരുത്തുക. നിർവ്വഹണത്തിൽ ഇടത്തട്ടുകാരെ ഒഴിവാക്കണം. കൃത്യമായ മോണിററിംഗ് നടത്തണം.






# 5

10

# സാമൂഹ്യക്ഷേമം

അമ്പതു വർഷം മുമ്പുള്ള പഞ്ചായത്തിന്റെ ചരിത്രം പരിശോധിച്ചാൽ ഭൂരിപക്ഷം ജനങ്ങളും സാമൂഹികവും സാമ്പത്തികവുമായ പിന്നോക്കാവസ്ഥയിലായിരുന്നുവെന്ന് കാണാം. കൊടികുത്തി വാണിരുന്ന ജാതിവ്യവസ്ഥയും നാട്ടുവാഴിത്ത രീതികളും ഭൂരിഭാഗം ജനങ്ങളുടെയും സാമൂഹ്യാവകാശങ്ങളെ നിയന്ത്രിച്ചിരുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരാധനാലയങ്ങൾ പൊതുവഴികൾ മററു സ്ഥാപനങ്ങൾ മുതലായവയെല്ലാം സമൂഹത്തിലെ വലിയൊരു വിഭാഗത്തിന് അപ്രാപ്യമായിരുന്നു. 1930–ൽ അയിത്തോച്ചാടനം നടപ്പിലാക്കിയെങ്കിലും അതിന്റെ ഗുണഫലങ്ങൾ സമൂഹത്തിൽ അനുഭവപ്പെടുവാൻ വളരെക്കാലം പിന്നെയും വേണ്ടി വന്നു. ഭൂസ്വത്തിൽ 90 ശതമാനവും സവർണ്ണരുടെ കൈകളിലായിരുന്നു. സമ്പത്തുൽപ്പാദനത്തിൽ ഗണ്യമായ പങ്കുവഹിച്ചിരുന്ന കാർഷിക മേഖലയിൽ പണിയെടുത്തിരുന്ന കർഷകത്തൊഴിലാളികൾ മുഴുവനും ഈ അവശ വിഭാഗത്തിൽപ്പെട്ടവരായിരുന്നു. 1950–കളിൽപ്പോലും ഹരിജനങ്ങൾക്ക് ഹോട്ടലുകളിൽ പ്രവേശനമുണ്ടായിരുന്നില്ല. മേഴ്ജാതി കീഴ്ജാതി വിഭജനത്തോടൊപ്പം, കീഴ്ജാതികൾ തമ്മിൽത്തന്നെ അയിത്താചരണം ഏററക്കുറച്ചിലുകളോടെ നിലനിന്നിരുന്നു. സമ്പത്തിന്റെ നീതിപൂർവ്വമായ വിതരണത്തിന് തടസ്സം

നിൽക്കുന്ന ഏറെ ഘടകങ്ങൾ അന്നത്തെ സാമൂഹ്യ ഘടനയിലുണ്ടായിരുന്നു. അതുകൊണ്ട് തന്നെ മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങൾ ചുരുക്കം ചിലർക്ക് മാത്രമാണുണ്ടായിരുന്നത്.

ഈ സ്ഥിതിക്ക് നേരിയ മാററങ്ങൾ വന്നു തുടങ്ങുന്നത് ദേശീയ പ്രസ്ഥാനത്തിന്റെ പ്രവർത്തന പരിപാടികളോടെയാണ്. ചട്ടമ്പി സ്വാമികൾ ശ്രീ നാരായണ ഗുരു അയ്യങ്കാളി തുടങ്ങിയ സാമൂഹ്യ പരിഷ്ക്കർത്താക്കളുടെ നേതൃത്വത്തിൽ കേരളമാകെ മുഴങ്ങിയ നവോത്ഥാന പ്രസ്ഥാനത്തിന്റെ ശംഖൊലി ഇവിടെയും ചലനങ്ങളുണ്ടാക്കിയിരുന്നു. വിദ്യാഭ്യാസ മേഖലയുടെ വളർച്ചയും കർഷക ബഹുജന സംഘടനകളുടെ അനുക്രമമായ വികാസവും സമൂഹത്തിൽ പ്രതിഫലിച്ചു. ജാതിയുടെ ചങ്ങലക്കെട്ടുകൾ അയയുകയും പല സാമൂഹികാനാചാരങ്ങളും അപ്രത്യക്ഷമാകുവാനും തുടങ്ങി. ബ്രാഹ്മണനിൽ നിന്നും കൃത്യം ദൂരം അകലം ദീക്ഷിച്ച് നടക്കേണ്ടിയിരുന്ന താഴ്ന്ന ജാതിക്കാർ തോളോട് തോൾ ചേർന്ന് നടക്കാമെന്ന നിലവന്നു, ക്ഷേത്രക്കുളങ്ങളിൽ എല്ലാവർക്കും കുളിക്കാമെന്നും ക്ഷേത്രത്തിൽ ആർക്കുവേണമെങ്കിലും പ്രവേശിക്കാമെന്നും നിലവന്നു. ഭാഷാടിസ്ഥാനത്തിൽ കേരളം രൂപീകൃതമായതിനുശേഷം നിലവിൽ വന്ന ആദ്യത്തെ ജനകീയ ജനാധിപത്യ ഗവൺമെൻറ് നടപ്പിലാക്കിയ ഭൂപരിഷ്ക്കരണം കേരളത്തിന്റെ സാമൂഹ്യ സാമ്പത്തിക മണ്ഡലങ്ങളിൽ നിർണ്ണായകമായ മാററം വരുത്തിയ ഘടകമായിരുന്നു. നമ്മുടെ പഞ്ചായത്തിന്റെ സാമ്പത്തിക സാമൂഹ്യ ഘടനയിലും ഇത് ഏറെ പരിവർത്തനങ്ങളുണ്ടാക്കി.

**അടിസ്ഥാ**നാവശ്യങ്ങൾപോലും നിറവേററപ്പെടാത്ത ഒരു വലിയ വിഭാഗം നമുക്കിടയിലുണ്ടെന്ന പൊള്ളുന്ന യാഥാർത്ഥ്യം കണ്ടില്ലെന്ന് നടിക്കാൻ നമുക്ക് കഴിയില്ല, രൂക്ഷമായ തൊഴിലില്ലായ്മ, കൃത്യമായ വരുമാനത്തിന്റെ അഭാവം, ഉള്ള വരുമാനം ശാസ്ത്രീയമായി ഉപയോഗിക്കാനുള്ള അറിവില്ലായ്മ, മദ്യപാനം, താഴ്ന്ന പൊതു ആരോഗ്യസ്ഥിതി, നിലനിൽക്കുന്ന സാമൂഹികാനാചാരങ്ങൾ എന്നീ പ്രമുഖ കാരണങ്ങളാൽ ഭക്ഷണം, പാർപ്പിടം തുടങ്ങിയ പ്രാഥമികാവശ്യങ്ങൾപോലും നിർവ്വഹിക്കുവാൻ കഴിയാതെ അവശതനുഭവിക്കുന്ന ഏറെപ്പേർ നമുക്കിടയിലുണ്ട്.

ഇതിൽ സമൂലമായ മാററം വരുത്താൻവേണ്ടി പലക്ഷേമ പദ്ധതികളും കഴിഞ്ഞ 8 പഞ്ചവത്സര പദ്ധതികളിലായി നമ്മുടെ പഞ്ചായത്തിലും നടപ്പിലാക്കിയിട്ടുണ്ട്. അഗതി പെൻഷൻ, വാർദ്ധക്യകാല പെൻഷൻ, വിധവാ പെൻഷൻ, കർഷകത്തൊഴിലാളി പെൻഷൻ, വികലാംഗ പെൻഷൻ തുടങ്ങിയ സാമൂഹിക ക്ഷേമപദ്ധതികൾ വഴിയായി നിരവധി ആളുകൾക്ക് ആനുകൂല്യം ലഭ്യമാകുന്നുണ്ട്.

## തൊഴിലില്ലായ്മ വേതനം

1996 സെപ്റ്റംബറിലെ കണക്കുപ്രകാരം **163 പേരാണ്** തൊഴിലില്ലായ്മ വേതനം കൈപ്പററുന്നത്. നമ്മുടെ **(എരിമയൂർ) പഞ്ചായത്തിൽ** തൊഴിലില്ലായ്മ വേതനം അനർഹമായി കൈപ്പററുന്നവരുണ്ട്.

ഇന്നത്തെ തൊഴിലില്ലായ്മ **വേതനം** വിതരണം ചെയ്യുന്ന രീതിക്ക് കാര്യമായ മാററം വരുത്തണം. ഇതു് തുടങ്ങിയ കാലഘട്ടത്തിൽ ഉണ്ടായിരുന്നതുപോലെ സന്നദ്ധ

സേവന പ്രവർത്തനങ്ങളിൽ തൊഴിലില്ലായ്മ വേതനം കൈപ്പറ്റുന്നവരെ പ്രയോജനപ്പെടുത്തണം. ആ രീതി സ്വീകരിക്കുകയാണെങ്കിൽ അനർഹരായവർ ഈ രംഗത്തു നിന്ന് തനിയേ പിൻമാറുകയും അർഹതപ്പെട്ടവർക്ക് കൊടുക്കാനുള്ള ഫണ്ട് തികയുകയും ചെയ്യും. ഇതുമാത്രമല്ല വികസന പ്രവർത്തനങ്ങളിൽ നമ്മുടെ പ്രദേശത്തെ യുവതീയുവാക്കൾക്ക് താല്പര്യം വളരുവാനും അതുവഴി സാമൂഹിക നന്മക്കും നാടിന്റെ വികസനത്തിനും യുവശക്തിയെ പ്രയോജനപ്പെടുത്തുവാനും സർക്കാരിന് കഴിയും. അദ്ധ്വാനിച്ച് കിട്ടുന്ന കാശ്ശ ആയതുകൊണ്ട് ദുർവ്യയം ഒഴിവാകുകയും, ഒരാത്മ സംതൃപ്തി വാങ്ങുന്നയാൾക്ക് ലഭിക്കുകയും ചെയ്യുന്നു.

## കർഷകതൊഴിലാളി പെൻഷൻ

തൊഴിലാളി വർഗ്ഗ ചരിത്രമെടുത്തു പരിശോധിച്ചാൽ ലോകത്തിന്റെ ഏതു ഭാഗത്തെയും തൊഴിലാളികൾ ഏററവുമധികം ചൂഷണവും മർദ്ദനവും ഏററുവാങ്ങിയവരായിരുന്ന കൃഷിത്തൊഴിലാളികൾ. എന്നാൽ സമ്പത്തുല്പാദനത്തിൽ ഗണ്യമായ സംഭാവന നൽകുന്ന തൊഴിലാളികളും ഇവരായിരുന്നു.

ആരോഗ്യമുള്ള കാലത്ത് തൊഴിൽ ചെയ്തു ജീവിക്കുക എന്നതിൽക്കവിഞ്ഞ് വാർദ്ധക്യകാലത്ത് യാതൊരു സംരക്ഷണവും ലഭിക്കാതെ പട്ടിണിയിലും അവഹേളനത്തിലും കാലം കഴിക്കേണ്ട ഒരു അവസ്ഥയായിരുന്നു. കൃഷി തൊഴിലാളികളുടേത്. ഈ വിഭാഗത്തെ സംരക്ഷിക്കേണ്ടത്. ഒരു പരിഷ്കൃത സമൂഹത്തെ സംബന്ധിച്ചിടത്തോളം ഒഴിച്ചുകൂടാൻ പററാത്ത ഒരു കാര്യമായിരുന്നു. കർഷക തൊഴിലാളി സംഘടനകൾ വളരെ കാലമായി ആവശ്യപ്പെട്ടു വരുന്ന ഒരു കാര്യവുമായിരുന്നു ഈ പ്രശ്നം. അങ്ങിനെയാണ് നമ്മുടെ സംസ്ഥാനത്ത് കർഷകതൊഴിലാളി പെൻഷൻ നടപ്പിലായത് 1980 മുതലാണ് പെൻഷൻ വിതരണം ചെയ്ത് തുടങ്ങിയത്.

അനർഹരായ ധാരാളംപേർ കർഷകതൊഴിലാളി പെൻഷൻ കൈപ്പററുന്നുണ്ട്. എന്നാൽ അർഹരായ മുഴുവൻ പേർക്കും പെൻഷൻ ലഭിക്കുന്നില്ല. വരുമാന പ്രശ്നം പറഞ്ഞും, ആൺമക്കളുണ്ടെന്നും പറഞ്ഞും അർഹരായപലരെയും ഈ പെൻഷന്റെ പരിധിയിൽനിന്നും ഒഴിവാക്കുകയാണ് ചെയ്തു വരുന്നത്. അർഹരായവരെ തെരഞ്ഞെടുക്കുവാനുള്ള അധികാരം ഗ്രാമപഞ്ചായത്തിന് നൽകണം. നമ്മുടെ പഞ്ചായത്തിലെ പെൻഷൻ കൈപ്പററുന്നവരെ സംബന്ധിച്ച് കഴിഞ്ഞ 5 വർഷത്തെ പട്ടിക ചുവടെ ചേർക്കുന്നു.

| വർഷം | പെൻഷൻകാരുടെ എണ്ണം |
|---|---|
| 1991 | 782 |
| 1992 | 752 |
| 1993 | 732 |
| 1994 | 673 |
| 1995 | 655 |

## വികലാംഗ പെൻഷൻ

ജന്മനാ അംഗവൈകല്യമുള്ളവർ, രോഗപ്രതിരോധ ചികിത്സ എടുക്കാതെ പോളിയോ ബാധിച്ച അംഗവൈകല്യം വരുന്നവർ, കുഷ്ഠരോഗം ബാധിച്ച് അംഗ വൈകല്യംവരുന്നവർ അപകടം മൂലം അംഗവൈകല്യം വരുന്നവർ തുടങ്ങിയവരാണ് ഇപ്പോൾ വികലാംഗ പെൻഷൻ അനുഭവിച്ചുവരുന്നത്.

ഈ പെൻഷൻ അർഹതപ്പെട്ടവർക്ക് ലഭിക്കുവാൻ ഇന്ന് വളരെയധികം പ്രയാസങ്ങൾ അനുഭവപ്പെടുന്നുണ്ട്. ജില്ലാ വികലാംഗത്വം തെളിയിക്കാനുള്ള സർട്ടിഫിക്കററ് ലഭിക്കാൻ ഇന്ന് വളരെയധികം ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നുണ്ട്. ഈ സർട്ടിഫിക്കററ് കൊടുക്കാനുള്ള അധികാരം ജില്ലാ ആശുപത്രിയിലെ മെഡിക്കൽ ബോഡിലാണ് ഇന്ന് നിക്ഷിപ്തമായിരിക്കുന്നത് പാലക്കാട് ജില്ലാ ആശുപത്രിയിലെത്തിപ്പെടാൻ ഉള്ള വിഷമവും സർട്ടിഫിക്കററ് കിട്ടാനുള്ള കാലതാമസവും ഒട്ടേറെ പേർ ഈ പെൻഷൻ പദ്ധതിയിൽ നിന്നും ഒഴിവായി പോകുന്നുണ്ട്. വികലാംഗരെന്നുള്ളതുകൊണ്ട് ഇവർക്ക് ദൂരയാത്ര വളരെ ക്ലേശകരമാണ്. അതുകൊണ്ട് വികലാംഗത്വം തെളിയിക്കാനുള്ള സർട്ടിഫിക്കററ് കൊടുക്കാനുള്ള അധികാരം വികേന്ദ്രീകരിക്കേണ്ടതത്യാവശ്യമാണ്. ഈ അധികാരം താലൂക്കാശുപത്രികളിലെ പ്രധാന മെഡിക്കൽ ഓഫീസർക്ക് കൊടുക്കേണ്ടതാണ്.

ഇത് കൂടാതെ വികലാംഗർക്ക് ലഭിക്കേണ്ട മററു മേഖലകളിലെ ഇളവുകൾക്കാവശ്യമായ സർട്ടിഫിക്കററിന് ഇപ്പോൾ തിരുവനന്തപുരത്തുള്ള സ്റ്റേററ് മെഡിക്കൽ ബോർഡിനെ സമീപിക്കേണ്ട സ്ഥിതിയാണുള്ളത് ഇതിനും സമൂലമായ മാററം വരുത്തി എല്ലാ വികലാംഗർക്കും കാലതാമസം കൂടാതെ മററിളവുകൾ ലഭ്യമാക്കാൻ വേണ്ട നടപടികൾ എടുക്കണം ഇപ്പോൾ സംസ്ഥാനതലത്തിൽ കൈകാര്യം ചെയ്യുന്ന ഈ അധികാരം ജില്ലാതലത്തിൽ ആക്കണം.

### പട്ടിക

| വർഷം | വികലാംഗരുടെ എണ്ണം |
|---|---|
| 1991—92 | 155 |
| 92—93 | 160 |
| 93—94 | 171 |
| 95—95 | 178 |
| 95—96 | 179 |

## വിധവാ പെൻഷൻ

പ്രായപൂർത്തിയായ ആൺകുട്ടികളുണ്ടെങ്കിൽ വിധവാപെൻഷൻ ലഭിക്കുന്നില്ല.

| വർഷം | വിധവാ പെൻഷൻ എണ്ണം |
|---|---|
| 1991—92 | 272 |
| 92—93 | 295 |
| 93—94 | 310 |
| 94—95 | 315 |
| 96—97 | 322 |

## വാർദ്ധക്യ കാല പെൻഷൻ

60 വയസ്സ് കഴിഞ്ഞ ആൺമക്കളില്ലാത്ത പ്രതിമാസം 50രൂപയിൽ കുറഞ്ഞ വരുമാനമുള്ള ആളുകൾക്കാണിതിന്റെ പ്രയോജനം ലഭിക്കുക. ഈ പഞ്ചായത്തിൽ വാർദ്ധക്യകാല പെൻഷൻ ലഭിക്കുന്നവരുടെ പട്ടിക ചുവടെ ചേർക്കുന്നു.

| വർഷം | പെൻഷൻ ലഭിക്കുന്ന വരുടെ എണ്ണം |
|---|---|
| 1091—92 | 167 |
| 92—93 | 168 |
| 93—94 | 176 |
| 04—95 | 181 |
| 95—96 | 184 |

## അങ്കൺവാടികൾ

വികസിത രാഷ്ട്രങ്ങളുടെ ചരിത്രം പരിശോധിച്ചാൽ കൊച്ചുകുട്ടികളിൽ സാമൂഹ്യ ബോധം വിദ്യാഭ്യാസ താൽപര്യം മാനസിക വളർച്ച മുതലായവ ഉണ്ടാക്കിയെടുക്കുവാനുള്ള പ്രവർത്തനങ്ങൾ നടത്തിയതായി കാണാം. (ഉദാഹരണത്തിന് ജർമ്മനിയിലെ കിൻറർ ഗാർട്ടൻ സമ്പ്രദായം)

നമ്മുടെ രാജ്യത്തെ സംബന്ധിച്ചിടത്തോളം കൊച്ചുകുഞ്ഞുങ്ങളെ ഈ വിധത്തിൽ വളർത്തിയെടുക്കേണ്ടതു് അത്യന്താപേക്ഷിതമാണ്. വിദ്യാഭ്യാസ താല്പര്യത്തോടൊപ്പം ഭക്ഷണവും ലഭിക്കുവാനുള്ള സൗകര്യം ഉണ്ട് എന്നുള്ളതാണ് സംസ്ഥാനത്തെ അംഗൻവാടി പ്രവർത്തനത്തിന്റെ പ്രത്യേകത, സാമ്പത്തിക പരാധീനതയുള്ളവർ ഭൂരിപക്ഷമുള്ള എരിമയൂർ പഞ്ചായത്തിന്റെ കാര്യത്തിലും അംഗൻവാടി പ്രവർത്തനത്തിലൂടെ കൊച്ചുകുഞ്ഞുങ്ങളുടെ വികാസത്തിനും തദ്വാരാ സാമൂഹ്യമാററത്തിനും പ്രഥമ പരിഗണന കൊടുക്കേണ്ടതാണ്. വളരെ പരിമിതികളുള്ള 14 അംഗൺവാടികളാണ് നമ്മുടെ പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിലായി പ്രവർത്തിച്ചുവരുന്നതു്. ഈ സംരംഭം തുട

ങ്ങിയ കാലത്ത് സ്ഥലവും കെട്ടിട നിർമ്മാണ സാമഗ്രികളും സൗജന്യ വിഭവ സമാഹരണത്തിലൂടെ ലഭിച്ചിരുന്നെങ്കിൽ ഇന്ന് സ്ഥലം കണ്ടെത്താൻ വളരെ പ്രയാസമായിരിക്കുന്നു. സ്ഥലവില വർദ്ധിച്ചതാണ് പ്രധാനകാരണം. ഓരോ വാർഡിനും മൂന്നുവീതം അംഗൻവാടികളെങ്കിലും ആവശ്യമാണ്. എന്നാൽ മാത്രമെ എല്ലാ കുട്ടികളെയും ഇവിടെ എത്തിക്കാൻ കഴിയുകയുള്ളു. 3–5 പ്രായത്തിലുള്ള 871 കുട്ടികളാണ് ഈ പഞ്ചായത്തിലുള്ളത്.

## പ്രശ്നങ്ങൾ

അംഗനവാടികളുടെ പ്രവർത്തനം മൊത്തത്തിൽ തൃപ്തികരമല്ല, കെട്ടിടം, കളിക്കോപ്പുകൾ, ജോലിക്കാരുടെ വേതനം മുതലായ ഈ പ്രസ്ഥാനം തൃപ്തികരമായ രീതിയിൽ മുന്നോട്ടു കൊണ്ടുപോകാൻ പര്യാപ്തമല്ല. ഈ രംഗത്ത് പ്രശ്നങ്ങൾ നില നിൽക്കുന്നു. കൃത്യസമയത്ത് പോഷകാഹാരങ്ങൾ സർക്കാരിൽനിന്നും ലഭിക്കുന്നില്ല. ഇന്നത്തെ അളവും മെച്ചപ്പെടുത്തണം, പ്രാഥമിക സൗകര്യങ്ങളായി വെള്ളം, കക്കൂസ് മുതലായവ ഇപ്പോൾ ഇല്ല. മിക്ക അംഗൻവാടികളും, പ്രവർത്തിക്കുന്നത് സ്വന്തം കെട്ടിടത്തിലല്ല. ഇപ്പോഴുള്ള കെട്ടിടങ്ങളുടെ സ്ഥിതി വളരെ മോശമാണ്. കൊച്ചു കുട്ടികൾക്ക് കളിക്കുവാൻ വേണ്ട കളിസ്ഥലങ്ങൾപോലും ഇല്ല. മാനസിക വളർച്ചയ്ക്കും, മാനസിക ഉല്ലാസത്തിനും ഉതകുന്ന തരത്തിലുള്ള കളിക്കോപ്പുകൾ അവർക്കാവശ്യമാണ്. നാട്ടിൻ പുറങ്ങളിൽ കാണാൻകഴിയാത്ത രൂപങ്ങളും,കാണാൻകഴിയാത്ത ഫലങ്ങളുടെ ചിത്രങ്ങളും ഒക്കെയാണ് ഇവരെ പരിചയപ്പെടുത്തുന്നത്. ഇക്കാര്യത്തിൽ ഒരു ശാസ്ത്രീയമായ സമീപനം ഇപ്പോഴില്ല. അംഗൻവാടികളിലെ കുട്ടികൾക്ക് വസ്ത്രധാരണത്തിന് യൂണിഫോമില്ല. അംഗൻവാടികളുടെ അകലം വളരെ വളരെ കൂടുതലാണ് അതുപോലെത്തന്നെ പ്രാധാന്യമർഹിക്കുന്നതാണ് ഇതിൽ പ്രവർത്തിക്കുന്ന വർക്കറുടെയും ഹെൽപ്പറുടെയും ശമ്പളം. രാവിലെ 9 മണിമുതൽ വൈകീട്ട് $3\frac{1}{2}$ മണിവരെ ജോലി ചെയ്യുന്ന ഇവർക്ക് വളരെ തുഛമായ വേതനമാണ് സർക്കാർ കൊടുക്കുന്നത്. ഇത് ഇവരിൽ ഈ പ്രസ്ഥാനത്തോടുള്ള മാനസികമായ അടുപ്പം കുറയുവാൻ കാരണമാകുന്നു.

## പരിഹാര നിർദ്ദേശങ്ങൾ

പാവപ്പെട്ടവരും സാധാരണക്കാരുമായ ഗ്രാമീണ ജനങ്ങളുടെ ഉന്നമനത്തിൽ വളരെ നിർണ്ണായകമായ പങ്ക് വഹിക്കാൻ പര്യാപ്തമായ അംഗൺവാടികൾ മെച്ചപ്പെടുത്തേണ്ടത് വളരെ അത്യാവശ്യമാണ്. കുട്ടികളിൽ വിദ്യാഭ്യാസ താൽപര്യം സാമൂഹ്യബോധം എന്നിവ വളർത്തിയെടുക്കാൻ അംഗൺവാടികൾ വളരെ നല്ലൊരു പങ്ക് വഹിക്കുന്നുണ്ട്. അതിനാൽ മെച്ചപ്പെട്ട രീതിയിൽ ഇത് പ്രവർത്തിപ്പിക്കുന്നത് സമൂഹത്തിന്റെ ഉന്നമനത്തിനു് വളരെ പ്രധാനമാണ്.

ഓരോ അംഗൺവാടിയും സ്കൂൾ PTA മാതൃകയിൽ ഓരോ ജനകീയ കമ്മിററി രൂപീകരിച്ച് അതിന്റെ കീഴിലാക്കണം. എങ്കിൽ മാത്രമേ ഇതിന്റെ പ്രവർത്തനം ശരിയായ രീതിയിൽ വിലയിരുത്താനും മുന്നോട്ടു കൊണ്ടുപോകാൻ കഴിയുകയുള്ളു.

വർക്കർ, ഹെൽപ്പർ എന്നിവരുടെ ജോലിഭാരം വളരെ കൂടുതലാണ്. അംഗൺവാടി പ്രവർത്തനത്തിന് പുറമേ ഇവർ മററു വകുപ്പുകളുടെ പ്രവർത്തനങ്ങളിൽ പങ്കെടുക്കേണ്ടി വരാറുണ്ട്.

ഉദാ: ആരോഗ്യവകുപ്പിന്റെ ഇമ്യൂണൈസേഷൻ പരിപാടികൾ ചില സർവ്വേ പ്രവർത്തനങ്ങളിൽ എന്നിവയിൽ പങ്കെടുക്കാറുണ്ട്. എന്നാൽ വേതനത്തിന്റെ കാര്യം വരുമ്പോൾ കേരളത്തിലെ ഏററവും കുറഞ്ഞ വേതനം കൈപ്പററുന്ന ഒരു വിഭാഗവുമാണ് ഇവർ. 'ഈ അവസ്ഥക്ക്' സത്വര പരിഹാരവും ഉണ്ടാകേണ്ടിയിരിക്കുന്നു. ഇവരുടെ അസംതൃപ്തി ഈ മേഖലയുടെ സുഗമമായ പ്രവർത്തനത്തിന് തടസ്സമാകുന്നു. കുട്ടികളുടെ ശാരീരികവും മാനസികവുമായ വളർച്ച്യുടെ അതിപ്രധാനമായ കാലഘട്ടമാണ് അംഗനവാടികളിൽ ചിലവഴിക്കുന്നത്. അതുകൊണ്ടുതന്നെ ഈ മേഖലയിൽ പ്രവർത്തിക്കുന്ന പ്രവർത്തകർക്കും, ഹെൽപ്പർമാർക്കും വളരെ ശാസ്ത്രീയമായ പരിശീലനം ലഭിച്ചിരിക്കേണ്ടത് അത്യാവശ്യമാണ്. ഈ പരിശീലനം വർഷത്തിൽ ഒരു തവണയെങ്കിലും നൽകണം.

ചുരുങ്ങിയത് ഇരുന്നൂറ് വീടുകൾക്ക് ഒരംഗൻവാടി വീതമെങ്കിലും ഉണ്ടാവേണ്ടതാണ്.

ചുരുങ്ങിയ വിലക്ക് സ്ഥലം ലഭ്യമാകുന്ന പ്രദേശങ്ങളിൽ വളരെ പെട്ടെന്ന് തന്നെ സ്ഥലം വാങ്ങിച്ചിടാനുള്ള നടപടികൾ ആരംഭിക്കണം. വർക്കറെയും ഹെൽപ്പറെയും അതാത് പ്രദേശത്ത്നിന്ന് തന്നെ കണ്ടെത്താനുള്ള സംവിധാനങ്ങളുണ്ടാക്കണം.

# വികസന റിപ്പോർട്ട്

## പാർപ്പിടം

മനുഷ്യ സമൂഹത്തിന്റെ ഏററവും പ്രധാനപ്പെട്ട ആവശ്യമാണ് പാർപ്പിടം. എരിമയൂർ പഞ്ചായത്തിലെ പാർപ്പിടം സംബന്ധിച്ച് പറയുമ്പോൾ സ്വാതന്ത്ര്യ ലബ്ധിക്കുള്ള അവസ്ഥ കൂടി സൂചിപ്പിക്കേണ്ടതുണ്ട്. സമൂഹത്തിലെ ഭൂഉടമകളും ജൻമികളും അടങ്ങുന്ന സവർണ്ണർക്കുമാത്രമായിരുന്ന ഓടിട്ട പുരകളായിരുന്നു ഉണ്ടായിരുന്നത്. വൻകിട ജന്മികൾക്ക് പത്തായപ്പുരകളും നാലുകെട്ട് എട്ടുകെട്ട് എന്നിങ്ങനെയുള്ള വലിയ വീടുകളും ഉണ്ടായിരുന്നു. തേക്ക് വീട്ടി തുടങ്ങിയ വൻമരങ്ങൾ ഉപയോഗിച്ചാണ് വീടു നിർമ്മിച്ചിരുന്നത്. ഭൂമിയുടെ 90%വും വൻകിട ഭൂഉടമകളുടെയും, മനകൾ, ദേവസ്വങ്ങൾ എന്നിവയുടെ കൈകളിലും ആയിരുന്നതുകൊണ്ട് സാധാരണക്കാർക്ക് വീടുനിർമ്മിക്കുന്നതിന് ഭവന നിർമ്മാണ സാമഗ്രികളായ തേക്ക്, വീട്ടി മുതലായവ കുറഞ്ഞ ചിലവിൽ ലഭിക്കാനില്ലായിരുന്നു. അതുകൊണ്ടുതന്നെ കർഷകർ കർഷകത്തൊഴിലാളികൾ മററു സാധാരണക്കാരായ ഭൂരിഭാഗം ജനങ്ങളും പന, മുള, പനമ്പട്ട തുടങ്ങിയ സാമഗ്രഹികൾ ഉപയോഗിച്ച് മൺചുമരിലുള്ള പട്ടപ്പുരകളാണ് ഉപയോഗിച്ചിരുന്നത്. കുടികിടപ്പുകാരും, പാട്ടകുടിയാൻമാരായ കർഷകരും കർഷകത്തൊഴിലാളികളും വളരെ കഷ്ടപ്പെട്ട് ഓട്ടു പുരകൾ നിർമ്മിച്ചാൽ തന്നെ ഏതു സമയത്തും ഒഴിപ്പിക്കാൻ സാദ്ധ്യതയുള്ളതിനാൽ അത്തരക്കാർ നല്ലവീടുകൾ നിർമ്മിക്കാൻ ശ്രമിക്കാറില്ലായിരുന്നു. ആ കാല ഘട്ടങ്ങളിൽ ആകെയുള്ള വീടുകളിൽ 90% പട്ടപ്പുരകളും ബാക്കി 10% മാത്രമേ ഓടിട്ട പുരകൾ ഉണ്ടായിരുന്നുള്ളു. ഓടിട്ട പുരകൾ, പത്തായപ്പുരകൾ, നാലുകെട്ട് തുടങ്ങിയവ പ്രത്യേകം താകൾ, ഗ്രാമങ്ങൾ എന്നിവ കേന്ദ്രീകരിച്ചുള്ളവയായിരുന്നു. അവിടങ്ങളിൽ മാത്രമേ റോഡ്, വൈദ്യുതി തുടങ്ങിയ സൗകര്യങ്ങൾഉണ്ടായിരുന്നുള്ളു. സാധാരണജനങ്ങൾ, കൃഷിക്കാർ, കർഷകത്തൊഴിലാളികൾ തുടങ്ങിയ സാധാരണക്കാർ ഉൾപ്രദേശങ്ങളിലും കൃഷിസ്ഥലങ്ങൾക്കരികിലുള്ള തുരുത്തുകൾപോലുള്ള സ്ഥലങ്ങളിലും, ഒററക്കും കൂട്ടായും

താമസിച്ചിരുന്നു. 1957–നുശേഷം കുടികിടപ്പുകാർ ഒഴിപ്പിക്കാൻ കഴിയാത്ത വിധം നിയമ വ്യവസ്ഥകൾ പ്രാബല്യത്തിൽ വന്നതിനുശേഷം മാത്രമാണ്, അവിടവിടെയായി ഓട്ടുപുരകൾ കൃഷിക്കാരായ ജനങ്ങൾ നിർമ്മിച്ചു വന്നത് പിന്നീടുണ്ടായ ഭൂ പരിഷ്ക്കരണ നിയമം നടപ്പിലാക്കിയതോടെ പാർപ്പിട നിർമ്മാണത്തിൽ വിപ്ലവകരമായ മുന്നേററമാണുണ്ടായത് മിക്കവാറും കൃഷിക്കാർ സാമാന്യം നല്ല സൗകര്യങ്ങളുള്ള ഓട്ടുപുരകളും ഏതാനും കോൺക്രീററ് കെട്ടിടവും നിർമ്മിച്ചിരുന്നു. കാലക്രമേണ കർഷകത്തൊഴിലാളികളും ഓടിട്ട പുരകൾ നിർമ്മിക്കുവാൻ തുടങ്ങി കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ RLEGP, NREP, ലക്ഷം വീട് പദ്ധതി, JRY തുടങ്ങിയ പദ്ധതി പ്രകാരം താഴ്ന്ന വരുമാനക്കാരായ ജനങ്ങൾക്ക് വീടു നിർമ്മിച്ചുകൊടുത്തിട്ടുണ്ട്.

1991–ലെ സെൻസസ് റിപ്പോർട്ട് പ്രകാരം 5062 വീടുകളാണ് പഞ്ചായത്തിലുള്ളത് ഇതിൽ 1000-ത്തോളം ഓടിട്ടതും, 250 ഓളം പട്ടമേഞ്ഞ പുരകളും ഇപ്പോൾ പഞ്ചായത്തിൽ ഉണ്ട്. 284 ടെറസും, 3791 ഓടിട്ടതും ആണ് 1993–ലെ പഞ്ചായത്തിലെ കണക്കു പ്രകാരം ഉള്ളത്. വീടുകളുടെ തരംതിരിവ് പട്ടിക വാർഡ് തലങ്ങളിൽ.

| വാർഡ് | ടെറസ് | ഓടിട്ടത് | നികുതിയില്ലാത്ത വീടുകൾ | |
|---|---|---|---|---|
| | | | ഓടിട്ടത് | ഓലമേഞ്ഞത് |
| 1 | 15 | 252 | 351 | എണ്ണം |
| 2 | 21 | 296 | 182 | |
| 3 | 29 | 332 | 262 | |
| 4 | 104 | 273 | 660 | |
| 5 | 26 | 315 | 232 | |
| 6 | 19 | 437 | 237 | |
| 7 | 19 | 239 | 436 | |
| 8 | 30 | 445 | 439 | |
| 9 | 61 | 450 | 233 | |
| 10 | 26 | 433 | 314 | |
| 11 | 34 | 319 | 324 | |
| ആകെ | 284 | 3791 | 3803 | |

പഞ്ചായത്തിൽ ഓരോ വർഷവും ശരാശരി 100 വീടുകൾവീതം പുതുതായി നിർമ്മിക്കുന്നുണ്ട്. പുതുതായി നിർമ്മിക്കുന്ന വീടുകളിൽ ഭൂരിഭാഗവും ഓടിട്ട പുരകളാണ്. ടെറസ്സുവീടുകൾ വളരെകുറച്ചുമാത്രമണ് പുതുതായി നിർമ്മിച്ചു വരുന്നത്. എന്നാൽ ഓരോവർഷവും ടെറസ്സ് വീടുകളുടെ നിർമ്മാണവും ഓടിട്ട പുരക

ളുടെ നിർമ്മാണവും തമ്മിലുള്ള അനുപാതത്തിൽ വ്യത്യാസം വരുന്നുണ്ട്. പുതുതായി നിർമ്മിക്കുന്ന കെട്ടിടങ്ങളിൽ ടെറസ്സുകളുടെ അനുപാതം കൂടി വരുന്നതായി കാണാം. ആർഭാടമായ വീടുകളുടെ നിർമ്മാണവും കൂടിവരുന്നുണ്ട്. വീടു നിർമ്മാണത്തിന് കൂടുതൽ മുതൽ മുടക്ക് നടത്തിവരുന്നതായും കാണുന്നുണ്ട്. സാധാരണയായി പ്രധാന റോഡുകളുടേയും, പഞ്ചായത്തു റോഡുകളുടേയും സമീപത്താണ് വീട് നിർമ്മിച്ചുവരുന്നത്. ചില സ്ഥലങ്ങളിൽ ഒരുപ്പൂകൃഷിയിടങ്ങളും പ്രധാന റോഡരികിലുള്ള ഇരുപ്പൂകൃഷിസ്ഥലങ്ങൾ നികത്തിയും വീടുകൾ നിർമ്മിച്ചു വരുന്നു. ഓടിട്ട പുരകളുടെ നിർമ്മാണത്തിന് സാധാരണയായി കരിങ്കല്ല്, ചെങ്കല്ല്, മരം, ഓട് എന്നിവ ഉപയോഗിച്ച് വരുന്നു. മൺതറകളിൽ മണ്ണുകൊണ്ട് ചുമർ നിർമ്മിച്ച് പന, തെങ്ങ്, മുള എന്നിവകൊണ്ട് നിർമ്മിച്ച കഴുക്കോലുകളും മററും ഉപയോഗിച്ച് ചരുങ്ങിയ ചിലവിൽ ധാരാളം വീടുകളും ഇപ്പോഴും നിർമ്മിച്ചു വരുന്നുണ്ട്. ഭൂരിഭാഗം വീടുകളും വ്യക്തികളുടെ നിയന്ത്രണത്തിൽ നേരിട്ട് നിർമ്മിച്ചു വരുന്നവയാണ്. കേന്ദ്രസംസ്ഥാന സർക്കാർ നേരിട്ടും വീടു നിർമ്മിച്ചിട്ടുണ്ട്.

പഞ്ചായത്തിൽ 5–ാം വാർഡിലെ പുള്ളോട്ടിലും, 3–ാം വാർഡിൽ ചുള്ളിമടയിലും, 7–ാം വാർഡിലും ലക്ഷംവീട് കോളനികൾ ഉണ്ട്. പുള്ളോട്ടിൽ 15 കുടുംബങ്ങളും , ചുള്ളിമടയിൽ 30 കുടുംബങ്ങളും, 7–ാം വാർഡിൽ 5 കുടുംബങ്ങളും ലക്ഷംവീട് കോളനിയിൽ താമസിച്ച് വരുന്നുണ്ട്. (ആകെ 50 കുടുംബങ്ങൾ) ലക്ഷംവീട് കോളനിയിൽ മിക്കതും കാലപ്പഴക്കംകൊണ്ട് കേടു വന്നവയാണ്. അററകുററപ്പണികൾക്കായി JRY പദ്ധതികൾ പ്രകാരം ഇപ്പോൾ 20 വീടുകൾക്ക് 3000 രൂപ വീതം പഞ്ചായത്ത് നൽകിയിട്ടുണ്ട്. ബാക്കിയുള്ള വീടുകൾക്ക് കൊടുക്കേണ്ടതും അനിവാര്യമാണ്. ലക്ഷംവീട് കോളനികളിൽ കുടിവെള്ളം, കക്കൂസ് എന്നീ പ്രാഥമിക സൗകര്യങ്ങളോ വിദ്യുച്ഛക്തിയോ പൂർണ്ണമായി എത്തിയിട്ടില്ല.

കേരളസർക്കാർ ഗ്രാമീണ ഭൂരിഹത തൊഴിലാളികൾക്ക് വീടുവെക്കുന്നതിന് 4 സെൻറ് ഭൂമിയും, പാവപ്പെട്ട ഭവനരഹിതർക്കുള്ള പദ്ധതി പ്രകാരം സൗജന്യമായി വീട് നിർമ്മിച്ചുകൊടുത്തിട്ടുണ്ട്. അങ്ങിനെ 25 കുടുംബങ്ങൾക്ക് വീട് നിർമ്മിച്ച് കൊടുത്തിട്ടുണ്ട്. 136 കുംബങ്ങൾക്ക് വീട് നിർമ്മിക്കുന്നതിന് 4 സെൻറ് വീതം സ്ഥലം നൽകിയിട്ടുണ്ട്. അവിടെ വീട് നിർമ്മിക്കുന്നതിന് സാമ്പത്തിക സഹായം നൽകാനുള്ള പദ്ധതികൾ നിലവിലുണ്ട്.

രാജീവ് ദശലക്ഷം ഭവനനിർമ്മാണ പദ്ധതിപ്രകാരം 5–ാം വാർഡിൽ പുള്ളോട്ടിൽ 20 വീടുകൾ പുതുതായി നിർമ്മിച്ചിട്ടുണ്ട്. കേരളസംസ്ഥാന ഭവന നിർമ്മാണ ബോർഡാണ് വീടു പണിതിട്ടുള്ളത്. പ്രസ്തുത വീടുകൾ ആവശ്യക്കാർക്ക് വിലക്ക് വിൽക്കുകയാണ് പദ്ധതി. എന്നാൽ ആരും തന്നെ ഈ വീടുകളിൽ ഒരെണ്ണംപോലം വാങ്ങിക്കുകയോ താമസം ആരംഭിക്കുകയോ ചെയ്തിട്ടില്ല. 264001 കയും പലിശയും ഗഡുക്കളായി അടച്ചു തീർക്കേണ്ടതായിട്ടുള്ളതുകൊണ്ട് സാധാരണക്കാരും താഴ്ന്ന വരുമാനക്കാരും ഈ വീടുകൾ വാങ്ങാൻ തയ്യാറാകുന്നില്ല.

താഴ്ന്ന വരുമാനക്കാർക്ക് വീടുനിർമ്മിക്കുന്നതിന് ഭവനനിർമ്മാണ സഹകരണ സംഘങ്ങൾ ഒന്നുംതന്നെ ഈ പഞ്ചായത്തിൽ ഇല്ല. ആലത്തൂരിൽ സ്ഥിതിചെയ്യുന്ന പ്രാഥമിക കാർഷിക സഹകരണ ബാങ്കിൻെറ പരിധിയിൽ ഈ പഞ്ചായത്ത് വരു

ന്നതുകൊണ്ട് കഴിഞ്ഞ രണ്ടു വർഷമായി ഭവന നിർമ്മാണത്തിനും, വീട് റിപ്പയർ ചെയ്യുന്നതിനുമായി ഏതാനും പേർ വായ്പ എടുത്തിട്ടുണ്ട്. വീടു നിർമ്മിക്കുന്നതിന് മററു വായ്പാ മാർഗ്ഗങ്ങളും ധനമാർഗ്ഗങ്ങളും ഉപയോഗിക്കുകയാണ് ചെയ്തു വരുന്നത്. പഞ്ചായത്തിലെ 80% ജനങ്ങളും സ്വന്തമായി വീടുനിർമ്മിക്കാൻ പ്രാപ്തിയില്ലാത്തവരാണ്. പഞ്ചായത്തും ഹൌസിംഗ് ബോർഡും മററുസ്ഥാപനങ്ങളും ഈ കാര്യത്തിൽ കാര്യമായ സഹായ സഹകരണങ്ങൾ ചെയ്യേണ്ടതായിട്ടുണ്ട്. 3800ഓളം വരുന്ന ഓടിട്ടതും, ഓല മേഞ്ഞതുമായ കുടിലുകൾ പുതുക്കിപണിഞ്ഞ് താമസയോഗ്യമാക്കുന്ന ഓടിട്ട പുരകളാക്കുന്നതിന് പദ്ധതി ആവിഷ്ക്കരിക്കേണ്ടതുണ്ട്.

കെട്ടിട നിർമ്മാണ സാമഗ്രികൾ പഞ്ചായത്തിൽ ആവശ്യത്തിന് ലഭ്യമല്ല. അടിത്തറ നിർമ്മിക്കുന്നതിന് സമീപ പഞ്ചായത്തിലെ ക്വാറികളിൽ നിന്നാണ് കരിങ്കല്ല് പ്രധാനമായും കൊണ്ടുവരുന്നത്. പഞ്ചായത്തിൽ പന്നിക്കോട് ഉണ്ടായിരുന്ന കരിങ്കൽ ക്വോറി പൂർണ്ണമായും ഉപയോഗിച്ചു കഴിഞ്ഞിരിക്കുന്നു.

1–ാം വാർഡിൽ ക്വാറികൾക്കുള്ള സ്ഥലങ്ങൾ ഉണ്ടെങ്കിലും റോഡ് സൗകര്യം ഇല്ലാത്തതുകൊണ്ട് ഉപയോഗിക്കാൻ കഴിയുന്നില്ല എങ്കിലും ചെറിയ തോതിൽ ഉപയോഗിച്ചു വരുന്നുണ്ട്. ചെങ്കല്ല് നിർമ്മാണ വ്യവസായം പഞ്ചായത്തിന്റെ 1, 2,3,10,11 എന്നീവാർഡുകളിൽവേനൽക്കാലങ്ങളിൽ ചെയ്തുവരുന്നുണ്ട്. എങ്കിലും അവ അപര്യാപ്തമാണ്. താഴ്ന്ന വരുമാനക്കാരായ പാവപ്പെട്ടവർ വേവിക്കാത്ത മണ്ണുകൊണ്ടുള്ള ഇഷ്ടിക ഉപയോഗിച്ചാണ് ചുമർ നിർമ്മിക്കുന്നത് വീടു നിർമ്മാണത്തിനുള്ള മരം, പന, മുള തുടങ്ങിയവയും ലഭ്യമാണെങ്കിലും താങ്ങാനാവാത്ത വിലക്കയററമാണ് അവക്കെല്ലാം. പഞ്ചായത്തിൽ ഓടു നിർമ്മിക്കുന്ന ഒരു ഓട്ടു കമ്പനിയുണ്ടെങ്കിലും, ഭൂരിഭാഗം ജനങ്ങളും പുറമേ നിന്നുള്ള ഓട്ടു കമ്പനികളിലെ ഓട് നേരിട്ടും വ്യാപാര സ്ഥാപനങ്ങൾ മുഖേനയും വാങ്ങിക്കുന്നുണ്ട്. കെട്ടിട നിർമ്മാണ സാമഗ്രികളുടെ വില കഴിഞ്ഞ 30 വർഷത്തിനുള്ളിൽ അഞ്ചും ആറും ഇരട്ടിയാണ് വർദ്ധിച്ചിരിക്കുന്നത് കരിങ്കല്ലിന് 1980–ൽ 100-ൽ താഴെ വിലയുണ്ടായിരുന്നത് 1996–ൽ 800 രുപയായിട്ടുണ്ട് സിമൻറിന് ഒരു ചാക്കിന് 20 രൂപയായിരുന്നത് 1996–ൽ 180 രൂപയായി കൂടിയിരിക്കുകയാണ്. ചെങ്കല്ല് 1000–ത്തിന് 100ഉം 150 രൂപയായിരുന്നത് ഇപ്പോൾ 900 മുതൽ 1000 രൂപയായി വർദ്ധിച്ചിരിക്കുകയാണ്. മര സാധനങ്ങളും പന, മുള എന്നിവയുടെ വിലയും ഇതേ രീതിയിൽ വർദ്ധിച്ചിട്ടുണ്ട് തൊഴിലാളിയിലെ കൂലിയിലും ധാരാളം വർദ്ധനവുണ്ടായിട്ടുണ്ട് 1970–ൽ പുരുഷ തൊഴിലാളികൾക്ക് 20 രൂപയായിരുന്നു 1996–ൽ 70 രൂപയായി. സ്ത്രീ തൊഴിലാളികൾക്ക് 10 രൂപയായിരുന്നത് ഇപ്പോൾ 30ഉം 40ഉം വരെയായി വർദ്ധിച്ചു. വിദഗ്ദ തൊഴിലാളികളായ കൽപ്പണി, കെട്ടുപണി, മരപ്പണി എന്നിവ ചെയ്യുന്നവർക്ക് 30ഉം 40ഉം രൂപയായിരുന്നത് ഇപ്പോൾ 90ഉം 100ഉം ആയി വർദ്ധിച്ചിരിക്കുകായണ് അതുകൊണ്ടുതന്നെ ഭവന നിർമ്മാണം സാധാരണക്കാരായ താഴ്ന്ന വരുമാനക്കാർക്ക് താങ്ങാനാവാത്ത കട ഭാരമാണ് വരുത്തിവയ്ക്കുന്നത്.

ആർഭാടകരമായ വ്യടുകളുടെ നിർമ്മാണവും പഞ്ചായത്തിൽ വളരെ കുറച്ചു മാത്രം കണ്ടുവരുന്നുണ്ട്. നാമ മാത്രമായി വൻകിട കച്ചവടക്കാർ ചുരുക്കം ഗൾഫ്

ജോലിക്കാർ ഏതാനും വൻകിട കൃഷിക്കാർ എന്നിങ്ങനെയുള്ള പഞ്ചായത്തിലെ 5% വരുന്ന ജനങ്ങൾ വലിയ രീതിയിലുള്ള രണ്ടുനില ടെറസ്സുകൾ പണിതിട്ടുണ്ട്.

കെട്ടിട നിർമ്മാണത്തൊഴിലാളികളുടെ ലഭ്യത കൂടിവരികയാണ്. മരപ്പണിക്കാരുടെ എണ്ണമാവട്ടെ താരതമ്യേന കുറഞ്ഞ് വരുന്നതായിട്ടാണ് കാണുന്നത്. 1991–ലെ സെൻസസ് റിപ്പോർട്ട് പ്രകാരം പഞ്ചായത്തിലെ കെട്ടിട നിർമ്മാണ തൊഴിലാളികളുടെ പട്ടിക താഴെ കൊടുക്കുന്നു.

| കഌറി | ചെങ്കല്ല് മണൽമേഖല | നിർമ്മാണ മേഖല | മററുള്ളവർ |
|---|---|---|---|
| 39 | 999 | 248 | 1004 |

കെട്ടിട നിർമ്മാണത്തിന് വായ്പകൾ ലഭ്യമാക്കാൻ വളരെ പ്രയാസമുണ്ട്. ഭവന നിർമ്മാണ സഹകരണ സംഘങ്ങൾ ഒന്നുതന്നെ ഈ പഞ്ചായത്തിൽ ഇല്ല. ആലത്തൂരിലുള്ള ഭൂപണയ ബാങ്ക് മാത്രമാണ് സാധാരണക്കാർക്കുള്ള ഏക ആശ്രയം. സ്റേററ് ബാങ്ക് ഓഫ് ഇന്ത്യയുടെ ഒരു ബ്രാഞ്ച് എരിമയൂരിലും, സൗത്ത് ഇന്ത്യൻ ബാങ്കിന്റെ ഒരു ബ്രാഞ്ച് കുനിശ്ശേരിയിലും ഉണ്ട്. എന്നാൽ അവയിൽ നിന്നും ഭവന നിർമ്മാണത്തിന് ആവശ്യമായ സഹായം ലഭിക്കാറില്ല. ഭവനനിർമ്മാണത്തിന് സ്വന്തമായി ഭൂമിയില്ലാത്ത 1000ത്തോളം കുടുംബങ്ങളുണ്ട്. അവർക്ക് കുറഞ്ഞ വിലക്കോ, സൗജന്യമായോ ഭൂമിപതിച്ചു കൊടുക്കേണ്ടതുണ്ട്.

ദുർവ്യയമില്ലാത്ത വീടുകൾ നിർമ്മിക്കുന്നതിന് നിർമ്മിതികേന്ദ്രം തുടങ്ങിയ സ്ഥാപനങ്ങളുടെ പ്രവർത്തനം വ്യാപകമല്ല അവയുടെ പ്രചരണ പ്രവർത്തനങ്ങൾ പഞ്ചായത്തിൽ വ്യാപിപ്പിക്കേണ്ടിയിരിക്കുന്നു.

വീടുകൾക്ക് ചുററും മതിലുകൾ നിർമ്മിക്കുന്നുണ്ടെങ്കിലും സാധാരണയായി വീടിനു മുൻഭാഗത്തായി മാത്രമാണ് നിർമ്മിക്കാറുള്ളത്. മതിലുകൾ നിർമ്മിക്കുമ്പോൾ അവിടെയുള്ള മരങ്ങളും, വേലിത്തറിയായി ഉപയോഗിക്കുന്ന ചെറിയ മരങ്ങളും, ചെടികളും, മരുന്നായി ഉപയോഗിക്കുന്ന വള്ളികളും, ചെടികളും നശിപ്പിക്കപ്പെടന്നതുകൊണ്ട് അവ പരിസ്ഥിതിപ്രശ്നം സൃഷ്ടിക്കാറുണ്ട്.

## പരിഹാര നിർദേശങ്ങൾ

1 പഞ്ചായത്തിൽ ഭവനനിർമ്മാണ സഹകരണ സംഘങ്ങൾ രൂപീകരിക്കുക. ഈ സംഘങ്ങളിലൂടെ ഭവനനിർമ്മാണത്തിനുള്ള വായ്പ, കെട്ടിട നിർമ്മാണ സാമഗ്രികൾ, എഞ്ചിനിയർ മുതൽ വിദഗ്ദ്ധ അവിദഗ്ദ്ധ തൊഴിലാളികളെ വിതരണം ചെയ്യുക, സർക്കാർ പദ്ധതികൾ പഞ്ചായത്തിലൂടെയും, പഞ്ചായത്ത് സഹകരണ സംഘത്തിലൂടെ നിയന്ത്രിച്ച് നടപ്പിലാക്കുക, സിമന്റ്, കമ്പി മുതലായ സാമഗ്രികൾ, സിവിൽ സപ്ളൈസ് മുഖേനയും വാങ്ങിച്ച് സഹകരണ സംഘത്തിലൂടെ വിതരണം ചെയ്യുക.

2 സർക്കാർ മുഖേനയും, പഞ്ചായത്ത് മഖേനയും മിച്ചഭൂമികളും മററും സ്വന്തമായി ഭൂമിയില്ലാത്തവർക്ക് വിതരണം ചെയ്യുക.

3 സർക്കാരിൽനിന്നും ലഭ്യമാകുന്ന ഭവനനിർമ്മാണ വായ്പകളും സൗജന്യങ്ങളും പഞ്ചായത്ത് മുഖേന ലഭ്യമാക്കുക.

4 സർക്കർ ധനസഹായം ലഭിക്കുന്നതിന് ആവശ്യമായ വിവിധ സർട്ടിഫിക്കറ്റുകൾ പഞ്ചായത്ത് മുഖേന നൽകുക. ഭവന നിർമ്മാണത്തിനുള്ള സ്റ്റോജ് സർട്ടിഫിക്കറ്റ് നൽകാനുള്ള അധികാരം പഞ്ചായത്ത് മെമ്പർക്കു നൽകുക.

5 കെട്ടിടനിർമ്മാണ സാമഗ്രികളുടെ വില കുറക്കുവാനുള്ള നടപടികൾ സർക്കാർ തലത്തിൽ സ്വീകരിക്കുക. കെട്ടിട നിർമ്മാണ സാമഗ്രികളുടെ ഉൽപ്പാദനം വർദ്ധിപ്പിക്കാൻ വ്യക്തികൾക്കും സംഘങ്ങൾക്കും വായ്പ നൽകുക.

6 സർക്കാർ ലഭ്യമാക്കുന്ന ഭവന നിർമ്മാണ വായ്പകളായ IAY' MWS, JRY, RLEGP എന്നീ പദ്ധതികളിലൂടെ നൽകുകുന്ന സംഖ്യ ചുരുങ്ങിയത് 30,000 രൂപയാക്കുക.

7 സ്വന്തമായി 4 സെൻറിൽ താഴെ ഭൂമിയുള്ള പട്ടികജാതി പട്ടികവർഗ്ഗക്കാരുംപ്പെട്ട താഴ്ന്ന വരുമാനക്കാർക്ക് സൗജന്യ സാമ്പത്തിക സഹായം നൽകുക.

8 പഞ്ചായത്ത് മുഖേന ഹൗസിംഗ് കോളനികൾ നിർമ്മിച്ച് പാവപ്പെട്ടവർക്കും ചുരുങ്ങിയ വരുമാനക്കാർക്കും ചുരുങ്ങിയ നിരക്കിൽ നൽകുക.

9 ചിലവു കുറഞ്ഞ ഭവനനിർമ്മാണ പദ്ധതികളുടെ പ്രചരണം വർദ്ധിപ്പിക്കുന്നതിന് പഞ്ചായത്ത് നടപടി എടുക്കുക.

10 ഭവന നിർമ്മാണ തൊഴിലാളികളുടെ വൈദഗ്ദ്യം വർദ്ധിപ്പിക്കുന്നതിനും എണ്ണം വർദ്ധിപ്പിക്കുന്നതിനും തൊഴിൽ പരിശീലനം നൽകുക. പരമ്പരാഗത തൊഴിൽ വൈദഗ്ദ്യം വികസിപ്പിക്കുക.

11 വളരെ വലിയ രീതിയിൽ ദുർവ്യയം ചെയ്ത് നിർമ്മിക്കുന്ന വീടുകൾക്ക് ഉയർന്ന നികുതി ചുമത്തുകയും ദുർവ്യയം നിരുൽസാഹപ്പെടുത്തുകയും ചെയ്യുക.

12 കെട്ടിടം മെയ്ൻറനൻസ് ചെയ്യുന്നതിനുള്ള സർവ്വീസ് സംഘങ്ങൾ രൂപീകരിക്കുക.

13 പ്രകൃതക്ഷോഭ പുനരധിവാസ പദ്ധതി 15000 രൂപയിൽനിന്ന് 25000 രൂപയാക്കി വർദ്ധിപ്പിക്കുക.

**ഭൂമി സംബന്ധിച്ച വിവരങ്ങൾ**

| വില്ലേജിൻെറ പേരു് | ഉടമസ്ഥരുടെ എണ്ണം | | | | | | |
|---|---|---|---|---|---|---|---|
| | 1—10 സെൻറ് | 10—25 സെൻറ് | 25—50 സെൻറ് | 50—100 സെൻറ് | 1—2 ഏക്കർ | 2—5 ഏക്കർ | 5 ഏക്കറിന മേലെ |
| എരിമയൂർ I | 535 | 294 | 327 | 201 | 203 | 136 | 203 |
| എരിമയൂർ II | 534 | 566 | 500 | 408 | 190 | 69 | 15 |
| ആകെ | 1069 | 860 | 827 | 609 | 393 | 205 | 218 |

| 1983 | | | | | | |
|---|---|---|---|---|---|---|
| വാർഡ് നമ്പർ | ആകെ വീടുകളുടെ എണ്ണം | നികുതി അടക്കുന്നത് | നികുതി അടക്കാത്തത് | ടെറസ് | ഓട് | കുടില് |
| I | 797 | 290 | 507 | 4 | 286 | 507 |
| II | 489 | 198 | 291 | 4 | 194 | 291 |
| III | 817 | 301 | 516 | 18 | 283 | 516 |
| IV | 459 | 204 | 255 | 11 | 193 | 255 |
| V | 581 | 289 | 292 | 6 | 283 | 292 |
| VI | 603 | 198 | 405 | 7 | 191 | 405 |
| VII | 810 | 361 | 449 | 8 | 353 | 449 |
| VIII | 800 | 378 | 422 | 12 | 366 | 422 |
| IX | 494 | 161 | 333 | 18 | 143 | 333 |
| X | 454 | 200 | 254 | 7 | 193 | 254 |
| XI | | | | | | |
| | 6304 | 2580 | 3724 | 95 | 2485 | 3724 |

| 1988 | | | | | | |
|---|---|---|---|---|---|---|
| വാർഡ് നമ്പർ | ആകെ വീടുകളുടെ എണ്ണം | നികുതി അടക്കുന്നത | നികുതി അടക്കാത്തത് | ടെറസ് | ഓട് | കുടില് |
| I | 559 | 229 | 330 | 14 | 215 | 330 |
| II | 485 | 260 | 225 | 14 | 246 | 225 |
| III | 558 | 328 | 230 | 16 | 312 | 230 |
| IV | 962 | 446 | 516 | 59 | 387 | 516 |
| V | 523 | 306 | 217 | 13 | 288 | 217 |
| VI | 614 | 365 | 249 | 9 | 356 | 249 |
| VII | 677 | 248 | 429 | 14 | 234 | 429 |
| VIII | 868 | 400 | 468 | 21 | 379 | 468 |
| IX | 594 | 288 | 306 | 31 | 257 | 306 |
| X | 716 | 437 | 279 | 21 | 416 | 279 |
| XI | 627 | 296 | 331 | 32 | 264 | 331 |
| | 7183 | 3603 | 3580 | 249 | 3354 | 3580 |

| 1993 | | | | | | |
|---|---|---|---|---|---|---|
| വാർഡ് നമ്പർ | ആകെ അംഗങ്ങളുടെ എണ്ണം | നികുതി അടക്കുന്നത് | നികുതി അടക്കാത്തത് | ടെറസ് | ഓട് | കുടില് |
| I | 618 | 267 | 351 | 15 | 252 | 351 |
| II | 499 | 317 | 182 | 21 | 296 | 182 |
| III | 626 | 361 | 265 | 29 | 332 | 265 |
| IV | 1037 | 377 | 660 | 104 | 273 | 660 |
| V | 573 | 341 | 232 | 26 | 315 | 232 |
| VI | 693 | 456 | 237 | 19 | 437 | 237 |
| VII | 724 | 258 | 466 | 19 | 239 | 466 |
| VIII | 964 | 475 | 489 | 30 | 445 | 489 |
| IX | 644 | 411 | 233 | 61 | 450 | 233 |
| X | 773 | 459 | 314 | 26 | 433 | 314 |
| XI | 727 | 353 | 374 | 34 | 319 | 374 |
| | 7878 | 4075 | 3803 | 284 | 3791 | 3803 |

വാർഡ് നിലവിൽ ഉണ്ടായിരുന്നില്ല




# 5

## 11

# പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമം

1991-ലെ കാനേഷുമാരി കണക്കനുസരിച്ച് എരിമയൂർ ഗ്രാമ പഞ്ചായത്തിൽ 27,841 ജനങ്ങളാണ്. ഇവരിൽ 5787 പേർ പട്ടികജാതിയിലും 100 പേർ പട്ടിക വർഗ്ഗത്തിലും പെട്ടവരാണ്. പട്ടികജാതി വിഭാഗത്തിൽപെട്ടവരിൽ 2849 പുരുഷന്മാരും 2938 സ്ത്രീകളുമാണ്. പട്ടിക വർഗ്ഗക്കാരിൽ 54 പുരുഷന്മാരും 40 സ്ത്രീകളുമാണ്. ഈ പഞ്ചായത്തിൽ അധിവസിക്കുന്ന പട്ടികജാതിയിൽപ്പെട്ടവരുടെ വിവരം.

1 ചെറുമൻ
2 കണക്കൻ
3 ചക്കിലിയൻ
4 കവറ
5 മണ്ണാൻ
6 നായാടി
7 പാണൻ
8 പറയൻ
9 പുലയൻ
10 പുള്ളുവൻ

കോടതി വിധിക്ക വിധേയമായി പട്ടിക വർഗ്ഗത്തിൽപെട്ടവർ മലയൻ ജാതിയിൽ പെട്ടവരാണെന്ന് കാണുന്നു. എന്നാൽ മലയൻ ജാതിയിൽ പെട്ടവരെ പട്ടികജാതിയിൽ പെട്ടവരായി കണക്കാക്കിയാണ് ജാതി സർട്ടിഫിക്കറ്റ് അധികാരികൾ നൽകിവരുന്നത്. അതുകൊണ്ട് പട്ടികവർഗ്ഗത്തിൽപെട്ടവർക്ക് മാത്രമുള്ള ധനസഹായവും മററും നൽകുന്നതിന് കഴിയുന്നില്ല എന്ന അവസ്ഥയും ഉണ്ടാകുന്നു.

ഏകദേശം 23 (ഇരുപത്തി മൂന്ന്) പട്ടികജാതി സങ്കേതങ്ങൾ (കോളനികൾ) ഈ പഞ്ചായത്തിലുണ്ട്. ഇവയിൽ നാലു കോളനികളെ ഐ. എച്ച്. ഡി. പി. വിഭാഗത്തിൽപെടുത്തി ആവശ്യങ്ങൾ നൽകിവരുന്നുണ്ട്.

## IHDP കോളനികൾ

1 ദേവസ്വംകുളമ്പ്
2 മലക്കാട്
3 കണ്ടകാട്
4 അരിയക്കോട്

പട്ടികജാതിയിൽ പെട്ടവർ തിങ്ങിപ്പാർക്കുന്ന മററു പ്രധാന സങ്കേതങ്ങൾ

1 മണിയിൽപറമ്പ്
2 കൂട്ടാല
3 മരുതക്കോട്
4 മണിയിൽക്കളം
5 പന്തലാംകോട്
6 കയറംപാറ
7 അരണക്കോട്
8 മാടമ്പാറ
9 കാളാംപറമ്പ്
10 കുളിയാട്ട്
11 നെല്ലിയാംപാടം
12 കോലിയപാടം
13 കാഞ്ഞിരംകാട്
14 അങ്കമശാല
15 കൊട്ടക്കര
16 അമ്പലപറമ്പ്
17 ആനയ്ക്കാംപറമ്പ്
18 കരുവക്കോട്
19 പനയംപാറ

## വിദ്യാഭ്യാസം

പഞ്ചായത്തിലെ നിരക്ഷരരിൽ കൂടുതലും പട്ടികജാതിയിൽപ്പെട്ടവരാണ്. സാക്ഷരതാ പ്രവർത്തനങ്ങളുടെ കാലത്ത് നിരക്ഷരരുടെ എണ്ണം കുറയ്ക്കുവാൻ കഴിഞ്ഞിരുന്നുവെങ്കിലും തുടർ പ്രവർത്തനങ്ങളുടെ അഭാവത്തിൽ നിരക്ഷരരുടെ എണ്ണം കൂടിവരികയാണുണ്ടായത്. സ്കൂളുകളിലെ കൊഴിഞ്ഞുപോക്കിൽ കൂടുതലും ഈ വിഭാഗത്തിൽപ്പെട്ടവരാണ്. SSLCയ്ക്കു ശേഷം തുടർന്നു പഠിക്കുന്നതിൽ താല്പര്യം കാണിക്കുന്നവർ കുറവാണ്. അതിൽ കൂടുതലും പ്രീഡിഗ്രിയിലവസാനിക്കുന്നു. രക്ഷിതാക്കൾ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നില്ല. കുടുംബബാദ്ധ്യത ഏറ്റെടുക്കേണ്ടിവന്ന നിരവധി കുട്ടികൾ പഠനം നിർത്തിയിട്ടുണ്ട്. വിദ്യാഭ്യാസത്തിന്റെ ആവശ്യകത ബോദ്ധ്യപ്പെടുത്തുന്നതിനുവേണ്ടിയുള്ള ബോധവൽക്കരണ പരിപാടികളുടെ ആവശ്യകതയിലേക്ക് ഇത് വിരൽ ചൂണ്ടുന്നു. പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികളുടെ സ്കൂൾ തിരിച്ചുള്ള പട്ടിക ചുവടെ ചേർക്കുന്നു.

### പട്ടിക 1

പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട സ്കൂൾ കുട്ടികളുടെ വിവരങ്ങൾ

| സ്കൂളിന്റെ പേരു് | SC/ST കുട്ടികളുടെ എണ്ണം | | | തോററുപഠിക്കുന്നവർ | | | പഠനംനിർത്തിയവർ | | |
|---|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| SRUPS കുനിശ്ശേരി | 199 | 108 | 307 | 59 | 23 | 82 | 2 | 3 | 5 |
| GLPS കുനിശ്ശേരി | — | 86 | 86 | — | 4 | 4 | — | — | — |
| GUPS കണ്ണമ്പുള്ളി | 79 | 86 | 165 | 7 | 6 | 13 | — | — | — |
| GLPS പുള്ളോട് | 10 | 11 | 21 | 1 | — | 1 | | | |
| ALPS, കുട്ടാല | 73 | 64 | 137 | 4 | 5 | 9 | — | — | — |
| GHS, എരിമയൂർ | 211 | 170 | 381 | 56 | 20 | 76 | 5 | 2 | 7 |
| ബൊളീവിയൻ ഇംഗ്ലീഷ്മീഡിയം നേഴ്സറി സ്കൂൾ എരിമയൂർ | | — | — | — | — | — | — | — | — |
| MMESES കുനിശ്ശേരി | — | — | — | — | — | — | — | — | — |
| GHS, കുനിശ്ശേരി | 69 | 83 | 152 | 9 | 4 | — | 3 | 6 | 9 |
| St.ALPS മേലാർകോട് | 30 | 25 | 55 | 5 | — | — | — | 1 | 1 |
| SMLPS വടക്കേത്തറ | 7 | 11 | 18 | — | — | — | — | — | — |
| St. IMLPS എരിമയൂർ | 83 | 56 | 139 | 6 | 3 | 9 | — | 1 | 1 |
| ആകെ | 761 | 700 | 1461 | 147 | 65 | 22 | 10 | 13 | 23 |

## പാർപ്പിടം

വിവിധ സർക്കാർ ഏജൻസികൾ മുഖേന നടപ്പാക്കിയിട്ടുള്ള പദ്ധതികൾ കാരണം പാർപ്പിട പ്രശ്നം കുറേയേറെ പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്. പരിമിതമായ സൗകര്യങ്ങളുള്ള ചെറുവീടുകളാണ് അധികവും. ഒററപ്പെട്ട കുടുംബങ്ങൾക്കാണ് പ്രധാ

നമായും വീടില്ലാത്തത്. സ്ഥലമില്ലായ്മ, അനുവദിക്കപ്പെടുന്ന തുകയുടെ അപര്യാപ്തത സാമ്പത്തിക പരാധീനത എന്നിവയാണ് വീടില്ലാതിരിക്കാനുള്ള മുഖ്യകാരണങ്ങൾ കക്കൂസ് ഉള്ള വീടുകൾ തുലോം കുറവാണ്. പൊതു ആരോഗ്യസ്ഥിതിക്കും സാമൂഹിക പദവിക്കും ഒരുപോലെ ഇടിച്ചിലുണ്ടാകുന്ന ഈ അവസ്ഥ മാററിയെടുത്തേ മതിയാവൂ.

## തൊഴിൽമേഖല

പട്ടിക ജാതി പട്ടിക വർഗ്ഗത്തിലെ ഭൂരിപക്ഷം പേരും കൃഷിതൊഴിലെടുത്ത് ജീവിക്കുന്നവരാണ്. അടുത്തകാലത്തായി മററു തൊഴിൽ മേഖലയിലേക്ക് ഈ വിഭാഗത്തിൽ പെട്ടവർ മാറിവരുന്നതായി കാണുന്നു. കാർഷിക മേഖലയിൽ തൊഴിൽ കുറയുന്നതുകൊണ്ടും കൂലികാവ് അനുഭവപ്പെടുന്നതും കൊണ്ടുമാണ് ഈ മാററം വന്നിട്ടുള്ളത്. എന്നാണ് തൊഴിൽ മേഖലയിലേക്ക് പ്രധാനമായും മാററം കാണുന്നത്. ഈ മേഖലയിൽ ശരാശരി പുരുഷന് 80 രൂപയും സ്ത്രീക്ക് 40 രൂപയും കൂലി ലഭിക്കണം.

കവറ സമുദായത്തിൽ പെട്ടവരുടെ പരമ്പരാഗത തൊഴിൽ പരമ്പ്, കൊട്ട, മുറം എന്നിവയുണ്ടാക്കലാണ്. ഈ തൊഴിലിന് ആവശ്യമായ അസംസ്കൃത വസ്തു (മുള) പ്രാദേശികമായി ലഭിക്കുന്നത് കുറവാണ്. മററു സ്ഥലങ്ങളിൽ നിന്ന് മുളകൊണ്ടുവന്നാണ് തൊഴിൽ ചെയ്യുന്നത്. അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം കൊണ്ടും ഉൽപന്നങ്ങളുടെ വില കുറവുകൊണ്ടും ഈ തൊഴിൽ മേഖലകൾ തകരുന്നതായി കാണുന്നു.

മണ്ണാൻ പെരുമണ്ണാൻ സമുദായത്തിൽ പെട്ടവരുടെ പ്രധാന തൊഴിൽ അലക്കാണ്. അലക്കുതൊഴിൽ സ്വീകരിച്ചിട്ടുള്ള മററ് ഒരു ജാതിയിലും പെട്ടവരെ കാണുകയില്ല ഏകദേശം 25 വർഷം മുമ്പുവരെ ഈ വിഭാഗക്കാരുടെ സ്ഥിതി വളരെ ശോചനീയമായിരുന്നു. ഒരു നിശ്ചിത കുക അല്ലെങ്കിൽ നെല്ല് വാർഷികമായി കൊടുക്കുകയായിമുന്നു പതിവ്. കാർഷിക മേഖലയിൽ വന്ന പരിഷ്കാരങ്ങളുടെയും സമൂഹത്തിൽ മൊത്തത്തിൽ ഉണ്ടായിട്ടുള്ള മാററത്തിൻെറയും മററും ഫലമായി ഈ രീതിക്ക് മാററം വന്നിട്ടുണ്ട്.

പാണൻ വിഭാഗത്തിൽ പെട്ടവരുടെ കുലതൊഴിൽ ക്ഷൂരകവൃത്തി കുട നെയ്ത്ത്, ഓലക്കുടനെയ്ത്ത് മുതലായവയാണ്. പരമ്പരാഗതമായി ഇവർ നല്ല ഗായകരാണെന്ന് കാണുന്നു. നാടൻ കലാരംഗമായ പൊറാട്ടു നാടകത്തിൻെറ പ്രധാനികൾ ഈ വിഭാഗത്തിൽ പെടുന്നവരാണ്. ഇന്ന് ഓലക്കുട നിർമ്മാണം തീരെയില്ല. കുട നെയ്ത്ത് കാണുന്നില്ല. പഴയ രീതിയിൽ ക്ഷുരക വൃത്തി ചെയ്തു ജീവിക്കുന്നവരുടെ എണ്ണവും കുറഞ്ഞു. മുൻകാലങ്ങളിൽ ഈ പ്രദേശത്തെ സന്ദേശവാഹകർ ഈ വിഭാഗമായിരുന്നു. എന്നാൽ ഇന്ന് ഇതിനെല്ലാം മാററം വന്നിട്ടുണ്ട്.

ഏകദേശം 20 വർഷം മുമ്പുവരെ കറുത്തതോ മുഷിഞ്ഞതോ ആയ വസ്ത്രങ്ങൾ മാത്രം ധരിച്ചുകൊണ്ടിരുന്ന ഒരു വിഭാമാണ് നായാടികൾ. ഏററവും കൂടു

തൽ അയിത്തം കൽപിക്കപ്പെട്ടിരുന്നത് ഇവർക്കാണ്. സവർണ്ണരെ കണ്ടാൽ 72 അടി ദൂരെ മാറി നടക്കണം എന്നായിരുന്നുവത്രെ പഴയ രീതി. ഇവരുടെ തൊഴിൽ ഭിക്ഷാടനമായിരുന്നു. ഇവരുടെ ജീവിതരീതിയിൽ വളരെയധികം മാററങ്ങൾ വന്നിട്ടുണ്ടെങ്കിലും ഇപ്പോഴും മററു വിഭാഗക്കാരുമായി യോജിച്ചു പോകുന്നത് കുറവാണ്. സമൂഹത്തിൻെറ മുഖ്യ ധാരയിലേക്ക് അധികൃതരെ ഉയർത്തിക്കൊണ്ടുവരേണ്ടത് അടിയന്തിരാവശ്യമാണ്. വിദ്യാഭ്യാസവും അടിസ്ഥാനഭൗതിക സാഹചര്യങ്ങളും നൽകി ഇവരെ ഉയർത്തേണ്ടത് സമൂഹത്തിൻെറ മൊത്തം കടമയാണ്.

കണക്കൻ, പുലയൻ, കൂടാൻ എന്നീ വിഭാഗക്കാരുമായതിൽ ചെറുമൻ എന്ന് പറഞ്ഞുവരുന്നുണ്ട്. എന്നാൽ ജാതി സർട്ടിഫിക്കററുകൾ ചെറുമൻ, കണക്കൻ, പുലയൻ, കൂടാൻ എന്നിങ്ങനെ പ്രത്യേകം പ്രത്യേകം കൊടുത്തുവരുന്നുണ്ട്. ഈ വിഭാഗത്തിൽപെട്ടവർ മൊത്തത്തിൽ കാർഷിക മേഖലയിൽ ജോലി ചെയ്തുവരുന്ന വരാണെന്ന് കാണുന്നു. സമൂഹത്തിലുണ്ടായിട്ടുള്ള മാററം കാർഷിക പരിഷ്ക്കാരം (കാർഷിക പരിഷ്ക്കാരം, വിദ്യാഭ്യാസ നിലവാരത്തിൻെറ ഉയർച്ച) മൂലം ഇവരുടെ തൊഴിൽ മേഖലയിലും വളരെയധികം മാററങ്ങൾ ഉണ്ടായിട്ടുണ്ട്. പദ്ധതികൾ ധാരാളം നടപ്പിലാക്കി കഴിഞ്ഞിട്ടുണ്ടെങ്കിലും കാര്യമായ മാററം ഇവരുടെ നിലയിൽ ഉണ്ടായിട്ടില്ല. ദാരിദ്ര്യരേഖക്കു താഴെയുള്ളവരുടെ കണക്ക് പരിശോധിച്ചാൽ അതിൽ നാല്പതു ശതമാനം ഇ വിഭാഗത്തിൽ പെട്ടവരാണെന്ന് കാണാം.

കോടതി വിധിയിലൂടെ അടുത്തകാലത്ത് പട്ടികജാതി വിഭാഗങ്ങൾക്ക് ആനുകൂല്യം ലഭിക്കുവാൻ അവസരത്തിനിടയായ ഒരു വിഭാഗമാണ് പുള്ളുവൻ പാരമ്പര്യമായി ഇവർ ഒരു ഗായകരാണ്. പ്രധാന വാദ്യോപകരണം കുടമാണ്. പുള്ളുവൻപാട്ട് പ്രസിദ്ധമാണെല്ലോ. ഇവരുടെ ജീവിതരീതിയിലും മാററം വന്നിട്ടുണ്ട്. നിർമ്മാണ തൊഴിൽ രംഗത്തേയ്ക്ക് ഈ വിഭാഗം നീങ്ങിയിട്ടുണ്ട്.

ജാതിപരമായ ഉച്ചനീചത്വങ്ങളുടെ കാലം അപ്രത്യക്ഷമായെങ്കിലും എല്ലാ മേഖകളിലും ഈ വിഭാഗക്കാർ പുറകിൽത്തന്നെയാണ്. ഇവരുടെ വീടുകളിൽ വിവാഹം മരണാനന്തരച്ചടങ്ങുകൾ എന്നിവയ്ക്ക് മററു സമുദായക്കാർ പങ്കെടുക്കാറുണ്ട്. മിശ്രഭോജനം ഏറെക്കുറെ പല ചടങ്ങുകൾക്കും ഉണ്ട്. മിശ്രവിവാഹം വളരെ അപൂർവ്വമായി നിലവിലുണ്ടെങ്കിലും പൂർണ്ണമായ സാമൂഹികാംഗീകാരവും പ്രോത്സാഹനവും ലഭിക്കുന്നില്ല. ജാതി പറഞ്ഞ് വിളിക്കുന്ന രീതി നിലവിലില്ല എന്നു പറയാം. അങ്ങിങ്ങ് ചില അപവാദങ്ങളൊഴിച്ചാൽ ബഹുജന സംഘടനാടിസ്ഥാനത്തിൽ പട്ടികജാതിക്കാരുടെ എണ്ണം വളരെ കുറവാണ്. ദാരിദ്ര്യവും ഇല്ലായ്മകളും ഈ ജനസഞ്ചയത്തെ പരാശ്രയത്വത്തിലും നിസ്സഹായതയിലും നിരാശതാബോധത്തിലും കൊണ്ടെത്തിക്കുന്നു. ഇവരുടെ ക്രിയാശേഷി വർദ്ധിക്കുന്ന ജീവിത സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്ന ഇവർക്കുമാത്രം പ്രയോജനം കിട്ടുന്ന പദ്ധതികൾക്ക് രൂപം കൊടുക്കണം.

## നടപ്പുപദ്ധതികളുടെ അവലോകനം

പട്ടികജാതി വികസനം ലക്ഷ്യമാക്കി പട്ടികജാതി വികസനവകുപ്പും, പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷനും പ്രവർത്തിച്ചുവരുന്നുണ്ട്. ഇവയുടെ ഓഫീസുകൾ പഴയ പ്രദേശത്ത് നിലവിലില്ല. വിവിധ പദ്ധതികൾക്കായി സ്വയം തൊഴിൽ

സംരംഭങ്ങൾക്കം കാർ, ഓട്ടോറിക്ഷ, ലോറി തുടങ്ങിയവ വാങ്ങുന്നതിന് വായ്പ്പയും സബ്സിഡിയും ബാങ്കുകൾ മുഖേന അനുവദിച്ചുവരുന്നുണ്ട്. ഇപ്പോൾ ബ്ലോക്ക് പഞ്ചായത്തുവഴി പട്ടികജാതി വികസന വകുപ്പ് വിവിധ ധനസഹായങ്ങൾ അനുവദിച്ചു വരുന്നുണ്ട്. വിദ്യാഭ്യാസ പരിപാടി, സാമ്പത്തിക വികസന പരിപാടി, സാമൂഹ്യോന്നമന പരിപാടി എന്നിങ്ങനെ മൂന്നു തരത്തിലേക്ക് പദ്ധതികൾ നടപ്പിലാക്കി വരുന്നു.

## വിദ്യാഭ്യാസ പരിപാടി

വിദ്യാഭാസ പുരോഗതി ലക്ഷ്യമാക്കി 1 മുതൽ 10 വരെയുള്ള വിദ്യാർത്ഥികൾക്ക് ലംപ്സംഗ്രാൻറ് അനുവദിക്കുന്നുണ്ട്. പട്ടികജാതി വിഭാഗത്തിൽപെട്ട വിദ്യാർത്ഥികൾക്ക് താമസിച്ചു പഠിക്കുന്നതിനായി ഈ ബ്ലോക്കിൽ രണ്ടു ഹോസ്റ്റലുകളുണ്ട്.

1 ആലത്തൂരിലുള്ള പ്രീ മെട്രിൽ ഹോസ്റ്റൽ [പെൺകുട്ടികൾക്കമാത്രം]

2 വടക്കൻഞ്ചേരിയിലുള്ള പ്രീ മെട്രിൽ ഹോസ്റ്റൽ [ആൺകുട്ടികൾക്കമാത്രം]
സൗജന്യ താമസം, ഭക്ഷണം, വർഷങ്ങളിൽ ഒരു ജോഡി വസ്ത്രം എന്നിവ ഹോസ്റ്റലിൽ താമസിച്ചു പഠിക്കുന്നവർക്ക് ലഭിക്കുന്നു. പ്രധാന വിഷയത്തിനു ട്യൂഷൻ നൽകി വരുന്നുമുണ്ട്. കോളേജ് വിദ്യാഭ്യാസത്തിനും ഈ വക സൗകര്യങ്ങൾ സർക്കാർ നൽകി വരുന്നുണ്ട്.

## സാമ്പത്തിക ഉന്നമന പരിപാടികൾ

തൊഴിൽ രഹിതരായ പട്ടികജാതി വിഭാഗത്തിൽ പെട്ടവർക്ക് തൊഴിൽ സംരംഭങ്ങളിൽ ഏർപ്പെടുന്നതിന് പലിശ രഹിത വായ്പയും പരിശീലനവും നൽകി വരുന്നുണ്ട്. പി. എസ്. സി. ടെസ്റ്റ്, ബാങ്ക്ടെസ്റ്റ് എന്നിവയ്ക്ക് ഹാജരാകുന്നതിന് യാത്രാബത്തയും നൽകി വരുന്നുണ്ട്.

## സാമൂഹ്യ വികസന പദ്ധതികൾ

നിർദ്ധനരായ പട്ടികജാതിക്കാരുടെ പെൺകുട്ടികളുടെ വിവാഹത്തിന് 2000/- രൂപ സഹായധനം അനുവദിക്കുന്നുണ്ട്. പട്ടികജാതിയിൽപ്പെട്ടവരെ വിവാഹം കഴിക്കുന്ന മററുജാതിയിൽ പെട്ടവർക്ക് (മിശ്രവിവാഹിതർക്ക് 2000/- (രണ്ടായിരം രൂപ) സഹായധനം അനുവദിക്കുന്നുണ്ട് വീടും സ്ഥലവും ഇല്ലാതെ താഴ്ന്ന വരുമാനത്തിൽ പെട്ടവർക്ക് സ്ഥലം വാങ്ങുന്നതിനും വീടു നിർമ്മിക്കുന്നതിനുമായി 25000 രൂപവരെ സഹായധനം അനുവദിക്കുന്നുണ്ട്. വീട് വൈദ്യുതീകരിക്കുന്നതിനും കുളിമുറി, കക്കൂസ് എന്നിവ നിർമ്മിക്കുന്നതിനും പ്രത്യേക പരിപാടികളുണ്ട്.

കോളനികൾക്ക് കൃഷിഭവൻ മുഖേന നൽകുന്ന സഹായങ്ങൾ പച്ചക്കറി ഉൽപാദനത്തിനായി വിനിയോഗിച്ചുകൊണ്ട് തൊഴിൽ സാധ്യത വർദ്ധിപ്പിക്കുക.

| നമ്പർ | കോളനികളുടെ പേര് | ഗതാഗത യോഗ്യമായത് | ഗതാഗത യോഗ്യമല്ലാത്തത് | വൈദ്യുതി ഇല്ലാത്തത് | വൈദ്യുതീകരിച്ചത് | കിണർ | ടാപ്പ് | പൊതുകക്കൂസ് |
|---|---|---|---|---|---|---|---|---|
| 1 | അരിയക്കോട് | X | X | | X | ഇല്ല | ഇല്ല | ഇല്ല |
| 2 | കുണ്ടുകാട് | X | | | X | ഇല്ല | ഇല്ല | ഇല്ല |
| 3 | മണിയിൽപാമ്പ് | X | | | X | ഇല്ല | ഉണ്ട് | ഇല്ല |
| 4 | മരുതക്കോട് | X | | | X | ഇല്ല | ഉണ്ട് | ഇല്ല |
| 5 | മണിയിൽക്കളം | X | | X | | ഉണ്ട് | ഇല്ല | ഇല്ല |
| 6 | പന്തലാംകോട് | X | | X | | ഇല്ല | ഇല്ല | ഇല്ല |
| 7 | ദേവസ്വം കുളമ്പ് | X | | | | | | |
| 8 | മലക്കാട് | | | | | | | |
| 9 | കയറംപാറ | X | | | X | ഉണ്ട് | ഇല്ല | ഇല്ല |
| 10 | അരണക്കോട് | | X | X | | ഇല്ല | ഇല്ല | ഇല്ല |
| 11 | കുട്ടാല | X | | | X | ഇല്ല | ഉണ്ട് | ഇല്ല |
| 12 | മാടംപാറ | | | | | | | |
| 13 | കാളാംപറമ്പ് | X | | | X | ഉണ്ട് | ഇല്ല | ഇല്ല |
| 14 | കൂളിയാട് | | | | | | | |
| 15 | നെല്ലിയാംപാറ | | X | | | | | |
| 16 | കോലടിയപ്പുറം | | | | | | | |
| 17 | കാഞ്ഞിരംകാട് | | | | | | | |
| 18 | കൊട്ടക്കര | X | | | X | ഉണ്ട് | ഉണ്ട് | ഇല്ല |
| 19 | പള്ളോട് പെരുവണ്ണാൻ കോളനി | | | | X | | ഉണ്ട് | ഇല്ല |
| 20 | അമ്പലപ്പറമ്പ് | | | | | | | |
| 21 | ആനക്കാംപറമ്പ് | X | | | X | ഉണ്ട് | ഉണ്ട് | ഇല്ല |
| 22 | കുരുവക്കോട് | | | | | | | |
| 23 | പനയംപാറ | | | | | | | |

## അപകട ഇൻഷുറൻസ്

'സുരക്ഷാജ്യോതി 1996' എന്നപേരിൽ വിവിധ ധന സഹായങ്ങളിൽ അംഗഭംഗമോ മരണമോ സംഭവിക്കുന്ന പാലക്കാട് ജില്ലയിലെ 3 വയസിന് മുകളിലുള്ള മുഴവൻ പട്ടികജാതികാർക്കും പരമാവധി 10,000 രൂപവരെ നഷ്ടപരിഹാരം നൽകുന്നതിനായി ഇൻഷൂറൻസ് നിലവിലുണ്ട്. ഈ പദ്ധതി 1–1–96 മുതൽ 31–12–98 വരെക്കുള്ള കാലത്തേക്കാണ്. സാമൂഹിക സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും അതിക്രമങ്ങൾക്ക് ഇരയാകുന്ന പട്ടികജാതിക്കാർക്ക് സാമ്പത്തിക സഹായം നൽകുന്നതിനും പദ്ധതികളുണ്ട്.

## പ്രശ്നങ്ങൾ

1 പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർ വിദ്യാഭ്യാസപരമായി പുരോഗതി കൈവരിച്ചിട്ടില്ല. ഇവരുടെ ഇടയിൽ നിരക്ഷരർ ഇപ്പോഴും നിലനിൽക്കുന്നതായി കാണുന്നു. വിദ്യാർത്ഥികൾ കൊഴിഞ്ഞുപോകുന്നു.

2 കാർഷിക മേഖലയിൽ തൊഴിൽ കുറഞ്ഞുവരുന്നു. പൊതുവെ തൊഴിൽ സാധ്യത കുറഞ്ഞുവരുന്നുണ്ട്.

3 ഭവന നിർമ്മാണ പദ്ധതികൾ ധാരാളം ഉണ്ടായിട്ടുണ്ടെങ്കിലും മുഴുവൻ വിഭാഗത്തിനും ഗുണം ലഭിച്ചിട്ടില്ല. അനുവദിക്കുന്ന ധനസഹായംകൊണ്ട് വീട് നിർമ്മാണം പൂർത്തിയാക്കാൻ കഴിയുന്നില്ല. അതുകൊണ്ടുതന്നെ മുഴുവൻ തുകയും (അപൂർണമായതിനാൽ) ഇവർക്ക് ലഭിക്കുന്നില്ല.

4 പട്ടികജാതി വിഭാഗക്കാർ തിങ്ങിപ്പാർക്കുന്നയിടങ്ങളിൽപോലും അടിസ്ഥാന സൗകര്യങ്ങൾ ഇല്ല.

5 പൊതു ശ്മശാനം ഇല്ല.

6 ആരോഗ്യസംരക്ഷണ സംവിധാനം മെച്ചപ്പെട്ടതല്ല.

7 നിർദ്ധന കുടുംബത്തിലെ അംഗങ്ങളുടെ ചികിത്സക്കും പെൺമക്കളുടെ വിവാഹത്തിനും മതിയായ ധനസഹായം ലഭിക്കുന്നില്ല.

8 സർക്കാരിൽനിന്നും മററു ഏജൻസികളിൽനിന്നും ലഭിക്കുന്ന സഹായ പദ്ധതികൾ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നില്ല

9 അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്ക് നൽകുന്ന വായ്പകളും ധനസഹായവും ലക്ഷ്യം നേടുന്നില്ല.

10 പട്ടികജാതി വിഭാഗങ്ങളുടെ ഉന്നമനത്തിനായി നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികളെ സംബന്ധിച്ച അറിവ് വേണ്ടത്രയില്ല.

11 കടക്കെണിയിൽ പെട്ടുപോകുന്നു.

12 വൈദ്യ ചികിത്സ യഥാസമയത്ത് ലഭിക്കുന്നില്ല.

13 വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്കും മോശമായ വിജയശതമാനവും.

## സാദ്ധ്യതകളും നിർദ്ദേശങ്ങളും

1 മുഴവൻ പട്ടികജാതി വിഭാഗക്കാരുടെ കുടുംബ സർവ്വേ നടത്തി ഭൂരഹിതർ, ഭവനരഹിതർ, തൊഴിൽരഹിതർ വികലാംഗർ എന്നിവരെ കണ്ടെത്തി അവർക്ക് സഹായം എത്തിക്കുന്നതിനു് സ്ഥിരം സംവിധാനം ഉണ്ടാക്കണം.

2 സ്കൂളിലെ ഈ വിഭാഗത്തിൽപ്പെട്ടവരുടെ വിജയശതമാനം വർദ്ധിപ്പിക്കുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തണം. ഇതിനായി പ്രത്യേകം പി. ടി. ഒ. രൂപീകരിക്കുകയും മാസാമാസം കാര്യങ്ങൾ അവലോകനം പഞ്ചായത്ത് തലത്തിൽ നടത്തി പ്രശ്നത്തിനു് പരിഹാരം കാണുന്നതിനു് സംവിധാനം ഉണ്ടാക്കണം. ഇതിനു് പട്ടികജാതി വികസന ഓഫീസർ. എ. ഇ. ഒ. എന്നിവരുടെ പ്രത്യേക സഹായം ഇതിന് ലഭ്യമാക്കണം.

3 എല്ലാ മാസത്തിലും ഈ വിഭാഗത്തിന് മെഡിക്കൽ ക്യാമ്പുകൾ നടത്തണം. ആയുർവ്വേദം, ഹോമിയോ അലോപ്പതി എന്നിവയെ യോജിപ്പിച്ചു കൊണ്ടായിരിക്കണം ക്യാമ്പ് നടത്തേണ്ടത്

4 എല്ലാ വാർഡുകളിലും വൈദ്യുതി എത്തിയിട്ടുണ്ടെങ്കിലും ഉൾപ്രദേശങ്ങളിൽ ഇപ്പോഴും വൈദ്യുതി എത്തിയിട്ടില്ല. പല കോളനികളിലും എത്തിക്കേണ്ടിയിരിക്കുന്നു. എല്ലാ വീടുകളിലും വൈദ്യുതി എത്തിക്കുന്നതിന് മുൻഗണന നൽകണം

5 പട്ടികജാതിക്കാർ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കണം. നിലവിലുള്ള വാട്ടർ സപ്ലൈ സ്കീമുകൾ ഫലപ്രദമല്ലാത്തതിനാൽ പൊതു കിണറുകൾ നിർമ്മിക്കണം.

6 ഭവന നിർമ്മാണ ഗ്രാൻറുകളുടെ തുക വർദ്ധിപ്പിക്കണം. അനുവദിക്കുന്ന തുകകൊണ്ട് വീട് നിർമ്മാണം പൂർത്തിയാക്കാൻ കഴിയണം. അനുവദിക്കുന്ന സഹായധനം അതേ കാര്യത്തിന് തന്നെ ഉപയോഗിക്കുന്നുവെന്ന് ഉറപ്പ് വരുത്തുകയും വേണം.

7 ക്ഷേമ പദ്ധതികളെക്കുറിച്ച് കൂടുതൽ അറിവു നൽകുന്നതിനായി ബോധവൽക്കരണ പരിപാടികൾ നടത്തണം. വായ്പകൾ ലഭിക്കുന്നതിനുള്ള വ്യവസ്ഥകൾ ലളിതമാക്കണം.

8 കാർഷിക മേഖല അഭിവൃദ്ധിപ്പെടുത്തി തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കണം.

9 വിവിധ ഏജൻസികളിലൂടെ നൽകി വരുന്ന പദ്ധതികൾ ഏകോപിച്ച് പഞ്ചായത്തുകളിലൂടെ വിതരണം നടത്തണം. സഹായധനത്തിനുള്ള മാനദണ്ഡങ്ങൾ ലഘൂകരിക്കുകയും വേണം.

10 അനുവദിക്കുന്ന സഹായധനങ്ങൾ അതേ കാര്യത്തിന് തന്നെ ഉപയോഗിക്കുന്നുവെന്ന് ഉറപ്പ് ലഭിക്കുന്നതിന്ന് പരിശോധനാ സംവിധാനം മെച്ചപ്പെടുത്തണം.

11 നിലവിലുള്ള സഹകരണ സംഘം പ്രവർത്തനക്ഷമമല്ല. ഈ സംഘം ശരിയായി നടത്തികൊണ്ടുപോകുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കണം. സഹകരണ മേഖലയിലൂടെ കൊട്ട നെയ്ത്ത്, പായ നെയ്ത്ത്, റെഡിമെയ്ഡ് എന്നിവ നടത്തുകയാണെങ്കിൽ തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുന്നതിന് കഴിയും.

12 ഭവന നിർമ്മാണ ഗ്രാൻറുകൾ വർദ്ധിപ്പിക്കണം. ഭവനനിർമ്മാണം പൂർത്തിയാക്കുമ്പോൾ കക്കൂസ് നിർമ്മിക്കണമെന്ന വ്യവസ്ഥ പാലിക്കണമെന്ന് നിർബന്ധിക്കണം. കക്കൂസ് നിർമ്മിക്കുന്നതിന് പ്രത്യേക ധനസഹായം നൽകണം. കക്കൂസ് നിർമ്മാണത്തിന് ഇന്ന് അനുവദിക്കുന്ന തുക വളരെ കുറവായതിനാൽ തുക വർദ്ധിപ്പിച്ചേ തീരൂ.

13 വീട് പുതുക്കിപ്പണിയുന്നതിനും അററകുററപ്പണികൾ നടത്തുന്നതിനും ധനസഹായം ലഭ്യമാക്കണം.

14 സ്ഥലം ഇല്ലാത്തവർക്ക് 5 സെൻറ് സ്ഥലം വാങ്ങി വീട് നിർമ്മിക്കുന്നതിന് പദ്ധതിയുണ്ട്. വളരെ ചെറിയ വിഭാഗത്തിന് മാത്രമേ ഈ ധനസഹായം ലഭിക്കുന്നുള്ളു. കൂടുതൽ പേർക്ക് ഈ ധനസഹായം ലഭ്യമാക്കണം.

15 എല്ലാ വാർഡുകളിലും പൊതു ശ്മശാനം നിർമ്മിക്കണം.

16 വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിന് പഞ്ചായത്ത് തലത്തിൽ സ്കോളർഷിപ്പുകൾ ഏർപ്പെടുത്തണം.

17 പട്ടികജാതി സങ്കേതങ്ങളിലേക്കുള്ള ഗതാഗതം മെച്ചപ്പെടുത്തണം. വീതികുറഞ്ഞ റോഡുകൾ, നടപ്പാതകൾ, മുതലായവ പഞ്ചായത്ത് ഏറെറടുത്ത് കോൺക്രീററ് ചെയ്യുകയോ ടാർ ചെയ്യുകയോ ചെയ്യണം.




# 5

## 12

# വനിത

കേരളത്തിലെ വികസന പ്രക്രിയയിലെ പ്രധാന ദൗർബല്യങ്ങളിലൊന്ന് സ്ത്രീകൾ അവഗണിക്കപ്പെടുന്നു എന്നതാണ്. നൂററാണ്ടുകളായി അടിച്ചമർത്തപ്പെട്ട് കിടന്നിരുന്ന ഒരു വിഭാഗമാണ് സ്ത്രീകൾ. ക്രിസ്ത്യൻ, മുസ്ലീം സമുദായങ്ങളിലെ സ്ത്രീകൾക്ക് അടുത്തകാലം വരെ കുടുംബസ്വത്തിൽ അവകാശം ഉണ്ടായിരുന്നില്ല. സവർണ്ണ കുലത്തിൽപ്പെട്ട നായർ സ്ത്രീകൾക്ക് സ്വത്തിൽ അവകാശം ഉണ്ടായിരുന്നുവെങ്കിലും അവ കൈകാര്യം ചെയ്തിരുന്നത് പുരുഷന്മാർ ആയിരുന്നു. താണജാതിയിൽപ്പെട്ടവർക്കാകട്ടെ യാതൊരു വിധ സ്വത്തും ഉണ്ടായിരുന്നുമില്ല. പുറത്തിറങ്ങാൻ സ്വാതന്ത്ര്യമില്ലാതിരുന്ന ഉന്നത ജാതിയിൽപ്പെട്ട സ്ത്രീയെ പഠിപ്പിക്കാൻ എഴുത്തശ്ശൻമാർ വീട്ടിൽ വന്നിരുന്നാണ് ആ കാര്യം നിർവ്വഹിച്ചിരുന്നത്. ഒരു പഴയസത്യം, താണജാതിയിൽപ്പെട്ട സ്ത്രീകൾക്കാവട്ടെ വിദ്യാഭ്യാസം എന്തെന്ന്പോലും അറിയുവാനുള്ള അവസരം ഏകദേശം 50 വർഷം മുമ്പുവരെ ലഭിച്ചിരുന്നില്ലെന്നു പറയുന്നതാവും കൂടുതൽ ശരി. ഇതേ കാലയളവിനുള്ളിലുള്ള ചരിത്രം പരിശോധിച്ചാൽ വിദ്യാസമ്പന്നകളായ സ്ത്രീകളുടെ എണ്ണം വളരെ കുറവായിരുന്നു എന്നു കാണാം. പൊതു പ്രവർത്തന രംഗം സ്ത്രീക്ക് നിഷിദ്ധമായിരുന്നു സമ്പത്തുല്പാദന രംഗത്ത് കാർഷിക മേഖലയിൽ കർഷകതൊഴിലാളികളായി സ്ത്രീകൾ

പണിയെടുത്തിരുന്നു. സമ്പത്തുല്പാദക രംഗത്ത്, കാർഷിക മേഖലയിൽ കർഷകതൊഴിലാളികളായി സ്ത്രീകൾ പണിയെടുത്തിരുന്നു. കയർ, കശുവണ്ടി, കൈത്തറി തുടങ്ങിയ പരമ്പരാഗത മേഖലയിലും സ്ത്രീകളായിരുന്നു ഭൂരിഭാഗവും. ബീഡി നിർമ്മാണത്തിലുള്ള ഇവരുടെ പങ്ക് ഗണ്യമാണ്. പൊതുവെ കേരള വനിതകളുടെ സ്ഥിതിയിൽ നിന്നും മെച്ചപ്പെട്ടതായിരുന്നില്ല. എരിമയൂർ ഗ്രാമ പഞ്ചായത്തിലെ വനിതകളുടെയും അവസ്ഥ 1991-ലെ സെൻസസ് പ്രകാരം ഈ പഞ്ചായത്തിലെ വനിതകളുടെ എണ്ണം 14310 ആണ്. ഇവരിൽ 2938 പട്ടികജാതിയിൽപ്പെട്ടവരും, 46 പേർ പട്ടികവർഗ്ഗത്തിലും പെട്ടവരാണ്. 6 വയസ്സിൽ താഴെയുള്ള പെൺകുഞ്ഞുങ്ങൾ 1797 ആണ്. വനിതകളിൽ 8595 പേർ സാക്ഷരരാണ്.

സെൻസസ്സ് റിപ്പോർട്ട് പ്രകാരം 779 സ്ത്രീകൾ പുരുഷന്മാരേക്കാൾ ഈ പഞ്ചായത്തിൽ കൂടുതലായുണ്ട്.

ഈ നൂറ്റാണ്ടിന്റെ ആദ്യ ദശകത്തിൽ മലബാർ ഡിസ്ട്രിക്ട് ബോർഡിന്റെ കീഴിൽ പെൺകുട്ടികൾക്കായി ഒരു എലിമെന്ററി സ്കൂൾ കുനിശ്ശേരിയിൽ പ്രവർത്തിച്ചിരുന്നു. ഈ സ്കൂളാണ് ഇന്നത്തെ ജീ. എൽ. പി, സ്കൂൾ കുനിശ്ശേരി. ഇന്ന് ഈ സ്കൂളിൽ 297 പെൺകുട്ടികൾ പഠിക്കുന്നുണ്ട്. ഇവരിൽ 86 പേർ പിന്നോക്കജാതിയിൽപ്പെട്ട കുട്ടികളാണ്. ഈ പഞ്ചായത്തിലെ നേഴ്സറി സ്കൂൾ അടക്കമുള്ള മററ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 2426 പെൺകുട്ടികൾ പഠിച്ചുകൊണ്ടിരിക്കുന്നു. ഇവരിൽ 403പേർ പിന്നോക്കജാതിയിൽപെട്ടവരാണ്. ഈ പഞ്ചായത്തിലെ മൊത്തം സ്കൂളുകളിൽ 5484 പേരിൽ 2723 പേരും പെൺകുട്ടികളാണ്. ആൺകുട്ടികളുടെ കൂട്ടത്തിൽ കൂടുതലുള്ളത് ആർട്സ് കോളേജുതലത്തിലും ഏകദേശം ആൺകുട്ടികൾക്കൊപ്പം തന്നെ പെൺകുട്ടികളും ഉണ്ട്. പ്രഫഷണൽ കോളേജുകളിൽ പെൺകുട്ടികൾ ഇല്ലെന്നു തന്നെ പറയാം. പഠിച്ചുകൊണ്ടിരിക്കുന്നവരുടെ അവസ്ഥ ഇപ്രകാരമാണെങ്കിലും തൊഴിൽ രംഗത്ത് വരുന്നതിൽ നല്ലൊരു ശതമാനം കൊഴിഞ്ഞു പോകുന്നു.

സർക്കാർ സർവ്വീസ്സുകളിലും ബാങ്കുകളിലും മററു പൊതുമേഖലാ, സ്വകാര്യമേഖല തുടങ്ങി സ്ഥിര വരുമാനമുള്ള രംഗത്ത് തൊഴിലെടുക്കുന്ന വനിതകൾ തുലോം കുറവാണ്. എഞ്ചിനീയർ. ഡോക്ടർ, കോളേജ് ലക്ചർ, കമ്പനികളിലെ എക്സിക്യൂട്ടീവുകൾ തുടങ്ങിയ മേഖലകളിൽ തൊഴിൽ ചെയ്യുന്ന വനിതകൾ ഈ പഞ്ചായത്തിൽ വിരലിലെണ്ണാവുന്നവർ മാത്രമെയുള്ള എന്ന് ആലങ്കാരിക ഭാഷയിൽ പറയാം.

ഗ്രാമസഭാ റിപ്പോർട്ടുകൾ പ്രകാരം ഈ പഞ്ചായത്തിലെ പ്രൈമറി ഹെൽത്ത് സെൻററുകളിലും പഞ്ചായത്തിന് വെളിയിലുള്ള ആശുപത്രികളിലും ചികിത്സക്കായി എത്തുന്നതും, പോകുന്നതും പുരുഷന്മാരെക്കാൾ സ്ത്രീകളാണ്. ഇവിടെ ഒരു കാര്യം വ്യക്തമാകുന്നു. ഈ പഞ്ചായത്തിൽ പുരുഷന്മാരേക്കാൾ മോശമായ ആരോഗ്യ സ്ഥിതിയാണ് സ്ത്രീകളുടേത്. പോഷകാഹാരക്കുറവുമൂലമുള്ള രോഗങ്ങളാണ് പ്രധാനമായും സ്ത്രീകൾക്കുള്ളത്. പരമ്പരാഗത രോഗങ്ങളായ കുഷ്ഠം, ക്ഷയം തുടങ്ങിയ രോഗങ്ങളും ഈ പഞ്ചായത്തിലെ സ്ത്രീകളിൽ, ചിലരിൽ കണ്ടിട്ടുണ്ട്. ഛർദ്ദി, അതിസാരവും കുട്ടികളെ എന്നപോലെ സ്ത്രീകളേയും വേഗം ബാധിക്കുന്നുണ്ട്. പൊതുവെ ഈ പഞ്ചായത്തിലെ മോശമായ ആരോഗ്യ പരിതസ്ഥിതിയിൽ കുടുങ്ങുന്നത് പുരുഷന്മാരെക്കാൾ സ്ത്രീകളാണ്.

ഈ പഞ്ചായത്തിലെസ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം, വേതനം എന്നിവ പരിശോധിച്ചാൽ മോശമായ ഒരു ചിത്രമാണ് ലഭിക്കുക. നേരത്തെ സൂചിപ്പിച്ചത് പോലെ നിത്യവരുമാനവും, തൊഴിൽ സുരക്ഷിതത്വവും ഉള്ള മേഖലയിൽ, പഞ്ചായത്തിലെ വനിതകൾക്ക് ഗണ്യമായ തോതിൽ എത്തിപ്പെടാൻ ഇനിയും കഴിഞ്ഞിട്ടില്ല. അഭ്യസ്ത വിദ്യർ ഉണ്ടെങ്കിലും അവർക്ക് അർഹമായ തൊഴിൽ ലഭിച്ചിട്ടില്ല. കർഷകത്തൊഴിലാളികളായ സ്ത്രീകൾക്ക് ആ മേഖലയിൽ ഒരു വർഷത്തിൽ ഏകദേശം 150 ദിവസത്തോളം തൊഴിൽ ദിനങ്ങളെ ലഭിക്കാറുള്ളു.

റോഡ്, കെട്ടിടം, ഇഷ്ടിക നിർമ്മാണം, കരിങ്കൽക്വാറി, ഓട് നിർമ്മാണം എന്നിവിടങ്ങളിൽ പണിയെടുക്കുന്ന സ്ത്രീകൾക്ക് ശരാശരി ഒരു വർഷത്തിൽ 100 ദിവസത്തിലധികം തൊഴിൽ ദിനങ്ങൾ ലഭിക്കാറില്ല. തൊഴിൽ ദിനങ്ങളുടെ ലഭ്യതയേക്കാളുപരി ഇവർക്ക് ലഭിക്കുന്ന വേതനമാണ് പരിശോധിക്കേണ്ടതു്. തുല്യ സമത്ത് തുല്യ തൊഴിൽ ചെയ്യുന്ന പുരുഷന് ലഭിക്കുന്ന കൂലിയുടെ നേർപകുതിയാണ് സ്ത്രീക്ക് ലഭിക്കുന്നത്. ഇവിടെ സ്ത്രീകൾ അതിക്രൂരമായി ചൂഷണം ചെയ്യപ്പെടുന്നു. ഏറെ പരിശോധിക്കേണ്ട ഒരു വസ്തുതയാണിത്. പുള്ളോട്, മലക്കുളം എന്നിവിടങ്ങളിലുള്ള ഖാദി സെൻററുകളിൽ മുഴുവനും സ്ത്രീകളാണ് പണിയെടുക്കുന്നത്. 8 മണിമുതൽ 5 മണിവരെയാണ് ഇവിടുത്തെ തൊഴിൽ സമയം. വളരെ തുച്ഛമായ വേതനമാണ് ലഭിക്കുന്നത്. പഞ്ചായത്തിലുള്ള 14 അംഗൻവാടികളിൽ രണ്ട് സ്ത്രീകൾ വീതം പണിയെടുക്കുന്നുണ്ട്. ഇവർക്ക് കിട്ടുന്ന വേതനവും നാമമാത്രമാണ്. മുഴുവൻ സമയവും തൊഴിലിനുവേണ്ടി ചിലവഴിക്കുന്നുണ്ടെങ്കിലും മേൽ സൂചിപ്പിച്ച മേഖലകളിൽ പണിയെടുക്കുന്ന വനിതകൾക്ക് അവരുടേതു മാത്രമല്ല നിത്യചിലവിനുപോലും ഒട്ടുംതന്നെ തികയുന്നതല്ല അവർക്കു് ലഭിക്കുന്ന വേതനം. ഇങ്ങനെയിരിക്കെ അവരുടെ നിയന്ത്രണത്തിലുള്ള ഒരു കുടുംബമാണുള്ളതെങ്കിൽ ആ കുടുംബം നടത്തികൊണ്ടുപോകാൻ അവർ അനുഭവിക്കുന്ന ബുദ്ധിമുട്ട് ഊഹിക്കാവുന്നതേയുള്ളു.

മേൽ സൂചിപ്പിച്ച മേഖലകളിലൊന്നുമല്ലാതെ സ്വന്തം വീട്ടിൽ പ്രഭാതം മുതൽ പ്രദോഷം വരെ യന്ത്രം പോലെ പണിയെടുക്കുന്ന സ്ത്രീകൾ ഈ പഞ്ചായത്തിലുണ്ട്. കുട്ടികളുടെ പരിരക്ഷണവും, പാചകം, വീട്ടാവശ്യത്തിനുള്ള വിറക്, വെള്ളം എന്നിവ ശേഖരിക്കുക. ആടുമാടുകളെ വളർത്തുക തുടങ്ങി വേതനമില്ലാത്ത നിരന്തരവും, കഠിനവുമായ ജോലികളാണവ.

കഴിഞ്ഞ 5 വർഷങ്ങളിൽ വിധവാ പെൻഷൻ അനുവദിക്കപ്പെട്ടവരുടെ കണക്ക് പരിശോധിച്ചതിൽ ഓരോ വർഷവും പെൻഷൻ ലഭിക്കുന്നവരുടെ എണ്ണം വർദ്ധിച്ചു വന്നതായി കാണുന്നു.

## പ്രശ്നങ്ങൾ

സ്ത്രീകളുടെ കൂലിനിരക്ക് കുറവാണ്. പല രംഗങ്ങളിലും പുരുഷന്മാരുടെ ഒപ്പം ജോലി ചെയ്യുന്നുണ്ടെങ്കിലും കൂലിയിൽ അന്തരം വളരെ കൂടുതലായി കാണുന്നു. തുല്യ ജോലിക്ക് തുല്യ കൂലി വ്യവസ്ഥ ഉണ്ടാക്കിയെ തീരൂ.

പൊതു പ്രവർത്തന രംഗത്ത് വനിതകളുടെ പ്രവർത്തനം തീരെയില്ലെന്നു തന്നെ പറയാം. തൊഴിൽ മേഖലയിലും പൊതു രംഗത്തും അർഹമായ സ്ഥാനം ലഭിക്കുന്നില്ല. എല്ലാ രംഗങ്ങളിലും സ്ത്രീകളുടെ ഉത്തരവാദിത്വം കുറഞ്ഞു വരുന്നു. വിദ്യാഭ്യാസ രംഗത്ത് പ്രത്യേകിച്ച് ഉന്നത വിദ്യാഭ്യാസ രംഗത്ത് സ്ത്രീകൾ പുറകിലാണ്. സ്ത്രീധന സമ്പ്രദായം നിയമംമൂലം നിരോധിച്ചിട്ടുണ്ടെങ്കിലും സ്ത്രീധനത്തിന്റെ പേരിൽ സ്ത്രീകളുടെ കുടുംബ ജീവിതം തകരുന്ന സന്ദർഭങ്ങളുണ്ട്. മദ്യപാനം മൂലം ദുരിതം അനുഭവിക്കുന്ന സ്ത്രീകൾ ഇന്നുമുണ്ട്.

മഹിളാ സമാജങ്ങളുടെ പ്രവർത്തനം തൃപ്തികരമല്ല. സാമൂഹ്യ സേവന രംഗത്ത് സ്ത്രീകൾ ധീരതയോടെ പ്രവർത്തനം നടത്തുന്നതിന് മുന്നോട്ട് വരുന്നില്ല. സ്വയം തൊഴിൽ രംഗത്ത് സ്ത്രീകളുടെ പ്രവർത്തനം കുറവാണ്.

വിവിധ ഏജൻസികളിൽ നിന്ന് സ്ത്രീകളുടെ ഉന്നമനത്തിനായി നടപ്പിലാക്കുന്ന പദ്ധതികളെ കുറിച്ച് വേണ്ടത്ര അറിവില്ല.

അംഗൺവാടികളിലുള്ള ടീച്ചർമാർക്കും മററും കുറഞ്ഞ പ്രതിഫലമാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. അംഗൺവാടികളുടെ പ്രവർത്തനം തൃപ്തികരമല്ല. വേണ്ടത്ര സൗകര്യം അംഗൺവാടികളിലില്ല. പല അംഗൺവാടികൾക്കും സ്വന്തമായി കെട്ടിടം തന്നെയില്ല.

## സാദ്ധ്യതകൾ

സാമൂഹ്യ രംഗത്തും പൊതു രംഗത്തും പ്രവർത്തിക്കുന്നതിന് പ്രോത്സാഹനം നൽകണം. ആവശ്യമായ പരിശീലനവും നൽകേണ്ടതാണ്.

സാംസ്കാരിക സംഘടനകൾ, പൊതു സംഘടനകൾ എന്നിവയിൽ സ്ത്രീകൾക്ക് അർഹമായ സ്ഥാനം നൽകണം. മഹിളാ സമാജങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കണം,

തൊഴിൽ രംഗത്ത് ഇന്ന് നിലവിലുള്ള കൂലിയുടെ അന്തരം കുറയ്ക്കണം. സ്വയം തൊഴിൽ സംരംഭങ്ങൾക്ക് പ്രോത്സാഹനം കൊടുക്കുന്ന സമീപനം എല്ലാ ഭാഗത്തുനിന്നും ഉണ്ടാകണം. കൈത്തൊഴിൽ രംഗത്തും, പച്ചക്കറി കൃഷിരംഗത്തും സ്ത്രീകൾക്ക് നേതൃത്വം കൊടുക്കുവാൻ കഴിയും.

DWCRA യൂണിററുകൾ സ്ഥാപിച്ച് പരമ്പ്, നെയ്ത്ത്, കൊട്ടനെയ്ത്ത്, ചുണ്ണാമ്പ നിർമ്മാണം, റെഡിമെയ്ഡ് എന്നിവയുടെ നിർമ്മാണവും വിപണനവും നടത്താവുന്നതാണ്. സ്വയം തൊഴിൽ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിന് മുൻ കൈയ്യെടുക്കണം. തൊഴിൽ യൂണിററുകൾ തുടങ്ങുന്നതിന് മതിയായ പരിശീലനവും നൽകണം.

വിധവാപെൻഷൻ. അഗതി പെൻഷൻ, മാതൃസഹായ പദ്ധയിലെ ആനുകൂല്യങ്ങൾ എന്നിവ അർഹരായ മുഴവൻ സ്ത്രീകൾക്കും ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കണം.

അംഗൻവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തണം. ടീച്ചർമാർക്ക് മതിയായ വേതനം നൽകണം.

സ്കൂളുകളിലെ പാഠ്യേതര മേഖലകളിൽ പെൺകുട്ടികളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ സഹായവും പ്രോത്സാഹനവും നൽകണം.



# —ഉപസംഹാരം

ജനങ്ങൾക്ക് മതിപ്പും ആവേശവുമുണർത്തിയ ജനകീയാസൂത്രണ പ്രസ്ഥാനം സാർവ്വത്രികമായ അംഗീകാരം നേടിയിരിക്കുകയാണ്. ഈ ജനകീയാവേശത്തിന്റെ ബഹിർസ്ഫുരണങ്ങളാണ് പ്രാദേശികതല പ്രവർത്തനങ്ങളിലുടനീളം കണ്ടത്. എങ്കിലും നമ്മുടെ പഞ്ചായത്തിലെ പരിപാടികളെ ആർജ്ജവത്തോടെ വിലയിരുത്തുമ്പോൾ ഒരു പാടു പോരായ്മകൾ തെളിഞ്ഞു നിൽക്കുന്നതു കാണാം. നിങ്ങൾക്ക് ഏതു വിധം സ്വയം സംഘടിക്കാമെന്ന് മാർഗ്ഗ നിർദ്ദേശം നൽകുന്ന ഒരു വ്യവസ്ഥയാണ് പഞ്ചായത്ത് രാജ് എന്ന നെഹ്റു വചനം അന്വർത്ഥമാക്കുന്ന രീതിയിൽ പ്രവർത്തിക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. സാമൂഹ്യരാഷ്ട്രീയ പ്രസ്ഥാനങ്ങളുടേയും തൊഴിലിന്റേയും മററു പലവിധ താല്പര്യങ്ങളുടെയും അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന പൊതുജന സംഘടനകളുടെ പങ്കാളിത്തവും പിൻബലവും കൊണ്ട് സജീവമാകേണ്ടിയിരുന്ന നമ്മുടെ ഗ്രാമസഭകൾ അനുഭവങ്ങളുടെ തീഷ്ണതയുമായി എത്തിയ കുറച്ചു പേരിൽ ഒതുങ്ങിപ്പോയി. വിഭവ പരിമിതികളും ആസൂത്രണവും തമ്മിലുള്ള പാരസ്പര്യത്തെക്കുറിച്ച് പലർക്കും ധാരണയുണ്ടായിരുന്നില്ല. ജനങ്ങളുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുവാൻ താൻകൂടി അടങ്ങുന്ന സമൂഹത്തിന്റെ കൂട്ടായ പ്രവർത്തനം അനിവാര്യമാണെന്ന ബോധം വോട്ടർമാരിൽ സൃഷ്ടിക്കുവാൻ ഗ്രാമസഭകൾക്ക് കഴിഞ്ഞു. നിലവിലുള്ള ഭരണരീതിയെ പുന:സംവിധാനം ചെയ്യുക എന്ന ലക്ഷ്യമൂലംകൊണ്ട്, കുറച്ച് ഉദ്യോഗസ്ഥരും ഗ്രാമസഭകളിൽ പങ്കാളികളായി. വികസന മേഖലയിൽ വിശാലമായ ജനകീയൈക്യം സാദ്ധ്യമാകുമെന്നതിന്റെ സൂചനകൾ ഗ്രാമസഭകളിലുണ്ടായിരുന്നു.

ഭൂവിനിയോഗം, വിള സംവിധാനം, ജലസങ്കേത വികാസം, ജലനിർഗമനം, വിളപരിപാലനം, തുടങ്ങി കാർഷികോല്പാദനത്തെ പ്രത്യക്ഷമായും പരോക്ഷമായും സ്വാധീനിക്കുന്ന ഒട്ടേറെ മേഖലകളിൽ പ്രദേശീയ വൈവിദ്ധ്യങ്ങൾക്ക്, വേണ്ടത്ര പരിഗണന നൽകിക്കൊണ്ടുള്ള വികസന തന്ത്രങ്ങളുടെ ആദി രൂപങ്ങൾ ഈ റിപ്പോർട്ടിലുണ്ട്. കർഷക കുടുംബങ്ങളെ കേന്ദ്രീകരിച്ചുകൊണ്ട് ഭൂമിയുടേയും മനുഷ്യശക്തിയുടെയും പരമാവധി വിനിയോഗത്തിലൂടെ തൊഴിലവസരങ്ങളും വരുമാന മാർഗ്ഗങ്ങളും ശക്തിപ്പെടുത്തുന്നതിനുവേണ്ടിയുള്ള കർമ്മപരിപാടികൾക്ക് മുൻതൂക്കം നൽകണം. ഗ്രാമസഭകളിൽ പ്രകടിപ്പിക്കപ്പെട്ട ആശാഭിലാഷങ്ങൾക്ക് പദ്ധതികളുടെ പരിവേഷം നൽകുമ്പോൾ കാർഷിക വികസനത്തിനുള്ള സാദ്ധ്യതകളും പരിമിതികളും എന്താണെന്ന് സെമിനാറിൽ വിശദമായി ചർച്ചചെയ്യണം. കൃഷി കൃഷിവകുപ്പിന്റെ മാത്രമല്ല മറിച്ച് ജലസേചനം, ഗ്രാമവികസനം, വൈദ്യുതി, ഗ്രാമീണ ബാങ്കുകൾ തുടങ്ങി എല്ലാ സ്ഥാപനങ്ങളുടെയും അർത്ഥപൂർണ്ണമായ കൂട്ടായ്മയിൽ നമ്മുടെ തനതു പശ്ചാത്തലത്തിൽ നടത്തേണ്ട ഒരു സമഗ്രപദ്ധതിയാണ്. വിഭവവൈഭവങ്ങൾ സമന്വയിപ്പിച്ച് സമഗ്രവും സുരക്ഷിതവുമായ കാർഷിക വികസന പദ്ധതികൾ പഞ്ചായത്തുകളുടെ മുൻകൈയിൽ ആസൂത്രണം ചെയ്ത് നടപ്പാക്കുന്ന രീതി നമുക്ക് സ്വായത്തമാക്കേണ്ടിയിരിക്കുന്നു. തികച്ചും പ്രാദേശിക പ്രവർത്തനമായ കൃഷിക്ക് സംഘടിതവും അർപ്പിതവുമായ മനുഷ്യശേഷി കൂടിയേ കഴിയൂ.

വ്യവസായ മേഖലയുടെ വളർച്ചയ്ക്കായി പുതിയ സംരംഭങ്ങൾക്ക് സാമ്പത്തിക ഇളവുകൾ നൽകുകയാണ് നാളിതുവരെ ചെയ്തുകൊണ്ടിരുന്നത്. എന്നാൽ പുതിയ സംരംഭങ്ങളുടെ വളർച്ചക്ക് വ്യക്തികളുടെ ഗുണവും സ്ഥാപനങ്ങൾ നടത്തുവാനുള്ള സാഹചര്യവും ആണ് ഏററവും പ്രധാനം. മാർഗ്ഗനിർദ്ദേശവും സാമൂഹികമായ ഉത്തേജനവും ലക്ഷ്യം വെച്ചുകൊണ്ടുള്ള പഞ്ചായത്തുതല വികസനത്തിന് നമ്മൾ അണിചേരേണ്ടിയിരിക്കുന്നു.

വിദ്യാലയങ്ങളുടെ പരിമിതമായ ഭൗതിക സാഹചര്യങ്ങളും പ്രാദേശിക സമൂഹത്തിന് വിദ്യാഭ്യാസ കാര്യങ്ങളിൽ ഇടപെടാനുള്ള അവസരമില്ലായ്മയും തുടങ്ങി

ഒരുപാടു കാര്യങ്ങൾ പഠന നിലവാരത്തെ പിറകിലേക്കാക്കുന്നു. അവസരത്തിനൊത്തുയർന്നു പ്രവർത്തിക്കാൻ നമുക്കു കഴിയണം. ആരോഗ്യ രംഗത്തെ ജനകീയ ഇടപെടൽ രോഗ പ്രതിരോധ പ്രവർത്തനങ്ങളെയും പരിസര ശുചീകരണത്തെയും ചിട്ടപ്പെടുത്തും. ജലസ്രോതസ്സുകൾ ജനങ്ങളുടെ സംരക്ഷണയിലാവുകയും ജല ലഭ്യതയുടെയും ഗുണ നിലവാരത്തിന്റെയും ഉത്തരവാദിത്വം സമൂഹത്തിനായിരിക്കുകയും വേണം.

വികസനമെന്നാൽ നമ്മുടെ മനസ്സിലേക്കോടിയെത്തുന്ന പുരോഗതിയെക്കുറിച്ചുള്ള ചില ധാരണകളും സർക്കാരിന്റെ ചില പദ്ധതികളുമാണ്. കൂറ്റൻ വ്യവസായ ശാലകൾ, വൈദ്യുത് ദീപപ്രഭയിൽ കുളിച്ചു നിൽക്കുന്ന വൻനഗരങ്ങൾ, ഗവേഷണ കേന്ദ്രങ്ങൾ, എന്നീ ചിത്രങ്ങളാണ് ആദ്യം തെളിയുക. എന്നാൽ യാഥാർത്ഥ്യത്തിന്റെ മുഖം ഇതിൽനിന്നും വ്യത്യസ്തമാണ്. എല്ലാവർക്കും തൊഴിൽ, ഭക്ഷണം, കുടിവെള്ളം, പാർപ്പിടം, ആരോഗ്യം എന്ന വികസനത്തിന്റെ ആദ്യപടികൾ നമുക്ക് കയറാൻ കഴിഞ്ഞിട്ടില്ല. കീഴ്മേൽ മറിഞ്ഞിരിക്കുന്ന വികസന മുൻഗണനാക്രമങ്ങൾക്കിടയിൽപ്പെട്ട സാധാരണക്കാരുടെ ജീവിതം പ്രയാസമേറിയതായികൊണ്ടിരിക്കുന്നു. വർദ്ധിച്ച തോതിലുള്ള തൊഴിലില്ലായ്മയും ശേഷിക്കൊത്ത തൊഴിലിന്റെ ദൗർലഭ്യവും കൂടുതൽ പേരെ ദാരിദ്ര്യത്തിലേക്ക് തള്ളിനീക്കുന്നു. താഴെക്കിടയിലുള്ളവരുടെ അടിസ്ഥാന സൗകര്യങ്ങൾ നിറവേറ്റുന്നതിലാകട്ടെ നമ്മുടെ ആദ്യത്തെ പരിഗണന. സ്ത്രീകളുടെ വരുമാനശേഷി വർദ്ധിപ്പിക്കുകയാണെങ്കിൽ കുടുംബത്തിന്റെ മൊത്തം ജീവിത ഗുണനിലവാരം പ്രത്യേകിച്ച് കുട്ടികളുടെ ഭക്ഷണം, ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയവ കാര്യമായി മെച്ചപ്പെടുമെന്ന് പ്രതീക്ഷിക്കാം. പരമ്പരാഗത കൈത്തൊഴിലിലേർപ്പെടുന്നവരേയും സ്വയം തൊഴിൽ ചെയ്യുന്നവരേയും ഇടനിലക്കാരിൽനിന്നും മോചിപ്പിക്കുന്നതിനായി അവരുടെ ഉൽപ്പന്നങ്ങൾ നേരിട്ടു വിറ്റഴിക്കാനുള്ള വിപണന സൗകര്യങ്ങൾ ഏർപ്പെടുത്താം. സ്ത്രീകളുടെ സാമൂഹിക പദവിയ്ക്കെതിരായി നില നിൽക്കുന്ന ഘടകങ്ങളെ സൂക്ഷ്മമായി തിരിച്ചറിയുകയും അവ പരിഹരിക്കുവാനുള്ള പരിപാടികൾ ആവിഷ്ക്കരിക്കുകയും വേണം.

കായിക രംഗത്തിന്റെ വികാസം കായിക മത്സരങ്ങളുമായി മാത്രം ബന്ധപ്പെടുത്തിയാണ് നാം കാണുന്നത്. ഇതു മാറ്റി കായിക പ്രവർത്തനങ്ങളിലൂടെ ഉരുത്തിരിയുന്ന സ്വഭാവ വിശേഷങ്ങളിലൂന്നി ഒരു കായിക സംസ്കാരം വളർത്തിയെടുക്കണം. സമന്വയത്തിന്റെയും സംഘർഷത്തിന്റെയും കുഴമറിച്ചിലിൽ സമൂഹത്തെയാകെ ബന്ധിപ്പിച്ചു നിർത്തുന്ന സംസ്കാരത്തിന്റെ പൊൻനൂലുകൾ ദൃഢപ്പെടുത്തണം.

ഈ അടിസ്ഥാന ധാരണകൾക്കകത്തുനിന്നുകൊണ്ട് നമ്മുടെ റിപ്പോർട്ടിലേക്ക് വരുക. ശാസ്ത്രീയവും സമഗ്രവുമായ വികസന പദ്ധതികൾക്ക് അടിസ്ഥാ ശിലയായി വർത്തിക്കേണ്ട റിപ്പോർട്ട് കുറവു തീർത്ത ഉല്പന്നമാണെന്നവകാശപ്പെടുന്നില്ല. എങ്കിലും പഞ്ചായത്തിന്റെ സാമൂഹ്യ സാമ്പത്തിക മേഖലകളെക്കുറിച്ച് ചുരുങ്ങിയ സമയം കൊണ്ട് അവലോകനം നടത്തുവാനും പ്രശ്നങ്ങൾ തിട്ടപ്പെടുത്തുവാനും കഴിഞ്ഞിട്ടുണ്ട്. പഞ്ചായത്തിന്റെ വിഭവങ്ങളെ മനസ്സിലാക്കുവാനുള്ള ശ്രമവും പഞ്ചായത്തിന്റെ വികസന പരിപ്രേക്ഷ്യം അവതരിപ്പിക്കുവാനുള്ള ശ്രമവും ഇതിലൂടെ നടത്തിയിട്ടുണ്ട്. പ്രായോഗിക അനുഭവത്തിന്റെ വെളിച്ചത്തിൽ പ്രശ്നപരിഹാരങ്ങൾ സെമിനാറിൽ നിർദ്ദേശിക്കപ്പെടണം. ഒരു പുതിയ വികസന സംസ്ക്കാരത്തിന്റെ ഉദയത്തിനും സാക്ഷാത്ക്കാരത്തിനും നമുക്ക് ഒരുമിച്ച് യത്നിക്കാം.

